ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിലിന്റെ കൃതികൾ

വാല്യം ഒന്ന്



# ആത്മസാധന

## ഓർമ്മക്കുറിപ്പുകൾ

Dharmaram Publications
No. 538

ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിലിന്റെ കൃതികൾ

വാല്യം ഒന്ന്

# നിത്യസാധന

## ഓർമ്മക്കുറിപ്പുകൾ

Preshitha Communications
Little Flower Mission Centre
Bharathiar University P. O.
Coimbatore 641 046
&
Dharmaram Publications
Bengaluru 560 029 India

***Sathyasadana***
**(Memoir of Fr. Dunstan Olakkengil CMI)**

Published: April 2023

© Preshitha Communications, Coimbatore

Cover: David, Smriti, Thrissur

Layout & Printing: Viani Printings, Kochi

ISBN: 978-93-92996-29-0

Price: Rs. 90/-

Publisher:
**Preshitha Communications**
Little Flower Mission Centre
Bharathiar University P. O.
Coimbatore 641 046
&
**Dharmaram Publications**
Bengaluru 560 029 India

# ഉള്ളടക്കം


അവതാരിക 07

ഫാ. സാജു ചക്കാലയ്ക്കൽ സി.എം.ഐ.

മുഖമൊഴി 12

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.

1. എന്റെ മാതാപിതാക്കന്മാർ 23
2. ജീവിതത്തെ രൂപപ്പെടുത്തിയ ബാല്യകാലാനുഭവങ്ങൾ 45
3. ദാരിദ്ര്യം 75
4. സത്യം 77
5. സുഹൃദ്ബന്ധങ്ങളുടെ വിമലീകരണം 83
6. ദൈവവിളിയിലെ വെല്ലുവിളികളും അതിജീവനവും 93

അനുബന്ധം

1. My Castle in the Air 109
2. ഡൺസ്റ്റണച്ചന്റെ ജീവിതനാൾവഴികൾ 110



# അവതാരിക

ദൈവത്തിനും ദൈവജനത്തിനുമായി സമ്പൂർണ്ണമായി സമർപ്പണം ചെയ്യപ്പെട്ട ഒരു ക്രൈസ്തവ സന്ന്യാസപുരോഹിതന്റെ ജീവിതം സുവിശേഷത്തിലെ യേശുവിന്റെ ജീവിത മാതൃകയിൽ അടിസ്ഥാനമിട്ടതും, അതിനുതകുന്ന ഒരു ജീവിതശൈലിയിലേക്ക് തന്നെയും മറ്റുള്ളവരെയും നയിക്കുന്നതുമാകണം. സ്വന്തം ജീവിതത്തെ ഉന്നതമാക്കുന്നതിനു പകരം, തന്നോട് കൂടെയുള്ളവരെയും തനിക്ക് ഏൽപിക്കപ്പെട്ടിരിക്കുന്നവരുടെ ജീവിതങ്ങളെയും സുവിശേഷാത്മകമായ കാഴ്ചപ്പാടുകളിലേക്കും ജീവിതശൈലിയിലേക്കും നയിക്കാൻ ഉതകുന്നതാകണം അവരുടെ ജീവിതദൃഷ്ടാന്തങ്ങൾ. യേശുക്രിസ്തുവിന്റെ മൂശയിൽ സംസ്കൃതി ചെയ്യപ്പെടുന്ന ഇത്തരത്തിലുള്ള ജീവിതം വഴിയായി ആധ്യാത്മിക സാധനകളുടെയും ക്രിസ്തുകേന്ദ്രീകൃതമായതും ഔന്നത്യമേറിയതുമായ ഒരു സംസ്കാരത്തിന്റെ രൂപകല്പനക്കും കാരണമാകുമെന്നത് മനുഷ്യസമൂഹത്തിന് ഏറെ പ്രതീക്ഷ നൽകുന്നതാണ്.

യേശുക്രിസ്തുവെന്ന വ്യക്തിയും അവന്റെ സുവിശേഷത്തിൽ അനാവരണം ചെയ്യപ്പെടുന്ന അനന്യമായ ജീവിതവീക്ഷണവും ഏതൊരുവനും തന്റെ ജീവിതത്തിന്റെ അടിസ്ഥാനമായും അത്താണിയായും സ്വീകരിക്കുന്നുവോ, അവന്റെ ജീവിതത്തിൽ സ്വാഭാവികമായും സ്വയം ഇല്ലാതാക്കുന്നതും അപരനെ വളർത്തുന്നതുമായ ഒരു സവിശേഷ സംസ്കൃതി രൂപീകരിക്കപ്പെടും. യേശുവാകുന്ന 'വിത്ത്' മുളച്ച് വളർന്ന് ധാരാളം പേർക്ക് അത്താണിയാകുന്നതിനും തണലാകുന്നതിനും ഇടവരികയും ചെയ്യും.

യേശുസാധനയിൽ സ്ഫുടം ചെയ്യപ്പെട്ട് ഏവരിലും യേശുസംസ്കൃതി രൂപപ്പെടുത്തുവാൻ ഉതകത്തക്ക വിധത്തിൽ തന്റെ ജീവിതം രൂപകല്പന ചെയ്ത ഒരു സന്ന്യാസവര്യനായിരുന്നു

ഡൺസ്റ്റൺ ഒലക്കേങ്കിലച്ചൻ. തന്നോടുതന്നെയുള്ള കാർക്കശ്യത്തിലൂടെയും, വ്യക്തിപരമായ നേട്ടങ്ങളിൽ ശ്രദ്ധവക്കാതെയും, സുവിശേഷാത്മകമായ എളിമയുടെയും ദാരിദ്ര്യത്തിന്റെയും ശ്രേഷ്ഠമാതൃക സ്വജീവിതത്തിൽ പകർത്തിക്കൊണ്ടും, സത്യത്തിനുവേണ്ടി അസന്നിഗ്ദമായ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ടും ഡൺസ്റ്റണച്ചൻ ശ്രേഷ്ഠമായ ഒരു ആധ്യാത്മിക സംസ്കാരം രൂപപ്പെടുത്തിയെടുത്തു; അത് സ്വജീവിതത്തിൽ ആദ്യന്തം ആഴമായി പുൽകി ജീവിച്ചതിനാൽ ആധുനികലോകത്തിൽ ഏവർക്കും എളുപ്പത്തിൽ മനസ്സിലാക്കാനുതകുന്ന സുവിശേഷ സംസ്കൃതിയുടെ ഒരു സവിശേഷമാതൃകയായിത്തീർന്നു.

ഒരു മനുഷ്യായുസ്സുകൊണ്ട് ഡൺസ്റ്റണച്ചൻ സ്വായത്തമാക്കിയ ആധ്യാത്മിക ജീവിതവീക്ഷണം ഏറെക്കാലത്തെ തുടർച്ചയായ തന്റെ ജീവിത സമസ്യയിൽനിന്നാണ് രൂപപ്പെട്ടിട്ടുള്ളത്. സുദീർഘമായ ഈ ആത്മീയയാത്ര ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ എളുപ്പമുള്ള നേട്ടങ്ങളുടെ കുതിപ്പുകളെക്കാൾ, തീരെ ബുദ്ധിമുട്ടേറിയതും ചിലപ്പോഴെങ്കിലും മടുപ്പിക്കുന്നതുമായ കിതപ്പുകളുടെ കൂടെ അനുഭവസാക്ഷ്യങ്ങളാണ് സമ്മാനിച്ചിട്ടുള്ളത്. എങ്കിലും, ക്രിസ്തുവിൽ നങ്കൂരമിട്ട തന്റെ ജീവിതത്തിന് കൃത്യമായ ലക്ഷ്യബോധം ഉണ്ടായിരുന്നതുകൊണ്ടും, തന്റേതായ കുറവുകൾകൊണ്ട് അതിന് എത്രകണ്ട് ശോഷണം സംഭവിച്ചാലും, തന്നെ വിളിച്ചവൻ കൃപയുടെ നിറവു നൽകി വഴിനടത്തുമെന്ന് ഉറച്ചു വിശ്വസിച്ചതിനാലും പ്രതീക്ഷ നഷ്ടപ്പെടുത്താതെ മുന്നോട്ട് നീങ്ങുവാൻ ഡൺസ്റ്റണച്ചന് സാധിച്ചു.

എൺപത്തിയാറു വർഷം നീണ്ട ഡൺസ്റ്റണച്ചന്റെ ആത്മീയ സമസ്യയുടെ ആഴങ്ങൾ മനസ്സിലാക്കുക എളുപ്പമല്ല എന്നിരിക്കിലും, തന്റെ ജീവിതയാത്രയുടെ ഏതാണ്ട് പാതിവഴിയിൽ, അധികാരികളുടെ നിർദ്ദേശപ്രകാരം ഡൺസ്റ്റണച്ചൻ കുറിച്ചുവച്ച ഹ്രസ്വമായ ഓർമ്മക്കുറിപ്പുകൾ അദ്ദേഹത്തിന്റെ ആത്മീയവളർച്ചയുടെ ഉള്ളറകളിലേക്ക് വെളിച്ചം വീശാൻ ഉതകുന്നതാണ്. അദ്ദേഹം അനുഭവിച്ച കുതിപ്പിന്റെയും കിതപ്പിന്റെയും അനുഭവങ്ങൾ ഒരു നേർക്കാഴ്ചയായി അദ്ദേഹം വിവരിക്കാൻ ശ്രമിക്കുന്നത്, അപൂർണ്ണമാണെങ്കിൽ പോലും, പുതുതലമുറക്ക് ആത്മീയതയിൽ കരുത്തു പകരുവാനും ഉത്തേജിപ്പിക്കാനും ഉതകുന്നതാണ്.

നന്നേ ചെറുപ്രായത്തിൽതന്നെ സത്യത്തിന്റെ ഒരു ഉപാസക നാകാൻ ഡൺസ്റ്റണച്ചനു കഴിഞ്ഞു. സുവിശേഷത്തിന്റെ താളുകളി ലൂടെ നടത്തിയ തീർത്ഥാടനത്തിലൂടെ താൻ കണ്ടെത്തിയ യേശു ക്രിസ്തുവെന്ന ആത്യന്തികസത്യത്തെ പുൽകുവാനുള്ള തീവ്ര പരിശ്രമത്തിൽ, തന്റെ അനുദിന ജീവിതസാഹചര്യങ്ങളിൽ താൻ കണ്ടെത്തിയ സുവിശേഷാത്മകമായ സത്യസാധന അദ്ദേഹത്തെ പൂർണ്ണമായും ഗ്രസിച്ചുകളഞ്ഞു എന്ന് പറയുന്നതിൽ അൽപംപോലും അതിശയോക്തി ഉണ്ടാകില്ല. ജീവിതത്തിന്റെ കാഴ്ചപ്പാടുകളെക്കുറി ച്ചായാലും, അനുദിനജീവിതത്തിലെ ചെറുതും വലുതുമായ ജീവിത വ്യാപാരങ്ങളെക്കുറിച്ചായാലും, ഏറെ പ്രാധ്യാനമുള്ളതെന്നു തോന്നിയ വ്യക്തിബന്ധങ്ങളിലായാലും സത്യത്തിനു നിരക്കാത്ത തൊന്നും ഉൾക്കൊള്ളാനോ സ്വീകരിക്കാനോ ഡൺസ്റ്റണച്ചന് സാധിക്കുമായിരുന്നില്ല. അത്തരത്തിലുള്ള സാഹചര്യങ്ങളുമായി സമരസപ്പെടാതെ, തന്റെ മനസ്സാക്ഷിക്ക് ഉതകുന്ന ഉറച്ച നിലപാടു കളുമായി മുന്നോട്ടുപോകാൻ അദ്ദേഹത്തിനായി. വ്യക്തിബന്ധങ്ങളെ ഹനിക്കാതെ, മൂല്യാധിഷ്ഠിതമായി തന്റെ സത്യസാധന സാക്ഷാത് ക്കരിക്കുവാൻ ഡൺസ്റ്റണച്ചന് സാധ്യമായി എന്നത് ദൈവസന്നിധി യിലും മനുഷ്യസമൂഹത്തിലും എന്നും ഏറ്റം വിലപ്പെട്ട അദ്ദേഹത്തിന്റെ ജീവിതനേട്ടമായി നമുക്ക് കാണാനാകും.

ഹ്രസ്വമായ ഈ ആത്മകഥയിലൂടെ തന്റെ ജീവിതത്തെക്കുറിച്ച് വ്യക്തിപരമായി അനാവരണം ചെയ്യുന്നതിനുമപ്പുറം, തന്റെ ഉറച്ച കാഴ്ചപ്പാടുകളെക്കുറിച്ചും, തന്റെ നിലപാടുകളുടെ അടിസ്ഥാനങ്ങ ളെക്കുറിച്ചും കൃത്യതയോടും തെളിവോടും കൂടെ വിവരിക്കുവാൻ ഡൺസ്റ്റണച്ചനു സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഈ ഓർമ്മക്കുറി പ്പുകൾ തയ്യാറാക്കിയതിനുശേഷം നീണ്ട നാലഞ്ചു പതിറ്റാണ്ടുകൾ തന്റെ സത്യസാധന അദ്ദേഹം കൂടുതൽ തീവ്രതയോടും ആത്മാർ ത്ഥതയോടും കൂടെ തുടരുന്നുണ്ട്. പരാജയങ്ങളെന്നു തോന്നാവുന്ന നിരവധി അനുഭവങ്ങളിലൂടെയും, ചിലപ്പോഴെങ്കിലും സത്യത്തിനു വേണ്ടിയുള്ള ഉറച്ച നിലപാടുകളിൽ താൻ തീർത്തും ഏകനായി പ്പോയി എന്ന് തോന്നിയിട്ടുണ്ടെങ്കിൽപോലും, അണുവിട തളരാതെ ഡൺസ്റ്റണച്ചൻ സത്യസാധനയുടെ ഉറച്ച ഒറ്റവരിപ്പാതയിലൂടെ നടന്നുവെന്നതും അതിൽ വിജയം വരിച്ചുവെന്നതും തുടർന്നുള്ള അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നും കൂട്ടിവായിച്ചാൽ മാത്രമാണ്

ഈ ആത്മകഥ പൂർണമാകയുള്ളൂ. ആധുനിക സന്ന്യാസ സംസ്കൃതിയിൽ സത്യത്തിനുവേണ്ടിയുള്ള രക്തസാക്ഷിത്വം വരിക്കുവാൻ ഡൺസ്റ്റണച്ചന്റെ സത്യസാധനയ്ക്കായി എന്നതും അദ്ദേഹത്തിന്റെ മാറ്റ് കൂട്ടുന്നുണ്ട്.

ലാളിത്യത്തിന്റെ പ്രഭയിലും ആത്മീയതയുടെ സുഖത്തിലും ചാലിച്ചെടുത്ത ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ ജീവിതം സുവിശേഷത്തിന്റെ ഒരു നേർക്കാഴ്ചയും യേശുസാക്ഷ്യത്തിന്റെ അനന്യ ദൃഷ്ടാന്തവുമാണ്. തന്റെ സഹോദര സന്ന്യാസിമാരുടെ ഇടയിൽ അദ്ദേഹത്തിന്റെ ജീവിതം എന്നും ഒരു തുറന്ന പുസ്തകമായിരുന്നു. താൻ വരിച്ച സന്ന്യാസപൗരോഹിത്യ ജീവിതത്തിൽ യേശുവിന്റെ പാത പിന്തുടരുന്നതുവഴിയായി താനും മറ്റുള്ളവർക്കായി സ്വയം വ്യയം ചെയ്യപ്പെടണമെന്നും, അതിനായി തന്റെ ജീവിതവും ചെയ്തികളും ഏവരുടെ മുമ്പിലും സുതാര്യമായിരിക്കണമെന്നും ഡൺസ്റ്റണച്ചന് നിർബന്ധമുണ്ടായിരുന്നു. ഏവരുടെ ജീവിതത്തെയും ഏറ്റം പ്രഭയുള്ളതാക്കിത്തീർക്കുന്ന സുതാര്യത സുദീർഘവും സുദൃഢവുമായ ഒരു തപസ്യയിലൂടെ രൂപപ്പെടുത്തിയെടുക്കുമ്പോൾ മാത്രമാണ് സ്വന്തം ജീവിതത്തിൽ നേടിയെടുക്കുവാൻ കഴിയുക. സുതാര്യമായ ഏതൊരു ജീവിതവും ആത്മാർത്ഥതകൊണ്ടും സത്യസന്ധതകൊണ്ടും അനുദിന ജീവിതചര്യയിലെ എല്ലാ തുറകളെയും ഒരുപോലെ കൂടുതൽ തുറവിയുള്ളതും ഔന്നത്യമുള്ളതുമാക്കി രൂപപ്പെടുത്തുകയും ചെയ്യുമെന്ന് ഡൺസ്റ്റണച്ചന്റെ ജീവിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ പരിലസിച്ച വിശുദ്ധിയുടെ പരിമളം പുതുതലമുറക്ക് കൈമാറുവാനുള്ള സി.എം.ഐ. പ്രേഷിത പ്രവിശ്യയുടെ പരിശ്രമത്തിന് ഒരു തിലകക്കുറിയെന്നോണം ബഹുമാനപ്പെട്ട പോളി പയ്യപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ രണ്ടു വാല്യങ്ങളിലായി ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ കൃതികൾ സമൂഹസമക്ഷം സമർപ്പിക്കുകയാണ്. ഈ രണ്ടു വാല്യങ്ങളും തയ്യാറാക്കുന്നതിന്റെ പുറകിൽ സമർപ്പണത്തോടും നിഷ്ഠയോടും കൂടെ പ്രവർത്തിച്ച ഡൺസ്റ്റണച്ചന്റെ പ്രേഷ്ഠശിഷ്യൻ കൂടെയായ പോളി പയ്യപ്പിള്ളിയച്ചന് പ്രേഷിത പ്രവിശ്യയുടെ പേരിൽ ആത്മാർത്ഥമായി നന്ദി അർപ്പിക്കുന്നു. സത്യസാധനയെന്ന ഓർമ്മക്കുറിപ്പുകളുടെ ആദ്യ വാല്യവും, കത്തുകളും പ്രാർത്ഥനകളുമടങ്ങുന്ന

രണ്ടാം വാല്യവും വായനക്കാരുടെ സമക്ഷം എത്തിക്കുമ്പോൾ, ഡൺസ്റ്റണച്ചന്റെ വിശുദ്ധി നിറഞ്ഞ ജീവിതവും, സത്യത്തോടുള്ള അനിതരസാധാരണമായ സമർപ്പണവും, ക്രിസ്തുകേന്ദ്രീകൃതമായ ഏകാഗ്രതയും വിവിധങ്ങളായ ജീവിത വഴികളിലൂടെ ചരിക്കുന്ന വർക്ക് പ്രത്യാശയും ഉത്തേജനവും നൽകുമെന്ന് പ്രതീക്ഷിക്കുന്നു. സുതാര്യവും സുന്ദരവുമായ ഡൺസ്റ്റണച്ചന്റെ ലളിത ജീവിതം തുടർച്ചയായ ഓർമ്മപ്പെടുത്തലിനും, ആവശ്യമായ സന്ദർഭങ്ങളിൽ ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്നതിനും ഇടവരുമെന്ന് ഉറപ്പായും നമുക്ക് കരുതാനാകും. അങ്ങനെ സത്യത്തിന്റെ സുതാര്യതയിലേക്കും ആത്മീയതയുടെ സൗന്ദര്യത്തിലേക്കുമുള്ള തുടർ സാധനകൾ രൂപപ്പെടുത്താനും അനന്തസാധ്യതകളുള്ള ക്രിസ്തു സമർപ്പണത്തിന്റെ തീർത്ഥയാത്രയിൽ ഭാഗഭാക്കാകാനും ഇനിയും അനേകർക്ക് സാധ്യമാകട്ടെ.

ഫാ. സാജു ചക്കാലയ്ക്കൽ സി.എം.ഐ.
പ്രൊവിൻഷ്യൽ

# മുഖമൊഴി

ദൈവസാക്ഷാത്കാരം മനുഷ്യന്റെ ആത്യന്തികലക്ഷ്യമാണ്. മനുഷ്യൻ പ്രാപിക്കേണ്ട അന്തിമലക്ഷ്യത്തെ “സാധ്യ” എന്ന സംസ്കൃത പദം വിവക്ഷിക്കുന്നു. സാധ്യത്തെ സാധിച്ചെടുക്കുവാൻ സാധനയെ പൂർണ്ണമായും അവലംബിക്കണം.

“സാധനയെന്നാൽ” മാർഗ്ഗം അഥവാ ഏകാഗ്രവും കഠിനവുമായ ആത്മീയയത്നം എന്നർത്ഥം. ‘അന്ത്യത്തിലേക്കുള്ള മാർഗ്ഗം’ എന്നാണ് സാധന എന്ന പദം സൂചിപ്പിക്കുന്നത്. നിർദ്ദിഷ്ട ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനായുള്ള ഏകാഗ്രത, അവബോധം, കർക്കശമായ ശിക്ഷണം, നിരന്തരാഭ്യാസം എന്നിവയോടുകൂടിയ എന്തിനെയും സാധനയായിക്കരുതാം. ഭാരതീയ ആദ്ധ്യാത്മിക ശാസ്ത്രമനുസരിച്ച്, ജീവിതത്തിന്റെ പരമലക്ഷ്യം അഥവാ ആത്മീയ സാക്ഷാത്കാരം നേടുന്നതിന് സ്വയം ഏറ്റെടുക്കുന്ന ശിക്ഷണത്തിന്റെ നിരന്തര പരിശീലനത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്. സാധനയെ പരിശീലിച്ചുകൊണ്ട് സാധ്യത്തെത്തേടുന്നവൻ സാധകനാണ്.

സാധകൻ നിസ്സംഗനും തീരുമാനങ്ങളിൽ ദൃഢചിത്തനുമായിരിക്കും. സ്വന്തം ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും സാധനയ്ക്കായി സമർപ്പിച്ചുകൊണ്ട് അഹത്തെ കീഴടക്കുന്നതിനുള്ള യത്നത്തിൽ അവൻ ജാഗരൂകനാണ്. ബലഹീനമായ മനുഷ്യപ്രകൃതി ലക്ഷ്യമായിക്കരുതാവുന്ന ലൗകികതയുടെ ബന്ധനങ്ങളിൽനിന്നു വിടുതൽ നേടുന്നതിനുള്ള സ്വയംശിക്ഷണത്തിൽ അവൻ ശ്രദ്ധാലുവായിരിക്കും. ലൗകികതയുടെ ആധിക്യം തന്നിൽ കൂടുകൂട്ടാതെ അവൻ തടയുന്നു. അവൻ സ്വന്തം ആവശ്യങ്ങളും ആശ്വാസങ്ങളും മനസ്സാ പരിത്യജിക്കുന്നു; കർക്കശവും ആയാസകരവും താപസവുമായ ജീവിതക്രമം സ്വയംവരിക്കുന്നു; അനുദിനം തന്റെ ലക്ഷ്യപ്രാപ്തിക്കായി പൂർണ്ണമായും തീവ്രമായും അവിരാമ പരിശ്രമത്തിൽ മുഴുകുന്നു. ഒരു ഗുരുവിന്റെ നിതാന്തമായ നിരീക്ഷണത്തിൽ സാധകന്റെ ഏകാഗ്രതയിലും സ്ഥിരോത്സാഹത്തിലും സംഭവിക്കുന്നതാണ് ഈ സാധന.

ജീവിതത്തിന്റെ ലക്ഷ്യമാണ് 'സാധ്യ' എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. ഡൺസ്റ്റൺ ഒലക്കേങ്കിലച്ചൻ സാധ്യയായി ക്കരുതിയത് സത്യത്തെയാണ്. സത്യമെന്നാൽ അതു ക്രിസ്തു വാണ് (യോഹ. 14:6). അതുകൊണ്ട് സാധ്യയെന്നാൽ ക്രിസ്തു തന്നെയാണ്. ക്രിസ്തുശിഷ്യൻ സാക്ഷാത്കരിക്കേണ്ട സത്യമാണ വിടുന്ന്. "സത്യമായിട്ട് ഒന്നു മാത്രമേയുള്ളു. അതു ദൈവമാണ്." ഡൺസ്റ്റണച്ചൻ സ്വന്തം വിശ്വാസം ഏറ്റുപറയുന്നു. ഈ വിശ്വാസം അദ്ദേഹത്തെ സത്യത്തിന്റെ സാധകനാക്കി.

സത്യസാധകനായ ഡൺസ്റ്റണച്ചനു നിത്യസത്യമായ ക്രിസ്തുവെന്ന സാധ്യത്തെ സാധ്യമാക്കുന്നതിനുള്ള സാധന സത്യസ്നേഹമായിരുന്നു, ക്രിസ്തുവായിരുന്നു. ക്രിസ്തു സത്യ മാണ്. അവിടുന്ന് സത്യമായതുകൊണ്ട് ക്രിസ്തുവാണ് സാധന അഥവാ മാർഗം (യോഹ. 14:6). നവീനവും സജീവവുമായ പാത (ഹെബ്രാ. 10:20), രക്ഷയിലേയ്ക്കുള്ള വാതിൽ (യോഹ. 10:9) അവി ടുന്നാണ്. സത്യവും സാധ്യയുമായ ക്രിസ്തുവിനെ പ്രാപിക്കു വാനുള്ള സാധന ക്രിസ്തു തന്നെയാണ്. ലക്ഷ്യവും മാർഗ്ഗവും ഒന്നുതന്നെ, ക്രിസ്തുതന്നെ. "കർത്താവേ, ഞാൻ അങ്ങയുടെ സത്യത്തിൽ നടക്കേണ്ടതിന് അങ്ങയുടെ വഴി എന്നെ പഠിപ്പിക്ക ണമേ" (സങ്കീ. 86:11) എന്നു സങ്കീർത്തകൻ പ്രാർത്ഥിക്കുന്നതിന്റെ കാരണവും അതുതന്നെയാണ്.

## സത്യസ്നേഹത്തിന്റെ സാക്ഷി

"എന്റെ പുണ്യജീവിതം മുഴുവൻ 'സത്യത്തോടുള്ള സ്നേഹം' 'Love of Truth' ആണ്. സത്യത്തെ സ്നേഹിക്കുക." ഒരു വിശുദ്ധാർത്ഥി യായ ഡൺസ്റ്റണച്ചനിൽ ആണ്ടുകൾ നീണ്ട അന്വേഷണത്തിന്റെ അന്ത്യത്തിൽ ഉരുവായ ആഴമായ അവബോധമാണിത്.

സത്യസ്നേഹത്തെ സാധനയായിക്കണ്ട ഡൺസ്റ്റണച്ചൻ ജീവിതത്തിൽ അനുനിമിഷം സത്യത്തെ സ്നേഹിച്ചു. നിരന്തരം അന്വേഷിച്ചു. സർവ്വസ്വവുമായി കരുതി. സത്യത്തിന്റെ സത്യോപാസ കനായി. സത്യസ്നേഹത്തിന്റെ സാക്ഷിയായി.

അനുദിനജീവിത സാഹചര്യങ്ങളിൽ വാക്കിലും പ്രവൃത്തി യിലും സത്യസ്നേഹത്തിന് ഡൺസ്റ്റണച്ചൻ സാക്ഷ്യം നൽകി. "സത്യമായതു വിശ്വസിക്കുക; വിശ്വസിക്കുന്നതു പറയുക; പറയു

ന്നതു പ്രവർത്തിക്കുക. സത്യത്തിന്റെ അംഗീകരണത്തിൽ നിന്നേ നീതി പുലരുകയുള്ളു." ഇത് ഡൺസ്റ്റണച്ചന്റെ ജീവിതബോദ്ധ്യമായിരുന്നു.

അച്ചൻ പറയുന്നു: ‘‘എനിക്കു ഓർമ്മവെച്ച നാൾമുതൽ ഇന്നുവരെ പറയത്തക്ക തോൽവി കൂടാതെ നിലനിന്നിട്ടുള്ള ഒരു ഗുണം സത്യത്തോടുള്ള സ്നേഹമാണ്. ഇത് എനിക്കു ജന്മസിദ്ധമെന്നതുപോലെയാണ്. മറ്റു പല ഗുണങ്ങളും ഒരു പരാജയത്തിനു ശേഷം തിരുത്തി വീണ്ടും ആരംഭിച്ചതായി ഞാൻ ഓർക്കുന്നു. എന്നാൽ ഇത് അപ്രകാരമല്ല. ചെറുപ്പത്തിൽ തീരെ നിസ്സാരമായ ചില സംഗതികളിൽ കള്ളം പറഞ്ഞിട്ടുണ്ട്. അത് മറ്റുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കാവുന്ന രീതിയിൽ വല്ലതും വിവരിക്കുമ്പോഴാണു നടന്നിട്ടുള്ളത്. യഥാർത്ഥ്യം എന്നോട് ആവശ്യപ്പെട്ട നേരങ്ങളിൽ ഒരിക്കലും മനഃപൂർവ്വം കള്ളം പറഞ്ഞിട്ടില്ല." "കള്ളം പറയുന്നത് എത്ര നിസ്സാരമായ വിധത്തിലും സാഹചര്യത്തിലും ആയിരുന്നാലും ഒരു ചെറിയ പാപമെങ്കിലുമായിരിക്കുമെന്ന് അറിവു കിട്ടിയതുമുതൽ ഒരിക്കലും അതിനു ഞാൻ തുനിഞ്ഞിട്ടില്ല."

താൻ നിശ്ചയിച്ചു നിഷ്ഠയോടെ നയിച്ച വിശുദ്ധ ജീവിതം, വിശുദ്ധിയിലേക്കു താൻ മാർഗ്ഗമായി സ്വീകരിച്ച സന്ന്യാസസമർപ്പണം, വ്രതങ്ങളുടെ പാലനം, സ്വന്തം കുറവുകളെയും പരാജയങ്ങളെയും അംഗീകരിക്കുന്നതിനും അതിജീവിക്കുന്നതിനുമുള്ള തുറവിയുടെ മനോഭാവം, പ്രാർത്ഥന ജീവിതം, സമൂഹജീവിതം, സുകൃതങ്ങളുടെ അഭ്യസനം, ചുമതലകളുടെ നിർവ്വഹണം തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും സത്യസ്നേഹത്തിനു സാക്ഷ്യം നൽകി. "സത്യത്തിനുവേണ്ടിയല്ലാതെ സത്യത്തിനെതിരായി ഒന്നും ചെയ്യുക ഞങ്ങൾക്കു സാധ്യമല്ല" (2 കൊറി. 13:8) എന്ന് ഉച്ചൈസ്തരം പ്രസ്താവിക്കുന്ന പൗലോസ് ശ്ലീഹായുടെ പ്രവാചകമായ തീക്ഷ്ണത ആ സാക്ഷ്യജീവിതത്തിൽ നിഴലിച്ചിരുന്നു.

സത്യസ്നേഹം ആ സാധകനെ അതിന്റെ പ്രവാചകനാക്കി. അസത്യത്തിനെതിരെ അദ്ദേഹം ശബ്ദമുയർത്തി. സമൂഹത്തിൽ ഭൂരിപക്ഷത്തിന്റെ സ്വരം സത്യമായി അംഗീകരിക്കണമെന്ന മിഥ്യാധാരണകൾക്കതീതമായി നിലകൊണ്ടു. പലപ്പോഴും ഏകാകിയായി

സത്യത്തിനു സാക്ഷ്യം നൽകി. എതിർപ്പുകളെ അവഗണിച്ചു. പരിക്കുകൾ പരിഗണിക്കാതെ പോരാടി. മരിക്കേണ്ടിവന്നാലും സത്യം വെടിയരുതെന്നും നിത്യസത്യമായ കർത്താവ് തനിക്കു വേണ്ടി പൊരുതിക്കൊള്ളുമെന്നുമുള്ള (പ്രഭാ. 4:28) അടിയുറച്ച വിശ്വാസത്തിന്റെ പാറമേൽ നങ്കൂരമുറപ്പിച്ചവന് അതു സാധ്യമാണ്.

നാം ജീവിക്കുന്ന ഈ കാലഘട്ടത്തെ സത്യാനന്തരകാലം (Post Truth Age) എന്നു ചിലർ വിശേഷിപ്പിക്കുന്നു. സത്യത്തെ വളച്ചൊടിക്കുകയും അസത്യത്തെ സത്യത്തെക്കാൾ സത്യമായ സത്യമായി അവതരിപ്പിക്കുകയും ചെയ്യുന്ന കാലമാണ് സത്യാനന്തരകാലം. വിചാരത്തെക്കാൾ വികാരങ്ങൾക്കാണ് ഇവിടെ പ്രാധാന്യം. വസ്തുതകളേക്കാൾ വ്യക്തിനിഷ്ഠമായ ചിന്തകളും താൽപര്യങ്ങളും അഭിപ്രായങ്ങളും ചേരിചേർന്നുള്ള നിലപാടുകളുമാണ് ഇന്ന് മേൽക്കൈ നേടുന്നത്. ധാർമ്മികമായ കാഴ്ചപ്പാടുകളും നിത്യസത്യബോധവും നിർവീര്യമാക്കപ്പെടുന്നു. പത്രങ്ങളും ചാനലുകളും നവമാധ്യമങ്ങളും അസത്യങ്ങളെ സത്യങ്ങളായി അവതരിപ്പിക്കുന്നു. കുറ്റാരോപിതരെ അവർതന്നെ വിചാരണ ചെയ്യുന്നു. നിരപരാധികളെ അസത്യവാദങ്ങളുടെ ഇരകളാക്കി, കുറ്റക്കാരായി വിധിക്കുന്നു. ചിലപ്പോഴൊക്കെ പത്രങ്ങൾ നടത്തുന്ന വിധിതീർപ്പുകൾക്ക് അനുസരിച്ച് നീതിന്യായ കോടതികളിൽ ന്യായാധിപന്മാർ വിധി പ്രസ്താവിക്കുന്നതിനു നിർബ്ബന്ധിതരാകുന്നു. മനുഷ്യാവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നവരും അവകാശ ധ്വംസനങ്ങൾക്ക് എതിരെ സംസാരിക്കുന്നവരും തീവ്രവാദികളായി മുദ്രകുത്തപ്പെടുന്നു. ഭരണകൂടത്തിന്റെ നെറികേടുകൾക്കെതിരെ ന്യായമായി പ്രതിഷേധിക്കുന്നവരെ രാജ്യദ്രോഹികളായി ചിത്രീകരിച്ചു തുറുങ്കിലടയ്ക്കുന്നു. അതെ, ഇത് സത്യാനന്തരകാലമാണ്.

സത്യത്തെ വളച്ചൊടിക്കുകയും അസത്യത്തെ സത്യത്തെക്കാൾ സത്യമായ സത്യമായി അവതരിപ്പിക്കുകയും ചെയ്യുന്ന ഈ സത്യാനന്തര കാലത്ത് ഡൺസ്റ്റണച്ചന്റെ സത്യസാധനയ്ക്കും സാക്ഷ്യത്തിനും പ്രവാചകമൂല്യമുണ്ട്.

**ശുദ്ധമായ മനസ്സാക്ഷി, സത്യസ്നേഹത്തിന്റെ മറുരൂപം**

ദൈവം സത്യമാണ്. അവിടുന്നു മനസ്സാക്ഷിയാണ്. ഒരുവന്റെ അന്തരംഗം എന്താണോ പറയുന്നത് അതുതന്നെയാണ് സത്യം.

ദൈവത്തിന്റെ, മനസ്സാക്ഷിയുടെ, സത്യത്തിന്റെ അചഞ്ചലമായ മർമ്മരം ഇവയെല്ലാം ഒന്നുതന്നെയാണ്. മഹാന്മാക്കൾക്കു ദൈവവും സത്യവും മനസ്സാക്ഷിയും പര്യായപദങ്ങളത്രെ.

ഡൺസ്റ്റണച്ചനു ''സത്യത്തെക്കുറിച്ചുള്ള ആശയങ്ങളും അതിനോടുള്ള സ്നേഹവും ക്രമേണ വളർന്നതാണെങ്കിലും അതിന്റെ ഒരു ഭാഗമായ അല്ലെങ്കിൽ മറ്റൊരു രൂപമായ മനസ്സാക്ഷി യോടുള്ള ആദരവ് ആദ്യം മുതലെയുണ്ടായിരുന്നു." അതുകൊണ്ടു തന്നെ ചെറുപ്രായം മുതൽ മനസ്സാക്ഷിയുടെ രൂപീകരണമെന്നതു തപസായി അദ്ദേഹം കരുതി. അച്ചൻ കുറിക്കുന്നു: "മറ്റുള്ളവ രുടെ അഭിപ്രായങ്ങൾ ഞാൻ കണ്ണടച്ചു പിഞ്ചെന്നിരുന്നില്ല. എന്റെ മനസ്സാക്ഷിയെ ന്യായങ്ങൾകൊണ്ടു തിരുത്താൻ ഞാൻ ഒരുക്കമാ യിരുന്നു. പക്ഷെ, തിരുത്തുന്നതിനുമുമ്പ് അതിനെ അവഗണിച്ച് എന്തെങ്കിലും ചെയ്യുന്നതിന് അത്ര എളുപ്പം വഴിപ്പെട്ടിരുന്നില്ല." "ജീവിതകാലത്തെ മുഴുവൻ പരിശോധിച്ചുകൊണ്ടുള്ള ആത്മശോ ധനകൾ ഈ വിഷയത്തിൽ ചെറുപ്പം മുതൽ പലപ്പോഴും ഞാൻ നടത്തിയിട്ടുണ്ട്."

ജീവിതത്തിലുടനീളം തുടർന്ന ഈ ആത്മീയസാധന അദ്ദേഹ ത്തിന്റെ ജീവിതത്തെ പലപ്പോഴും സംഘർഷപൂരിതമാക്കി. ഏറെ ആന്തരിക സമരം അദ്ദേഹം അനുഭവിക്കേണ്ടിവന്നു. "എനിക്കു മറ്റുള്ളവരിൽനിന്നു സഹിക്കേണ്ടി വന്നിട്ടുള്ളവയിൽ മനസ്സാ ക്ഷിയെപ്രതി സഹിച്ചിട്ടുള്ളവ മാത്രമെ എന്നെ സ്പർശിച്ചിട്ടുള്ളു." അച്ചൻ അനുസ്മരിക്കുന്നു.

### സത്യനിഷേധം പാപം

യേശു തന്റെ ശിഷ്യന്മാർക്കുവേണ്ടി പിതാവിനോടു പ്രാർത്ഥി ക്കുന്നു, "അവരെ സത്യത്താൽ വിശുദ്ധീകരിക്കണമെ. അവിടുത്തെ വചനമാണ് സത്യം" (യോഹ. 17:17). പിതാവിന്റെ വചനം പുത്രനായ ക്രിസ്തുവാണ്. ക്രിസ്തുതന്നെയാണ് സത്യം. ആ "വചനമാകുന്ന സത്യത്താലാണ്" ശിഷ്യന്മാർ ശുദ്ധീകരിക്കപ്പെടേണ്ടത്. ആ സത്യം തന്നെയാണ് പാപത്തിന്റെ അടിമത്തത്തിൽനിന്ന് യഥാർത്ഥത്തിൽ അവരെ സ്വതന്ത്രരാക്കുന്നത് (യോഹ. 8:31-36).

ദൈവം സത്യമാണ്. സത്യനിഷേധം ദൈവനിഷേധമാണ്. ദൈവനിഷേധം പാപമാണ്; അശുദ്ധിയാണ്. ജീവിതത്തിൽ

പാപത്തെ ഒഴിച്ചുനിറുത്തുവാനുള്ള പ്രമാദമില്ലാത്ത ഉപാധി സത്യത്തെ സ്നേഹിക്കലാണ്. സത്യത്തിന്റെ അരക്കച്ചയും നീതിയുടെ കവചവും (എഫേ. 6:14; cf. ഏശ. 11:5) തിന്മക്കെതിരായുള്ള പോരാട്ടത്തിൽ വിശ്വാസിയുടെ ദിവ്യായുധങ്ങളാണ്.

ഡൺസ്റ്റണച്ചൻ കൂടുതൽ വിശദമാക്കുന്നു: "ദൈവം സകലത്തിന്റെയും നാഥനാണെന്നും എല്ലാവരും തന്റെ ഇഷ്ടം നിറവേറ്റുവാൻ കടപ്പെട്ടിരിക്കുന്നുവെന്നുമുള്ള സത്യത്തിന്റെ പ്രായോഗിക നിഷേധം എല്ലാ പാപകർമ്മങ്ങളിലും അടങ്ങിയിരിക്കുന്നു... സകല പാപവും അസത്യമാണ്... സത്യത്തെ സ്നേഹിക്കുന്നവൻ അജ്ഞതയിൽനിന്നും അബദ്ധങ്ങളിൽനിന്നും വിമോചിതനാകുവാൻ പരിശ്രമിക്കുന്നു." അതെ, സത്യമാണ്, സത്യസ്നേഹമാണ് നമ്മെ സ്വതന്ത്രരാക്കുന്നത്.

സത്യത്തെ പിന്തുടരുമ്പോൾ കാലിടറി വീണാലും നേർവഴിക്കു നയിക്കപ്പെടുമെന്നത് ഡൺസ്റ്റണച്ചന്റെ ബോധ്യമാണ്. "ഞാൻ ജന്മനാ വളരെ ഭീരുവാണ്. എന്നാൽ എന്റെ ഭീരുത്വത്തേയും ജയിക്കത്തക്കവിധം സത്യസ്നേഹം ദൈവം എനിക്കു തന്നു. ചെറുപ്പം മുതൽ ഇവ രണ്ടും തമ്മിൽ വലിയ പോരാട്ടം എന്നിൽ നടന്നിട്ടുണ്ട്. ദൈവകൃപയാൽ ഞാൻ എപ്പോഴും വിജയിയായി." സത്യത്തെ കാർക്കശ്യത്തോടെ പിന്തുടർന്നതിന്റെ ഫലമായി അച്ചനിൽ ഉരുവായ ആത്മാവബോധത്തിന്റെ തുറന്നുപറച്ചിലാണിത്.

## സത്യസ്നേഹം - സിനഡാത്മക ചൈതന്യം

'സിനഡ്' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം 'ഒരുമിച്ചു യാത്ര ചെയ്യൽ' എന്നാണ്. പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ നാം യാത്ര ചെയ്യണം. യേശുവാകുന്ന വഴിയിലൂടെ യാത്ര ചെയ്യണം. ദൈവരാജ്യത്തിലേക്ക് ഒരുമിച്ചു യാത്ര ചെയ്യണം. അപ്രകാരം ഒരുമിച്ചു യാത്ര ചെയ്യുന്നവർ പരസ്പരം സംസാരിച്ചുകൊണ്ടും ശ്രവിച്ചുകൊണ്ടുമാണ് യാത്ര ചെയ്യേണ്ടത്. ഇത് സത്യസ്നേഹിയും വിശുദ്ധനുമായ ഫ്രാൻസിസ് മാർപാപ്പയുടെ ആഗ്രഹവും ആഹ്വാനവുമാണ്.

സിനഡാത്മകതയിൽ സ്വയം സമർപ്പിക്കുന്ന ഏതൊരാൾക്കും അവശ്യം വേണ്ടത് ശ്രവണസന്നദ്ധതയാണ്. ഹൃദയംകൊണ്ട് ശ്രവിക്കുക എന്ന് മാർപാപ്പ പറയുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരുടെ ഒപ്പം യേശു നടന്നു. യേശു ഒപ്പം നടന്നുകൊണ്ട്

അവരെ ശ്രവിച്ചു. അവരുടെ സങ്കടങ്ങളും ആകുലതകളും ഹൃദയത്തിൽ ഉൾക്കൊണ്ടു. അവിടുന്ന് അവരോട് സംസാരിച്ചു. അവരുടെ ഹൃദയം ജ്വലിച്ചു.

ശ്രവണം ഏറ്റവും അനുഗൃഹീതമാണ്. നമ്മെ ഭരമേൽപ്പിച്ചിട്ടുള്ളവരുടെ സങ്കടങ്ങളും രോഗങ്ങളും ഹൃദയംകൊണ്ട് ശ്രവിക്കാനനുവദിക്കുമ്പോൾ സിനഡാത്മകത വളരുന്നു.

അനുഗൃഹീതമായ ഈ സിനഡാത്മകത ജീവിതത്തിൽ ധാരാളമായി പരിപാലിച്ചിരുന്ന വ്യക്തിയാണ് ഡൺസ്റ്റണച്ചൻ. "സത്യത്തിന്റെ അംഗീകരണത്തിൽനിന്നേ നീതി പുലരുകയുള്ളൂ" എന്നത് ഡൺസ്റ്റണച്ചന്റെ ബോധ്യമായിരുന്നു. അതുകൊണ്ടുതന്നെ എല്ലാവരെയും സമഭാവനയോടെ കാണുവാനും ഏവരുടെയും അഭിപ്രായങ്ങളോടു തുറവി പുലർത്തുവാനും അദ്ദേഹം ശ്രദ്ധാലുവായി. എതിർശബ്ദങ്ങളെ അച്ചൻ ബഹുമാനിച്ചു. സത്യസ്നേഹം അദ്ദേഹത്തെ നല്ലൊരു കേൾവിക്കാരനാക്കി.

എതിരാളിയുടെ പക്ഷത്തും സത്യമുണ്ടാവാം എന്ന പ്രാമാണികതത്വം ഡൺസ്റ്റണച്ചൻ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ആരെയും വെറുക്കാനാകില്ലായിരുന്നു. സ്വന്തം സമൂഹത്തിൽ സത്യത്തിന്റെ വഴിയിൽ നിന്നു മാറിനടന്നവരെയെല്ലാം ഹൃദയംകൊണ്ട് ആശ്ലേഷിച്ചു. എല്ലാവരെയും ഉള്ളഴിഞ്ഞു സ്നേഹിച്ചു. സത്യവും സ്നേഹവും വഴിപിരിയാതെ ആ ജീവിതവഴിയിൽ ഒരുമിച്ചൊഴുകി. സത്യം നിറഞ്ഞ സ്നേഹവും സ്നേഹം നിറഞ്ഞ സത്യവും ഡൺസ്റ്റണച്ചന്റെ ജീവിതചര്യയായി. അങ്ങനെ "കരുണയും സത്യവും നിന്നെ പിരിയാതിരിക്കട്ടെ. അവ ... ഹൃദയഫലകങ്ങളിൽ രേഖപ്പെടുത്തുക" (സുഭാ. 3:3) എന്ന സുഭാഷിതം ഡൺസ്റ്റണച്ചനിൽ സാർത്ഥകമായിത്തീർന്നു.

## സത്യസ്നേഹം സുകൃതസർവ്വം

ദൈവം സത്യമാണ്. അവിടുന്നു പൂർണ്ണനാണ്. എങ്കിൽ സത്യം പൂർണ്ണമാണ്. സത്യസ്നേഹത്തിന്റെ വഴി പൂർണ്ണതയിലേക്കുള്ള സുനിശ്ചിതവഴിയാണ്; സത്യത്താൽ മനുഷ്യൻ വിശുദ്ധീകരിക്കപ്പെടുന്നതിന്റെ ലക്ഷ്യമായിരിക്കുന്നത് ക്രിസ്തീയതയുടെ പൂർണ്ണതയായ സ്നേഹത്തിൽ വളരുന്നതിനുവേണ്ടിയാണെന്ന് വി. പത്രോസ് വ്യക്തമാക്കുന്നു. "സത്യത്തോടുള്ള വിധേയത്വംവഴി

നിഷ്കപടമായ സഹോദരസ്നേഹത്തിനായി നിങ്ങളുടെ ആത്മാവ് പവിത്രീകരിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഹൃദയപൂർവ്വകമായും ഗാഢമായും പരസ്പരം സ്നേഹിക്കുവിൻ" (1 പത്രോ. 1:22). സ്നേഹത്തിൽ സത്യം ജീവിക്കുമ്പോഴാണ് ശിരസ്സായ ക്രിസ്തുവോളം നാം വളരുന്നത് (എഫേ. 4:15); പൂർണ്ണരാകുന്നത്; ദൈവസന്നിധിയിൽ സ്വീകാര്യരാകുന്നത്.

നീതി പ്രവർത്തിക്കുകയും ഹൃദയം തുറന്നു സത്യം പറയുകയും ചെയ്യുന്നവൻ ദൈവത്തിന്റെ കൂടാരത്തിൽ വസിക്കുകയും അവിടുത്തെ വിശുദ്ധഗിരിയിൽ വാസമുറപ്പിക്കുകയും ചെയ്യുമെന്ന് സങ്കീർത്തകൻ ഉറപ്പുതരുന്നു (സങ്കീ. 15:1-2). ചിന്തയിലും ഹൃദയത്തിലും മനസ്സിലും സത്യത്തെ മനനം ചെയ്തു പ്രവൃത്തിയിൽ പരിപാലിക്കുന്നവനാണ് തിരുസന്നിധിയിൽ വസിക്കുന്നതിനു യോഗ്യത നേടുക. ദൈവസാക്ഷാത്കാരത്തിനു മനുഷ്യൻ ഭാഗികമായല്ല, പൂർണ്ണമായും സത്യസന്ധനും നീതിമാനുമാകണം. അവന്റെ ആന്തരികചോദനകളും ബാഹ്യമായ ചര്യകളും പരസ്പരബന്ധിയായിരിക്കണം. അവന്റെ അകവും പുറവും സത്യസന്ധമായിരിക്കണം. ദൈവവചനത്തിന്റെ പര്യായമായ "സത്യം" അവനിൽ സ്നേഹത്തിന്റെ ആന്തരികതത്ത്വമായി വസിച്ചുകൊണ്ട് പ്രവൃത്തിയിലൂടെ സ്നേഹം പ്രകടമാക്കുന്നതിന് അവൻ ശക്തനാകണം. "കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്" (1 യോഹ. 3:18) എന്ന് വി. യോഹന്നാൻ ഉപദേശിക്കുമ്പോഴും ഈ ആശയം തന്നെയാണ് ഊന്നിപ്പറയുന്നത്. അപ്രകാരമുള്ളവനാണ് പൂർണ്ണതയിലേക്കുള്ള സുനിശ്ചിതവഴിയിൽ സഞ്ചരിക്കുന്നത്.

സത്യത്തിന്റെ വഴി സർവ്വസുകൃതങ്ങളാൽ സമ്പന്നമാണ്. സത്യത്തിലേക്കുള്ള യാത്ര സുകൃതങ്ങളുടെ പൂർണ്ണത തേടിയുള്ള യാത്രയാണ്. സത്യവും പുണ്യങ്ങളുടെ പൂർണ്ണതയായ സ്നേഹവും ഒരുമിച്ചേ മുന്നേറൂ. "സ്നേഹം അനീതിയിൽ സന്തോഷിക്കുന്നില്ല; സത്യത്തിൽ ആഹ്ലാദിക്കുന്നു" (1 കൊറി. 13:6) എന്ന് വി. പൗലോസ് പറയുമ്പോൾ സത്യവും സർവ്വോത്കൃഷ്ടമായ സ്നേഹവും അവിഭാജ്യമാണെന്ന് ഉദ്ഘോഷിക്കുന്നു.

സത്യസ്നേഹത്തിൽ പുണ്യങ്ങളുടെ പൂർണ്ണതയുണ്ട് എന്നാണ് ഡൺസ്റ്റണച്ചന്റെ വിശ്വാസം. സത്യസ്നേഹവും മറ്റു പുണ്യങ്ങളായ നീതിബോധം, സ്നേഹം, വിശ്വാസം, എളിമ തുടങ്ങിയ

സുകൃതങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു തനിക്കുള്ള കാഴ്ചപ്പാട് ഡൺസ്റ്റണച്ചൻ വ്യക്തമാക്കുന്നു: "സകല പുണ്യ ങ്ങളുടെയും അടിസ്ഥാനം എളിമയാണെന്നു പറയാറുണ്ടല്ലോ. ഈ എളിമയുടെയും അടിസ്ഥാനം അല്ലെങ്കിൽ ഈ എളിമതന്നെ സത്യസ്നേഹമാണ്."

എളിമയെന്നത് എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമാ ണെന്നതു തിരുസ്സഭയിലെ വിശുദ്ധരിൽ പലരുടെയും അനുഭവവും അഭിമതവുമാണ്. മനുഷ്യനെ സംബന്ധിച്ചു ദൈവത്തിന്റെ അനന്ത നന്മയുമായി തുലനം ചെയ്യുമ്പോൾ അവൻ ഒന്നുമല്ല എന്നതു സത്യം. ഈ സത്യം തിരിച്ചറിയുന്നതാണ് എളിമ. ഈ എളിമ ഉള്ളിൽ നിറയുന്നതോടെ സത്യത്തിന്റെ പൂർണ്ണതയിലേക്ക്, സത്യംതന്നെയായ ദൈവത്തിലേയ്ക്ക് അവൻ നയിക്കപ്പെടുന്നു. അങ്ങനെ ആത്മനാഥനായ നിത്യസത്യത്തെ ദർശിക്കാനും അവി ടുത്തെ സാന്നിദ്ധ്യം അംഗീകരിക്കാനും മനുഷ്യനു സാധ്യമാകുന്നു.

ഡൺസ്റ്റണച്ചൻ തുടരുന്നു: "എളിമയാണ് സകല പുണ്യങ്ങ ളുടേയും അടിസ്ഥാനമെന്നു ചിലപ്പോൾ നാം കേൾക്കാറുണ്ട്. മറ്റു ചിലപ്പോൾ, വിശ്വാസമാണ് എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാ നമെന്നു പറയുന്നു. രണ്ടു പ്രസ്താവനകളും ശരിയാണെന്ന് ആരും സമ്മതിക്കും. അപ്പോൾ എളിമയും വിശ്വാസവും ഒന്നുതന്നെ യാണൊ? അതെ, രണ്ടും ഒരേ സത്യത്തിന്റെ ഏറ്റുപറച്ചിലാണ്. സൃഷ്ടികർമ്മത്തിന്റെ ഏറ്റുപറച്ചിലാണ്. ദൈവമാണു സ്രഷ്ടാവ് എന്നു പറയുന്നത് വിശ്വാസം. ഞാൻ സൃഷ്ടിയാണെന്നു പറയു ന്നത് എളിമ. ഇങ്ങനെ ആഗ്രഹിക്കാവുന്നതെല്ലാം സത്യത്തോടുള്ള സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു. ദൈവവും ദൈവികമായ സകലവും അതിലുണ്ട്."

ഡൺസ്റ്റണച്ചൻ ദൈവസായൂജ്യത്തെ സാധ്യയായിക്കരുതി. സത്യസ്നേഹത്തെ സാധനയായിക്കണ്ടെത്തി. ദൈവസായുജ്യത്തി നായുള്ള തന്റെ അഭിവാഞ്ചയും സാധനയ്ക്കായുള്ള അന്വേഷണവും അതിന്റെ കണ്ടെത്തലും പ്രധാനമായും നാമറിയുന്നത് അച്ചന്റെ ഓർമ്മക്കുറിപ്പുകളിലൂടെയാണ്. ഈ ഓർമ്മക്കുറിപ്പുകൾക്കും ഒരു ചരിത്രമുണ്ട്.

1953-56 കാലയളവിൽ അമ്പഴക്കാട് വി. അമ്മത്രേസ്യയുടെ ആശ്രമാംഗമായിരുന്ന ഡൺസ്റ്റണച്ചന്റെ ആദ്ധ്യാത്മിക പിതാവ്

ആശ്രമത്തിന്റെ പ്രിയോരായിരുന്ന ബ. മലാഖിയാസ് കണ്ണനായ്ക്ക ലച്ചനായിരുന്നു. തന്റെ ആത്മീയപുത്രന്റെ വിശുദ്ധി തിരിച്ചറിഞ്ഞ മലാഖിയാസച്ചൻ ഓർമ്മക്കുറിപ്പുകൾ എഴുതുവാൻ ഡൺസ്റ്റണച്ച നോട് ആവശ്യപ്പെട്ടു. തന്റെ ജീവിതത്തിൽ മാതാപിതാക്കൾ ചെലു ത്തിയ സ്വാധീനം, വ്യക്തിത്വത്തെ രൂപപ്പെടുത്തിയ അനുഭവ ങ്ങളും സംഭവങ്ങളും, തന്നെ നയിച്ചുകൊണ്ടിരിക്കുന്ന ആത്മീയ മായ ബോദ്ധ്യങ്ങൾ, വിശുദ്ധി ലക്ഷ്യമാക്കിയുള്ള പ്രയാണത്തിൽ കടന്നുചെന്ന പടികൾ തുടങ്ങി പലതും ആത്മീയപിതാവിന്റെ നിർദ്ദേശമനുസരിച്ചു കുറിച്ചുവച്ചു. ഒരു നോട്ടുപുസ്തകത്തിന്റെ 163 പുറങ്ങളിൽ ഒതുങ്ങുവാൻമാത്രം ഹ്രസ്വമായ കുറിപ്പുകളാണിവ. നിയതമായ ക്രമങ്ങളില്ലാതെ ഓർമ്മയിൽ ഉയരുന്നതനുസരിച്ച്, തന്റെ സ്വതസിദ്ധമായ സരളശൈലിയിൽ പരമാർത്ഥഹൃദയം തുറന്നുവെച്ചു.

മൊത്തം കുറിപ്പുകൾ ആറു ഭാഗങ്ങളായിത്തിരിച്ചിട്ടുണ്ട്. പല ഭാഗങ്ങളും ശീർഷകത്തോടെ ആരംഭിക്കുന്നതായിക്കാണുന്നില്ല. ഭാഷാഭംഗിയെപ്പറ്റി ആകുലത തെല്ലുമില്ല. വാക്കുകളുടെ അള വിനും ആശയങ്ങളുടെ പുരോഗതിക്കും അനുസരിച്ച് ഖണ്ഡിക തിരിച്ചെഴുതണമെന്ന് അച്ചനു തോന്നിയില്ല. പലപ്പോഴും വിഷയ ത്തിൽനിന്ന് അദ്ദേഹം വ്യതിചലിക്കുന്നു. അപ്രകാരം ചെയ്യുന്നതിന് ആത്മപിതാവ് അനുവാദം നൽകിയിരുന്നു. റഫെഴുതി വാക്കു കളും വാക്യങ്ങളും ചെത്തിമിനുക്കിയശേഷം ഫെയറെഴുതുന്ന ശൈലിയില്ല, പകരം നോട്ടുപുസ്തകം തുറന്നുവെച്ച്, 'വന്നപടി ചന്തം' എന്ന രീതിയിൽ മനോഗതങ്ങൾ മുഴുവൻ തുറന്നുവെക്കു കയാണ്. പ്രസിദ്ധീകരിക്കുന്നതിനായി ഒരു പുസ്തകം ഒരുക്കു കയല്ല, തനിക്കു മാർഗ്ഗദർശനം നൽകുന്നതിനായി ആത്മപിതാ വിന്റെ പക്കൽ സ്വന്തം മനസ്സും ഹൃദയവും തുറക്കുകയാണ്. സ്വന്തം ആത്മാവിനോടും ആത്മപിതാവിനോടും തികവു നിറഞ്ഞ ആത്മാർത്ഥത ഇതിൽ കവിഞ്ഞൊഴുകുന്നു. കുറിച്ചതെല്ലാം സത്യ സാധനയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമു ള്ളവയാണ്.

ഇടയിൽ ഈ കുറിപ്പെഴുത്ത് നിലച്ചതായിക്കാണുന്നു. ആത്മപി താവിന് സമർപ്പിച്ച കുറിപ്പുകൾക്ക് പിന്നീട് എന്തു സംഭവിച്ചുവെന്ന് അതിന്റെ കർത്താവിനുതന്നെയും അജ്ഞാതമായി. വർഷങ്ങൾ

കടന്നുപോയി. 1990-കളുടെ മദ്ധ്യത്തിൽ സി.എം.ഐ. പ്രേഷിത പ്രവിശ്യാംഗമായ മാർട്ടിൻ കിടങ്ങനച്ചൻ ബെംഗളൂരുവിൽ പോയി പാലക്കാട് തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തിന്റെ കൈയിൽ ഒരു നോട്ടുപുസ്തകം ഉണ്ടായിരുന്നു. 1953, 1954 ആണ്ടുകളുടെ ആരംഭത്തിൽ ഡൺസ്റ്റണച്ചൻ എഴുതി ആത്മപിതാവിനു സമർപ്പിച്ച അതേ ഓർമ്മക്കുറിപ്പുകൾ! ഡൺസ്റ്റണച്ചൻ മുത്തോലിയിൽ തത്ത്വശാസ്ത്രവിദ്യാർത്ഥിയായിരിക്കെ ഗുരുവായിരുന്ന ബെഞ്ചമിൻ കോട്ടൂരാനച്ചനാണ് ഈ കുറിപ്പുകൾ മാർട്ടിനച്ചൻ വഴി അച്ചനു കൈമാറിയത്.

അങ്ങനെ ഡൺസ്റ്റണച്ചൻ എന്ന വിശുദ്ധാർത്ഥിയുടെ ആത്മീയാന്വേഷണത്തിന്റെയും സത്യസ്നേഹമെന്ന സാധനയുടെ കണ്ടെത്തലിന്റെയും 'പ്രാമാണികരേഖകൾ' കൈമോശം വരാതെ കാലം നമുക്കായി കാത്തുവച്ചു. ഈ വിശുദ്ധാക്ഷരങ്ങളെ വായനയ്ക്കും പഠനത്തിനുമായി അനുവാചകർക്കു സമർപ്പിക്കുന്നതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. ഡൺസ്റ്റണച്ചന്റെ ഈ ഓർമ്മക്കുറിപ്പുകളോടൊപ്പം അദ്ദേഹത്തിന്റെ ജീവചരിത്രവും ചേർത്തുവായിക്കുമ്പോഴാണ് സത്യസാധനയുടെ ഏകദേശചിത്രം ഗ്രഹിക്കാനാകുക.

സി.എം.ഐ. പ്രേഷിത പ്രവിശ്യാധികാരി ഫാ. സാജു ചക്കാലയ്ക്കൽ ഈ ഓർമ്മക്കുറിപ്പുകളുടെ പ്രസിദ്ധീകരണത്തിനു മുൻകൈയെടുക്കുകയും വായനക്കാർക്കായി അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഡേവിഡ് സ്മൃതി മനോഹരമായ മുഖചിത്രമൊരുക്കി. കൊച്ചി വിയാനി പ്രിന്റിങ്ങ്സ് പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ചു. ഡൺസ്റ്റണച്ചന്റെ സത്യസ്നേഹസാധന ഏവർക്കും പ്രചോദനമായിത്തീരട്ടെ.

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.
ഡോക്യുമെന്റേഷൻ ഇൻ ചാർജ്

# 1 എന്റെ മാതാപിതാക്കന്മാർ

[പുറം 3] പെ. ബ. പിതാവേ, എന്റെ മാതാപിതാക്കന്മാരെക്കുറിച്ച് എഴുതുവാൻ ആവശ്യപ്പെട്ടപ്പോൾ, എന്റെ സ്വഭാവരൂപീകരണത്തിലും ആദ്ധ്യാത്മികജീവിത വളർച്ചയിലും അവർ എന്തു പങ്കുവഹിച്ചു എന്നല്ലാതെ മറ്റൊന്നും അറിയുവാൻ ആഗ്രഹിക്കുന്നില്ലെന്നു വിചാരിക്കുന്നു.

**കുടുംബത്തിലെ തിരുഹൃദയപ്രതിഷ്ഠ**

എനിക്കു ഓർമ്മ വെച്ച നാളുകളിൽ കുടുംബത്തിൽ ഒരാദ്ധ്യാത്മിക അന്തരീക്ഷം ഉണ്ടായിരുന്നു. ഞാൻ ജനിച്ചത് 28-11-1920ൽ. അതിനുമുമ്പെ 4-7-1919ൽ ഞങ്ങളുടെ കുടുംബം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ഈ പ്രതിഷ്ഠ മാസാദ്യവെള്ളിയാഴ്ച തോറും വളരെ ശുഷ്കാന്തിയോടുകൂടി നവീകരിക്കപ്പെട്ടിരുന്നു. മറ്റുള്ള പ്രാർത്ഥനകൾ ഞങ്ങൾ ചൊല്ലിയാലും പ്രതിഷ്ഠാജപം അപ്പൻ വീട്ടിലുള്ളപ്പോൾ അപ്പൻതന്നെയാണ് ചൊല്ലാറുള്ളത്. അത് ചൊല്ലുന്ന സമയത്ത് അപ്പനെ കാണുന്നതും കേൾക്കുന്നതും വളരെ ഭക്തിസംവർദ്ധകമായ ഒന്നാണ്. വികാരഭരിതനായിട്ടാണ് എപ്പോഴും അപ്പൻ ചൊല്ലാറുള്ളത്. ദീർഘമായ ഏതെങ്കിലും യാത്രയ്ക്കു പോകുന്നതിനുമുമ്പ് [പുറം 4] (അസാധാരണതാമസം ആവശ്യപ്പെടുന്ന, അല്ലെങ്കിൽ അപായകരമെന്നു തോന്നുന്ന യാത്രകൾക്കുമുമ്പ്) പ്രതിഷ്ഠ എല്ലാവരുംകൂടി നവീകരിക്കാറുണ്ട്. (എനിക്കുപതിനഞ്ചു വയസാകുന്നതിനു മുമ്പ് ഞാൻ യോഗാർത്ഥിഭവനത്തിലേക്കു പോകാൻ യാത്രപറഞ്ഞു പിരിയുന്ന അവസരത്തിൽ പ്രതിഷ്ഠാജപം ചൊല്ലുവാൻ കുടുംബാംഗങ്ങൾ ഒരുങ്ങി. എന്റെ നിർബന്ധം കൊണ്ടുമാത്രമാണ് അത് അന്ന് ഞാൻ ഇറങ്ങുന്നതുവരേയ്ക്കും ചൊല്ലാതിരുന്നത്. അവരെപ്പോലെ അതു ചൊല്ലുവാൻ ഞാനും ആഗ്രഹിച്ചിരുന്നു. എന്നാൽ ഒരു മനഃശാസ്ത്ര

പണ്ഡിതനെപ്പോലെ അതു ഞാൻ വിരോധിച്ചു. ആ ജപം ഞങ്ങളുടെ വികാരങ്ങളെ വളരെയധികം ഇളക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. തീർച്ചയായും എന്റെ ബലഹീനത പ്രത്യക്ഷപ്പെടുമായിരുന്നു. ഞാനും അവരെപ്പോലെ കരയുമായിരുന്നു. അതുകൊണ്ട് ഈശോയുടെ തിരുഹൃദയത്തിന്റെ പടത്തിനു മുമ്പിൽ മൗനമായി പ്രാർത്ഥിച്ചിട്ടു ഞാൻ ഒരുവിധം അവിടെനിന്നു രക്ഷപ്പെടുകയായിരുന്നു. സാധാരണ [പുറം 5] കുട്ടികൾ ഇറങ്ങുന്നതു പോലെ യല്ല ഞാൻ ഇറങ്ങിയത്. ഭാവിയെക്കുറിച്ച് നല്ലവണ്ണം ചിന്തിച്ച് വൈഷമ്യവശങ്ങൾ മുഴുവനും മനസ്സിലാക്കിയ ശേഷമാണ് ഞാൻ വീട്ടിൽനിന്ന് പുറപ്പെട്ടത്. കട്ടിളപ്പടി കടന്നപ്പോൾ അത് അവസാനത്തേതായിട്ടാണ് ഞാൻ കരുതിയത്. ഇനി മുഴുവൻ അധികാരികളുടെ ഇഷ്ടം. അവർ എവിടേക്കു വിട്ടാലും ഞാൻ പോകുന്നതിനും ഒരിക്കലും തിരിച്ചുവരാതിരിക്കുന്നതിനും ഒരുക്കമായിരുന്നു. എന്റെ കുടുംബത്തെ സംബന്ധിച്ചിടത്തോളം ഞാൻ അന്ന് മനസ്സാലെ മരിച്ചിരുന്നു.) തിരിച്ചു വരുമ്പോൾ നന്ദി പറയുന്നതിനും അപ്പൻ മറക്കാറില്ല. ഒന്നിലധികം പ്രാവശ്യം ഞങ്ങളെ ആ കാര്യം ഓർമ്മിച്ചിട്ടുണ്ടായിരുന്നതുകൊണ്ട്, കുടുംബാംഗങ്ങൾ എല്ലാവരും ഒരിക്കൽ യാത്ര കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ ഞാൻ ഈശോയുടെ തിരുഹൃദയത്തിനു തനിച്ച് നന്ദിപറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ അപ്പൻ കുടുബാംഗങ്ങളോടായി ചോദിച്ചു, "ആരെങ്കിലും നന്ദി പറയുവാൻ ഓർത്തോ" എന്ന്. അപ്പോൾ ഞാൻ സന്തോഷപൂർവ്വം ഉത്തരം പറഞ്ഞു. അപ്പനിൽനിന്ന് ഞാൻ പഠിച്ച പ്രധാന പാഠങ്ങളിൽ ഒന്നിതാണ്.

കുടുംബപ്രതിഷ്ഠ മറ്റു കുടുംബങ്ങളിൽ നടത്തുന്നതിനും [പുറം 6] മാതാപിതാക്കന്മാർ വളരെ പരിശ്രമിച്ചിട്ടുണ്ട്. വീട്ടിൽ വന്നിരുന്ന പലരോടും ഒമ്പത് ആദ്യവെള്ളിയാഴ്ച വി. കുർബാന ഉൾക്കൊള്ളുന്നവർക്ക് ഈശോയുടെ തിരുഹൃദയത്തിൽനിന്നു ലഭിക്കാവുന്ന അനുഗ്രഹങ്ങളെക്കുറിച്ച് ഉപദേശരൂപത്തിൽ പറഞ്ഞു പ്രേരിപ്പിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. 20ഉം 25ഉം കൊല്ലം മുമ്പുള്ള കാര്യങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. പിന്നീട് കുടുംബത്തിലെ പതിവുള്ള മൂന്നു നേരത്തെ പ്രാർത്ഥനകൾക്കു മുടക്കം വരുവാനും സന്ധ്യാനമസ്കാരംതന്നെയും പലപ്പോഴും ഏറ്റവും അതൃപ്തികരമായ വിധത്തിൽ കഴിക്കുന്നതിനും ഇടയായിട്ടുണ്ടെങ്കിലും

കുടുംബപ്രതിഷ്ഠയുടെ കാര്യത്തിൽ കുടുംബാംഗങ്ങൾ എല്ലാവരും മാതാപിതാക്കന്മാരുടെ മരണംവരെ ശുഷ്കാന്തിയുള്ളവരായിരുന്നു. ആദ്യ വെള്ളിയാഴ്ച തോറും പള്ളിയിൽ പോകാൻ കഴിവുള്ളവർ എല്ലാവരും വി. കുർബാന ഉൾക്കൊള്ളുകയും ചെയ്യുമായിരുന്നു.

**അപ്പന്റെ ഉപദേശങ്ങളിലും അമ്മയുടെ വാഗ്ദാനങ്ങളിലും വിശ്വാസം**

അപ്പൻ ചിന്താശീലനും ധാരാളം സംസാരിക്കുന്നവനുമായിരുന്നു. സാഹചര്യങ്ങൾ നിർബന്ധിക്കുന്നില്ലെങ്കിൽ ചെയ്യുവാൻ ആഗ്രഹമുള്ള കാര്യങ്ങളിൽ അനേക വൈഷമ്യങ്ങൾ കണ്ട് പിന്മാറുന്ന ഒരാളായിട്ടാണ് ഞാൻ ചെറുപ്പം മുതൽ അപ്പനെ മനസ്സിലാക്കിയിരുന്നത്. അതുകൊണ്ട് അപ്പന്റെ [പുറം 7] വാഗ്ദാനങ്ങളിൽ എനിക്കത്ര ഉറപ്പില്ലായിരുന്നു. എന്നാൽ അപ്പന്റെ ഉപദേശങ്ങളിൽ എനിക്കു വലിയ വിശ്വാസമായിരുന്നു അപ്പന്റെ വിവേകവും നയവും ബുദ്ധിയും ഞാൻ വളരെ മതിച്ചിരുന്നു.  നേരേ മറിച്ച് അമ്മയുടെ വാഗ്ദാനങ്ങളിൽ എനിക്കു വലിയ വിശ്വാസമായിരുന്നു. അമ്മ ഒന്നു പറഞ്ഞാൽ സാധാരണ രീതിയിൽ അതിനു വിപരീതമായി പ്രവർത്തിക്കുകയില്ല. ഇത് ഞാൻ ചെറുപ്പത്തിലെ മനസ്സിലാക്കിയിരുന്നു.ഒരിക്കൽ എന്റെ കഴുത്തിലോ കയ്യിലോ ചെയിൻ ഇട്ട് ഊരിയെടുക്കാൻ പാടില്ലാത്തവണ്ണം തട്ടാനെക്കൊണ്ട് വിളക്കിപ്പിക്കുവാൻ പോകുകയായിരുന്നു. എനിക്കു സാധാരണക്കാരിൽനിന്നു വ്യത്യസ്തനായി കാണപ്പെടുക വളരെ വിഷമമായിരുന്നതുകൊണ്ട് ആഭരണങ്ങൾ അണിയുന്നതിലും മറ്റും എനിക്കു വലിയ വിരോധമായിരുന്നു. എന്റെ വിരോധം ജയിപ്പാൻ അമ്മ അപ്പോൾ ഒരു വാഗ്ദാനം ചെയ്തു. എന്റെ സഭാപ്രവേശനത്തെ സൂചിപ്പിച്ചുകൊണ്ട് അന്നത്തേയ്ക്കാവശ്യപ്പെടുന്ന പണത്തിനുള്ള ഒരു മാർഗ്ഗമായി ഇതു കരുതാം എന്നു പറഞ്ഞു. സഭാപ്രവേശനം അത്യധികം കാണാൻ ആഗ്രഹിച്ചിരുന്നതുകൊണ്ടും മറ്റു ധനാഗമമാർഗ്ഗങ്ങൾ കാണാഞ്ഞതിനാലും അമ്മയുടെ വാക്കിലുള്ള [പുറം 8] ഉറപ്പുകൊണ്ടും ഞാൻ അതിനു വഴിപ്പെട്ടു. ചില വിഷമഘട്ടങ്ങളിൽ അമ്മയുടെ വാഗ്ദാനങ്ങൾ ഓർപ്പിച്ചുകൊണ്ട് പലതും ഞാൻ നേടിയിട്ടുണ്ട്. അമ്മ ഒന്നു നിശ്ചയിച്ചാൽ അതു നടത്താതെ അടങ്ങുകയില്ല. അനേക കൊല്ലങ്ങൾ രോഗിയായിരുന്നെങ്കിലും അമ്മയാണ് യഥാർത്ഥത്തിൽ കുടുംബം ഭരിച്ചിരുന്നത്. വാശിയോടുകൂടി വിഷമഘട്ടങ്ങളെ അമ്മ തരണം ചെയ്യുമായിരുന്നു.

അമ്മ ഓരോരോ ഭക്തകൃത്യങ്ങൾക്കായി എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്. തുടർച്ചയായി പ്രേരിപ്പിച്ചിട്ടുണ്ട്, നിർബന്ധിച്ചിട്ടുണ്ട്. ദിനംപ്രതിയുള്ള വി. കുർബാന കാണൽ, ശനിയാഴ്ചകളിലും പ്രത്യേക തിരുനാളുകളിലും ഉള്ള വി. കുർബാന സ്വീകരണം, ഉണരുമ്പോഴും കിടക്കുമ്പോഴും മൂന്നു നന്മനിറഞ്ഞ മറിയം ചൊല്ലൽ ഇത്രയും സംഗതികളെ ഞാൻ വലിയ മുടക്കം കൂടാതെ ചെയ്തിരുന്നുള്ളു. ആറേഴു വയസുള്ളപ്പോൾ തുടങ്ങി 14 വയസുവരെ കുർബാനയ്ക്കു കൂടൽ പഠിക്കുവാൻ എന്നെ നിർബന്ധിച്ചിരുന്നു എങ്കിലും എനിക്കു സാധിച്ചില്ല. പല പ്രാർത്ഥനകളും മുടങ്ങാതെ ചൊല്ലുന്നതിനു പറഞ്ഞിട്ടുണ്ടായിരുന്നു. മനഃപാഠം പഠിക്കുന്നതിലുള്ള വിഷമവും മറവിയുംകൊണ്ടും എന്റെ സ്വഭാവത്തിന് [പുറം 9] അത്തരം ഭക്തകൃത്യങ്ങൾ അത്ര താൽപര്യമുള്ളവയല്ലാതിരുന്നതിനാലും ഞാൻ അമ്മയുടെ ആഗ്രഹപ്രകാരം അഭിവൃദ്ധിപ്പെട്ടില്ല. ഞാൻ പ്രായം ചെല്ലുംതോറും മോശമായി വരുന്നുവെന്ന് അമ്മ എപ്പോഴും ആവലാധിപ്പെട്ടിരുന്നു. അമ്മ പറഞ്ഞിരുന്നത് എനിക്കും ബോദ്ധ്യമായിരുന്നു. എങ്കിലും അഭിവൃദ്ധിപ്പെടുത്തുവാൻ എനിക്കു കഴിഞ്ഞില്ല. ആ കാലങ്ങളിൽ വി. കുർബാന ഉൾകൊള്ളുമ്പോൾ എന്റെ പ്രധാന പ്രാർത്ഥനകളിൽ ഒന്ന് എന്നെ ഒരു വിശുദ്ധനാക്കണമെന്നും അമ്മ മരിക്കുന്നതിനുമുമ്പ് എന്നെ മരിപ്പിക്കണമെന്നും അങ്ങിനെ എന്നെക്കുറിച്ചുള്ള അമ്മയുടെ ഭയം തീർക്കണമെന്നുമാണ്. കൂടാതെ ഞാൻ കുർബാനയ്ക്കു കൂടുന്നതും കുർബാന ചൊല്ലുന്നതും കാണാനുള്ള ഭാഗ്യവും അമ്മയ്ക്കു കൊടുക്കണമെന്നും എല്ലായ്പോഴും ഞാൻ പ്രാർത്ഥിച്ചിരുന്നു. ഞാൻ വീട്ടിൽനിന്നു പോരുന്നതുവരെ എന്റെ ഭക്തജീവിതംകൊണ്ട് അമ്മയെ തൃപ്തിപ്പെടുത്തുവാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ എന്റെ വേർപാട് അടുത്തപ്പോൾ വിരഹദുഃഖത്താലും സ്നേഹാധിക്യത്താലും എന്റെ സ്വഭാവദൂഷ്യങ്ങൾ എല്ലാം മറന്നിട്ട് എന്നെപ്പോലെ നല്ലവരായി [പുറം 10] വീട്ടിൽ ആരുമില്ലെന്ന രീതിയിലാണ് അമ്മ സംസാരിച്ചിരുന്നത്.

**വൈദികരോടും സന്ന്യസ്തരോടും ബഹുമാനം**

വൈദികരെക്കുറിച്ചും കന്യാസ്ത്രീകളെക്കുറിച്ചും എല്ലായ്പോഴും ആദരവോടും സ്നേഹത്തോടും കൂടിയാണ് സംസാരിച്ചിരു

ന്നത്. അസഹ്യമായ ദരിദ്രാവസ്ഥ കുടുംബത്തിൽ കുറെ കാലത്തേക്ക് നീണ്ടുനിന്നിരുന്നെങ്കിലും അവർക്കു സഹായം ചെയ്യുന്ന തിലും വൈദികരെ ക്ഷണിച്ച് സൽക്കരിക്കുന്നതിലും എന്റെ അഭിപ്രായത്തിൽ സ്വൽപം അമിതമായ താൽപര്യം മാതാപിതാ ക്കന്മാർ പ്രദർശിപ്പിച്ചിരുന്നു. "നമ്മുടെ യഥാർത്ഥ സ്ഥിതിക്കനു സരിച്ചു സൽക്കരിച്ചാൽ മതി. തിന്നാനും കുടിക്കാനുമല്ല അവർ വരുന്നത്. കഴിവുള്ള വിധത്തിൽ നമ്മുടെ സ്നേഹം കാണിച്ചാൽ മതി"യെന്ന് ഞാൻ പലപ്പോഴും വീട്ടിൽ പറയാറുണ്ടായിരുന്നു. എങ്കിലും ഒരു ഫലവുമില്ലായിരുന്നു. അമ്മയുടെ അനുജത്തിമാരെ മഠത്തിൽ ചേരുവാൻ അമ്മ പ്രേരിപ്പിച്ചിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ട്. "ചെറുപ്പത്തിലേ കന്യകാമഠങ്ങളുമായി പരിചയപ്പെടുവാൻ ഇടയാ യിരുന്നെങ്കിൽ ഇന്ന് ഒരു കന്യാസ്ത്രിയായിരുന്നേനെ" എന്ന് അമ്മയെ ക്കുറിച്ച് അപ്പൻ തമാശ പറയാറുണ്ടായിരുന്നു. സന്ന്യാസ ജീവിത രീതിയോടു മാതാപിതാക്കന്മാർ കാണിച്ചിരുന്ന സ്നേഹവും മതിപ്പും ഞങ്ങളിൽ സന്ന്യാസജീവിതം നയിക്കുന്നതിനുള്ള [പുറം 11] ആഗ്രഹം ഉളവാക്കി. കൊച്ചുത്രേസ്യ ഒഴിച്ച് എല്ലാവരും ചെറുപ്പത്തിലെ തന്നെ സന്ന്യാസ ഭവനങ്ങളിൽ ചേരുന്നതിനുള്ള ആഗ്രഹം വെളിപ്പെടുത്തിയിട്ടുള്ളതാണ്. പ്രായമായപ്പോൾ അതിനുവേണ്ടി വളരെ ത്യാഗം സഹിക്കുകയും ചെയ്തിട്ടുണ്ട്. കഴിവിന്റെ അങ്ങെ അറ്റം വരെ പരിശ്രമിച്ചിട്ടുണ്ട്. കൊച്ചുത്രേസ്യയും ഇപ്പോൾ കുറച്ചു കൊല്ലങ്ങളായി പരിശ്രമിച്ചുകൊണ്ടിരിക്കയാണ്.

**മാതാപിതാക്കളുടെ ശിക്ഷണരീതികൾ**

ഞങ്ങളെ എല്ലാവരേയും വളരെ സൂക്ഷത്തോടുകൂടിയാണ് ശാരീരിക മായും ആത്മീകമായും മാതാപിതാക്ക ന്മാർ വളർത്തിക്കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ കൊച്ചുത്രേസ്യയുടെ കാര്യത്തിൽ സ്വൽപം അതിലാളനയുണ്ടായിട്ടുണ്ട്. കാരണം അവളുടെ ബാല്യകാലം അമ്മയുടെ ഗൗരവതരമായ സുഖക്കേടു കാലമായിരുന്നു, കുട്ടികളുടെ കരച്ചിൽ എന്നല്ല ഒരു സ്വരവും കേൾക്കുന്നതിനു അമ്മയ്ക്കു കഴിവില്ലായിരുന്നു. അവൾ അമ്മയെ അലട്ടാതിരിപ്പാൻ പലപ്പോഴും വേലക്കാർ അവളെ ദൂരെ കൊണ്ടുപോകുമായിരുന്നു. അത് അവൾക്കു വളരെ ഉപദ്രവം ചെയ്തു. കുടുംബചൈതന്യം ലഭിച്ചിട്ടില്ലെന്ന് ഉടനെ അവൾ സംസാരങ്ങളിലും പ്രവൃത്തിയിലും വെളിപ്പെടുത്തുവാൻ [പുറം 12]

തുടങ്ങി. ഞാൻ ഇതുകണ്ട് വളരെ സങ്കടപ്പെട്ടിട്ടുള്ളതാണ്. മാതാപിതാക്കന്മാരും സഹോദരിമാരും ലാളനകൊണ്ട് അവൾക്കു കുറച്ചുകൂടി ഉപദ്രവം വരുത്തിക്കൂട്ടിയിട്ടുണ്ട്. ഉദാഹരണം: സ്കൂളിലെ തല്ലു പേടിച്ച് പോകാതെ നിൽക്കുന്നതു കണ്ട് അപ്പൻ അവളെ ആശ്വസിപ്പിച്ച് പഠിപ്പിക്കുന്ന ആൾക്ക് അവളെ തല്ലരുതെന്നും മറ്റും കാണിച്ച് എഴുത്ത് കൊടുത്തുവിട്ടതായി കേട്ടിട്ടുണ്ട്. അത് മൂത്തവരായ ഞങ്ങളുടെ സ്കൂൾ ജീവിതകാലത്ത് അപ്പൻ അനുവർത്തിച്ചിട്ടില്ലാത്ത ഒരു നയമാണ്. സഹോദരികൾ അവളെ ഉടുപ്പിക്കുന്നതിലും മറ്റും പുതിയ പരിഷ്കാരരീതി അവലംബിച്ചിരുന്നു. അന്നു ഞാൻ അതു വളരെ എതിർത്തിട്ടുള്ളതാണ്. സഹോദരികൾ (പ്രത്യേകിച്ച് മൂത്ത സഹോദരി) സ്വന്തകാര്യങ്ങളിൽ വളരെ സൂക്ഷമുള്ളവരായിരുന്നു, എങ്കിലും അവളെ സംബന്ധിച്ച് എന്റെ അഭിപ്രായം സ്വീകരിക്കപ്പെട്ടില്ല. ഇതെല്ലാം കുറെ കാലത്തേയ്ക്കു അവൾ മായകളുടെ പിറകെ ഓടുന്നതിനു കാരണമായിത്തീർന്നു. തീരെ ചെറുപ്പത്തിലെ അവൾ കാതുകുത്തുന്നതിനു സ്വമനസ്സാ വഴിപ്പെടുന്നതു കണ്ട് ഞാൻ വിസ്മയിച്ചു. ആഭരണം അണിയുന്നതിനുവേണ്ടി ആ വേദന അവൾ സന്തോഷത്തോടെ ഏൽക്കുന്ന കാഴ്ച്ച അന്ന് എന്നെ [പുറം 13] വളരെയധികം ചിന്തിപ്പിച്ചിട്ടുള്ളതാണ്. ദൈവത്തെപ്രതി അതിലും വളരെ കുറഞ്ഞ വേദന സഹിക്കുന്നതിന് എനിക്കോ അവൾക്കോ വലിയ വിഷമമായിരുന്നു. എന്നാൽ ലോകത്തെ പ്രസാദിപ്പിക്കുന്നതിനു എന്നെക്കാൾ പ്രായം കുറഞ്ഞ അവൾ ആ വേദന അനുഭവിക്കുന്നതിനു സമ്മതിക്കുന്നു!

അപ്പൻ, എന്നെക്കാൾ മൂത്തവരുടെ കുറ്റങ്ങളെ വളരെ കാഠിന്യത്തോടെ തിരുത്തിയിരുന്നതായി എനിക്കറിയാം. ജ്യേഷ്ഠനെ ശക്തിയായി അടിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഒരിക്കൽ (ജ്യേഷ്ഠന്റെ ബാല്യകാലത്ത്) ജ്യേഷ്ഠൻ കാലത്ത് ഭക്ഷണം കഴിച്ചിട്ട് പോയി വി. കുർബാന ഓർക്കാതെ ഉൾക്കൊണ്ടതിനു ശിക്ഷയായിട്ട് ഒരു മുറിക്കകത്തു കുറെയേറെ സമയം ഇട്ടു പൂട്ടിയതായി പറഞ്ഞു കേട്ടിട്ടുണ്ട്. എനിക്കു മൂന്നുനാലു വയസുള്ളപ്പോൾ ചെറിയ പെങ്ങൾ (മേരി) ഒരു അണ കട്ടെടുത്തു എന്ന കുറ്റത്തിന് കൈവിരൽ വെട്ടികളയുമെന്നു പറഞ്ഞ് അപ്പൻ ഭീഷണിപ്പെടുത്തിയതും പെങ്ങൾ

പേടിച്ച് വീട്ടിനു ചുറ്റും ഓടിനടന്നതും ഞാൻ ഇപ്പോഴും ഓർക്കുന്നു. എന്നാൽ ഇപ്രകാരമുള്ള കഠിനതയോ വലിയ ലാളനയോ അപ്പൻ എന്നോടു കാണിച്ചിട്ടില്ല. എന്നാൽ അതിനു പകരം ജ്യേഷ്ഠൻ എന്റെ തെറ്റുകൾ വളരെ കഠിനമായിട്ടാണ് [പുറം 14] തിരുത്തിയിരുന്നത്. അതുകൊണ്ടാണ് ഞാൻ ഇത്രയും മയപ്പെട്ടത്.

ഒരു കാലത്ത് അപ്പനും മറ്റൊരിക്കൽ അമ്മയും ഞങ്ങൾക്ക് ഒരു സമയവിവരപട്ടിക (Time Table) നിശ്ചയിച്ചു തന്ന് അതിനൊപ്പിച്ച് ദിവസം ചിലവഴിപ്പാൻ നിർബന്ധിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. ജ്യേഷ്ഠൻ പിന്നീട് യാതൊരാളുടെയും നിർബന്ധം കൂടാതെ ഒരു സമയവിവരപട്ടികയുണ്ടാക്കി കൃത്യമായി അതനുസരിച്ച് നടന്നിരുന്നതായി എനിക്കറിയാം.

**കുടുംബത്തിലെ ജ്ഞാനവായന**

കുറെനാളത്തേക്ക് വീട്ടിൽ കൃത്യമായി ജ്ഞാനവായന രാത്രി കൂട്ടത്തിൽ വായിച്ചിരുന്നു. അപ്പനുള്ളപ്പോൾ അതിനിടയ്ക്ക് ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ, ഗ്രഹിക്കുന്നുണ്ടോ എന്നറിയുന്നതിനു ചോദ്യങ്ങൾ ചോദിക്കുകയും ഞങ്ങളുടെ ഉത്തരത്തെത്തുടർന്ന് ചിലപ്പോൾ നല്ല ഉപദേശങ്ങളും വ്യാഖ്യാനങ്ങളും നടത്തുകയും ചെയ്യുമായിരുന്നു. അപ്പന്റെ ബുദ്ധിപൂർവ്വമായ ഉപദേശങ്ങൾ കേൾക്കുന്നതിന് എനിക്കു വലിയ താൽപര്യമായിരുന്നു. ചില പ്രത്യേക ഘട്ടങ്ങളിൽ ജ്യേഷ്ഠനെ വിളിച്ചു കൊടുത്തിരുന്ന ഉപദേശങ്ങൾകൊണ്ട് എനിക്ക് വളരെ പ്രയോജനമുണ്ടായിട്ടുണ്ട്. ആ ഉപദേശങ്ങൾ എന്റെ സ്വഭാവത്തെയും [പുറം 15] പ്രവർത്തനങ്ങളെയും സാരമായി നിയന്ത്രിച്ചിട്ടുണ്ട്. ഒരു ഉപദേശശകലം ഇങ്ങനെയാണ്: "നമ്മുടെ മിക്ക പ്രവൃത്തികൾക്കും സൽഫലവും ദുഷ്ഫലവും ഉണ്ടാകുവാൻ പാടുണ്ട്. അതുകൊണ്ട് ഏതെങ്കിലും ഒന്നുചെയ്യുവാൻ ആഗ്രഹം തോന്നുമ്പോൾ അതു ചെയ്താൽ ഉണ്ടാകുന്ന നന്മ എന്തു മാത്രമുണ്ട്, തിന്മ എന്തുമാത്രമുണ്ട് എന്നു ചിന്തിക്കുക. കൂടാതെ ഇനി ആ പ്രവൃത്തി ചെയ്തില്ലെങ്കിൽ എന്തു തിന്മ ഉളവാകും, എന്തു തിന്മ തടയപ്പെടും എന്നും ചിന്തിക്കുക. അപ്പോൾ ആ പ്രവൃത്തി ചെയ്യേണ്ടതാണോ അല്ലയോ എന്നു ബോദ്ധ്യപ്പെടും." വേറൊന്ന്, "അന്യ ആളുകളുടെ ദേഹത്തിൽ നിന്റെ കൈ വീഴരുത്." ജ്യേഷ്ഠൻ ഒരു മുൻകോപിയായതുകൊണ്ടാണ് ഈ

തരത്തിൽ ഉപദേശിച്ചിരുന്നത്. ആ കാലത്ത് ആ ഉപദേശങ്ങൾ കൊണ്ട് എനിക്കാണ് കൂടുതൽ ഉപകാരമുണ്ടായിട്ടുള്ളത്. അനേക അപകടങ്ങളിൽനിന്ന് അവ എന്നെ രക്ഷിച്ചു. എന്റെ "മർമ്മം നോക്കുന്ന സ്വഭാവം" ഇതിൽ നിന്നുളവായിട്ടുള്ളതാണ്. (ആദ്യത്തെ ഉപദേശം ചുരുക്കി പറയുകയാണെങ്കിൽ "ചെയ്താലെന്തുവരും, ചെയ്തില്ലെങ്കിലെന്തു വരും").

**മക്കളെല്ലാവരും സന്ന്യാസികളാകുന്നതിൽ സന്തോഷം.**

ഞങ്ങളുടെ മാതാപിതാക്കന്മാർ എന്തു കാര്യമായി [പുറം 16] മതിച്ചിരുന്നെന്ന് അവരുടെ ഒന്ന് രണ്ട് രഹസ്യ സംഭാഷണങ്ങളിൽനിന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഒന്ന്, ഒരു രാത്രി ഞങ്ങൾ കുട്ടികളെല്ലാം കിടന്നതിനുശേഷം അപ്പൻ ഊണുകഴിച്ചുകൊണ്ടിരുന്നപ്പോൾ നടന്നതാണ്. ഞാൻ യാദൃശ്ചികമായി ഉണർന്നപ്പോൾ കേട്ടതിതാണ്, "കൊച്ചൗസേപ്പും മേരിയും ഞവിഞ്ഞിയെപ്പോലെയാണ്. നാക്കുകൊണ്ടാണ് നടപ്പ്." വലിയ പെങ്ങളും ഞാനും ഒരു ഒതുങ്ങിയ പ്രകൃതക്കാരായിട്ടാണ് വിമർശിക്കപ്പെട്ടത്. ഞങ്ങൾ അധികം സ്വയം ആദരിക്കാറില്ല. ഞങ്ങളുടെ സ്വഭാവം മാതാപിതാക്കന്മാർക്കു കൂടുതൽ തൃപ്തിയുളവാക്കിയിരുന്നെന്ന് ആ സംഭാഷണത്തിൽനിന്നു ഞാൻ മനസ്സിലാക്കി. ഞാൻ എല്ലായ്പോഴും മൂത്ത പെങ്ങളെ അനുകരിപ്പാൻ അതിൽ പിന്നെ കൂടുതൽ ശ്രമിക്കുമായിരുന്നു. പെങ്ങൾ ഒരു പുണ്യവതിയാകുമെന്നായിരുന്നു എന്റെ വിശ്വാസം.

മറ്റൊന്ന്, എനിക്ക് കുറേകൂടെ പ്രായമായപ്പോൾ നടന്നതാണ്. ഒരു രാത്രി ഞാൻ ഉറക്കമുണർന്നപ്പോൾ കേട്ടതിതാണ്: "അവർക്ക് അഞ്ചുപേർക്കും മനസ്സാണെങ്കിൽ അഞ്ചുപേരും പൊയ്ക്കൊള്ളട്ടെ" എന്റെ മാതാപിതാക്കന്മാരിൽനിന്ന് ഇതിൽപരം സന്തോഷജനകമായ വാക്കുകൾ ഞാൻ കേട്ടിട്ടില്ല. ആ കാലങ്ങളിലും [പുറം 17] അതിനു കുറെമുമ്പും ഞാൻ വി. കുർബാന ഉൾകൊണ്ടുകൊണ്ട് നടത്തിയിരുന്ന യാചനകളിൽ ഒന്ന് ഞങ്ങൾ എല്ലാവരും സന്ന്യാസികളും കന്യാസ്ത്രീകളും ആയിത്തീരുന്നതിനുവേണ്ടിയായിരുന്നു. മാതാപിതാക്കന്മാരുടെ ഭാഗത്തുനിന്ന് അതിനു യാതൊരു തടസ്സവുമുണ്ടാകുകയില്ലെന്നും അവർ അത് അനുകൂലിക്കുന്നെന്നും കേട്ടപ്പോൾ ഞാൻ അതിയായി സന്തോഷിച്ചത് അതുകൊണ്ടാണ്.

**ദാരിദ്ര്യത്തിലും അപ്പൻ പ്രാർത്ഥനയിൽ പുലർത്തിയിരുന്ന സവിശേഷ മനോഭാവം**

ഒരു സംഗതിയിൽ ഞാനും അപ്പനും പരിപൂർണ്ണ യോജിപ്പുള്ളവരായി കാണപ്പെട്ടു. ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ എന്റെ ബാല്യകാലംവരെ ഞങ്ങൾ വലിയ ദാരിദ്ര്യത്തിലാണ് കഴിഞ്ഞു കൂടിയിരുന്നത്. ദൈവത്തിന്റെ പ്രത്യേക പരിപാലനയിലാണ് ഞങ്ങൾ ചില മാസങ്ങളിൽ ഒരോ ദിവസവും കടത്തിവിട്ടിരുന്നത്. ഓരോ നേരത്തേയ്ക്കുള്ള ഭക്ഷണസാധനങ്ങൾ പലപ്പോഴും വളരെ താമസിച്ചാണ് കിട്ടിയിരുന്നത്. ചുരുക്കം ചിലപ്പോൾ പേരിനു വല്ലതും കഴിച്ച് തൃപ്തിപ്പെടേണ്ടതായും വന്നിട്ടുണ്ട്. അമ്മയുടെ നോട്ടവും സാമർത്ഥ്യവും കൊണ്ട് വലിയ വിഷമം കൂടാതെ കഴിഞ്ഞുകൂടിയിരുന്നു. എങ്കിലും കുടുംബത്തിനു വെളിയിൽ ആരും അറിയാതിരിക്കത്തക്ക വണ്ണം വളരെ സൂക്ഷിച്ചിരുന്നു. [പുറം 18] കുടുംബസ്ഥിതി ഇങ്ങിനെ. ഇതുകൂടാതെ ഞങ്ങളുടെ കടക്കാർ വന്ന് ഇടവിടാതെ അവരുടെ പണം തിരിച്ചുകൊടുക്കാൻ ശക്തിയായ ഭാഷയിൽ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ചിലതു കേസിലായി, വിധിയായി, ജപ്തിയും വാറണ്ടുമൊക്കെയായിരുന്നു. പിടിക്കപ്പെടാതിരിക്കുന്നതിനായി പലപ്പോഴും രാത്രിയും മറ്റും ഒളിച്ചോടി പോകുന്നതിന് അപ്പൻ നിർബന്ധപ്പെട്ടിട്ടുണ്ട്. കുറെ കാലത്തേക്ക് അപ്പനു പകൽ സമയം വീട്ടിൽ താമസിക്കാൻ നിവർത്തിയില്ലാത്തവണ്ണമായിട്ടുണ്ട്. ഇങ്ങനെ കുടുംബം എല്ലാതരത്തിലും വിഷമിച്ചിരുന്നു. ആ വൈഷമ്യം നിറഞ്ഞ കാലഘട്ടം കുറെ നീങ്ങിയപ്പോൾ അപ്പൻ ഒരു ദിവസം പറയുകയാണ്, “ഞാൻ അനേക സംഗതികൾക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്, പ്രാർത്ഥിക്കുന്നുമുണ്ട്. എന്നാൽ ഇതിനുവേണ്ടി (അപ്പന് അനുഭവിക്കേണ്ടിവന്ന മേൽപറഞ്ഞ വിഷമങ്ങൾ മാറികിട്ടി ധനസ്ഥിതി ഉയരുന്നതിനുവേണ്ടി) ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ല.” (അപ്പന്റെ നിയോഗപ്രകാരം കുടുംബത്തിൽ പലപ്പോഴും ഈശോയുടെ തിരുഹൃദയത്തോടുള്ള നവനാൾ കഴിക്കാറുണ്ടായിരുന്നു. വേറെ ആവശ്യങ്ങൾക്കുവേണ്ടിയായിരിക്കാം.) ഈ സംഗതിയിൽ [പുറം 19] അന്നുവരെ ഞാനും അപ്പനെപ്പോലെയായിരുന്നു. വി. കുർബാന ഉൾക്കൊണ്ടിട്ടുള്ള സമയങ്ങളിൽ ഞാൻ പ്രത്യേകമായി പല സംഗതികൾക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. കുടുംബത്തിലെ വിഷമം എനിക്കു വളരെയധികം അനുഭവപ്പെട്ടിരുന്നെങ്കിലും

മാതാപിതാക്കന്മാരുടെ ദയനീയസ്ഥിതിയിൽ വിഷമം തോന്നിയിരുന്നെങ്കിലും ഞാൻ കുടുംബത്തിന്റെ ലൗകികമായ ഉന്നമനത്തിനുവേണ്ടി ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ലായിരുന്നു. അതിന് ആഗ്രഹവുമില്ലായിരുന്നു. അതു മുഴുവൻ ദൈവഹിതത്തിനു വിട്ടുകൊടുത്തിരിക്കയായിരുന്നു. എങ്കിലും ഇത്രമാത്രം ഞാൻ ചെയ്തിരുന്നു. അതായത്, മരണശേഷം ഉത്തരിപ്പുകടത്താൽ അപ്പൻ ശുദ്ധീകരണസ്ഥലത്തു വേദനയനുഭവിക്കാതിരിപ്പാൻ വേണ്ടി "അപ്പൻ മരിക്കുന്നതിനു മുമ്പ് കടങ്ങളെല്ലാം വീട്ടണമെ" എന്നു പ്രാർത്ഥിച്ചിരുന്നു. കുടുംബത്തിലെ ദാരിദ്ര്യത്തിൽനിന്നുള്ള വിഷമങ്ങളും അപമാനവും മുഴുവൻ സഹിക്കാൻ ഞാൻ ഒരുക്കമായിരുന്നു. അതു മാറിക്കിട്ടുവാൻ ആഗ്രഹിച്ചിരുന്നില്ല. എന്നോടു അപ്പനും യോജിക്കുന്നുവെന്നു കണ്ടപ്പോൾ എനിക്ക് ഉറപ്പായി. എന്നാൽ അപ്പന്റെ വാക്കുകൾ കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു.

**അപ്പന്റെ ശത്രുസ്നേഹവും ക്ഷമാശീലവും**

[പുറം 20] മേൽ പറഞ്ഞതിലും കൂടുതലായി അപ്പന്റെ മരണംവരെ കുടുംബാംഗങ്ങളെ അതിശയിപ്പിച്ചിരുന്ന ഒരു ഗുണം അപ്പനിലുണ്ടായിരുന്നു. അതു ശത്രുക്കളോടുള്ള അപ്പന്റെ പെരുമാറ്റമാണ്. 1,000 തേങ്ങയ്ക്കു 16ഉം 17ഉം രൂപ കിട്ടിയിരുന്ന കാലം. കടം മുഴുവൻ വിട്ടണമെങ്കിൽ അന്ന് വസ്തുക്കൾ മുഴുവൻ വിറ്റാലും മതിയാകുമെന്നു തോന്നിയിരുന്നില്ല. കടക്കാർ പലരും കേസു കൊടുത്തിരുന്നു. ചിലതെല്ലാം വിധിയായിരുന്നു. വസ്തുക്കളിൽ നല്ലൊരു ഭാഗം ഈടുകൊടുത്തുകൊണ്ട് തൈക്കാട്ടിൽ താമസിക്കുന്ന പോന്നാര് ചാക്കു എന്നയാളെക്കൊണ്ട് കടക്കാർക്ക് അവരുടെ തുകകൾ കൊടുപ്പിക്കുവാനാണ് അപ്പൻ തീർച്ചയാക്കിയത്. ടിയാൻ മനസ്സില്ലാമനസ്സോടെ അതിനു സമ്മതിച്ചു. പക്ഷെ നടപടികളൊന്നും നടന്നില്ല. കടക്കാരിൽ അക്ഷമനായ പാവറട്ടി ഇടവകക്കാരനായ ഒരാൾ (പേരു ഞാൻ മറന്നുപോയി വീട്ടുപേര് ... ആണെന്നു തോന്നുന്നു.) അപ്പന്റെ കൂടെ ടി ചാക്കുയെന്നയാളെ കാണാൻ പോകുകയും അയാളിൽനിന്നുതന്നെ "അടുത്തുതന്നെ കടം തീർത്തുകൊള്ളാം" എന്ന വാഗ്ദാനം കേൾക്കയും ചെയ്തെങ്കിലും തൃപ്തിപ്പെടാതെ, രഹസ്യമായി കോടതിയിൽ ചെന്ന്

അപ്പനെ പിടിപ്പിക്കുന്നതിനായി തുക കെട്ടിവെക്കുകയാണ് ചെയ്തത്. ഒരു ദിവസം രാത്രി [പുറം 21] അയാൾ, കോടതിയിൽ നിന്ന് അതിനായി വിട്ട ശിപായിമാരോടു കൂടി ഞങ്ങളുടെ വീടിന്റെ അയൽപക്കത്തുള്ള വീട്ടിൽ വന്നു കിടന്നു. നേരം വെളുക്കുന്നതിനു മുമ്പ് ഞങ്ങളുടെ വീട് വളയണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. ഈ നടപടി, അതായത് ശിപായിമാരോടുകൂടി കടക്കാരനും നടക്കുക യെന്നത് അന്ന് അവിടങ്ങളിൽ അത്ര നടപ്പുള്ള ഒന്നല്ലായിരുന്നു. ശിപായി പുറപ്പെട്ട് വല്ല കൈക്കൂലിയും വാങ്ങി 'കണ്ടില്ല' എന്നു പറഞ്ഞ് തിരിച്ചുചെല്ലുകയാണ് പതിവ്. അപ്രകാരം സംഭവിക്കാതി രുപ്പാൻ എങ്ങിനെയായാലും അപ്പനെ പിടിപ്പിക്കണം എന്നുള്ള ദൃഢനിശ്ചയത്തോടു കൂടിയാണ് അയാൾ രാത്രി അവരുടെ കൂടെ പുറപ്പെട്ടത്. എന്നാൽ നേരം വെളുക്കുന്നതിന് മുമ്പ് ആ വീട്ടിലെ (അയാൾ കിടന്ന വീട്ടിലെ) സ്ത്രീ ഞങ്ങളുടെ വീട്ടിൽ വന്ന് വിവരം അറിയിച്ചു. ഉടനെ അപ്പൻ എഴുന്നേറ്റു. പുറകുവശത്തുകൂടി രക്ഷ പ്പെട്ടു. നേരം വെളുക്കുന്നതോടുകൂടി അയാളും ശിപായിമാരും വീട്ടിൽ വന്ന് കാവൽനിൽപായി. അപ്പൻ വീട്ടിലില്ല എന്നു ഞങ്ങൾ പറഞ്ഞിട്ട് അവർക്ക് വിശ്വാസമായില്ല. സ്ഥലത്തെ അധികാരിയുടെ അനുവാദപ്രകാരം വീട്ടിൽ കടന്നു പരിശോധിക്കുന്നതിനും ആലോ ചിച്ചിരുന്നു. പല മണിക്കൂറുകൾ [പുറം 22] കാത്തുനിന്നതിനു ശേഷം ഭഗ്നാശരായി മടങ്ങിപോയി.

ഇയാൾ ഇത്രയും ചെയ്തപ്പോൾ തങ്ങൾക്കും പണം കിട്ടുവാൻ ധൃതിയുണ്ടെന്നു കാണിപ്പാൻ മറ്റു കടക്കാരും അയാളെ അനുകരിച്ച് ഉടനെ നടപടികൾ നടത്തി തുടങ്ങി. ഇതു കണ്ടപ്പോൾ പോന്നാരു ചാക്കു എന്നയാളിനു വലിയ വിഷമമായി. (വലിയ ധനവാനും വാക്കിൽ വ്യത്യാസം വരുത്താത്തവനുമായ) "എന്റെ വാക്കു വിശ്വ സിച്ച് സ്വൽപം ക്ഷമിപ്പാൻ അവർക്കു കഴിഞ്ഞില്ലല്ലൊ. എന്നാൽ അവർ പണം വാങ്ങുന്നത് ഞാനൊന്നു കാണട്ടെ" എന്ന് അയാൾ വാശിയോടുകൂടി പറഞ്ഞു. ഓടിരക്ഷപ്പെടുന്നതിനുള്ള തുക മാത്രം അയാൾ അപ്പനു കൊടുത്തു. ഇതോടെ കടം വീട്ടുന്നതിനുള്ള അപ്പന്റെ പരിശ്രമം എല്ലാം വിഫലമായി. വലിയ കുണ്ഠിതവുമായി. നായന്മാരും പട്ടന്മാരും ക്ഷമിച്ചുനിൽക്കെ നാട്ടുകാരനും കത്തോലി ക്കനുമായ കടക്കാരന്റെ അക്ഷമയാലും വിദ്വേഷത്താലും സംഗതി

കൾ ഇത്രയും വഷളായതു കണ്ടിട്ട് ഞങ്ങൾക്കെല്ലാവർക്കും അയാളോടു സ്വാഭാവികമായി വെറുപ്പായി. പണം ചെലവാക്കി അയാളും മടുത്തു.

[പുറം 23] കുറച്ചു കഴിഞ്ഞ് ഒരു ദിവസം അപ്പൻ വീട്ടിൽ ഉള്ളപ്പോൾ പണ്ടത്തെപ്പോലെ ഒന്നുമറിയാത്ത വിധത്തിൽ തനിച്ച് വീട്ടിൽ വന്നുകയറി. അപ്പൻ അയാളെ കണ്ടപ്പോൾ വളരെ സന്തോഷത്തോടുകൂടി സ്വീകരിക്കുകയും കാലത്തെ നേരമായിരുന്നതുകൊണ്ട് കഞ്ഞികുടിക്കുന്നതിന് ക്ഷണിക്കുകയും ചെയ്തു. അപ്പന്റെ സംസാരവും പെരുമാറ്റവും കണ്ടപ്പോൾ ലജ്ജയാൽ അയാളുടെ മുഖം വിളറി. അകത്തു പ്രവേശിച്ച് അയാൾ ഭക്ഷണം കഴിച്ചു കൊണ്ടിരുന്നപ്പോൾ അപ്പൻ അയാളോട് അയാൾ ചെയ്ത സംഗതികളെ വിവരിച്ചുകൊണ്ട് അതെല്ലാം ഞാൻ ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്ന രംഗം കാണേണ്ടതു തന്നെയായിരുന്നു. അയാളുടെ പ്രവൃത്തി മൂലമാണ് ഞങ്ങളുടെ കുടുംബത്തിനു വലിയ നഷ്ടം സംഭവിച്ചത്. അയാൾ സ്വൽപം ക്ഷമിച്ചുനിന്നിരുന്നെങ്കിൽ എല്ലാം ശുഭമായി അവസാനിക്കുമായിരുന്നു. ഇതു നടന്നത് 1933ലോ അതിനു സ്വൽപം മുമ്പോ ആണ്. ഞാൻ വീട്ടിൽനിന്നു പോന്നതിനു ശേഷം വിരോധികളോടു ക്ഷമിച്ച പല രംഗങ്ങളും ഉണ്ടായതായി കുടുംബാംഗങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ എന്റെ സ്വഭാവ [പുറം 24] രൂപീകരണത്തിൽ സഹകരിച്ചിട്ടില്ലാത്തതിനാൽ വിട്ടു കളയുന്നു. അവ കൃത്യമായി വിവരിപ്പാനും എനിക്കു കഴിയുകയില്ല, അപ്പൻ മരിച്ച അവസരത്തിൽ കുടുംബാംഗങ്ങൾ അപ്പനെക്കുറിച്ച് എന്നോടു പറഞ്ഞ സംഗതികളിൽ പ്രധാനപ്പെട്ടത് അപ്പന്റെ വിരോധികളോടുള്ള സ്നേഹപൂർവ്വമായ പെരുമാറ്റവും ക്ഷമയുമായിരുന്നു, അഞ്ചു മിനിറ്റിൽ കൂടുതൽ ഒരിക്കലും കോപമോ വിദ്വേഷമോ നീണ്ടു നിൽക്കാറില്ല എന്നാണ് അപ്പൻ പറയാറുള്ളത്.

അപ്പൻ കഴിവുള്ള സഹായം ആർക്കും ചെയ്തു കൊടുത്തിരുന്നു. അതുകൊണ്ട് പലരും മദ്ധ്യസ്ഥ തീരുമാനത്തിനായും ചില കേസുകളിൽ ആലോചന ചോദിക്കുന്നതിനായും സുഖക്കേടുകളിൽ ചില്ലറ ചികിത്സാ സഹായത്തിനായും വീട്ടിൽ വരുമായിരുന്നു, എപ്പോഴും താൽപര്യത്തോടുകൂടിയാണ് സ്വീകരിച്ചിരുന്നത്. രണ്ടു തരത്തിലുള്ളതോ അല്ലെങ്കിൽ രണ്ടുപേരുടെയോ ചികിത്സ

ഒരേ സമയത്ത് ചെയ്യുകയാണെങ്കിൽ അതിനെക്കുറിച്ച് ശകാരിക്കാറുണ്ട്. ശകാരവും സ്നേഹവുംകൊണ്ട് തന്നെയാണ്, വിരോധം [പുറം 25] കൊണ്ടല്ല.

**കുടുംബത്തിന്റെ പ്രേഷിതരംഗം**

പാവറട്ടി കൊവേന്തയിൽ പണ്ട് കുറെ പാവപ്പെട്ടവരെ മാനസാന്തരപ്പെടുത്തി ഓരോ തൊഴിലുകൾ പഠിപ്പിച്ച്, വിവാഹം കഴിപ്പിച്ച്, ആ പുതിയ ക്രിസ്ത്രീയകുടുംബങ്ങളെ പഴയ കുടുംബങ്ങളുടെ മേൽനോട്ടത്തിൽ ഏൽപിച്ചിരുന്നു. അങ്ങനെ ഞങ്ങളെ ഏൽപിച്ചത്... എന്നവനെയാണ്. ഇവൻ പുലയൻ ആയിരുന്നു. ഇവന്റെ ഭാര്യ ഒരു ഈഴവ സ്ത്രീയാണ്. ഇരുവരും അനാഥരുമായിരുന്നു. ഇവരെ താമസിപ്പിച്ചത് ഞങ്ങളുടെ പറമ്പിൽ ഞങ്ങളുടെ വീടിനോടു തൊട്ടടുത്താണ്. (അവരുടെ വീട്ടിൽ പ്രാർത്ഥന ചൊല്ലുന്നതു ഞങ്ങളുടെ മുറ്റത്തു നിന്നാൽ കേൾക്കാം. പലപ്പോഴും ഞങ്ങളുടെ മാതാപിതാക്കന്മാർ അവരുടെ പ്രാർത്ഥന ശ്രദ്ധിപ്പാൻ ഞങ്ങളോടു പറയുമായിരുന്നു. അവരുടെ കുട്ടികൾ ഉച്ചത്തിൽ ചൊല്ലുമായിരുന്നു. ഞങ്ങൾ വളരെ താഴ്ന്ന സ്വരത്തിലും. ഞങ്ങൾക്ക് മാതൃകയായിട്ടാണ് അവരുടെ പ്രാർത്ഥന ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നത്.) ഈ ഔസേപ്പ് പുതുക്രിസ്ത്യാനികളിൽ ഏറ്റവും നല്ലവനായിരുന്നു. സംസാരത്തിൽ ഏറ്റം സൂക്ഷമുള്ളവനും വിശ്വസ്തനുമായിരുന്നു. ഞങ്ങളുടെ വീട്ടിൽ അവനു പൂർണ്ണ സ്വാതന്ത്ര്യവുമായിരുന്നു. അവന് ഏകദേശം അപ്പന്റെ [പുറം 26] പ്രായം കാണുമെന്ന് എനിക്കു തോന്നുന്നു. ഞങ്ങളെ എല്ലാവരേയും ബാല്യകാലത്ത് സംരക്ഷിച്ചിട്ടുണ്ട്. ഞങ്ങളുടെ കുടുംബചൈതന്യം അവൻ കരസ്ഥമാക്കിയിട്ടുണ്ടായിരുന്നു. അപ്പൻ അവനെ എഴുത്ത് പഠിപ്പിച്ചത് അപ്പൻ രാത്രി കുളിക്കാൻ പോകുന്ന അവസരങ്ങളിൽ മണലിൽ എഴുതിക്കൊടുത്താണ് എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. എനിക്ക് ഓർമ്മവെക്കുമ്പോൾ അവനെ ഞങ്ങളെല്ലാവരും പേരു വിളിക്കുമായിരുന്നു. പിന്നീട് ഒരിക്കൽ അവനെ 'ഔസേപ്പ് ചേട്ടൻ' എന്നു വിളിക്കണമെന്ന് മാതാപിതാക്കന്മാർ ഞങ്ങളെ നിർബന്ധിച്ചു. അന്നുമുതൽ ഞാൻ അവനെ അപ്രകാരം വിളിച്ചിരുന്നു. എന്നാൽ അവന്റെ ഭാര്യയായ മറിയത്തെ അതുപോലെ

'മറിയ ചേടത്തി' എന്ന് വിളിക്കുന്ന കാര്യം ഇന്നുവരെ എന്റെ ശ്രദ്ധയിൽപെട്ടില്ല. ഇത് എഴുതാൻ തുടങ്ങിയപ്പോഴാണ് ആ കാര്യം ആദ്യമായി ഓർത്തത്. അവന്റെ മൂത്തമകൾ എന്റെ കൂടെയാണ് ആദ്യകുർബാന കൈകൊണ്ടത്. ഞങ്ങൾക്കുവേണ്ട കടലാസുമുടി അപ്പൻ തലേദിവസം രാത്രി ഉറക്കം കളഞ്ഞ് ഉണ്ടാക്കിയതു ഞാൻ ഓർക്കുന്നു. അവന്റെ ഭാര്യ യാതൊരു തരത്തിലും അവനു യോജിച്ച വളല്ലായിരുന്നു [പുറം 27]. സംസാരത്തിൽ (അരിശമുള്ളപ്പോൾ) ഒട്ടും സൂക്ഷിക്കാറില്ല. അവനെക്കുറിച്ചും ഞങ്ങളെക്കുറിച്ചും ഉച്ച ത്തിൽ ധിക്കാരമായി വിളിച്ചുപറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഞങ്ങൾക്ക് അവളോടു വളരെ ക്ഷമിക്കാനുണ്ടായിക്കൊണ്ടിരുന്നു. അവന്റെ മൂത്തമകളുടെ കല്യാണത്തിനു തലേ ദിവസമോ മറ്റോ അവൾ ഞങ്ങളെക്കുറിച്ച് അധിക്ഷേപമായി പറയുന്നതു ഞങ്ങൾക്കു വീട്ടിലിരുന്നു കേൾക്കാമായിരുന്നു. കേട്ടുമടുത്ത് മാതാപിതാക്കന്മാർ അവരുടെ വീട്ടിൽ പോകേണ്ടയെന്ന് നിശ്ചയിച്ചെങ്കിലും ഔസേപ്പ് വന്ന് കരയുകയും മറ്റും ചെയ്തപ്പോൾ അവന്റെ കൂടെ പോയി കല്യാണത്തിൽ സംബന്ധിക്കുകയും അവിടെനിന്നു ഭക്ഷണം കഴിക്കുകയും ചെയ്തു. അവൻ മറ്റത്തിൽ അവന്റെ ഇളയമകളെ കെട്ടിച്ച വീട്ടിൽവെച്ച് പെട്ടെന്നാണ് മരിച്ചത്. എന്റെ അമ്മായിയുടെ മകൻ ഫ്രാൻസീസിന്റെ മേൽനോട്ടത്തിലാണ് ശവസംസ്കാരം ഭംഗിയായി നടന്നത്. അവർക്കൊക്കെ വലിയ സ്നേഹമായിരുന്നു അവനോട്. അപ്പനും പോയി അതിൽ സംബന്ധിച്ചിരുന്നു. അവന്റെ കുടുംബം ഇപ്പോൾ ആർത്താറ്റ് എന്റെ ഇളയമ്മയുടെ വീട്ടിനടു ത്താണെന്നു കേട്ടു. അപ്പൻ മരിച്ചപ്പോൾ അവന്റെ ഭാര്യയും കുഞ്ഞു ങ്ങളും അവിടെ [പുറം 28] നിന്നു വന്നിരുന്നു. ഞങ്ങളുടെ കുടുംബ ത്തിലെ വേദപ്രചാര രംഗമായിരുന്നു അത്. ഇതുകൂടാതെ ജൂൺ മാസാവസാനം ഘോഷിക്കുന്ന ദിവസം 12 കുട്ടികളെ ക്ഷണി ച്ചുവരുത്തി അപ്പൻ അവരെ വേദപാഠത്തിൽ പരീക്ഷിക്കുകയും ഉപ ദേശിക്കുകയും പ്രാർത്ഥനകൾക്കുശേഷം അവർക്ക് ഭക്ഷണം കൊ ടുക്കുകയും ചെയ്തിരുന്നു.

**അമ്മയുടെ രോഗവും അമ്മ നൽകിയ പ്രാർത്ഥനാ പരിശീലനവും**

ഞാനിപ്പോൾ വളരെയധികം അപ്പനെക്കുറിച്ചുതന്നെയാണ് എഴുതിയത്. ഇതിലെല്ലാം

അമ്മയും സഹകരിച്ചിരുന്നു. എനിക്കു ഓർമ്മവെച്ച നാൾ മുതൽ അമ്മ മിക്കവാറും കട്ടിലിൽതന്നെയായിരുന്നു. ആണ്ടുകൾ കഴിയുംതോറും പല പുതിയ രോഗങ്ങളും അനുഭവപ്പെട്ടിരുന്നു. നാലഞ്ചു പ്രാവശ്യം ഒടുവിലത്തെ ഒപ്രുശുമ കൊടുത്തിട്ടുണ്ടെന്നു തോന്നുന്നു. ആദ്യന്തം വളരെ വേദനയുള്ള സുഖക്കേടുകളായിരുന്നു. എനിക്കു 7 വയസ്സുള്ളപ്പോഴാണ് അമ്മയുടെ സുഖക്കേട് ആദ്യം മരണകരമായി കാണപ്പെട്ടത്. അതിൽനിന്ന് കുറെ സുഖം കിട്ടിയ കാലങ്ങളിൽ നാലുമണി സമയത്ത് അപ്പനില്ലാത്തപ്പോൾ ഞങ്ങളെല്ലാവരും കൂടി ഇറയത്ത് ഇരുന്ന് വല്ല നല്ല പുസ്തകങ്ങൾ വായിക്കുന്നതു കേൾക്കുമായിരുന്നു. 'നവമാലിക' യാണ് ഞാൻ ഓർമ്മിക്കുന്ന ഒരു [പുറം 29] പുസ്തകം. മൂത്ത പെങ്ങളാണ് സാധാരണ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നത്. അമ്മ ഇരുന്നു കേട്ടാനന്ദിച്ചിരുന്നതു ഞാൻ ഇപ്പോഴും ഓർക്കുന്നു. ആ വായനകളിൽനിന്നു ഞങ്ങളുടെ കുടുംബത്തിനു വളരെ ഉപകാരമുണ്ടായിട്ടുണ്ട്. ഞങ്ങളുടെയൊക്കെ സന്ന്യാസ ജീവിതപ്രവേശനത്തിനുള്ള ആഗ്രഹം പരിപോഷിക്കപ്പെട്ടത് ആ പുസ്തകപാരായണം വഴിയാണ്.

കുറച്ചുകഴിഞ്ഞപ്പോൾ കുടുംബത്തിലുണ്ടായ ഭക്തിമാന്ദ്യത്തെക്കുറിച്ച് അമ്മ പലപ്പോഴും സങ്കടത്തോടുകൂടി പറഞ്ഞിരുന്നു. മന്ദജീവിതക്കാരെ ഈശോയുടെ തിരുഹൃദയം ഛർദിച്ചുകളയുമെന്ന് അമ്മ ഒരിക്കൽ പറഞ്ഞത് എന്നെ വളരെയധികം സ്പർശിച്ചു. രക്ഷാകരമായ ഒരു ഭയം എന്നിൽ ഉളവായി. പിൽക്കാലത്തു ഞാൻ അതു പലപ്പോഴും ഓർക്കുമായിരുന്നു.

അമ്മ ജപാപ്പസ്തോലസഖ്യത്തെ പ്രചരിപ്പിച്ചിരുന്നു. ഞങ്ങളെ എല്ലാവരെയും ചേർത്തതു കൂടാതെ അമ്മയുടെ സ്വാധീനത്തിൽ വരുന്ന പലരേയും ഉപദേശിച്ച് ചേർത്തിട്ടുണ്ട്. മൂന്നുനാലു പ്രാവശ്യം പേരെഴുതിയ കടലാസുകൾ എന്നെക്കൊണ്ടാണ് [പുറം 30] കൊവേന്തയിൽ കൊണ്ടുപോയി കൊടുപ്പിച്ചത്. ചേർന്നവർക്കുള്ള സാക്ഷിപത്രങ്ങൾ ബ. അച്ചന്റെ കയ്യിൽനിന്ന് ഒന്നിലധികം പ്രാവശ്യം ഞാനാണ് വാങ്ങിച്ച് അമ്മയെ ഏൽപിച്ചത്.

അവിടങ്ങളിൽ അച്ചന്മാർ നടന്ന് വി. കുർബാന വീടുകളിലേക്ക് കൊണ്ടുവരിക പതിവില്ലാത്തതിനാൽ അമ്മ വളരെ വിഷമിച്ചിട്ടുണ്ട്.

മഞ്ചലിൽ ആണ് കൊണ്ടുവരിക പതിവ്. അതിന്റെ ചെലവു ഞങ്ങൾ വഹിക്കണം. അത് ഞങ്ങളുടെ അന്നത്തെ ധനസ്ഥിതിക്കു കുറച്ചു കടന്നതായിരുന്നു. അതുകൊണ്ട് അച്ചന്റെ വീട്ടിൽ ഉണ്ടായിരുന്ന മഞ്ചൽ വീട്ടിൽ കൊണ്ടുവന്ന് കേടുതീർത്ത് പലകൊല്ലങ്ങളോളം അമ്മയ്ക്കുവേണ്ടി വീട്ടിൽതന്നെയാണ് സൂക്ഷിച്ചിരുന്നത്. ഒരു പ്രാവശ്യം പള്ളിയിൽ പോകുന്നതിന് ആ ക്ഷാമകാലത്തും ഒരു രൂപയോ മറ്റോ ആകും. എങ്കിലും കൂടെക്കൂടെ അമ്മ പള്ളിയിൽ പോയി വി. കുർബാന ഉൾക്കൊള്ളുന്ന ദിവസം സുഖക്കേടിനു വളരെ ആശ്വാസവും സമാധാനവും അനുഭവപ്പെടുന്നു എന്നു പറഞ്ഞ് മറ്റുള്ളവരെയും വി. കുർബാന ഉൾക്കൊള്ളുന്നതിന് അമ്മ പ്രേരിപ്പിച്ചിരുന്നതു ഞാൻ കേട്ടിട്ടുണ്ട് [പുറം 31]. എത്ര വിഷമിച്ചിരുന്ന കാലങ്ങളിലും അമ്മയുടെ ഈ ആഗ്രഹസാദ്ധ്യത്തിനായി അപ്പൻ എപ്പോഴും ഒരുക്കമുള്ളവനായിരുന്നു, ഞങ്ങളെല്ലാവരും ശനിയാഴ്ച ദിവസങ്ങളിലും പ്രധാനപ്പെട്ട തിരുനാൾ ദിവസങ്ങളിലും വി. കുർബാന ഉൾക്കൊള്ളുന്നതിന് അമ്മ ഞങ്ങളെ പ്രേരിപ്പിക്കുമായിരുന്നു.

വീട്ടിൽ സന്ധ്യക്ക് ത്രികാല ജപം ചൊല്ലികഴിഞ്ഞാലുടൻ കുടുംബാംഗങ്ങൾ എല്ലാവരും തനിച്ചു കുറെ സമയം പ്രാർത്ഥിക്കുന്ന ഒരു പതിവും വീട്ടിലുണ്ടായിരുന്നു. കൂട്ടമായിട്ടുള്ള കൊന്തയും മറ്റു പ്രാർത്ഥനകളും കുറെകൂടെ വൈകിയിട്ടെ ചൊല്ലാറുള്ളു. തനി പ്രാർത്ഥനകൾ ചൊല്ലേണ്ടതിനെക്കുറിച്ച് നിർദ്ദേശം തന്നിരുന്നത് അമ്മ തന്നെയാണെന്നാണ് എന്റെ ഓർമ്മ. ഞങ്ങൾക്കു തനിച്ചു പ്രാർത്ഥിക്കാറാകുമ്പോൾ ചുരുങ്ങിയത് എന്തൊക്കെ ചൊല്ലണമെന്ന് അമ്മ പറഞ്ഞുതരും. പിന്നീട് ഓരോരുത്തന്റെയും ഭക്തിക്കനുസരിച്ച് അത് കൂടും. അങ്ങിനെ ജ്യേഷ്ഠനും പെങ്ങന്മാരും വളരെയൊക്കെ ചൊല്ലിയിരുന്നു. അവ വ്യത്യാസപ്പെട്ടവയുമായിരുന്നു. ഞാനും അവരോളംതന്നെ സമയമെടുക്കുമായിരുന്നു. പക്ഷെ പലപ്പോഴും താഴ്ന്നസ്വരത്തിലാണ് ചൊല്ലുക. ഒരു മൂളൽ സ്വരം മാത്രമെ അമ്മയ്ക്കു [പുറം 32] കേൾക്കാൻ കഴിയുകയുള്ളു. അതിനെക്കുറിച്ച് പലപ്പോഴും അമ്മ എന്നെ ശകാരിച്ചിട്ടുണ്ട്. ആ ശകാരം ഞാൻ സഹിച്ചിരുന്നു. പലപ്പോഴും ഞാൻ പലവിചാരങ്ങളിൽ മുഴുകിയതുകൊണ്ടാണ് എന്റെ പ്രാർത്ഥന മൂളൽ മാത്രമായിരുന്നത്. എന്നാൽ ആ പലവിചാരം പലപ്പോഴും നല്ല കാര്യ

ങ്ങളെക്കുറിച്ചായിരുന്നതുകൊണ്ട് വാചാപ്രാർത്ഥന മോശമായി പ്പോയിരുന്നെങ്കിലും മനഃപ്രാർത്ഥനയായി പരിണമിച്ചിരുന്നു. വളരെ കുറച്ചുമാത്രമെ ഞാൻ ചൊല്ലാൻ നിശ്ചയിച്ചിരുന്നുള്ളുവെങ്കിലും മറ്റുള്ളവർ അവസാനിപ്പിക്കുമ്പോൾ എന്റേതു ചൊല്ലിത്തീർന്നു കാണുകയില്ല. ഞാനും അവരോടൊപ്പം എഴുന്നേറ്റുപോകും. പതി വുള്ള അല്ലെങ്കിൽ പതിവായി ചൊല്ലുവാൻ നിശ്ചയിച്ച പ്രാർത്ഥന കൾ ചൊല്ലിയില്ലല്ലോ എന്നുള്ള വിഷമത്തോടുകൂടി അങ്ങനെ ഞാൻ കഴിഞ്ഞുകൂടിയിരുന്നു. എന്നാൽ ഭാവിജീവിതത്തിലേക്ക് എന്നെ ഒരുക്കുന്ന പല നിശ്ചയങ്ങളും ചെയ്തിരുന്നത് ആ സമയ ത്തായിരുന്നു. എന്റെ തെറ്റുകളെക്കുറിച്ചു മനസ്താപവും പുണ്യം ചെയ്യുന്നതിനുള്ള ആഗ്രഹവും സ്വശക്തിയിൽ അവിശ്വാസവും ദൈവത്തിലുള്ള വിശ്വാസവും ആ സമയങ്ങളിൽ [പുറം 33] എന്റെ ഉള്ളിൽ ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ എന്റെ ആഗ്രഹങ്ങൾ എന്നും ആഗ്രഹങ്ങളായിമാത്രം കഴിയുന്നതുകണ്ട് ഞാൻ വളരെ ഖേദിച്ചുമിരുന്നു. ഒരു ദിവസം മുട്ടിൽമേൽ നിന്നു 'മൂളി'ക്കൊണ്ടിരു ന്നപ്പോൾ എന്റെ സഭാപ്രവേശനത്തെക്കുറിച്ചാണ് ഞാൻ ചിന്തിച്ചി രുന്നത്. ശക്തിയായ എന്റെ ആഗ്രഹം അനുഭവത്തിൽ വരുന്നത് അത്ര എളുപ്പമല്ല എന്നു തോന്നിയപ്പോൾ ഞാൻ തളർന്ന് ഇരിക്കുവാൻ നിർബന്ധിതനായി. ഇതൊക്കെ അമ്മയ്ക്ക് അറി യുവാൻ കഴിയാഞ്ഞതിനാൽ അമ്മ എന്നെക്കുറിച്ച് വളരെ ദുഃഖി ച്ചിരുന്നു. എന്നാൽ എന്റെ പ്രാർത്ഥനാരീതി മാറ്റുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല. ഇന്നും ആ രീതി തന്നെയാണ് ഏറെക്കുറെ എന്റെ കഴിവിലുള്ളത്.

**ദൈവപരിപാലനയിലുള്ള വിശ്വാസം**

മാതാപിതാക്കന്മാരെക്കുറിച്ചുള്ള ഈ ഭാഗം അവസാനിപ്പിക്കുന്നതിനു മുമ്പായി ചെറുപ്പംമുതൽ ഇന്നുവരെ എന്റെ ജീവിതത്തെ സൗഭാഗ്യ പൂർണ്ണമാക്കിത്തീർക്കുന്നതിനു സഹകരിച്ചിട്ടുള്ള ഒരു ചിന്താശകലം രേഖപ്പെടുത്തേണ്ടതായി ട്ടുണ്ട്. അത് അപ്പൻ വായിച്ചുകേൾപ്പിച്ചതും വ്യാഖ്യാനിച്ചതും ഉപദേശിച്ചതും ആണ്. പിന്നീട് കുറെ കൊല്ലങ്ങൾക്കുശേഷം [പുറം 34] ഞാൻ അത് വീണ്ടും അപ്പനിൽ നിന്നുതന്നെ കേൾക്കാ നിടയായെന്നാണ് ഞാൻ ഓർക്കുന്നത്. അന്ന് ഞാൻ അതു മറന്നി ട്ടില്ലായിരുന്നു. അനുദിനം അത് എന്നെ പ്രായോഗികമായി

നയിച്ചിരുന്നു, എങ്കിലും അത് അപ്പനേയും അത്രയും കൊല്ല ങ്ങൾ നയിച്ചിരുന്നു എന്ന് ഞാൻ കണ്ടപ്പോൾ അതു കുറെക്കൂടെ ശക്തിയായി എന്നിൽ പതിഞ്ഞു. ഞാൻ അപ്പനോടു പലതിലും സാമ്യമുള്ളവനാണെന്നു മനസ്സിലായപ്പോൾ എനിക്കു വലിയ സന്തോഷമുണ്ടായി.

അപ്പൻ വായിച്ചുകേൾപ്പിച്ചത് ഒരു ചെറിയ കഥയാണ്. അത് ഇപ്രകാരമാണ്: എന്തു സംഭവിക്കുമ്പോഴും "നല്ല ദൈവം ചെയ്ത ഈ നന്മയെക്കുറിച്ചുതന്നെ ഞാൻ സ്തുതിക്കുന്നു" (വാക്കുകൾ കൃത്യമായി ഞാൻ ഓർക്കുന്നില്ല. ആശയം മാത്രമെയുള്ളൂ.) എന്ന് സന്തോഷപൂർവ്വം പറഞ്ഞിരുന്ന ഒരു മനുഷ്യൻ ഒരു തീർത്ഥയാത്ര സംഘത്തിലുണ്ടായിരുന്നു. വഴിയിൽവെച്ച് ഒരു ദിവസം കപ്പൽ കയറു വാൻ ബദ്ധപ്പെട്ട് ഓടിച്ചെല്ലുകയിൽ അയാളുടെ കാലൊടിഞ്ഞു. അപ്പോ ഴും അയാൾ പതിവുപോലെ ആഹ്ലാദഭരിതനായി ദൈവം ചെയ്ത പ്രത്യേക നന്മയെക്കുറിച്ചു ദൈവത്തെ [പുറം 35] സ്തുതിച്ചു. അതു കേട്ടവർ അവനെ പരിഹസിച്ച്, "ഇപ്പോൾ എന്തു നന്മയാണ് അവനുണ്ടായത്. അനേകം യോഗ്യത സമ്പാദിക്കാവുന്ന ആ തീർത്ഥ യാത്ര നടത്താൽ അവനു കഴിയാതെ പോവുകയാണല്ലോ ചെയ്തത്" എന്നു പറഞ്ഞു. അവൻ അവിടെ ഉപേക്ഷിക്കപ്പെടുകയും മറ്റുള്ളവർ എല്ലാം കപ്പൽ കയറി പോവുകയും ചെയ്തു. അടുത്ത ദിവസങ്ങളിൽതന്നെ കേൾക്കാനിടയായി ആ കപ്പൽ നശിച്ചുപോ യെന്നും യാത്രക്കാർ എല്ലാം മരിച്ചെന്നും. അപ്പോൾ അവനെ പരി ഹസിച്ചവർക്കു മനസ്സിലായി ദൈവം അവനു എന്തു നന്മ ചെയ്തെന്ന്. എത്ര വിഷമകരമായ സംഭവങ്ങളിലും ദൈവപരിപാലനയിൽ വിശ്വ സിക്കുന്നതിനും സമാധാനവും സന്തോഷവും പാലിക്കുന്നതിനും ഈ കഥ എനിക്കു വളരെ ഉപകരിച്ചിട്ടുണ്ട്.

**ബന്ധങ്ങളിൽ നിസംഗത**

അമ്മയെക്കുറിച്ച് എഴുതുവാൻ തുടങ്ങിയിട്ട് ഞാൻ വീണ്ടും വീണ്ടും അപ്പനെക്കുറിച്ചാണ് പറയുന്നത്. അമ്മ ഞങ്ങളെ വളരെ സ്നേ ഹിച്ചിരുന്നു. ആ പ്രദേശത്തെങ്ങും കുഞ്ഞുങ്ങളെ ഇത്രയും അധികം സ്നേഹിക്കുന്ന ഒരു തള്ളയെ കാണുവാനില്ലായി രുന്നു. അതുകൊണ്ട് അമ്മയുടെ ഈ അസാധാരണ [പുറം 36] സ്നേ ഹത്തെ ജയിച്ച് സന്ന്യാസത്തിൽ പ്രവേശിക്കാൻ ചെറുപ്പത്തിലെ

നിശ്ചയിച്ചിരുന്ന ഞാൻ അമ്മയിൽനിന്നു മനഃപൂർവ്വം അകന്നിരുന്നു. അമ്മയുടെ സ്നേഹത്തെ ഞാൻ പേടിച്ചിരുന്നു, അല്ലെങ്കിൽ എന്റെ ബലഹീനതയെക്കുറിച്ച് എനിക്കു ബോദ്ധ്യമുണ്ടായിരുന്നു. എന്റെ ഹൃദയവികാരങ്ങളെ മനഃപൂർവ്വം അടക്കിക്കൊണ്ടാണ് ഞാൻ ജീവിച്ചിരുന്നത്. അങ്ങിനെ ഹൃദയമില്ലാത്തവനെപ്പോലെ പെരുമാറിയിട്ടും അമ്മയുടെ സ്നേഹത്തിൽനിന്നു ഞാൻ കഷ്ടിച്ചു രക്ഷപെട്ടതെയുള്ളൂ. എന്റെ അമ്മ അത്രയും സ്നേഹമുള്ളവളല്ലായിരുന്നെങ്കിൽ, എന്റെ ഹൃദയം മറ്റുള്ളവർക്ക് കൂടുതൽ വെളിപ്പെടുമായിരുന്നു. അമ്മയോടു മാത്രമല്ല ഞാൻ സ്നേഹിച്ചിരുന്ന എല്ലാവരോടും എന്റെ നയം അതുതന്നെയായിരുന്നു. മറ്റുള്ളവരുടെ സ്നേഹത്തെ ജയിക്കാൻ എനിക്കു കഴിയാതെ പോയെങ്കിലോ എന്നുള്ള ഭയമായിരുന്നു എന്റെ ഹൃദയത്തെ എപ്പോഴും നിയന്ത്രിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചത്. ഏഴെട്ടു വയസ്സുള്ളപ്പോൾമുതൽ ഞാൻ സ്നേഹിച്ചിരുന്ന സകലത്തിൽനിന്നും അകന്ന് സന്ന്യാസത്തിൽ പ്രവേശിപ്പാൻ ആഗ്രഹിച്ചിരുന്നതുകൊണ്ട് കുടുംബബന്ധം [പുറം 37] എന്നെ തടയുമെന്നു ഞാൻ ഭയപ്പെട്ടിരുന്നതുകൊണ്ട് ഞാൻ കുടുംബത്തോട് അന്യനെപ്പോലെ പെരുമാറിയിരുന്നു. ആത്മീകബന്ധങ്ങൾക്കും ഞാൻ വഴിപ്പെട്ടിരുന്നു. അവ അസാമാന്യമായി ശക്തിപ്പെടുകയും ചെയ്തിരുന്നു. അപ്രകാരമുള്ള ബന്ധങ്ങളിൽ ഞാൻ ഏർപ്പെട്ടിരുന്നില്ലായെങ്കിൽ എനിക്ക് ഒരു ഹൃദയമുണ്ടോ എന്ന് പിൽകാലത്ത് എനിക്കുതന്നെ സംശയമാകുമായിരുന്നു. അത്രക്ക് സ്വഭാവിക സ്നേഹത്തെ ഞാൻ ജയിപ്പാൻ ശ്രമിച്ചിരുന്നു. ചെറുപ്പം മുതലുള്ള ഈ പരിശ്രമം ഒരു പുതിയ സ്വഭാവംതന്നെ എന്നിൽ ഉളവാക്കി.

ഏഴു വയസുമുതൽ എന്റെ ചിന്താഗതി മിക്കവാറും ആദ്ധ്യാത്മികമായിരുന്നു. അത് എന്റെ സ്വാഭാവിക സ്നേഹത്തെ ഒരുവിധം ജയിക്കതന്നെ ചെയ്തു. അന്ന് അമ്മ മരണകരമായ സ്ഥിതിയിൽ കിടന്നിരുന്നപ്പോൾ അമ്മയുടെ അന്ത്യവിനാഴിക പാർത്തുകൊണ്ട് വീടുനിറയെ നിന്നിരുന്ന എല്ലാവരും കരച്ചിലിലും പ്രാർത്ഥനയിലും കഴിഞ്ഞിരുന്നപ്പോൾ, മരണവായുവലി എന്ന് ഞങ്ങളെല്ലാവരും കരുതിയിരുന്ന ആ വലിയുടെ സ്വരവും മരിക്കുന്നവർക്കു സാധാരണ ചൊല്ലി കൊടുക്കാറുള്ള സുകൃതജപങ്ങളുടെ

സ്വരവും എന്റെ ചെവിയിൽ പതിച്ചിരുന്നപ്പോൾ [പുറം 38] അമ്മ യുടെ കാൽക്കൽ വലിയ പെങ്ങളുടെ കൂടെ ഞാനും കൈകൾ കൂപ്പി മുട്ടുകുത്തിനിന്നു മൗനമായി പ്രാർത്ഥിക്കുകയായിരുന്നു. (ജ്യേഷ്ഠനും മൗനമായി മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചിരുന്നു എങ്കിലും ജേഷ്ഠന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ ഒഴുകിയിരുന്നു. ചെറിയ പെങ്ങൾ വലിയ സ്വരത്തിൽ നിലവിളിച്ചുകൊണ്ട് നിലത്തിരുന്നു കൈകൾ അമ്മയുടെ പക്കലേക്കും മറ്റും നീട്ടിയിരുന്നു. ചെറിയ പെങ്ങൾ ആരാലും ആശ്വസിപ്പിക്കപ്പെടുവാൻ വയ്യാത്ത വിധമായിരുന്നു.) എന്നാൽ എന്റെ പ്രാർത്ഥന ഒരു പ്രത്യേക തരത്തിലുള്ളതായിരുന്നു. "അമ്മയെ ഇന്നുതന്നെ മരിപ്പിക്കേണമെ" എന്ന് ഞാൻ ഇടവിടാതെ ഉരുവിട്ടുകൊണ്ടിരുന്നു. എന്റെ അമ്മ മരിച്ചാലുള്ള എന്റെ സ്ഥിതി എനിക്കറിവില്ലാഞ്ഞിട്ടല്ലായിരുന്നു അങ്ങിനെ പ്രാർത്ഥിച്ചിരുന്നത്. കുട്ടികളായ ഞങ്ങളെക്കുറിച്ച് അടുക്കളവശത്തുള്ളവർ സഹതാപം പ്രകടിപ്പിച്ചിരുന്നതിന്റെ സാരം എനിക്ക് അന്നും മനസ്സിലായിരുന്നു. തള്ളയില്ലാ കുഞ്ഞുങ്ങളെക്കുറിച്ചുള്ള പല കഥകളും ആ കാലത്തു തന്നെ ഞാൻ കേട്ടിരുന്നു. എന്നാൽ അമ്മയ്ക്കു മരിക്കാൻ പറ്റിയ ഇത്രയും നല്ല അവസരം വേറെ കിട്ടുകയില്ല എന്ന വിചാരത്താ ലാണ് ഞാൻ അങ്ങിനെ [പുറം 39] പ്രാർത്ഥിച്ചിരുന്നത്. അമ്മ ആ ദിവസങ്ങളിൽ അന്ത്യകൂദാശകൾ കൈകൊണ്ടിരുന്നു. നല്ല ഒരുക്കത്തോടുകൂടിയാണ് അമ്മ കിടന്നിരുന്നത്. തൂങ്ങപ്പെട്ട രൂപം കൂടെക്കൂടെ മുത്തിച്ചിരുന്നു. കുടുംബപ്രതിഷ്ഠ കഴിച്ചിരുന്ന ഈശോയുടെ തിരുഹൃദയപടം അമ്മയുടെ അടുത്ത് വെക്കപ്പെ ട്ടിരുന്നു. ചിലപ്പോൾ അതും അമ്മയെക്കൊണ്ടു മുത്തിച്ചിരുന്നു. മരിക്കുന്നവർക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ ഇടവിടാതെ കൂട്ടമായി ചൊല്ലിയിരുന്നു. ഇതെല്ലാം കണ്ടിട്ടാണ് അമ്മയ്ക്കു മരിക്കാൻ ഇത്രയും നല്ലദിവസം വേറെ കിട്ടുകയില്ല എന്നു ഞാൻ വിചാരിച്ചത്. അമ്മയുടെ ആത്മീയനന്മ മാത്രമെ എന്നെ അപ്പോൾ സ്പർശിച്ചുള്ളു. എന്റെ ചിന്താഗതി എന്നും ഇതുതന്നെയായിരുന്നു. ഇത് അഭ്യാസംകൊണ്ടു ലഭിച്ചതാണ്. അമ്മയിൽനിന്നുള്ള എന്റെ ഈ അകൽച്ചയ്ക്കു എന്റെ ഒരു ജന്മവാസനയും കാരണമായിട്ടുണ്ട്.

**അപ്പന്റെ ശക്തിയിലും ബുദ്ധിയിലും മകനുബോദ്ധ്യം**

ഞാൻ എനിക്ക് ഓർമ്മ വെച്ച നാൾ മുതൽ ഒരു ചിന്താ

ശീലനായിരുന്നു. ഹൃദയത്തെക്കാൾ ബുദ്ധിയാണ് എന്നെ നയിച്ചിരുന്നത്. അഞ്ചാറു വയസ്സുള്ളപ്പോൾ രാത്രിയിൽ ഭയങ്കര സ്വപ്നങ്ങൾ [പുറം 40] കണ്ടു പേടിച്ച്, ഉണർന്ന്, പിന്നീട് ഉറങ്ങുവാൻ സാധിക്കാതെയിരിക്കുമ്പോൾ ഞാൻ അമ്മയുടെ പക്കൽനിന്ന് അപ്പന്റെ കട്ടിലിലേക്കു കയറിച്ചെല്ലും. ഉറങ്ങി ക്കിടക്കുന്ന അപ്പന്റെ രോമം നിറഞ്ഞ, വണ്ണമുള്ള ആ കൈകളിൽ ഒന്ന് എനിക്കു പിടികിട്ടിയാൽ പിന്നെ ഒരു ഭയവും കൂടാതെ സുഖമായി ഞാൻ കിടന്നുറങ്ങും. അതിന്റെ അപ്പനു ശക്തി യുണ്ട് എന്നുള്ളതാണ്. ഇതുപോലെതന്നെ അമ്മയെക്കാൾ അപ്പനു കൂടുതൽ അറിവുണ്ട് എന്നായിരുന്നു എന്റെ ബോദ്ധ്യം. ഇതു കാരണത്താൽ അപ്പനാണ് എന്റെ ശ്രദ്ധയെ കൂടുതൽ ആകർ ഷിച്ചിട്ടുള്ളത്. അമലോത്ഭവ മാതാവിനോടുള്ള കാഴ്ചവെപ്പ് ചൊല്ലു ന്നതിന് അമ്മ എന്നെ പലപ്പോഴും നിർബന്ധിച്ചിട്ടുണ്ട്. അമ്മ പതി വായി ചൊല്ലുന്നതു ഞാൻ കേട്ടിട്ടുമുണ്ട്. എങ്കിലും അമ്മയുടെ നിർബന്ധത്താലാണ് താൽപര്യംകൊണ്ടല്ല ഞാൻ ചൊല്ലുവാൻ ശ്രമിച്ചിരുന്നത്. വചനപ്രാർത്ഥനകൾ അധികം ചൊല്ലാൻ അന്ന് ഇഷ്ടമില്ലായിരുന്നു. എന്നാൽ ഒരു ദിവസം കാലത്ത് അപ്പന്റെ തനി ച്ചുള്ള പ്രാർത്ഥനകൾ കേൾക്കുന്നതിനിടയായി. പുസ്തകം കൂടാതെ ചൊല്ലിയിരുന്ന [പുറം 41] ആ പ്രാർത്ഥനകൾക്കിടയിൽ അമലോത്ഭവ മാതാവിനോടുള്ള കാഴ്ച്ചവെപ്പുജപവും ഞാൻ കേട്ടു. അതിൽനിന്ന് പല കൊല്ലങ്ങളായി അപ്പൻ ആ ജപം പതിവായി ചൊല്ലിയിരുന്നെന്നു ഞാൻ അനുമാനിച്ചു. അന്നു മുതൽ അമ്മ പറഞ്ഞതുപോലെ ആ ജപം ചൊല്ലുന്നതിന് എനിക്കു കൂടുതൽ എളുപ്പമുണ്ടായിരുന്നു.

അമലോത്ഭവ മാതാവിന്റെ ജപം അമ്മ പറഞ്ഞത് നല്ല മന സ്സോടുകൂടി ചൊല്ലിയിരുന്നെങ്കിൽ എനിക്ക് പിൽകാലത്ത് ഉണ്ടായ നിർഭാഗ്യങ്ങൾ സംഭവിക്കുകയില്ലായിരുന്നു.

ഇങ്ങനെ മൂന്നുനാലു കാരണങ്ങളാൽ സാധാരണ അമ്മമാർക്ക് ഉള്ളിടത്തോളം സ്ഥാനം എന്റെ അമ്മയ്ക്ക് എന്റെ ജീവിതകഥയിൽ ഇല്ലാതെപോയി. എന്റെ ബാല്യകാലത്തെക്കുറിച്ച് ഇനി എഴുതണ മെന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് എന്റെ മാതാപിതാക്കന്മാരെക്കുറിച്ച് എന്റെ അറിവിൽ ശേഷിച്ചിട്ടുള്ളതു കുറെയൊക്കെ അവിടെ അവ സരം പോലെ ചേർക്കാവുന്നതാണ്.

ഒരു മകൻ മാതാപിതാക്കന്മാരുടെ ചരിത്രം എഴുതുന്നതുപോലെയല്ല ഞാൻ എഴുതിയിരിക്കുന്നത്. എന്റെ സ്നേഹവികാരങ്ങളൊന്നും ഇതിൽ പ്രത്യക്ഷപെട്ടിട്ടില്ല. അന്യനായ ഒരാൾ എഴുതുന്നതുപോലെയാണ് ഞാൻ എഴുതിയിരിക്കുന്നത്.

# 2 ജീവിതത്തെ രൂപപ്പെടുത്തിയ ബാല്യകാലാനുഭവങ്ങൾ

[പുറം. 43] പെ. ബ. പ്രിയ പിതാവേ, ഇന്നു ഞാൻ പതിവുപോലെ നാലരയ്ക്കു മുമ്പുതന്നെ എഴുതുവാൻ ഇവിടെ ഒരുങ്ങിവന്നിരുന്നതാണ്. ഇപ്പോൾ സമയം അഞ്ചേമുക്കാൽ ആയി. ഇന്ന് എനിക്കു ശാരീരികമായി ഈ ജോലിക്ക് ഒരു ഉന്മേഷവും തോന്നുന്നില്ല. ഇത്രയും നേരം ഒരു ഇലപോലും അനങ്ങുന്നതു കണ്ടില്ല. വലിയ ചൂടും അനുഭവപ്പെടുന്നു. ഇന്ന് എന്റെ ജീവിതകഥ ആരംഭിക്കുന്നതിനു നിശ്ചയിച്ചിരുന്നതുകൊണ്ട് പതിവുപോലെ എളുപ്പവുമില്ല. രണ്ടുദിവസം മുമ്പ് ഈ സമയത്ത് ഇതു ഭംഗിയായി ആരംഭിക്കുന്നതിനുള്ള കഴിവുണ്ടായിരുന്നു. കർത്താവിന്റെ നേരെ നന്ദിയാൽ എന്റെ ഹൃദയം നിറഞ്ഞ്, പ്രാർത്ഥനാരൂപത്തിൽ അതു സ്വയമെ പുറപ്പെട്ടിരുന്നു. എന്നാൽ അതിനുള്ള സമയമായിട്ടില്ലാത്തതിനാൽ അന്ന് എഴുതിയില്ല. ആരംഭിക്കുന്നതു ശരിയായില്ലെങ്കിൽ തുടർന്ന് എഴുതാൻ വളരെ വിഷമവും സമയനഷ്ടവും അനുഭവപ്പെടും. അതുകൊണ്ടാണ് ഇത്രയും നേരം വെറുതെയിരുന്നത്. ഇന്ന് ഒന്നും എഴുതേണ്ട എന്നു തോന്നിയതാണ്. എങ്കിലും അങ്ങു പറഞ്ഞിട്ട് ഇന്നുവരെ [പുറം 44] ഞാൻ ഇതു മുടക്കിയിട്ടില്ല. അതിനാൽ ഇന്ന് മുടക്കുവാൻ തോന്നുന്നില്ല. എന്തായാലും വേണ്ടില്ല എന്നു കരുതിയാണ് പേന എടുത്തത്. ഇന്നും വല്ലതും എഴുതിവെക്കാം.

**ഓർമ്മയിൽ ആദ്യസംഭവം**

എന്റെ ഓർമ്മയിലുള്ള ആദ്യത്തെ സംഭവം ഒന്നര വയസിൽ മരിച്ച എന്റെ ഇളയ ഒരു സഹോദരിയുടെ ശവസംസ്കാര കർമ്മങ്ങളിലെ വീട്ടിലെ രംഗമാണ് എന്നു തോന്നുന്നു. അവളെ ഞാൻ കണ്ടത് ഓർമ്മിക്കുന്നില്ല. എനിക്കു മൂന്നു വയസാകുന്നതിനു മുമ്പുള്ള സംഭവമാണെന്നു തോന്നുന്നു. അവളുടെ മൃതദേഹം അലങ്കരിക്കുന്നതി

നുള്ള തങ്കച്ചിറകുകൾ പണിയുന്നതു കണ്ടതായി ഇപ്പോഴും ഓർക്കുന്നു. റബേക്ക കൊട്ടിയിരുന്നവരേയും ശവമഞ്ചവും കണ്ട തായി ഞാൻ ഓർക്കുന്നു. എനിക്ക് മൂന്നര വയസുള്ളപ്പോൾ 99-ലെ ആ വലിയ വെള്ളപ്പൊക്കത്തിൽ പുത്തൻവേലിക്കര വെച്ച് മരിച്ച ഒരു പെങ്ങളെയും (ബ. അബ്ദിയാസച്ചന്റെ പെങ്ങൾ) കുഞ്ഞിനേയും ഞങ്ങ ളുടെ വീട്ടിലെ അടുക്കളയിൽ വെച്ച് കണ്ടതായി ഞാൻ ഇപ്പോഴും ഓർക്കുന്നു. ഈ സംഭവങ്ങൾക്ക് എന്റെ ആത്മകഥയിൽ ഒരു സ്ഥാനവു മില്ലെന്നിരുന്നാലും [പുറം 45] ചെറുപ്പത്തിൽ എനിക്കുണ്ടായിരുന്ന ഓർമ്മശക്തി കാണിക്കുന്നതിന് എഴുതിയെന്നെയുള്ളു.

**ജനനം**

ഞാൻ ജനിച്ചത് 1920 നവംബർ 28-ാം തീയതിയാണെന്നാണ് അമ്മ എന്നെ പഠിപ്പി ച്ചിട്ടുള്ളത്. പള്ളിക്കണക്കിൽ (മാമോദീസ രജിസ്റ്ററിൽ) 27-ാം തീയതിയാണെന്നു കേട്ടപ്പോൾ അതു തെറ്റാ ണെന്ന് അമ്മ സംശയം കൂടാതെ പറഞ്ഞിട്ടുണ്ട്. എന്റെ മാമോദീസ പേർ മത്തായി എന്നാണ്. വിളിച്ചിരുന്നത് ഇട്ടൂപ്പുണ്ണി എന്നാണ്. ആദ്യത്തേത് അമ്മയുടെ അപ്പന്റെയും രണ്ടാമത്തെത് അപ്പന്റെ അപ്പന്റെ പേരിനെയും അടിസ്ഥാനമാക്കിയാണ്. എന്നെ മാമോദീസ മുക്കിയത് ഇപ്പോൾ ജീവിച്ചിരിക്കുന്ന ക.നി.മൂ.സ. ബ. അൽപോൻസച്ച നാണെന്നാണു കേട്ടിട്ടുള്ളത്. (അദ്ദേഹം തന്നെയാണ് എനിക്ക് ആദ്യമായി വി. കുർബാന നൽകിയത്).

**സംസാരത്തിൽ നിയന്ത്രണം**

എനിക്ക് നാലരവയസുള്ള പ്പോൾ സ്കൂളിൽ ഞാൻ മുറ പ്രകാരം ചേർക്കപ്പെട്ടു. അതിനുമുമ്പുള്ള പല കാര്യങ്ങളും ഞാൻ ഓർക്കുന്നുണ്ടെങ്കിലും അവർക്ക് ഇവിടെ വലിയ സ്ഥാനമില്ലാത്തതിനാൽ വിട്ടുകളയുന്നു. ഒരു സംഭവം (മിക്കവാറും സ്കൂൾ ജീവിതത്തിനു വളരെ മുമ്പാണ്) എന്റെ സ്വഭാവത്തെ സ്പർശിക്കുന്നതായതിനാൽ കുറിക്കുന്നു, ഞാനും ചെറിയ പെ ങ്ങളും (മേരിയും) കൂടി ശണ്ഠകൂടി എനിക്ക് അരിശം [പുറം 46] സഹി ക്കവയ്യാതായപ്പോൾ ഞാൻ ഒരു ചീത്തവാക്കു വിളിച്ചുപറഞ്ഞു. ഉടനെ അമ്മ ഓടിയെത്തി എന്നെ തല്ലി. അതിൽപിന്നെ ഞാൻ ഒരുത്തരോടും ഒരു ചീത്തവാക്ക് പറഞ്ഞിട്ടില്ല. എന്റെ കുടുംബാംഗങ്ങളിൽ ആരിൽനിന്നും ഒരിക്കലും ഒരു ചീത്തവാക്കു കേൾക്കുന്നതിന് എനിക്ക് ഇടയായിട്ടില്ലാത്തതിനാൽ അപ്രകാരം സൂക്ഷിക്കുന്നതിന്

എളുപ്പവുമായിരുന്നു. സംശയമുള്ള വാക്കുകൾപോലും ഞാൻ ഉപയോഗിക്കാറില്ലായിരുന്നു. അന്യവീട്ടിലെ കുട്ടികൾ ഞങ്ങളുടെ വീട്ടിൽവെച്ച് ചീത്തവാക്കുകൾ പറയുന്നതിനു സാധാരണ തുനിയാറില്ല. ജ്യേഷ്ഠൻ ഈ വിഷയത്തിൽ വളരെ കഠിനമായിട്ടാണ് പെരുമാറാറുള്ളത്. ആരാണ്, എവിടെ വെച്ചാണ് എന്നൊന്നും ജ്യേഷ്ഠൻ നോക്കുകയില്ല. ചീത്തവാക്ക് പറഞ്ഞവനു ജ്യേഷ്ഠനിൽനിന്ന് അതിനുള്ള സമ്മാനം ഉടനെ കിട്ടും. "അതു കുറെ കടന്നുപോയി" എന്ന് പലപ്പോഴും വിമർശനമുണ്ടായിട്ടുണ്ടെങ്കിലും ജ്യേഷ്ഠന്റെ ആ സ്വഭാവത്തിന് ഒരു അയവും വന്നുകണ്ടില്ല.

**കോപശീലത്തെ ജയിക്കുന്നതിന്, ക്ഷമിക്കുന്നതിനു പഠിപ്പിച്ച അനുഭവം**

ഞാൻ അരിശമില്ലാത്തവനായിട്ടാണ് പൊതുവെ അറിയപ്പെടുന്നതെങ്കിലും ഈ വികാരത്തെ ഒതുക്കുവാൻ സഹിച്ചിട്ടുള്ളേടത്തോളം മറ്റു യാതൊന്നിനെക്കുറിച്ചും [പുറം 47] സഹിച്ചിട്ടില്ല. ദൈവാനുഗ്രഹത്താൽ ഞാൻ ഇതിൽ വളരെയധികം വിജയിച്ചിട്ടുമുണ്ട്. ഞാൻ ഒരു മുൻകോപിയല്ലാതിരുന്നതിനാൽ മറ്റുള്ളവരുടെ ദൃഷ്ടിയിൽ എന്റെ കോപം അധികം പ്രത്യക്ഷപെട്ടിട്ടില്ല. എന്നാൽ മുൻകോപികൾ സാധാരണയായി എളുപ്പത്തിൽ അവരുടെ കോപകാരണം മറക്കുകയോ അവരുടെ കോപത്തെക്കുറിച്ച് മനസ്തപിക്കുകയോ ചെയ്യുന്നു. അവർക്ക് രമ്യപ്പെടുവാൻ എളുപ്പമാണ്. ഇതല്ലായിരുന്നു എന്റെ സ്ഥിതി. പ്രകൃത്യാ ചിന്താശീലനായിരുന്ന ഞാൻ കോപിച്ചിരുന്നത് ഏതെങ്കിലും ന്യായത്തോടുകൂടിയാണ്. അകാരണമായി കോപിച്ചു എന്നതിനെക്കുറിച്ച് മനസ്തപിക്കുവാൻ സാധാരണ ആവശ്യപ്പെടുകയില്ലായിരുന്നു. ചിന്തയോടുകൂടിയും ന്യായത്തോടുകൂടിയും ആയിരുന്നതിനാൽ അത് എന്നിൽ ആഴമായി പതിയുകയും സദാ ഓർമ്മയിൽ നിൽക്കുകയും ചെയ്യുമായിരുന്നു. പകരം വീട്ടുന്നതിന് അവസരം പാർത്തിരിക്കുകയും ചെയ്യുമായിരുന്നു. ഞാൻ വലിയ മറവിക്കാരനായിരുന്ന കാലങ്ങളിലും ഈ വിഷയത്തിൽ മറവിയില്ലായിരുന്നു. ഞാൻ മുഴുവൻ ചൂടുപിടിച്ചിരിക്കുകയും ആ സ്ഥിതിയിൽ ദിവസം മുഴുവൻ കഴിച്ചുകൂട്ടേണ്ടതായിവരികയും ചെയ്തിട്ടുണ്ട്. അതിനെതിരായി ഇടവിടാതെ പ്രാർത്ഥനയോടുകൂടി [പുറം 48] പരിശ്രമിച്ചിരുന്ന കാലങ്ങളിലെ സ്ഥിതിയാണ് ഞാൻ ഈ ഒടുവിൽ പറഞ്ഞത്. മനഃപൂർവ്വം വഴിപ്പെട്ടിട്ടില്ലെങ്കിലും

ആ വികാരത്തെ ഒതുക്കുവാൻ പലദിവസങ്ങൾതന്നെ ചിലപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു വാസ്തവത്തിൽ ഒരു വലിയ സഹനം തന്നെയായിരുന്നു ഈ ദുർഗുണത്തെ ജയിക്കുന്നതിനുള്ള പ്രേരണ ഓർമ്മവെച്ചനാൾ മുതൽ ദൈവാനുഗ്രഹത്താൽ എനിക്കു ലഭിച്ചിരുന്നു. എന്റെ സ്കൂൾ ജീവിതകാലത്തിനുമുമ്പ് സംഭവിച്ചതെന്നു ഞാൻ ഓർമ്മിക്കുന്ന ഒരു ചെറിയ സംഭവം എന്റെ ഓർമ്മയിൽ വന്നപ്പോഴാണ് ഞാൻ ഇത്രയും എഴുതുവാനിടയായത്.

ഞാനും മറ്റത്തിലെ അമ്മായിയുടെ മകൻ തോമസും തമ്മിൽ കളിച്ചുകൊണ്ടിരുന്നപ്പോൾ എന്തോ കാരണത്താൽ വഴക്കുണ്ടായി. ഞങ്ങൾ തമ്മിൽ ഒരു ദിവസത്തെ പ്രായവ്യത്യാസമെ ഉള്ളു യെങ്കിലും അവൻ എന്നെക്കാൾ ശക്തിയുള്ളവനായിരുന്നതു കൊണ്ട് തൽക്കാലം എനിക്കു തോൽവിയാണുണ്ടായത്. കുട്ടികൾ തമ്മിൽ ശണ്ഠകൂടി തോൽക്കുന്നയാൾ പറയാറുള്ള ഒരു വാചകമുണ്ട്, “ഇന്നു രാത്രി നീ ഉറങ്ങുമ്പോൾ ഞാൻ കാണിച്ചുതരാം.” എനിക്കും തൽക്കാലം ആ വാചകം ഉരുവിട്ട് [പുറം 49] സമാധാനിക്കേണ്ട തായി വന്നു. എന്നാൽ കുട്ടികളുടെ പ്രകൃതി അറിയാവുന്നവർ ക്കറിയാം അവർക്ക് ആ വാക്കു പാലിക്കുവാൻ കഴികയില്ലെന്നും അവർ എത്ര ശണ്ഠ കൂടിയാലും അടുത്ത നിമിഷം അതു മറന്ന് തമ്മിൽ ഒന്നിച്ചുകൂടി കളിക്കുന്നതു കാണാം. ഇത് അവർക്കുള്ള ഒരു ഗുണമാണ്. ഞാൻ പറഞ്ഞതു കേട്ടിരുന്നവർ അവിടെയിരുന്നു വിമർശിക്കുന്നത് ഞാൻ കേട്ടു. “കുട്ടികൾ എത്ര പ്രാവശ്യം ഇതുപോ ലെ പറയാറുണ്ട്. എന്നാൽ ഒരിക്കലെങ്കിലും അവർ അതു ചെയ്തു കണ്ടിട്ടില്ല.”

എന്നാൽ ഞാൻ പറഞ്ഞതു പറഞ്ഞതുതന്നെയാണ്, ഞങ്ങൾ ഉടനെ പിരിഞ്ഞു. സന്ധ്യയാകുന്നവരെ കളിച്ചുമില്ല. ഞാൻ അവൻ ഉറങ്ങുന്നതു നോക്കിയിരിക്കയായിരുന്നു. രാത്രിയായപ്പോൾ അവൻ കിടക്കുന്നതിനു പായ് വിരിക്കുവാൻ ഭാവിക്കയിൽ ഞാൻ പുറകെ ചെന്ന് ഒന്നു നുള്ളിയിട്ട് ഓടിപ്പോയി. അവൻ ഞാൻ വിചാരിച്ചതു പോലെ പുറകെ വന്നില്ല. അത് എന്നെ ചിന്തിപ്പിച്ചു. അത് ഒരു വിജയമായി എനിക്കനുഭവപ്പെട്ടില്ല. അതിൽനിന്ന് എനിക്ക് ഒരു തൃപ്തിയുമുണ്ടായില്ല. അതിസ്വഭാവിക ന്യായങ്ങൾക്ക് [പുറം 50] കാലമായിട്ടില്ലായിരുന്നെങ്കിലും എന്റെ ആ ദുർഗുണത്തിനെതിരായ സമരം അന്നു ഞാനറിയാതെ എന്നിൽ ആരംഭിച്ചു. പ്രത്യേക

നിശ്ചയമെന്നും ഞാൻ ചെയ്തതായി ഞാൻ ഓർക്കുന്നില്ല. ആ അതൃപ്തി സ്വാഭാവികമായ അസ്പഷ്ടമായ ഒരു പ്രേരണയായിരുന്നു. എന്നാൽ അതൊരു നിശ്ചയമായി രൂപാന്തരപ്പെടുവാൻ ഏകദേശം ഒരു കൊല്ലംകൂടെ വേണ്ടിവന്നു.

**മകനെ തിരുത്തുന്നതിൽ അപ്പന്റെ വിവേകം**

ഞാൻ ആദ്യമായി സ്കൂളിൽ പോയ ദിവസമോ അതിന്റെ പിറ്റേ ദിവസമോ ആണ് കൊച്ചുത്രേസ്യ ജനിച്ചത്. എനിക്കു ആദ്യദിവസങ്ങളിൽ സ്കൂളിൽ പോകുവാൻ മടിയായിരുന്നു. ഒന്നുരണ്ടു ദിവസം ഞാൻ പോയില്ല. പിറ്റെദിവസം അപ്പൻ അതറിഞ്ഞ് എന്നെ സ്കൂളിൽ വിടുവാൻ തീർച്ചയാക്കി. വളരെ നയത്തോടുകൂടിയാണ് അപ്പൻ പ്രവർത്തിച്ചത്. എന്നെക്കാൾ പ്രായമുള്ള കുട്ടികൾ ഞങ്ങളുടെ മുറ്റത്തുകൂടി സ്കൂളിലേക്കു പോയിരുന്നു. അപ്പൻ അവരെ വിളിച്ച് എന്തുകൊണ്ടാണ് എന്നെ തലേദിവസങ്ങളിൽ കൊണ്ടുപോകാഞ്ഞതെന്നു ചോദിക്കയും ഇനി പതിവായി എന്നെ കൊണ്ടുപോകണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. അപ്പന്റെ സംസാരം ഞാൻ വളരെ ഉത്സാഹമുള്ളവനാണെന്നും അവരുടെ [പുറം 51] കുറ്റംകൊണ്ടുമാത്രമാണ് ഞാൻ സ്കൂളിൽ പോകാതിരിക്കാൻ ഇടയായതെന്നുമുള്ള ഭാവമായിരുന്നു. ആ കുട്ടികളും അപ്പന്റെ ഉപദേശം മനസിലാക്കി സൂത്രത്തിൻ അവരുടെ കുറ്റം ഏറ്റുപറയുന്ന ഭാവം നടിച്ചു. എന്റെ അഭിമാനത്തിന് ഒട്ടും ക്ഷതം പറ്റാത്തതിനാൽ ഞാനും ഉത്സാഹമുള്ളവന്റെ വേഷംകെട്ടി. അവരെല്ലാം എന്നെ ആദരിച്ചു സംസാരിക്കയും പ്രവർത്തിക്കയും ചെയ്തെങ്കിലും എനിക്ക് ഞാൻ തന്നെയാണ് കുറ്റക്കാരനെന്നുള്ള ബോദ്ധ്യമുണ്ടായിരുന്നു. എങ്കിലും പുറത്തു കാണിച്ചില്ല. അന്നുമുതൽ എന്നെ ആരും അക്കാര്യത്തിൽ നിർബന്ധിക്കുവാൻ ആവശ്യമുണ്ടായിട്ടില്ല.

സ്കൂളിൽ ചേർന്നിട്ട് ആദ്യത്തെ ആഴ്ചയിൽ തന്നെയാണെന്നു തോന്നുന്നു. ഒരു ദിവസം സ്കൂളിലെ പഠനസമയമെല്ലാം കഴിഞ്ഞു നാലു മണിക്കു കുട്ടികൾ മുറ്റത്തു കളിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ സ്കൂളിന്റെ വാതുക്കൽവരെ നോക്കിനിൽക്കുകയായിരുന്നു. അപ്പോൾ ഹെഡ്മാസ്റ്റർ (ചെള്ളി ജോസഫ് മാസ്റ്റർ) വന്ന് കുട്ടികളുടെ കൂട്ടത്തിൽകൂടി കളിക്കുന്നതിനു നിർബന്ധിച്ചു. അന്നുമുതൽ കളിക്കുന്നതിന് ഒട്ടും മടികാണിച്ചിട്ടില്ലെന്നു മാത്രമല്ല

കളിയിൽ എനിക്കു വലിയ ഭ്രമമായിരുന്നു. എങ്കിലും വീട്ടിൽ അംഗീകരിക്കുമെന്നു ബോദ്ധ്യമുള്ള കളികളിലും കൂട്ടുകാരുടെ കൂടെയും [പുറം 52] മാത്രമെ കളിക്കുകയുള്ളു. കളികളിൽ തർക്കമുണ്ടായി കുട്ടികൾ കളി നിർത്തുമ്പോൾ കളിക്കുവാനുള്ള അതിയായ ആഗ്രഹംകൊണ്ട് ഏതു വിട്ടുവീഴ്ചക്കും ഞാൻ ഒരുങ്ങുമായിരുന്നു. എങ്കിലും അസത്യം ഏറ്റുപറഞ്ഞ് അവരുടെ അവകാശവാദങ്ങൾക്കു വഴിപ്പെടുകയില്ലായിരുന്നു. ജയിക്കുന്നതിനു വാശിയോടെ കളിക്കുമായിരുന്നെങ്കിലും ജയപരാജയങ്ങളെ നോക്കാതെ കളിക്കുവേണ്ടിത്തന്നെ കളിക്കുന്നതിനും ഒരുക്കമായിരുന്നു. പ്രൈമറി സ്കൂളിൽ പഠിക്കുമ്പോൾ ഓടുന്നതിന് ആവശ്യമുള്ള കളികളിലാണ് ഏർപ്പെട്ടിരുന്നത്. ഇന്നും കളിക്കുന്നതിനു വളരെ താൽപര്യമാണ്.

സ്കൂൾ ജീവിതത്തിലെ എന്റെ ആദ്യകൊല്ലം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇതുവരെ വിവരിച്ചിട്ടുള്ളവയിൽ എന്റെ ബുദ്ധിക്കു വലിയ സ്ഥാനമുണ്ടായിട്ടില്ല. അഞ്ചു വയസായതോടുകൂടിയാണ് ഞാൻ ന്യായസഹിതം ചിന്തിക്കുവാനും തീരുമാനിക്കുവാനും അതിനനുസരിച്ച് പ്രവർത്തിക്കുവാനും തുടങ്ങിയതായി കാണുന്നത്.

**കോപവും വാശിയും അടക്കിയപ്പോൾ സംഭവിച്ചത്**

ഞാൻ ജന്മനാ വളരെ അരിശവും വാശിയും ഉള്ളവനായിരുന്നെന്നു ഞാൻ വിചാരിക്കുന്നു. [പുറം 53] എന്റെ ജീവിതത്തിലെ ഈ കാലഘട്ടത്തെ ഉദ്ദേശിച്ചായിരിക്കണം പിൽക്കാലത്ത് മറ്റത്തിലെ ഐപ്പുണ്ണി അച്ചൻ വിമർശിച്ചത്. അദ്ദേഹത്തിന്റെ മകൻ കൊച്ചുമാത്തു ചെറുപ്പത്തിൽ വളരെ വാശിയുള്ളവനായിരുന്നു. (അമ്മായിയുടെ മക്കളിൽ എനിക്ക് അവനെക്കുറിച്ചായിരുന്നു ഏറ്റവും കൂടുതൽ മതിപ്പുണ്ടായിരുന്നത്. അവനു രണ്ടുമൂന്ന് വയസ്സുള്ളപ്പോൾ അവനെ ഞാൻ കൊണ്ടുനടന്നു കളിപ്പിച്ചിരുന്നു. അവന്റെ അന്നത്തെ ചിന്താശീലവും വാശിയും സംസാരവും കളികളും എന്നെ വളരെ ആകർഷിച്ചിരുന്നു. അവൻ ഒരു വൈദികനാകുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു). അവനെ അതിനെക്കുറിച്ച് അവന്റെ അമ്മ ശിക്ഷിച്ചിരുന്നപ്പോൾ അവന്റെ അപ്പൻ പറയുമായിരുന്നത്രെ, “കുട്ടികൾ ചെറുപ്പത്തിൽ കുറച്ച് വാശിയുള്ളതുകൊണ്ട് തരക്കേടൊന്നുമില്ല. ആനട്ടിമാരോടത്തെ (വാക്കുകൾ കൃത്യമായി ഓർക്കുന്നില്ല.

ആശയമേ നോക്കുന്നുള്ളു.) ഇട്ടൂപ്പുണ്ണിക്കുട്ടി എങ്ങിയൊയിരുന്നു?" ചൂടുള്ള കഞ്ഞി എനിക്കു വളരെ അരിശം വരുത്തുന്ന ഒന്നായിരുന്നു. മുളക് കൂടുതലുള്ള കറിയും കൂടെ ഒത്തുപോയാൽ എന്റെ അരിശത്തിന് ഒരു അളവുമില്ലായിരുന്നു [പുറം 54]. ആ കാലത്ത് പലപ്പോഴും ഞാൻ കഞ്ഞി ഒഴിച്ചുവെച്ചിരുന്ന കിണ്ണങ്ങൾ കാലുകൊണ്ടു തൊഴിച്ചതായും അതിനു തല്ലു കിട്ടിയിരുന്നതായും ഞാൻ ഓർക്കുന്നുണ്ട്. എന്റെ ആ ദുർഗുണത്തെ താലോലിക്കുന്ന ഒരു അന്തരീക്ഷമല്ല വീട്ടിലുള്ളതെന്നു മനസിലാക്കുന്നതിന് എനിക്ക് അധിക കാലതാമസം വേണ്ടിവന്നില്ല. ഈ കാലഘട്ടത്തിൽതന്നെയാണ് എന്റെ ജീവിതത്തെ മുഴുവൻ സ്പർശിച്ച ഒരു സംഭവം നടന്നത്. ഞങ്ങളുടെ ക്ലാസിൽ ആ ദിവസം കുറെ സമയത്തേക്ക് ആരും പഠിപ്പിക്കാനില്ലായിരുന്നെന്നു തോന്നുന്നു. എന്റെ പുറകിലിരുന്നിരുന്നവരിൽ ഒരു കുട്ടി എന്റെ തലയ്ക്കു തോണ്ടുവാൻ തുടങ്ങി. തിരിഞ്ഞു നോക്കുമ്പോൾ ആരാണെന്നും എന്തിനാണെന്നും പറയുവാനുള്ള ഭാവം ആർക്കും കാണുകയില്ല. രണ്ടുമൂന്നു കഴിഞ്ഞപ്പോൾ അതു കളിപ്പിക്കലാണെന്ന് മനസ്സിലായി. പിന്നെ ഞാൻ തിരിഞ്ഞുനോക്കൽ നിർത്തി. എങ്കിലും ആരാണെന്ന് അറിയാൻ പുറകിലോട്ടു സൂത്രത്തിൽ നോക്കിക്കൊണ്ടിരുന്നു, കുറച്ചുകൂടെ കഴിഞ്ഞപ്പോൾ ആളെ പിടികിട്ടി. ആ കുട്ടിയുടെ കൈവിരൽ പിടിച്ചു കടിക്കുകയാണ് ഞാൻ ഉടനെ ചെയ്തത്. വിവരമറിഞ്ഞ് ഹെഡ്മാസ്റ്റർ ക്ലാസിലേക്കു വന്ന്, എന്നെ [പുറം 55] ശാസിച്ച്, എന്റെ തെറ്റു തിരുത്തി. എന്ത് ശിക്ഷയാണ് തന്നതെന്നു ഞാൻ ഓർക്കുന്നില്ല. അദ്ദേഹത്തിന്റെ ശിക്ഷയോ ശാസനയോ അല്ല എന്നെ സ്പർശിച്ചത്. എന്റെ ബുദ്ധിയെയാണ് അദ്ദേഹം കൂടുതൽ സ്പർശിച്ചത്. അതിസ്വാഭാവിക ന്യായങ്ങൾകൊണ്ടല്ല എന്നെ ഉപദേശിച്ചത് എന്നു തോന്നുന്നു. മാന്യകുടുംബത്തിൽപെട്ട എനിക്ക് അപ്രകാരമുള്ള പകരംവീട്ടൽ ഒട്ടും യോജിച്ചതല്ലെന്നാണ് എനിക്കു കൂടുതൽ മനസ്സിലായത്. സ്കൂളിൽ എന്തെങ്കിലും മറ്റുള്ളവരിൽനിന്നു സഹിക്കാനുണ്ടായാൽ അദ്ധ്യാപകരെ അറിയിച്ച് നിവർത്തിമാർഗ്ഗം ആരായുന്നതല്ലാതെ നേരിട്ട് മറ്റു കുട്ടികളെ ശിക്ഷിക്കരുതെന്നും എനിക്കു മനസ്സിലായി. ഹെഡ്മാസ്റ്റർ എന്നെ വളരെ സ്നേഹിച്ചിരുന്ന ഒരാളായിരുന്നു. അപ്പൻ മാനേജർ ആയിരുന്നതുകൊണ്ട് ശമ്പളം വാങ്ങിക്കുന്നതിനും സ്കൂൾ സംബന്ധിച്ച മറ്റുകാര്യങ്ങൾ പറയുന്നതിനും അദ്ദേഹം കൂടെക്കൂടെ വീട്ടിൽ

വന്നിരുന്നു. അങ്ങിനെയുള്ള അവസരങ്ങളിൽ എന്നെ മടിയിൽവെച്ച് താലോലിക്കുകയും ചെയ്തിരുന്നതാണ്. ആ ആൾതന്നെ മറ്റെ കുട്ടിയെ ഒട്ടും ശാസിക്കാതെ എന്നെമാത്രം ശിക്ഷിച്ചതും ശാസിച്ചതും എന്നെ പ്രത്യേകം സ്പർശിച്ചു. പകരം വീട്ടൽ അത്രയ്ക്കു [പുറം 56] കുറ്റകരമാണെന്നുള്ളതുകൊണ്ടല്ലാതെ മറ്റൊരു കാരണത്താലും അപ്രകാരം അദ്ദേഹം ചെയ്യുകയില്ല എന്ന് ഞാൻ മനസ്സിലാക്കി. അദ്ദേഹത്തെക്കുറിച്ച് എനിക്ക് മതിപ്പും സ്നേഹവും ഉണ്ടായിരുന്നു. എന്റെ തെറ്റിനെക്കുറിച്ച് അന്ന് എനിക്ക് ലജ്ജ തോന്നത്തക്കവണ്ണം അത്ര സാമർത്ഥ്യപൂർവ്വം എന്നോട് പെരുമാറിയ അദ്ദേഹത്തെ ഞാൻ എന്നും നന്ദിയോടുകൂടി ഓർത്തിരുന്നു. പിൽകാലത്ത് ഒരിക്കലും ആരും സ്കൂളിൽ എന്നെക്കുറിച്ച് പരാതിപ്പെട്ടിട്ടില്ലെന്നാണ് എന്റെ ഓർമ്മ. മേൽവിവരിച്ച സംഭവം കഴിഞ്ഞ് അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ വീട്ടിൽനിന്ന് പ്രതികാരത്തെ മുടക്കുന്ന അതിസ്വഭാവിക ന്യായങ്ങളും എനിക്കു ലഭിച്ചു. അതാണ് പൂർണ്ണവും സ്ഥിരവുമായ പരിവർത്തനം എന്നിൽ സാധിച്ചത്. എന്നാൽ പ്രശാന്തമായ ഒരന്തരീക്ഷത്തിലേയ്ക്കു എത്തിച്ചേരുന്നതിനുമുമ്പായി വളരെയധികം സഹിക്കേണ്ടതുണ്ടായിരുന്നു. പ്രതികാരവും കോപപ്രകടനങ്ങളും പാപമാണെന്നും മാന്യതക്ക് ഒട്ടും യോജിച്ചതല്ലെന്നും സ്കൂളിലായാലും വീട്ടിലായാലും ശിക്ഷിക്കപ്പെടുമെന്നും [പുറം 57] ബോദ്ധ്യമായപ്പോൾ തിന്മകളായി എനിക്കു പ്രത്യക്ഷപ്പെട്ടവയുടെ മുമ്പാകെ ഞാൻ നിസ്സഹായനായിത്തീർന്നു. എതിർക്കുവാൻ പാടില്ലെന്നായപ്പോൾ സഹിക്കാതെ ഗത്യന്തരമില്ലെന്നായി. സഹനത്തിന്റെ മാഹാത്മ്യം ഗ്രഹിക്കുവാൻ എനിക്കു കഴിഞ്ഞുമില്ല. ആകയാൽ ആറു വയസ്സു കഴിഞ്ഞപ്പോഴെക്കും മറ്റൊരു പ്രകൃതം (Temperament) എന്നിൽ ശക്തിയായി പ്രത്യക്ഷപ്പെട്ടു. മുമ്പ് ഞാൻ കോപിച്ചിരുന്ന ചുറ്റുപാടിൽ ഇപ്പോൾ അധികമവസരങ്ങളിലും ആശ്വസിപ്പിക്കപ്പെടുവാൻ വയ്യാത്തവണ്ണം കരയുവാൻ തുടങ്ങി. ജീവിതത്തെക്കുറിച്ചു മടുപ്പും എന്നിൽ ഉണ്ടായി. കാലഘട്ടം കൃത്യമായി ഓർക്കുന്നില്ല. എങ്കിലും എട്ടുവയസിനുമുമ്പ് ഞാൻ ചിന്തിച്ചതായി ഓർക്കുന്നു: "ദൈവം എന്നെ സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ നന്നായിരുന്നു. എത്രയേറെ ക്ലേശങ്ങൾ ഞാൻ സഹിക്കേണ്ടതായി വന്നിരിക്കുന്നു. ഇനി മരിച്ചാലും സ്വർഗ്ഗത്തിൽ പോകുമെന്ന് എന്ത് തീർച്ചയാണുള്ളത്?" ഇത് ഒരു പ്രാവശ്യം എന്റെ ചിന്ത

യിൽ വന്ന സമയവും സ്ഥലവും ഞാൻ ഓർക്കുന്നു. ആ കാലത്ത് കൂടെക്കൂടെ എന്നെ അലട്ടിയിരുന്ന ഒരു [പുറം 58] ചിന്തയാണ് അത്. എന്നാൽ ദൈവകൃപയും വിശ്വാസത്തിന്റെ വെളിച്ചവും അഞ്ചുവയസുള്ളപ്പോൾ മുതൽ എനിക്കു സുലഭമായി ലഭിച്ചിരുന്നതു കൊണ്ട്, ക്രമേണ, ജീവിതത്തെക്കുറിച്ചുള്ള നിരാശാപരമായ ചിന്താഗതിയിൽനിന്നു രക്ഷപ്പെട്ടു. ചെറുപ്പത്തിൽതന്നെ എന്നിൽ പ്രത്യക്ഷപ്പെട്ട ഈ വികാരങ്ങളോട് കുറേ പ്രായമായിട്ടും എനിക്കു പോരാടേണ്ടതായിട്ടുണ്ടായിരുന്നു. കോപത്തിലും വാശിയിലും ഒരു നല്ല വശമുണ്ടെന്ന് ബാല്യകാലം കഴിയാറായപ്പോഴേക്കും എനിക്കു മനസ്സിലായിത്തുടങ്ങി. നിശ്ചയദാർഢ്യം എന്ന നിലയിൽ വാശി ഞാൻ മതിക്കുവാനും തുടങ്ങി. കോപവും വാശിയും തടയപ്പെട്ടപ്പോൾ എന്നിൽ പ്രത്യക്ഷപ്പെട്ട ആ പ്രകൃതം എനിക്കു കൂടുതൽ ഉപദ്രവം ചെയ്യുമായിരുന്നു. ദൈവവിശ്വാസവും ആ വിശ്വാസസത്യങ്ങളിന്മേൽ അടിയുറച്ച ഉന്നതാദർശങ്ങളുമാണ് എനിക്ക് വീണ്ടും ജീവനും ഉന്മേഷവും നൽകി എന്നെ രക്ഷിച്ചത്.

**ദൈവകൃപയും വിശ്വാസവെളിച്ചവും**

അഞ്ചുവയസുള്ളപ്പോൾ മുതൽ എനിക്കു ദൈവകൃപയും വിശ്വാസവെളിച്ചവും [പുറം 59] സുലഭമായി ലഭിച്ചിരുന്നെന്നു ഞാൻ പറഞ്ഞു. അതിന് ഒരു ഉദാഹരണം പറയാം. ഏകദേശം അഞ്ചു വയസുള്ളപ്പോൾ ഒരുദിവസം ഞാനും ജ്യേഷ്ഠനും കൂടി അച്ചന്റെ വീട്ടിൽ നിന്നു ഞങ്ങളുടെ വീട്ടിലേക്ക് പോന്നപ്പോൾ എഡ്വേഡ് റോസിന്റെ കുറെ കമ്പുകൾ കൊണ്ടുവന്നു. അവ നട്ട് കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരെണ്ണത്തിന്മേൽ ആദ്യം വന്ന ശിഖരത്തിൽതന്നെ ഒരു പൂ വിരിഞ്ഞു. നാലുമണിയായപ്പോൾ ആ പൂ കാണാതായിപ്പോയി. പൂ പറിച്ചയാൾ ബലം ചെയ്തതുകൊണ്ട് വേരു പിടിച്ച് തുടങ്ങുക മാത്രം ചെയ്തിരുന്ന ആ ചെടിയുടെ കട ഇളകുകയും ചെയ്തിരുന്നു. ജ്യേഷ്ഠൻ അത് ആരാണ് പറിച്ചു കൊണ്ടുപോയതെന്ന് അന്വേഷിച്ച് എന്റെ അടുത്തുവന്നു ചോദിച്ചു. ഞാൻ അറിഞ്ഞില്ല എന്ന് മറുപടി പറഞ്ഞു. എങ്കിലും ഞാൻ കള്ളം പറയുകയാണെന്ന ഭാവത്തിൽ വീണ്ടും വീണ്ടും എന്നോടു ചോദിച്ചുകൊണ്ടിരുന്നു. അത് എനിക്കു സഹിക്കുവാൻ കുറച്ചു വിഷമമുള്ള ഒന്നായിരുന്നു. അപ്പോൾ കോപമോ സങ്കടമോ കൂടാതെ ജ്യേഷ്ഠൻ ഇഷ്ടമുള്ളത് എന്നെക്കുറിച്ചു വിചാരിച്ചുകൊള്ളട്ടെ,

ദൈവം സത്യമറിയുന്നു എന്ന് വിചാരിച്ച് ശാന്തമായിരിക്കുന്നതിന് [പുറം 60] എനിക്കു സാധിച്ചു.

ഈ കാലഘട്ടത്തിൽതന്നെ വിശ്വാസത്തിന്റെ പ്രവർത്തനത്തിനു തുടർച്ചയായി അവസരം നൽകിയിരുന്ന മറ്റൊന്ന് പറയാം. പിശാചിനെക്കുറിച്ചുള്ള കഥകൾ ധാരാളം കേട്ടിരുന്ന കാലമായിരുന്നു. ഞാൻ പ്രകൃതിയാലെ വളരെ ഭയമുള്ളവനാണ്. അന്ന് വീട്ടിൽ ഇരുട്ടായിത്തുടങ്ങിയാൽ ഒരു മുറിയിൽനിന്ന് മറ്റൊരു മുറിയിലേക്കുപോലും കൂട്ടുകൂടാതെ പോകാൻ ഭയപ്പെടുന്ന കാലമായിരുന്നു. വീട്ടിൽനിന്ന് പള്ളിയിലേക്കു പോകുന്ന വഴിയരികെ കാടായിരുന്ന ഒരു സ്ഥലമുണ്ട്. ആ സ്ഥലത്തെക്കുറിച്ചു പല ഭയങ്കര കഥകളും കേട്ടിരുന്നതാണ്. നടന്നു പോകുന്ന തോടിന്റെ രണ്ട് വശത്തും കാടുപിടിച്ച് ഉയർന്നുനിന്നിരുന്ന ചെടികളും വള്ളികളും തമ്മിൽ മുട്ടിയിരുന്നു. പിശാച് ജന്തുക്കളുടെ രൂപത്തിൽ ഒരു വശത്ത് നിന്ന് മറുവശത്തോട്ടു ചാടി പലരേയും പേടിപ്പിച്ചിട്ടുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ആ വഴിയിൽകൂടി അതികാലത്ത് പള്ളിയിൽ പോകുക എന്നത് എനിക്ക് ആ കാലത്തു വളരെ പ്രയാസമേറിയ [പുറം. 61] ഒന്നായിരുന്നു. കാടിന്റെ അതിർത്തിയിൽ എത്തുമ്പോൾ യാത്രക്കാരായി ആരെയെങ്കിലും കണ്ടുമുട്ടിയാൽ വലിയ ഭാഗ്യമായിട്ടാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ ഞാൻ പള്ളിയിൽ പോയിരുന്ന സമയത്ത് മിക്കവാറും ആരെയും കാണുകയില്ല. (മടക്കത്തിന് കാണാൻ എളുപ്പമുണ്ട്.) അതുകൊണ്ട് കാടിന്റെ അതിർത്തിയിലെത്തുമ്പോൾ നല്ലവണ്ണം പ്രാർത്ഥിച്ചു തുടങ്ങും. ഷർട്ടിനടിയിൽ ഇടാറുള്ള മാലയും കുരിശും പുറത്തിടും. കുരിശ് പിശാച് പേടിക്കുന്ന ഒന്നായതുകൊണ്ട് അതു ഷർട്ടിനുമീതെ ഇട്ട് ധൈര്യമായി നടക്കും. (അവിടം കഴിയുന്നതുവരെ മാത്രമെ ഞാൻ മനഃപൂർവ്വം കുരിശ് പുറത്ത് ഇടുമായിരുന്നുള്ളു. അല്ലെങ്കിൽ വീട്ടിൽനിന്നു പുറപ്പെടുമ്പോൾതന്നെ അമ്മയോ പെങ്ങളോ അതു പുറത്ത് ഇടണം. എനിക്കു ബുദ്ധിയുടെ പ്രയോഗം വന്ന നാൾമുതൽ പ്രത്യേകം ചില അവസരങ്ങളിലൊഴികെ ആഭരണങ്ങൾ അണിഞ്ഞു നടപ്പാൻ ഇഷ്ടമില്ലായിരുന്നു.) വീട്ടിൽനിന്ന് പള്ളിയിലേക്ക് മുക്കാൽ മൈൽ കാണും. ആറു വയസ്സാകുന്നതിനുമുമ്പുള്ള ആ കാലത്ത് തനിച്ച് പതിവായി പള്ളിയിൽ പോയിരുന്നത് 'നല്ല കുട്ടി'യായിത്തീരുവാൻ വേണ്ടിയായിരുന്നു. ഈ കാലത്ത് [പുറം 62] വലിയ പെങ്ങൾ

കണ്ടശാങ്കടവ് മഠം വക സ്കൂളിൽ ബോർഡറായി പഠിക്കുകയായിരുന്നു. ആകെ ഒരു കൊല്ലമേ അവിടെ പഠിച്ചിട്ടുള്ളു. പിന്നീട് എനിക്കു പ്രായമായപ്പോൾ ഞങ്ങൾ ആത്മീയകാര്യങ്ങളെക്കുറിച്ചു സംസാരിച്ചിരുന്ന ഒരവസരത്തിൽ പെങ്ങൾ എന്നോടു പറയുകയുണ്ടായി, പെങ്ങൾ അവിടെയായിരുന്നപ്പോൾ അമ്മയുടെ ഒരെഴുത്തിൽ നിന്ന് ഞാൻ എന്നും പള്ളിയിൽ പോയിരുന്നെന്ന് അറിഞ്ഞുവെന്ന്. എനിക്ക് അഞ്ചു വയസുള്ളപ്പോഴാണ് തനിച്ച്, പതിവായി ഞാൻ പള്ളിയിൽ പോയി തുടങ്ങിയതെന്നുള്ള നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നത്, അന്നാണ് പെങ്ങൾ കണ്ടശാങ്കടവ് പഠിച്ചിരുന്നത് എന്നുള്ള അറിവുവെച്ചുകൊണ്ടാണ്. ഇതിനുമുമ്പ് ഞാൻ ഈ പുസ്തകത്തിൽ ചെയ്തിട്ടുള്ള പല കാലനിർണയങ്ങളും സമകാലീനങ്ങളായ മറ്റു സംഭവങ്ങളുടെ ഓർമ്മയിൽ നിന്നാണ്. ആവശ്യമെങ്കിൽ പലതും ഒത്തുനോക്കാവുന്നവയാണ്. സംഭവങ്ങൾ പലതും കൃത്യമായി ഓർക്കുന്നുണ്ടെങ്കിലും അവയുടെ കാലം ഞാൻ ഓർക്കുന്നില്ല. ഇതിൽ കാലനിർണ്ണയം പലപ്പോഴും ബുദ്ധിയുടെ അനുമാനങ്ങളാണ്. ചിലപ്പോൾ [പുറം 63] തെറ്റുവാൻ പാടുണ്ട്.

പെങ്ങൾ കണ്ടശാങ്കടവിൽനിന്ന് എഴുതിയ ഒരെഴുത്ത് ഞാൻ ഓർക്കുന്നുണ്ട്. അതിൽ ഇരുപത്തഞ്ചു നോമ്പിൽ എല്ലാ ദിവസവും 40 നന്മനിറഞ്ഞ മറിയം ചൊല്ലി ഉണ്ണിയീശോയ്ക്ക് കാഴ്ചവെക്കുന്ന ഭക്തകൃത്യത്തെക്കുറിച്ച് ഓർപ്പിച്ചിരുന്നു. അത് അന്ന് വായിച്ചു കേട്ടപ്പോൾ ഞങ്ങൾക്കു വളരെ തഴക്കമുള്ള ഒന്ന് ഓർപ്പിച്ചതുപോലെയെ തോന്നിയുള്ളു.

### ദൈവവിളിയുടെ ആദ്യാനുഭവം, പെങ്ങളെ അനുകരിച്ചുള്ള പുണ്യാഭ്യസനം

ഇത്രയും പറഞ്ഞപ്പോൾ വേറൊരു സംഗതി ഓർമ്മയിൽ വരുന്നു. വലിയ ക്രമീകരണമൊന്നും കൂടാതെ ഓർമ്മയിൽ വരുന്നത് എഴുതാമെന്ന് അങ്ങ് പറഞ്ഞിട്ടുള്ളതുകൊണ്ടാണ് ആശയങ്ങളെ പരസ്പരം യോജിപ്പിക്കാനുള്ള ശ്രമംകൂടാതെ ഓരോന്നോരോന്ന് എടുത്തു പറയുന്നത്. പെങ്ങൾ കണ്ടശാങ്കടവിനു പോകുന്നതിനുമുമ്പ് നടന്നതാണ്. പെങ്ങളും വലിയമ്മയുടെ മകൾ (പെങ്ങളുടെ പ്രായമുള്ള) മറിയകുട്ടി പെങ്ങളും കൂടി മാണിയച്ചന്റെ [പുറം 64] വീട്ടിൽ പ്രധാന ഇറയത്തിരുന്നു നടത്തിയ സംഭാഷണവും തീരുമാനങ്ങളും ആണ് അത്. സംഭാഷണം അതേപടി കൃത്യമായി

ഓർക്കുന്നില്ലെങ്കിലും സന്ന്യാസത്തെക്കുറിച്ചായിരുന്നു തീരുമാനം. ഉടനെ മഠത്തിൽ ചേരണമെന്നാണെന്നാണ് എനിക്കു മനസ്സിലായത്. ഇളയമ്മമാർ രണ്ടുപേർ മഠത്തിൽ പോകുകയും വരികയും ചെയ്തിരുന്നതുകൊണ്ടും വേറൊരിളയമ്മ കന്യാസ്ത്രീയായിരുന്നതുകൊണ്ടും മഠം, കന്യാസ്ത്രീ എന്നുള്ള വാക്കുകൾ എനിക്ക് അന്ന് മനസ്സിലാകുമായിരുന്നു. എന്നാൽ സന്ന്യാസജീവിതത്തെക്കുറിച്ച് ഒന്നും അറിവില്ലായിരുന്നു. എങ്കിലും അവരുടെ സംഭാഷണം എന്നെ വളരെ ആകർഷിച്ചു. അവർ ആഗ്രഹിക്കുന്നത് എനിക്കും പ്രാപിക്കണം എന്നുള്ള ഒരാഗ്രഹം എന്നിൽ അന്നുണ്ടായി. ഏറ്റം അവ്യക്തമായതെങ്കിലും, എന്റെ ഓർമ്മയിൽ ഏറ്റവും ആദ്യത്തേതായ ദിവ്യാഹ്വാനമാണ് അത്. എന്റെ ആ പെങ്ങമ്മാരെപ്പോലെ ആകണമെന്നെ അപ്പോൾ ഞാൻ ആഗ്രഹിച്ചുള്ളു. (ഒരു സന്ന്യാസിയാകണം, അച്ചനാകണം എന്നുള്ള ആഗ്രഹം എകദേശം ഏഴുവയസ്സുള്ളപ്പോഴാണ് [പുറം 65] ഉണ്ടായത്. അത് പുണ്യവാനാകണമെന്നുള്ള ആഗ്രഹത്തിനു ശേഷമുണ്ടായതാണ്.) അധികം താമസിയാതെ അവർ രണ്ടുപേരും കണ്ടശാങ്കടവു മഠത്തിൽ പോയി പഠിക്കുവാൻ തുടങ്ങി. പെങ്ങൾ മഠത്തിൽ നിന്നു തിരിച്ചുവന്നപ്പോൾ ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ചും സന്ന്യാസ ജീവിതത്തെക്കുറിച്ചും ധാരാളം സംസാരിക്കുമായിരുന്നു. ആ കാലം മുതൽ പെങ്ങളെ ഞാൻ അനുകരിപ്പാൻ തുടങ്ങി. ചോറുണ്ണുമ്പോൾ അന്നുവരെ ഉപ്പ് ഉപയോഗിച്ചിരുന്ന ഞാൻ ആ കാലം മുതൽ പെങ്ങളെ അനുകരിച്ച് ഉപ്പ് ഉപേക്ഷിച്ചുതുടങ്ങി. പെങ്ങളെ അനുകരിച്ച് ഞാൻ പല ആശയടക്കങ്ങളും ചെയ്തിരുന്നു. നിത്യം പള്ളിയിൽ പോകുന്നതിനും പെങ്ങൾ തന്നെയായിരുന്നു ഞങ്ങൾക്കെല്ലാവർക്കും പ്രേരണ. ഞങ്ങൾക്കു പള്ളിയിലേക്കുള്ള വഴി അന്ന് വളരെ മോശമായിരുന്നു. വർഷകാലത്ത് തോട്ടിൽ പലയിടങ്ങളിലും മുട്ടോളം വെള്ളം കാണും. കാലിൽ സുഖക്കേടുണ്ടായിരുന്ന പെങ്ങൾ കാലവ്യത്യാസമൊന്നും കൂടാതെ ശരീരത്തിന്റെ ക്ഷീണം വക വെക്കാതെ വളരെ ബുദ്ധിമുട്ടി എല്ലാവർക്കും മുമ്പായി ഇറങ്ങിപ്പോകുന്നത് കാണുമ്പോൾ എങ്ങിനെയാണ് ഞങ്ങൾ മടിയായിരിക്കുക. എങ്കിലും സുഖമുള്ളവരായിരുന്ന ഞങ്ങൾ കാലാവസ്ഥയുടെയും [പുറം 66] വഴിയുടെയും പ്രതികൂല സാഹചര്യങ്ങൾ ഓർത്ത് മടിച്ചിട്ടുള്ള അനേകം അവസരങ്ങളിലും

പെങ്ങൾ കുർബാന കണ്ട് വന്നിട്ടുണ്ട്. പെങ്ങൾ പല ഇടങ്ങളിൽ വഴിയിൽ നിന്ന് ആശ്വസിച്ചാണ് പോയിരുന്നത്. അത്രയ്ക്ക് വിഷമമായിരുന്നു. പലപ്പോഴും പെങ്ങൾ പുറപ്പെട്ട് കുറെ കഴിഞ്ഞു പുറപ്പെട്ടിരുന്ന ഞാൻ പെങ്ങൾ ക്ഷീണിച്ച് വഴിയിൽ നിൽക്കുന്നതു കണ്ട് പലപ്പോഴും വിഷമിച്ചിട്ടുണ്ട്. എങ്കിലും ക്ഷീണം തീർക്കാൻ ഏകാകിനിയായി വഴിയിൽ നിൽക്കുന്ന പെങ്ങളെ പുഞ്ചിരി തൂകുന്നതായി കണ്ട് ആസ്വദിക്കുവാനും അനേകം പ്രാവശ്യം എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. എന്നെ കണ്ടതിൽ പിന്നീടുണ്ടായിരുന്നതല്ല ആ പുഞ്ചിരി. അതിന് മറ്റു കാരണങ്ങളൊന്നും ഞാൻ കണ്ടിരുന്നില്ല. കാരണം എന്തെന്ന് ഞാൻ ചോദിച്ചിട്ടുമില്ല. എനിക്കു കുറെക്കൂടെ പ്രായമായപ്പോൾ പെങ്ങളുടെ പുണ്യജീവിതത്തിൽ വളരെ മതിപ്പുണ്ടായിരുന്നതുകൊണ്ട് ആ പുഞ്ചിരിക്ക് ആദ്ധ്യാത്മികമായ ഒരർത്ഥമാണ് കൊടുത്തിരുന്നത്. വെറും സ്വാഭാവിക ന്യായങ്ങളാലും ആകാവുന്നതാണ് എന്ന് എനിക്കറിയാം.

ഞാൻ എന്റെ പെങ്ങളെക്കുറിച്ചു പറയാൻ തുടങ്ങിയിട്ട് എന്നെക്കുറിച്ച് ഞാൻ [പുറം 67] എഴുതിയിരുന്നവയുടെ ആ കാലഘട്ടത്തിൽനിന്നു വളരെ അകന്നുപോന്നു. ഇനി വീണ്ടും അങ്ങോട്ട് ചെല്ലേണ്ടിയിരിക്കുന്നു. ഇന്നലെ ഞാൻ എഴുതാതിരുന്നപ്പോൾ എന്നെ വിഷമിപ്പിച്ച സംഗതികളിൽ ഒന്ന് അതാണ്. എന്റെ ഓർമ്മയിൽ തെളിവു കുറഞ്ഞ ആ ദിവസങ്ങളിലേക്കു തിരികെ ചെന്ന് ഏതെല്ലാമാണ് എഴുതേണ്ടതെന്നു തപ്പിയെടുത്തു തീരുമാനിക്കുന്നത് വലിയ ഭാരമായിട്ടാണ് എനിക്കു തോന്നിയത്. പുറകോട്ട് പോകുക എനിക്കു വളരെ വളരെ വിഷമമുള്ള സംഗതിയാണ്. പുറകോട്ട് ചെല്ലേണ്ടിവരുമോ എന്ന് ഭയപ്പെട്ട് ഞാൻ മുന്നോട്ട് പോകാൻ താമസിക്കുകയാണ് ഇന്നലെ ചെയ്തത്. ഇന്നലെ ഒന്നുംതന്നെ എഴുതാതെ മണിക്കൂറുകൾതന്നെ ഈ പുസ്തകത്തിന്റെ മുമ്പിൽ കഴിച്ചുകൂട്ടി. ഇനി ഏതായാലും സമയം കളയുന്നില്ല.

### ആദ്യകുമ്പസാരം

ഇനി എന്റെ ഓർമ്മയിൽ വരുന്നത് എന്റെ ആദ്യകുമ്പസാരത്തോട് അടുത്ത സംഗതികളാണ്. ആറര വയസ്സ് കഴിഞ്ഞിട്ടാണ് ഞാൻ കുമ്പസാരിച്ചത്. അപ്പോഴേക്കും നമസ്കാരങ്ങൾ 20 ഉം കഴിഞ്ഞ് ചോദ്യോത്തരങ്ങൾ കഴിഞ്ഞ് ആദ്യപാഠങ്ങളും കഴിഞ്ഞിരിക്കണം. ആ കൊല്ലങ്ങളിൽ [പുറം 68]കൊവേന്തയിലോ ഞങ്ങളുടെ

ഇടവകപ്പള്ളിയിലോ കുട്ടികളുടെ ധ്യാനമോ ആദ്യകുമ്പസാരത്തിനും ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള ഒരുക്കലോ ഉണ്ടായിരുന്നില്ല. അമ്മയ്ക്കു മരണകാരണമായിരുന്ന സുഖക്കേട് ആരംഭിക്കുന്നതിനു സ്വൽപം മുമ്പ് അമ്മ പാലയൂരിൽ അച്ചന്റെ വീട്ടിൽ പോയി താമസിച്ചിരുന്ന ദിവസങ്ങളിൽ അവിടെ കുട്ടികൾക്കുവേണ്ടിയുള്ള ധ്യാനവും മറ്റും ഉടനെ നടത്തുന്നുണ്ടെന്ന് കേട്ടു. ഒരു ദിവസം ഞാൻ പാവറട്ടി കൊവേന്ത പള്ളിയിൽ പതിവുപോലെ കുർബാന കണ്ട് മുറ്റത്ത് ഇറങ്ങിയപ്പോൾ അമ്മയും ഇളയമ്മയും പള്ളിയിൽ നിന്ന് എന്റെ പക്കലേക്ക് ഇറങ്ങിവന്നു. അവർ എന്നെ ധ്യാനത്തിൽ കൂട്ടുവാൻ പാലയൂർക്ക് കൊണ്ടുപോകാൻ വന്നിരുന്നതാണ്. അമ്മയ്ക്ക് അന്ന് അത്രയും നടന്നുവരാൻ കുറെ ക്ലേശം അനുഭവപ്പെട്ടുകാണും. അന്നും അത്ര ആരോഗ്യമുള്ള ആളല്ലായിരുന്നു. എങ്കിലും എന്നെ ധ്യാനത്തിൽ ചേർത്തു കുമ്പസാരിക്കുന്നതിന് ഒരുക്കുന്നതിനുള്ള ആഗ്രഹം കൊണ്ട് ഓടിവന്നതാണ്. അവരുടെ കൂടെ ചെല്ലണമെന്നു പറഞ്ഞപ്പോൾ ഞാൻ സമ്മതിച്ചില്ല. [പുറം 69] അച്ചന്റെ വീട്ടിൽ പോയി താമസിക്കുക എനിക്കു വളരെ സന്തോഷപ്രദമായ ഒന്നായിരുന്നു. അത് അമ്മയുടെ കൂടെയാണെങ്കിൽ പറയാനുമില്ല. സ്കൂളിലെ ഭാരത്തിൽനിന്ന് ഒരു ഒഴിവു കിട്ടുന്നത് ആ പ്രായത്തിൽ ഞാൻ ഏറ്റവും ആശിച്ചിരുന്ന ഒന്നാണ്. എങ്കിലും അപ്പോൾ അവരെക്കാൾ ചുമതലാബോധമുള്ളവനായിട്ടാണ് ഞാൻ പ്രത്യക്ഷപ്പെട്ടത്. സ്കൂളുള്ള ദിവസങ്ങളായിരുന്നതുകൊണ്ട് സാധിക്കുകയില്ലെന്ന് ഞാൻ തീർത്തുപറഞ്ഞു. അവർ പല ന്യായങ്ങളും വിഫലമായി വൃഥാ പറഞ്ഞുകൊണ്ടിരുന്നു. അപ്പോഴേക്കും അപ്പനും അവിടെ വന്നുചേർന്നു. അപ്പൻ പൊയ്ക്കൊള്ളുവാൻ പറഞ്ഞപ്പോൾ ഞാൻ സമ്മതിച്ചു. പിന്നീടുള്ള എന്റെ പെരുമാറ്റം മുഴുവനും ധ്യാനത്തിൽ കൂടുവാനും കുമ്പസാരിക്കുവാനും വളരെ ആഗ്രഹമുള്ളവനെപ്പോലെയായിരുന്നു. വാസ്തവത്തിൽ എനിക്കു വളരെ ആഗ്രഹമുണ്ടായിരുന്നു. അമ്മയുടെ സ്നേഹത്തെക്കാൾ അപ്പന്റെ അഭിപ്രായങ്ങൾ എന്നെ നയിച്ചിരുന്നു എന്ന് ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. ഉടനെതന്നെ അപ്പൻ എന്നെ ഒരു ചായക്കടയിൽ കയറ്റി കാപ്പി തന്ന് അവരുടെ പക്കൽ തിരികെ കൊണ്ടുവന്നാക്കി. ഞാൻ അമ്മയുടെ [പുറം 70]  കൂടെ പാലയൂർക്കു പോയി. ധ്യാനിപ്പിച്ചിരുന്നത് ബ. കൊർണേലിയൂസച്ചനായിരുന്നു.

കുറെ നാളത്തേക്ക് അദ്ദേഹം അന്നു പറഞ്ഞ കഥകൾ ഞാൻ ഓർക്കു മായിരുന്നു. ധ്യാനങ്ങളും ഉപദേശങ്ങളുമെല്ലാം ഞാൻ ശ്രദ്ധാപൂർവം കേട്ടിരുന്നു. ധ്യാനത്തിന്റെ അവസാനത്തിൽ ഞാൻ അന്നു പാവറട്ടി യിൽ ഞങ്ങളുടെ വികാരിയായിരുന്ന ബ. ജോൺ പൊറുത്തൂർ അച്ചന്റെ പക്കൽ ആദ്യമായി കുമ്പസാരിച്ചു. പിന്നീട് ആഴ്ചതോറും ഞാൻ കുമ്പസാരിച്ചിരുന്നു. എന്നാൽ വി. കുർബാന സ്വീകരണത്തിന് ആദ്യമായി അനുവദിക്കപ്പെട്ടത് ഏഴര വയസുള്ളപ്പോഴാണ്. വി. കുർ ബാന സ്വീകരണം തടയപ്പെട്ടിരുന്നത് യുക്തിപൂർവ്വമല്ല എന്ന് അന്ന് ഞാൻ പറഞ്ഞിരുന്നതായി ഞാൻ ഇപ്പോഴും ഓർക്കുന്നു. കുമ്പസാരം ശരിയായി നടത്തുന്നതിനാണ് കൂടുതൽ അറിവ് ആവശ്യമുള്ളത്. ബുദ്ധിമുട്ടും കൂടുതലുണ്ട്. അത് നടത്തിക്കഴിഞ്ഞാൽ മറ്റത് വളരെ എളുപ്പമാണ്. ഒന്നും ചെയ്യാനില്ല. സ്വാഭാവിക അപ്പത്തിൽനിന്നു തിരിച്ചറിയാൻ പ്രായമായാൽ മതി. ആവശ്യമുള്ളതെല്ലാം ഞാൻ പഠി ച്ചിട്ടുണ്ടായിരുന്നു.

[പുറം 71] എന്റെ ആദ്യകുമ്പസാരത്തിനു മുമ്പാണോ പിമ്പാ ണോ എന്ന് ഓർക്കുന്നില്ല. ഒരു ദിവസം വീട്ടിലായിരുന്നപ്പോൾ എല്ലാ വരും അങ്ങോട്ടുമിങ്ങോട്ടും കടന്നുപോകുന്ന ഒരു മുറിയിൽ കട്ടിലിൽ സ്വയം മറച്ചുകൊണ്ട്, എങ്കിലും അടക്കത്തിനു വിരോധമായി കിടക്കുക യായിരുന്നു. അതിലെ കടന്നുപോയ ജ്യേഷ്ഠൻ സംശയിച്ച് അടുത്തു വന്നു മറ മാറ്റിയപ്പോൾ ഞാൻ ശിക്ഷാർഹനായി കാണപ്പെട്ടു. ഉടനെ ശക്തിയായി എന്നെ അടിച്ചു. അടിയുടെ ശബ്ദവും എന്റെ നില വിളിയും കേട്ട് അമ്മ ഓടിവന്ന് ജ്യേഷ്ഠനോടു കാര്യം ചോദിച്ച് ശാസിച്ചു. അമ്മ എന്തു പറഞ്ഞാലും സാധാരണ സ്വയം ആദരിച്ചു സംസാരിച്ചിരുന്ന ജ്യേഷ്ഠൻ അപ്പോൾ ഒന്നും മിണ്ടാതിരിക്കുന്നതു കണ്ടപ്പോൾ കാര്യം എന്തായിരിക്കുമെന്ന് അമ്മ ഊഹിച്ചു. ഉടനെ ശകാരം നിറുത്തി. ജ്യേഷ്ഠൻ പോയപ്പോൾ അമ്മ എന്നോട്, ഞാൻ ചെയ്തത് തെറ്റിപ്പോയെന്നും മേലിൽ ആവർത്തിക്കരുതെന്നും പറഞ്ഞു. അത് ഒരു പാപകരമായ പ്രവൃത്തിയായി എനിക്കു തോന്നിയില്ല. മര്യാദകേടായിട്ടെ ഞാൻ ധരിച്ചിരുന്നുള്ളു. എങ്കിലും കുറെ കാലം ആ തരം പ്രവൃത്തികൾ ഞാൻ [പുറം 72] കുമ്പസാര ത്തിൽ പറഞ്ഞിരുന്നു. എന്റെ ആദ്യകുർബാന സ്വീകരണത്തിന്റെ തലേദിവസമാണെന്നു തോന്നുന്നു. ഞാനും ജ്യേഷ്ഠനും വൈകു ന്നേരം തനിയെ ഇരിക്കുമ്പോൾ ജ്യേഷ്ഠൻ എനിക്കു മനസിലാകത്തക്ക

വണ്ണം മേൽപറഞ്ഞ സംഭവം സൂചിപ്പിച്ച് അതു കുമ്പസാരിച്ചോ എന്നും അതിനെക്കുറിച്ച് മനസ്തപിക്കുന്നോ എന്നും ചോദിച്ചതായി ഓർക്കുന്നു. കാര്യം തെളിച്ചു പറഞ്ഞില്ലെങ്കിലും ജ്യേഷ്ഠൻ സൂചിപ്പിച്ചത് ഉടനെ എനിക്കു മനസ്സിലായി. എന്ത് മറുപടിയാണ് ഞാൻ കൊടുത്തതെന്ന് ഞാൻ ഓർക്കുന്നില്ല. ഏതായാലും എന്റെ മനഃസാക്ഷി സമാധാനമായിരുന്നെന്ന് ഞാൻ ഓർക്കുന്നു.

**കുർബ്ബാനയ്ക്കു കൂടുന്നതിനുള്ള ഒരുക്കം**

അമ്മയുടെ ആഗ്രഹപ്രകാരം എന്റെ ആദ്യകുർബാന സ്വീകരണത്തിനുമുമ്പുതന്നെ ഞാൻ കുർബാനയ്ക്കു കൂടാൻ പഠിച്ചുതുടങ്ങിയിരുന്നു. കുർബാനയ്ക്കു കൂടാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഞാൻ കൂടുന്നത് പുരോഹിതൻ ഒഴികെ അധികമാരും കാണുവാൻ പാടില്ലായിരുന്നു. അങ്ങനെ കൂടുവാനുള്ള സൗകര്യം സാധാരണ ഉണ്ടാകുകയില്ലല്ലോ. എല്ലാ കൊല്ലവും ഇളവുകാലത്ത് കുറച്ചു ദിവസം [പുറം 73] കുർബാനയ്ക്കു കൂടുവാൻ പഠിക്കുമായിരുന്നു. പിന്നെ അച്ചന്റെ വീട്ടിലോ മറ്റോ പോകും. ആ കൊല്ലത്തെ പഠനം അതോടെ അവസാനിക്കും. എന്റെ നാണം മാറാതെകണ്ട് അതു പഠിച്ചിട്ടും എന്തു ഫലം എന്ന് ഞാൻ വിചാരിക്കുമായിരുന്നു. അർത്ഥം മനസ്സിലാകാതെയുള്ള പഠനമായിരുന്നതുകൊണ്ട് കാണാതെ ചൊല്ലത്തക്കവണ്ണം പഠിക്കുവാൻ വളരെ പ്രയാസമായിരുന്നു. (ആ കാലത്ത് സ്കൂളിൽ പഠിക്കുന്നവ പഠിക്കുന്നതിന് ഒരു വിഷമവുമില്ലായിരുന്നു) അതുകൊണ്ട് പള്ളിയിൽനിന്ന് മൂന്നോ നാലോ പേരൊഴിച്ച് മറ്റുള്ളവരെല്ലാം പോയ സമയത്ത് ഒരു ദിവസം ഒരു കുർബാനയ്ക്കു കൂടിയതൊഴിച്ചാൽ യോഗാർത്ഥി ഭവനത്തിൽ ചേരുന്നതിനു മുമ്പ് മറ്റൊരു ദിവസവും ഞാൻ കുർബാനയ്ക്കു കൂടിയിട്ടില്ല. യോഗാർത്ഥിയാകുന്നതുവരെ പഠനവും പൂർത്തിയായില്ല.

**വാശിയും ദേഷ്യവും തിരുത്തിയ സംഭവം**

ഏതാണ്ടീകാലത്ത് (എട്ടുവയസിനുമുമ്പ്) പിൽകാലത്തു ഞാൻ വളരെ അധികം മനഃസ്തപിച്ചിരുന്നതും ഒരിക്കലും ആവർത്തിച്ചിട്ടില്ലാത്തതുമായ ഒരു തെറ്റ് എന്നിലുണ്ടായി. പുതുമനശ്ശേരിയിലെ എലമെന്ററി [പുറം 74] സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഞങ്ങൾക്കു നാലുമണിക്ക് സ്കൂൾ വിട്ടതിനുശേഷമാണ് വേദപാഠക്ലാസ് നടത്തിയിരുന്നത്.

ആ സമയംവരെ പഠിപ്പിച്ചിരുന്ന മാസ്റ്റർമാരല്ല, ഒരാശാനായിരുന്നു ആ ക്ലാസ് നടത്തിയിരുന്നത്. പലപ്പോഴും മാസ്റ്റർമാരെല്ലാം പോയ തിനുശേഷം കുറെ താമസിച്ചായിരിക്കും ആശാൻ വരിക. അതുവരെ കുട്ടികളെ നിയന്ത്രിക്കുവാൻ ആരുമുണ്ടായിരിക്കുകയില്ല. കുട്ടികൾ ആശാനെ നോക്കി പുറത്തുപോയി നിൽക്കുകയും വർത്തമാനം പറയു കയും വഴക്കുണ്ടാക്കുകയും കളിക്കുകയും ചെയ്തുകൊണ്ടിരിക്കും. എന്നാൽ ആശാൻ വരാൻ താമസിച്ചാൽ ഞങ്ങൾ അടങ്ങിയിരുന്നു ക്രമമായി പുസ്തകം വായിച്ചു പഠിച്ചുകൊള്ളണമെന്നാണ് ആശാൻ നിർദ്ദേശിച്ചിരുന്നത്. ആശാൻ വരുന്ന സമയത്ത് പൊതുവെ ബഹള മാണെന്നു കണ്ടാൽ എല്ലാവരേയും ഒരുപോലെ ശിക്ഷിക്കുകയാണ് പതിവ്. കുറ്റം ചെയ്തവരാരെന്നു നോക്കുകയില്ല. ഒരറ്റംതൊട്ടു നിന്നിരിക്കുന്ന കുട്ടികളുടെ കാൽമുട്ടുകളിൽ അടിച്ചടിച്ചു കടന്നു പോകും. അതാണ് ആശാൻ താമസിച്ചു വരുന്ന ദിവസങ്ങളിലെ ഒന്നാമത്തെ ചടങ്ങ്. എനിക്ക് ഈ രീതിയെ [പുറം 75] ക്കുറിച്ചു വളരെ വിഷമം തോന്നിയിരുന്നു. എങ്കിലും പുറമെ കാണിച്ചിരുന്നില്ല. കുറ്റം കൂടാതെ പലപ്പോഴും ശിക്ഷ അനുഭവിച്ചിട്ടുണ്ട്. എന്നാൽ ഒരു ദിവസം ഇതുപോലെ ആശാൻ അടിച്ചപ്പോൾ എനിക്കു കണക്കി ലധികം വേദനയുണ്ടായി. ഈ രീതി ഒന്ന് മാറ്റണമെന്ന് എനിക്കു തോന്നി. ഞാൻ അന്ന്, അതിനു മുമ്പും പിമ്പും ഹൃദയപൂർവ്വം വെറു ത്തിരുന്ന ഒരു അഭിനയം നടത്തി. കേടികളായ കുട്ടികൾ ചെയ്തു കണ്ടിട്ടുള്ളതു പോലെ ഞാൻ പിണങ്ങി ധിക്കാരപൂർവ്വം ആശാനോട് എന്തോ പറഞ്ഞിട്ട് ക്ലാസിൽനിന്ന് ഇറങ്ങിപ്പോകുവാൻ ഭാവിച്ചു. വാതിൽവരെ പോയതേയുള്ളു. പിന്നെ ഞാൻ ക്ലാസിൽ വന്നിരുന്നു. എന്തുകൊണ്ടാണ് ഞാൻ തിരിച്ചുവന്നതെന്നു ഞാൻ ഓർക്കുന്നില്ല. വാതിൽവരെ ചെന്നപ്പോഴെക്കും എന്റെ തുനിവ് അവസാനിച്ചു. ആശാൻ സ്വൽപം ഒന്നു പരിഭ്രമിച്ചു എന്ന് എനിക്കു തോന്നി. ഞാൻ മാനേജരുടെ മകനാണെന്നുള്ള ഭാവം എനിക്കുണ്ടായിരുന്നു. റ്റയിം പീസ് ഞാനാണ് വീട്ടിൽ കൊണ്ടുപോയിരുന്നത്. അതു ഞാൻ കൊണ്ടുപോയാൽ ക്ലാസ് നിറുത്താനുള്ള സമയം അവരെങ്ങനെ അറിയും. എന്നാൽ ആശാൻ എന്നെ ആ കുറ്റത്തിനു ശിക്ഷിച്ചില്ല. [പുറം 76] പ്രത്യേകമൊന്നും പറഞ്ഞതായി ഓർക്കുന്നില്ല. എങ്കിലും അപ്പോൾമുതൽ ആ അഭിനയത്തെക്കുറിച്ചു വലിയ ലജ്ജയാണ് എനിക്ക് അനുഭവപ്പെട്ടത്.

**ചേച്ചി കുഞ്ഞേത്തി നൽകിയ പരിശീലനം**

വിശുദ്ധ കൊച്ചുത്രേസ്യയെക്കുറിച്ച് ധാരാളം കേൾക്കുന്നതിനുള്ള അവസരങ്ങൾ എനിക്കു നാലഞ്ചു വയസ്സുള്ളപ്പോൾ മുതൽ സുലഭമായിരുന്നു. കോവേന്തപള്ളിയിൽ ആ കാലം മുതൽ ആ വിശുദ്ധയുടെ സ്തുതിക്കായി അസാമാന്യമായ വിധത്തിൽ ആഘോഷങ്ങൾ നടത്തിയിരുന്നു. ബ. അത്തനാസിയുസച്ചനും ബ. സെറാഫിയോൻ അച്ചനും ആ വിശുദ്ധയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിൽ മുന്നിട്ടു നിന്നിരുന്നതായി ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നു. (ബ. അത്തനാസിയൂസച്ചൻ 1926ൽ ആണെന്നു തോന്നുന്നു ഇങ്ങോട്ടു (അമ്പഴക്കാട്) മാറിപ്പോന്നത്. അവിടത്തെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി ഇവിടെനിന്ന് അവിടെ വന്നതായി ഞാൻ ഓർക്കുന്നുണ്ട്.) എന്റെ ആദ്യകുമ്പസാരത്തോട് അടുത്ത കാലത്ത് ചെറുപുഷ്പാനുകരണം എന്ന ചെറിയ പുസ്തകം അമ്മ എനിക്കു വാങ്ങിച്ചുതന്നു. അതു ഞാൻ ഉടനെ വായിച്ചു തീർത്തു [പുറം 77] (അത് ഞാൻ പല ആവർത്തി വായിച്ചിട്ടുണ്ട്.) വീട്ടിൽ പലപ്പോഴും ആ പുണ്യവതിയെക്കുറിച്ച് സംസാരിക്കുന്നതായി കേട്ടിട്ടുണ്ട്. ഈ സാഹചര്യങ്ങൾ വിശുദ്ധനാകുന്നതിനു വളരെ സഹായിച്ചിട്ടുണ്ട്. എന്നാൽ എന്റെ മരിച്ചുപോയ വലിയ പെങ്ങളുമായുള്ള സംഭാഷണങ്ങളിൽനിന്നാണ് ആ ആഗ്രഹം എന്നിൽ ഉളവായത്. പെങ്ങൾ വി. കൊച്ചുത്രേസ്യയെക്കുറിച്ചു മാത്രമല്ല, പല വിശുദ്ധന്മാരെക്കുറിച്ചും അവസോരോചിതമായി സംസാരിക്കുമായിരുന്നു. വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളിൽനിന്ന് ധാരാളം സംഭവങ്ങളും വിശുദ്ധന്മാരുടെ വാകൃങ്ങളും സാധാരണ സംഭാഷണങ്ങളിൽ ധാരാളം വളരെ ഭംഗിയായി ഇണക്കി ചേർത്തിരുന്നു. വളരെ ഉന്മേഷഭരിതമായിരുന്നു അവ. ചിരിക്കത്തക്ക വിഷയങ്ങൾ ധാരാളമുണ്ടായിരുന്നു. ഇത്രയും സ്വാഭാവികമായ രീതിയിൽ, ഭക്തിപരമായ കാര്യങ്ങളെ, സാധാരണ സംഭാഷണങ്ങളിൽ ചേർത്തു കേൾവിക്കാരെ സന്തോഷിപ്പിക്കുന്നതിനും സൽകൃത്യങ്ങൾക്കായി പ്രേരിപ്പിക്കുന്നതിനും കഴിവുള്ളവരെ ഞാൻ അധികം കണ്ടിട്ടില്ല. എനിക്കു [പുറം 78] പതിനാലു വയസ്സു തികയുന്നതുവരെയുള്ള കാലഘട്ടത്തിൽ മറ്റു കുടുംബാംഗങ്ങൾ തമ്മിലുള്ളതിനെക്കാൾ കൂടുതൽ അടുപ്പം ഞങ്ങൾ തമ്മിലുണ്ടായിരുന്നു. എനിക്കു മേൽപറഞ്ഞവ അനുഭവപ്പെട്ടേടത്തോളം ആ കാലത്ത് മറ്റാർക്കും അനുഭവപ്പെട്ടു കാണുകയില്ല.

ദൈവപരിപാലനയിൽ ഞങ്ങൾക്കു തനിച്ചാകുന്നതിന് അവസരങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. ആ കാലത്ത് ഞാൻ ചെയ്തിട്ടുള്ള മിക്ക സൽപ്രവൃത്തികളും പെങ്ങളെ അനുകരിച്ചും പെങ്ങളുമായുള്ള സംഭാഷണത്തിന്റെ ഫലങ്ങളായിട്ടുമായിരുന്നു. എന്നാൽ ഒരു ആഗമന കാലത്ത് എന്നും വിശുദ്ധ കുർബാന കൈക്കൊള്ളുവാൻ പാടില്ലെന്നു പറഞ്ഞതൊഴിച്ചാൽ പെങ്ങൾ ഒരിക്കലും എന്നെ ഏതെങ്കിലും കാര്യ ങ്ങൾക്കായിട്ട് ഉപദേശിച്ചതായി ഞാൻ ഓർക്കുന്നില്ല. പെങ്ങളുമായിട്ടു സംഭാഷിച്ചു കഴിയുമ്പോൾ നല്ല ആഗ്രഹങ്ങളും പ്രതിജ്ഞകളും എന്നിൽ താനെ ഉണ്ടാകും. ആ സംഭാഷണത്തിന് അത്രയ്ക്കു വശീകരണ ശക്തിയുണ്ടായിരുന്നു. പെങ്ങൾ അതിന്റെ ഫലങ്ങളെ ക്കുറിച്ച് യാതൊരു ഉദ്ദേശ്യവും കൂടാതെ എല്ലാവരും സംസാരി ക്കുന്നതുപോലെ സംസാരിച്ചിരുന്നതെയുള്ളു എന്നു ഞാൻ വിശ്വ സിക്കുന്നു.

**സ്വരാജ്യസ്നേഹം: വിശുദ്ധനാകുന്നതിനു പ്രേരണയും കടുത്ത വിഷാദത്തിൽനിന്നു മോചനവും**

[പുറം 79] പുണ്യവാന്മാരെക്കുറിച്ചു ധാരാളം പറഞ്ഞിരുന്ന പെങ്ങൾ ഒരു ദിവസം (ആദ്യകുമ്പസാരത്തോട് അടുത്തകാലം) "നമ്മുടെ നാട്ടിൽ ഇതുവരേയും പുണ്യവാന്മാരുണ്ടായിട്ടില്ല" എന്നു പറയാനിടയായി. അന്നാണ് എന്റെ സ്വരാജ്യഭക്തി ഇളകിയതായി എനിക്ക് ആദ്യം പ്രത്യക്ഷ പ്പെടുന്നത്. വളരെ വിഷമത്തോടെയാണ് ആ പ്രസ്താവന ഞാൻ വിശ്വസിച്ചത്. അന്യനാട്ടുകാർക്കു കൈവന്നിട്ടുള്ള ആ ഭാഗ്യം നമുക്കില്ലല്ലോ എന്ന് ഓർത്ത് ഞാൻ വളരെ ഖേദിച്ചു. പുണ്യവാനാ കാനായി എന്നെ ആരും പെങ്ങൾപോലും ഒരിക്കലും ഉപദേശിച്ചിട്ടില്ല. അതിനായി ആഗ്രഹിക്കുന്നത് നിഗളമായിട്ടെ മറ്റുള്ളവർ കരുതുക യുള്ളു എന്നു ഞാൻ അന്ന് വിചാരിച്ചിരുന്നു. അത് അനുവദനീയ മായ ഒന്നായി എനിക്കു തോന്നിയില്ല. എങ്കിലും സ്വരാജ്യസ്നേഹ ത്തിന്റെ തള്ളൽകൊണ്ട് ഒരു വിശുദ്ധനാകുന്നതിനു ഞാൻ ആഗ്രഹിച്ചു. എങ്കിലും പുറത്തു പറയാൻ ഞാൻ ധൈര്യപ്പെട്ടില്ല. പുണ്യവാനാകുക എന്നു വെച്ചാൽ പാപം ചെയ്യാതെ പുണ്യം ചെയ്യുക, വളരെയധികം പുണ്യം ചെയ്യുക എന്നതിൽ കവിഞ്ഞു എനിക്ക് ഒന്നും അറിഞ്ഞുകൂടായിരുന്നു. ദൈവസ്നേഹത്തിൽ എന്റെ ശ്രദ്ധ പതിഞ്ഞിരുന്നില്ല. ദൈവഭയമാണ് എന്നെ കൂടുതൽ

നയിച്ചിരുന്നത്. നല്ലവ[പുറം 80]നാകണമെന്നുള്ള ആഗ്രഹം, മറ്റുള്ളവരുടെ നല്ല സാക്ഷ്യം ഇതും എന്നെ പുണ്യാഭ്യാസങ്ങൾക്കു പ്രേരിപ്പിച്ചിരുന്നു. ആ ദിവസംമുതൽ ഇന്ത്യക്ക് ഒരു പുണ്യവാനുണ്ടാകുന്നതിനു വിശുദ്ധനാകുക എന്നതായിത്തീർന്നു എന്റെ ലക്ഷ്യം. അങ്ങിനെ കുറെ ദിവസങ്ങൾ കഴിഞ്ഞതിനു ശേഷമാണ് ഒരു ദിവസം പെങ്ങൾ കിണറ്റിൽനിന്നു വെള്ളം കോരിക്കൊണ്ടിരിക്കുമ്പോൾ ഞാനും അവിടെ ചെന്നുനിന്ന് സംസാരിക്കാൻ തുടങ്ങിയത്. സംസാരം ആരംഭിച്ചതും തുടർന്നതും എങ്ങിനെയെന്നു ഞാൻ ഓർക്കുന്നില്ല. സംസാരത്തിനിടയിൽ എന്റെ സംശയം തീർപ്പാൻതക്ക ഒരു സാഹചര്യത്തിൽ സംഭാഷണ വിഷയം വന്നു ചേർന്നപ്പോൾ "പുണ്യവാനാകാൻ ആഗ്രഹിക്കാമൊ?" എന്ന് ഞാൻ ചോദിച്ചതായി ഓർക്കുന്നു. അപ്പോൾ അതിനു തെറ്റൊന്നും ഇല്ലെന്നും നല്ലതാണെന്നും കൊച്ചുത്രേസ്യ പുണ്യവതി അങ്ങിനെ ആഗ്രഹിച്ചിരുന്നെന്നും മറ്റും മറുപടി പറഞ്ഞു. അന്നുമുതൽ ധൈര്യത്തോടും നല്ലമനസ്സാക്ഷിയോടുംകൂടി അതിനായി ആഗ്രഹിച്ചു. അതിനുമുമ്പ്, അനുവദിക്കപ്പെട്ടിട്ടില്ലാത്തതു രഹസ്യമായി സമ്പാദിപ്പാൻ ശ്രമിക്കുന്നവനെപ്പോലെയായിരുന്നു [പുറം 81] എന്റെ സ്ഥിതി. അന്നുമുതൽ ആ സംഗതിക്കായി പ്രാർത്ഥിച്ചുതുടങ്ങിയെന്നാണ് എനിക്കു തോന്നുന്നത്. പുണ്യവാനാകാനുള്ള ആഗ്രഹവും ദൈവവുമായി ബന്ധപ്പെട്ടത് അപ്പോളാണ്. മോക്ഷത്തിൽ പോകണമെന്നുള്ള ആഗ്രഹം അതിനു കുറെ കൊല്ലം മുമ്പുതൊട്ട് എനിക്കുണ്ടായിരുന്നതാണ്. അതെന്റെ ആവശ്യമാണ്. മോക്ഷത്തിൽ പോയാൽ എല്ലാ ഭാഗ്യങ്ങളും എനിക്ക് അനുഭവപ്പെടും. അതിൽ കൂടുതൽ എനിക്ക് എന്തു വേണം? ഞാൻ അതിൽ തൃപ്തനായിരുന്നു. പുണ്യവാനാകാൻ ആഗ്രഹിച്ചത് സ്വരാജ്യസ്നേഹം കൊണ്ടു മാത്രമാണ്. സ്വരാജ്യസ്നേഹം എന്നിൽ ഒരു വലിയ (Passion) ആയിരുന്നു. ആയിരുന്നു എന്നു പറയണമെന്നില്ല; ഇന്നാൾവരെ അത് എനിക്ക് അനുഭവപ്പെട്ടിരുന്നതാണ്. പ്രായം ചെല്ലുംന്തോറും ഞാൻ അത് വിശുദ്ധീകരിച്ചുകൊണ്ടുവരികയാണ്. അതിനെ ഞാൻ വളരെ കാര്യമായി മതിക്കുന്നു. അതാണ് എന്റെ സകലഭാഗ്യങ്ങളുടെയും ആരംഭം. ദൈവത്തോടു എന്നെ കൂടുതൽ അടുപ്പിച്ചത് അതാണ്. തനി ദൈവസ്നേഹത്താൽ പ്രേരിതനായി വിശുദ്ധനാകാൻ പരിശ്രമിക്കുകയെന്നത് ആ കാലത്ത് അത്ര എളുപ്പമുള്ള സംഗതിയായിരുന്നില്ല അതു ഗ്രഹിപ്പാൻ

വളരെ കൊല്ലങ്ങൾ എടുക്കേണ്ടതായി വന്നു. അതുകൊണ്ട് അന്ന് [പുറം 82] ആ സ്വരാജ്യസ്നേഹമെന്ന ഒന്നില്ലായിരുന്നെങ്കിൽ എന്റെ ജീവിതം വളരെ വ്യത്യാസപ്പെട്ട ഒരു പാതയിലൂടെയാകുമായിരുന്നു. (എനിക്കുവേണ്ടിത്തന്നെ ഒരു പുണ്യവാനാകാൻ ഒരു ന്യായവും ഞാൻ കണ്ടില്ല.) എന്റെ ജീവിതത്തിന് ഉന്നതമായ ഒരു ആദർശം നൽകി, ജീവിക്കണമെന്ന ആഗ്രഹം എന്നിൽ ഉളവാക്കി, എന്നെ ഉന്മേഷഭരിതനാക്കിത്തീർക്കുവാൻ തുടങ്ങിയത് സ്വരാജ്യസ്നേഹ മാണ്. ആ കാലത്ത് ഞാൻ ജനിച്ചിരുന്നില്ലായിരുന്നെങ്കിൽ എന്ന് എത്ര പ്രാവശ്യം എന്നോടുതന്നെ പറഞ്ഞിരുന്നതാണ്. അങ്ങനെ വിഷാദാത്മകമായ ചിന്തയിൽ മുഴുകി കരഞ്ഞുകൊണ്ട് ഞാൻ വീടിനും സ്കൂളിനും ഇടക്കുള്ള വഴിയിൽ നിന്നിരുന്ന ഒരവസരം ഞാൻ ഇപ്പോഴും ഓർക്കുന്നു. വിശുദ്ധനാകണം എന്ന ചിന്ത വന്നതോടുകൂടി വിശുദ്ധനാകുന്നതുവരെയെങ്കിലും ജീവിക്കാൻ ഞാൻ ആഗ്രഹിച്ചുതുടങ്ങി. ഇന്ത്യക്കു വേഗം ഒരു പുണ്യവാനുണ്ടാ കുന്നതിനായി എനിക്കു വേഗം മരിക്കണം എന്നും ആഗ്രഹമുണ്ടാ യിരുന്നു. അങ്ങിനെ ഞാൻ പ്രാർത്ഥിച്ചിരുന്നു. എന്റെ പ്രാർത്ഥന ദൈവം ശ്രവിക്കുമെന്നും എനിക്കു വിശ്വാസമുണ്ടായിരുന്നു. ആ വിശ്വാസം എന്നെ വളരെ ആശ്വസിപ്പിച്ചു. പിന്നീട് ജീവിതക്ലേശങ്ങൾ [പുറം 83] അനുഭവപ്പെട്ടിരുന്നപ്പോഴെല്ലാം, "ഇത് അധികകാലം സഹിക്കേണ്ടി വരികയില്ലല്ലോ" എന്ന് ഓർമ്മ വരുമ്പോൾ ആ ക്ലേശം സഹിക്കുന്നതിനു കുറച്ചുകൂടെ ഉന്മേഷമുണ്ടാകും. കഠിനതരമായ രോഗത്തിന്റെ മുന്നട യാളമെന്നു സംശയിക്കാവുന്ന എന്തെങ്കിലും ഒന്ന് അനുഭവപ്പെട്ടി രുന്നപ്പോഴെല്ലാം ഞാൻ വളരെയധികം സന്തോഷിച്ചിരുന്നു. മരണം അടുത്തു എന്നുള്ള ചിന്തയായിരുന്നു എന്റെ കാലിലെ സുഖക്കേടു തുടങ്ങുന്നതുവരെ (24 വയസ്സുവരെ) എന്നെ ആശ്വസിപ്പിച്ചിരുന്നത്. ആ കാലംവരെ ഞാൻ സുഖമുള്ളവനായിട്ടാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ എല്ലാവരുടെ ദൃഷ്ടിയിലും ഞാൻ രോഗിയായിത്തീരുകയും സുഖമാകുമെന്നുള്ള പ്രതീക്ഷ എന്നിൽ ഇല്ലാതാകുകയും ചെയ്ത പ്പോൾ ജീവിക്കുന്നത് എനിക്കു സന്തോഷമായിത്തീർന്നു. ആറു വയസ്സിൽ കോപസ്വഭാവം അമർത്തപ്പെട്ടപ്പോൾ എന്നിൽ കാണപ്പെട്ട വിഷാദാത്മകത്വം പൂർണ്ണമായി മാറി എന്ന് എനിക്കു തോന്നിയത് ചെത്തിപ്പുഴ ആതുരശാലയിൽ കിടന്നിരുന്നപ്പോഴാണ്. അന്നാണ് ഒരാൾ എന്നെ optimist എന്ന് വിളിച്ചത്. ഞാൻ ഇത്രയും എഴുതിയത്

വിശുദ്ധനാകുന്നതിനുള്ള ആഗ്രഹം എത്ര ശക്തിയേറിയ വിഷാദാത്മകപ്രകൃതിയെയാണ് ജയിക്കുവാൻ തുടങ്ങിയതെന്നു [പുറം 84] കാണിക്കുവാനാണ്.

എകദേശം ഏഴു വയസ്സുള്ള കാലഘട്ടത്തെക്കുറിച്ചാണ് ഞാൻ എഴുതിയിരുന്നത്. ഈ കാലഘട്ടം കഴിയാറായപ്പോഴേക്കും ഞാൻ പല സംഗതികളിലും സ്വയം ജയിക്കാൻ തുടങ്ങി. ഒരു കാലത്ത് ചൂടുകഞ്ഞി എന്നെ കോപിപ്പിച്ചിരുന്നു. സ്വൽപം കഴിഞ്ഞപ്പോൾ ചൂടുകഞ്ഞി എന്നെ കരയിപ്പിക്കുവാൻ തുടങ്ങി. എന്നാൽ ഈ കാലഘട്ടം കഴിയാറായപ്പോൾ ഞാൻ വളരെ കരുതലോടെ പ്രവർത്തിച്ചിരുന്നതായി ഓർക്കുന്നു. ഒരു ദിവസം ഭക്ഷണം തയ്യാറാകുന്നതിനു കുറെ താമസം നേരിട്ടു. എനിക്കു വിശപ്പു സഹിക്കവയ്യാതായി. അടുക്കളയിൽ കാത്തുനിന്നാൽ ഞാൻ പരാജിതനാകും എന്ന് അറിയാമായിരുന്നതുകൊണ്ട് ഞാൻ തെക്കെ ഇറയത്തു പോയിക്കിടന്നു. ഭക്ഷണം തയ്യാറായപ്പോൾ അമ്മായി വന്ന് എന്നെ വിളിച്ചു. ഞാൻ അവിടെനിന്ന് എഴുന്നേറ്റതെ ഇല്ല. വീണ്ടും വീണ്ടും വിളിച്ചിട്ടും ഞാൻ എഴുന്നേൽക്കാതിരുന്നതുകൊണ്ട് അമ്മായി കാരണം ചോദിച്ചു. അപ്പോൾ ഞാൻ കൊടുത്ത മറുപടി, "ഇപ്പോൾ നല്ല ചൂടുണ്ടാകും. അവിടെ വന്നിരുന്നാൽ എനിക്കു അരിശം വരും."

**സന്ന്യാസം വിശുദ്ധിയിലേയ്ക്കുള്ള വഴിയായി കണ്ടെത്തുന്നു.**

[പുറം 85] വിശുദ്ധനാകുന്നതിനുള്ള ആഗ്രഹം പുരോഗമിച്ചുകൊണ്ടിരുന്നു. വലിയ പെങ്ങളുടെ സംസാരത്തിൽനിന്നു ക്രമേണ ഞാൻ ഒന്നു ഗ്രഹിച്ചു. പെങ്ങൾ വിവരിച്ചിരുന്ന വിശുദ്ധന്മാർ പലരും വൈദിക ഗണത്തിൽപ്പെട്ടവരും കന്യാസ്ത്രീകളും ആയിരുന്നു. ഇടവകക്കാരായ അച്ചന്മാരിൽനിന്ന് ഒരാളെ പുണ്യവാനായിട്ടുള്ളു എന്നും പെങ്ങൾ ഒരിക്കൽപറഞ്ഞതു ഞാൻ ശ്രദ്ധിച്ചു.ഇതിൽനിന്ന് ഞാൻ ഒന്ന് അനുമാനിക്കുകയും അനുമാനത്തിനനുസരിച്ച് ഒന്നു നിശ്ചയിക്കുകയും ചെയ്തു. "എനിക്കും ഒരു സന്ന്യാസിയാകണമെന്ന്."

**ആദ്യകുർബാനസ്വീകരണം**

എന്റെ ആദ്യകുർബാന സ്വീകരണത്തിന്റെ ദിവസങ്ങൾ അടുത്തു. അന്ന് എനിക്കു വളരെയധികം പ്രായമായെന്നു തോന്നിയിരുന്നു. ആവശ്യമുള്ളതും അതിലപ്പുറവും ഞാൻ പഠിച്ചു മറന്നിരുന്നു. വീണ്ടും വേദപാഠത്തിൽനിന്നു പഠിക്കാനുണ്ടായിരുന്നവ പഠിച്ച്

ഒരുക്കം തുടങ്ങി. അപ്പൻ കുർബാനയെന്ന കൂദാശയെക്കുറിച്ച് വേദ പാഠത്തിൽ ഉണ്ടായിരുന്നവ എനിക്കു മനസ്സിലാകത്തക്കവണ്ണം വിവരിച്ചുതന്നു. ഇടവകപ്പള്ളിയിലോ കൊവേന്തയിലോ ആ കാലത്ത് കുട്ടികളുടെ കുർബാനസ്വീകരണം സംബന്ധിച്ച് യാതൊരു [പുറം 86] ഏർപ്പാടും ഉണ്ടായിരുന്നില്ല. അമ്മ എന്നെ കൊവേന്തയിലേക്കു പറഞ്ഞയച്ചു. ഞാൻ ബ. കൊർണേലിയൂസച്ചനെ (പറഞ്ഞയച്ചിരുന്ന തനുസരിച്ച്) കണ്ട് കാര്യം പറഞ്ഞു അദ്ദേഹം എന്നെ ബോർഡിങ്ങ് മന്ദിരത്തിലെ ആഫീസിൽ കോണ്ടുപോയി കുറെയൊക്കെ ഉപ ദേശിച്ചു. ഞാൻ ആഗ്രഹിച്ചിരുന്നതുപോലെയോ പ്രതീക്ഷിച്ചിരുന്നതു പോലെയോ സാധാരണയിൽ കവിഞ്ഞ് ഒരു ഭക്തിതീക്ഷ്ണതയും എനിക്കു അനുഭവപ്പെട്ടില്ല. ചെയ്യേണ്ടവയെന്ന് എനിക്കു മനസ്സിലാ യവ ചെയ്തുകൊണ്ട് ഞാൻ ഒരുങ്ങി. അത് ഒരു വലിയ ദിവസമായി കുടുംബാംഗങ്ങൾ കരുതുന്നു എന്ന് എനിക്കു മനസ്സിലായി. തലേ ദിവസം രാത്രി ഉറക്കമിളച്ച് ഇരുന്നാണ് അപ്പനും മറ്റും എനിക്കും വേറൊരു കുട്ടിക്കും പിറ്റേ ദിവസം തലയിൽ വെക്കുവാനുള്ള 'മുടി' പണിതിരുന്നത്. പിറ്റേ ദിവസം എന്നെ ഒരുക്കി ജ്യേഷ്ഠന്റെ കൂടെ പള്ളിയിൽ വിട്ടു. അവിടെ ചെന്ന് സെറാഫിയോൻ അച്ചനെ മണിമുറിയിൽവെച്ച് കണ്ട് ഉപദേശം ആവശ്യപ്പെട്ടു. അദ്ദേഹം സ്വൽപനേരം ചിലതെല്ലാം പറഞ്ഞു. എന്നാൽ ഇതുകൊണ്ടൊന്നും എനിക്ക് ഒരു ഫലവുമുണ്ടായില്ല. ശുഷ്കമായ വിശ്വാസം [പുറം 87] മാത്രമാണ് അന്ന് എനിക്ക് അനുഭവപ്പെട്ടത്. ഞങ്ങൾ കൊണ്ടുചെന്ന 'മുടി' അദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ല. പച്ചപൂക്കൾകൊണ്ടുള്ള 'മുടി' വേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പക്ഷെ, അത് ഉടനെ ഉണ്ടാക്കുവാനുള്ള വിഷമംകൊണ്ട് ഒന്നും വേണ്ടെന്ന് അഭിപ്രായപ്പെട്ടു. അതുകൊണ്ട് ഒന്നും തലയിൽ വെച്ചില്ല. അത് ഒരു അനുഗ്രഹമായിട്ട് ഞാൻ കരുതി. എനിക്കു മുടിവെക്കുന്നത് വലിയ വിഷമമായിരുന്നു. പ്രത്യേകതകൾ എല്ലായ്പ്പോഴും ഞാൻ മനഃപൂർവ്വം ഉപേക്ഷിച്ചിരുന്നു. മറ്റുള്ളവരുടെ ശ്രദ്ധയിൽപെടുക എന്നത് എനിക്ക് സഹിക്കാൻ വലിയ വിഷമമാണ്. പാട്ടുകുർബാനയിലാണ് ബ. അൽപ്പോൻസച്ചൻ എനിക്കു വി. കുർബാന തന്നത്. ഉപകാരസ്മരണ കഴിഞ്ഞു ബ. സെറാഫിയോനച്ചനെ വീണ്ടും കണ്ട് സമ്മാനങ്ങൾ (2 പടവും പിച്ചള കാശുരൂപവും – പടങ്ങൾ രണ്ടും ഒന്നിച്ച് ഫ്രെയിം ചെയ്ത് വീട്ടിൽ ഇപ്പോഴും സൂക്ഷിക്കുന്നുണ്ട്. കാശുരൂപം ഇന്നാൾ

വരെ എന്റെ പെട്ടിയിൽ ഉണ്ടായിരുന്നു. അങ്ങയെ കാണിക്കുന്നതിനുവേണ്ടി കഴിഞ്ഞ വാർഷികത്തിൽ നോക്കിയപ്പോൾ കണ്ടില്ല.) വാങ്ങി തിരിച്ചുപോന്നു.

അന്ന് 1928 ജൂലൈ 6–നു ആയിരുന്നു ജൂലൈ മാസത്തിലെ ആദ്യവെള്ളിയാഴ്ച. ജൂലൈ മാസത്തിലെ ആദ്യവെള്ളിയാഴ്ചയാണ് [പുറം 88] വീട്ടിൽ കുടുംബപ്രതിഷ്ഠ ആണ്ടുതോറും നവീകരിക്കാറുള്ളത്. അന്ന് ഒരു ആഘോഷദിവസമാണ്. ആണ്ടുതോറും എന്റെ ആദ്യകുർബാന സ്വീകരണത്തിന്റെ ഓർമ്മ ഞാൻ കൊണ്ടാടിയിരുന്നത് വീട്ടിലെ കുടുബപ്രതിഷ്ഠ നവീകരണ ദിവസംതന്നെയായിരുന്നു. 1942 മുതലാണ് തീയതിയനുസരിച്ച് ഞാൻ അതിന്റെ വാർഷികം ആചരിച്ചു തുടങ്ങിയത്.

പ്രത്യേക ഭക്തിയൊന്നും അനുഭവപ്പെട്ടില്ലെങ്കിലും അന്ന് രണ്ടു സംഗതികൾ പ്രത്യേകമായി ഞാൻ കർത്താവിനോട് അപേക്ഷിച്ചിരിക്കണം. വിശുദ്ധനാകുന്നതിനും പഠനത്തിൽ വിജയിയാകുന്നതിനും. ആ കാലങ്ങളിൽ എന്റെ പ്രധാന പ്രർത്ഥനാവിഷയം അവയായിരുന്നു. വി. കൊച്ചുത്രേസ്യയുടെ ചരിത്രം അന്നു ഞങ്ങൾക്കു സുപരിചിതമായിരുന്നതിനാൽ പുണ്യവതിയെ അനുകരിച്ച് അമലോത്ഭവ മാതാവിനോടുള്ള പ്രതിഷ്ഠാജപം അമ്മ അന്ന് എന്നെക്കൊണ്ട് ചൊല്ലിച്ചുവെന്നാണ് എനിക്കു തോന്നുന്നത്. അത് മനഃപാഠമാക്കി എന്നും ചൊല്ലുവാൻ ആ കാലങ്ങളിൽ തുടരെത്തുടരെ എന്നെ നിർബന്ധിച്ചിരുന്നതാണ്. പുസ്തകങ്ങളിലുള്ള പ്രാർത്ഥനകൾ ചൊല്ലുന്നത് എനിക്കു തൃപ്തികരമല്ലായിരുന്നു. അനുസരണത്തെ പ്രതിയാണ് ഞാൻ അവ ചൊല്ലിയിരുന്നത്.

[പുറം 89] വി. കുർബാന സ്വീകരണത്തിനു മുമ്പും പിമ്പുമുള്ള ജപങ്ങൾ പുസ്തകത്തിൽനിന്നു കൃത്യമായി വി. കുർബാന സ്വീകരണ ദിവസങ്ങളിൽ ഞാൻ കുറെ കാലത്തേക്കു ചൊല്ലുമായിരുന്നു. ഒരു ദിവസം അതു ചൊല്ലി തീർക്കാഞ്ഞതുകൊണ്ട് വൈദികൻ കുർബാന കൊടുത്തപ്പോൾ ഞാൻ പോയി കൈക്കൊണ്ടില്ല. പിന്നീട് വളരെ താമസിച്ചാണ് അന്ന് വി. കുർബാന സ്വീകരിക്കാൻ സാധിച്ചത്. അത് അപ്പൻ കണ്ടു. അന്ന് വീട്ടിൽ വന്നപ്പോൾ, പുസ്തകത്തിലുള്ളത് ചൊല്ലാൻ സൗകര്യമുള്ളപ്പോൾ ചൊല്ലിയാൽ മതിയെന്നു പറഞ്ഞു. അതിനുശേഷം ഞാൻ വളരെ സ്വാതന്ത്ര്യം ആ വിഷയത്തിൽ എടുത്തിരുന്നു.

അമ്മയുടെ ആഗ്രഹമനുസരിച്ച് ഞാൻ ഭക്തിയിൽ പുരോഗമിച്ചില്ല. എന്റെ ആഗ്രഹമനുസരിച്ച് ഞാൻ പുണ്യവാനാകാൻ തുടങ്ങിയുമില്ല. ഇത് എന്നും എനിക്കു വലിയ വിഷാദത്തിനു കാരണമായിരുന്നു. എന്റെ ആഗ്രഹങ്ങൾ ഒന്നും പ്രവൃത്തിയിൽ വരാഞ്ഞതിനാൽ ഞാൻ നിരന്തരം ക്ലേശിച്ചിരുന്നു. എന്നാൽ വി. കുർബാന സ്വീകരിക്കുന്ന ദിവസം എനിക്കു വലിയ ആശ്വാസമായിരുന്നു. ശനിയാഴ്ചയും കൊവേന്തയിൽ പാട്ടുകുർബാനയുണ്ടായിരുന്ന തിരുനാളുകളിലും ഞാൻ [പുറം 90] വി. കുർബാന സ്വീകരിച്ചിരുന്നു. ആ ദിവസങ്ങളിൽ എന്റെ ആഗ്രഹങ്ങൾ ആവർത്തിച്ചാവർത്തിച്ച് എന്റെ കർത്താവിനോടു പറയും. വലിയ ശരണത്തോടുകൂടിയാണ് ഞാൻ പള്ളിയിൽ നിന്നു തിരിച്ചു പോയിരുന്നത്.

പള്ളിയിലുള്ള എന്റെ പെരുമാറ്റം എല്ലായ്പോഴും തൃപ്തികരമായിരുന്നില്ല. ആദ്യകുർബാന സ്വീകരണത്തിനു മുമ്പും പിമ്പുമുള്ള കാലങ്ങളിൽ പള്ളിയിൽവെച്ച് മറ്റുകുട്ടികളുമായി ചിലപ്പോൾ സംസാരിക്കുകയും അങ്ങോട്ടുമിങ്ങോട്ടും നോക്കി അശ്രദ്ധനായിരിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് പലപ്പോഴും അപ്പനും അമ്മയും എന്നെ ശിക്ഷിച്ചിട്ടുണ്ട്. പള്ളിയിലായിരിക്കുമ്പോൾ അപ്പൻ കഫം ഇറക്കുമ്പോൾ പുറപ്പെടുവിക്കാറുള്ള സ്വരം കേട്ടാൽ എനിക്കു വലിയ ഭയമായിരുന്നു. അപ്പന്റെ ആ സ്വരം എനിക്കു തിരിച്ചറിയാൻ സാധിക്കും. അതു കേട്ടാൽ ഞാൻ വളരെ ഉണർവോടുകൂടി നിൽക്കും. കുറച്ചു പ്രായമാകുന്നതുവരെ ആ ദുർഗുണം എന്നിലുണ്ടായിരുന്നു. അതിനുള്ള ശിക്ഷയിൽനിന്നൊഴിയാനും ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചിരുന്നു. പലപ്പോഴും കർത്താവ് എന്റെ പ്രാർത്ഥന കേട്ടിരുന്നു, ശിക്ഷാർഹമായ പല ദിവസങ്ങളിലും എങ്ങിനെയോ ഞാൻ അതിൽനിന്ന് രക്ഷപ്പെട്ടിട്ടുണ്ട്.

**വിശുദ്ധനാകുന്നതിനുള്ള ആഗ്രഹത്തിൽ നിഗളം അടങ്ങിയിരിക്കുന്നുണ്ടെന്നു ഗ്രഹിക്കുന്നു. എളിമയ്ക്കായി പ്രാർത്ഥിക്കുന്നു. ഉദ്ദേശ്യങ്ങളെ ശുദ്ധീകരിക്കുന്നതിനായി പരിശ്രമിക്കുന്നു.**

[പുറം 91] സ്വരാജ്യാഭിമാനമാണ് വിശുദ്ധനാകുന്നതിന് എനിക്കു പ്രേരണ നൽകിയതെന്നു ഞാൻ പറഞ്ഞുവല്ലോ. അത് നിഗളത്തോടു വളരെ അടുത്തതാണല്ലൊ. പുണ്യവാനാകുക എന്ന ആഗ്രഹത്തോടുകൂടി സ്തുതിപരമായ ആശയങ്ങളും ആഗ്രഹങ്ങളും എന്നിൽ വളർന്നിരുന്നു.

കൊവേന്തപള്ളിയിൽ മുട്ടുകുത്തി നിൽക്കുമ്പോൾ അവിടെയുള്ള ചെറിയ അൾത്താരകൾ കാണുമ്പോൾ ഒരു ദിവസം ഞാനും (എന്റെ രൂപം)അതുപോലെയുള്ള ഒന്നിൽ പ്രതിഷ്ഠിക്കപ്പെടുമെന്നും പാവറട്ടിയുടെ നില ഞാൻ മൂലം ഉയരുമെന്നുമൊക്കെയുള്ള വിചാരങ്ങൾ സാധാരണയായി ആ കാലങ്ങളിൽ എന്നിൽ ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ ക്രമേണ, പുണ്യവാനാകണമെങ്കിൽ എളിമയുള്ളവനായിരിക്കണം; മനുഷ്യസ്തുതി അന്വേഷിക്കരുത് എന്ന് മനസ്സിലായിത്തുടങ്ങി. പിന്നീട് വി. കുർബാന സ്വീകരിക്കുമ്പോൾ ഒന്നാമതായി പ്രാർത്ഥിച്ചിരുന്നത് എളിമ തരേണമെ എന്നായിരുന്നു. വളരെയധികം പ്രാവശ്യം അതുതന്നെ ആവർത്തിച്ചു പറയും. കുറച്ചുകൂടെ കഴിഞ്ഞപ്പോൾ ഒരു സംഗതികൂടെ ഞാൻ ചോദിപ്പാൻ തുടങ്ങി. ക്ഷമിക്കുന്നതിനു വളരെ പ്രയാസം എനിക്ക് അനുഭവപ്പെട്ടിരുന്നു. ആരെങ്കിലും എന്നെ ഉപദ്രവിച്ചാൽ പ്രതികാരത്തിനായുള്ള തള്ളൽ എന്നെ അത്ര എളുപ്പം വിട്ടുമാറുകയില്ല. [പുറം 92] ശത്രുക്കളോടു ക്ഷമിക്കാതെ പുണ്യവാനാകുവാൻ സാദ്ധ്യമല്ല എന്നു മനസ്സിലായപ്പോൾ ക്ഷമ എന്ന പുണ്യവും ചോദിപ്പാൻ തുടങ്ങി. ഇങ്ങിനെ കൂട്ടിക്കൂട്ടി അവസാനം, അതായത് പത്തുപന്ത്രണ്ട് വയസ്സുള്ളപ്പോൾ നാലു പുണ്യങ്ങളാണ് ഞാൻ പ്രാർത്ഥിച്ചിരുന്നത്. "എളിമ, ക്ഷമ, സഹനശക്തി, ധൈര്യം എന്നീ പുണ്യങ്ങൾ എനിക്കു തരേണമെ" എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടാണ് വി. കുർബാന സ്വീകരണത്തിനുശേഷം കുറെനേരം ചിലവഴിക്കാറുള്ളത്. അങ്ങിനെ ആവർത്തിക്കുന്നതിൽ എനിക്ക് ഒരു മടുപ്പും തോന്നിയിരുന്നില്ല. എന്റെ ഈ ചെറിയ പ്രാർത്ഥന ഒരു സന്ന്യാസിയായിട്ടും വൈദികനായതിനുശേഷവും ഉപേക്ഷിച്ചിട്ടില്ല. ചെറുപ്പകാലങ്ങളിലെപ്പോലെ അത് ആവർത്തിച്ചാവർത്തിച്ച് പറയുന്നത് എനിക്ക് സന്തോഷമാണ്. ഇപ്പോൾ കുറച്ചുകാലമായി ചില ദിവസങ്ങളിലെ അത് ഓർക്കാറുള്ളു. ഓർക്കുന്ന ദിവസങ്ങളിൽ അതിലും നല്ല പ്രാർത്ഥനകൾക്കുവേണ്ടി അതു ഞാൻ ഉപേക്ഷിക്കാറില്ല. യോഗാർത്ഥിയാകുന്നതുവരെയുള്ള കാലങ്ങളിൽ തൃപ്തികരമല്ലാത്ത വിധത്തിൽ ജീവിതം നയിച്ചിരുന്നപ്പോഴും വി. കുർബാന സ്വീകരണത്തോടനുബന്ധിച്ച് ഞാൻ ഒരു കൊച്ചു പുണ്യവാനെപ്പോലെയായിരുന്നു. ഉപകാരസ്മരണയുടെ [പുറം 93] പത്തുപതിനഞ്ചു മിനിറ്റുകൾ എന്റെ ചില്ലറ പ്രാർത്ഥനകൾ ആവർത്തിച്ചുരുവിടുന്നതിൽ ഞാൻ കഴിച്ചുകൂട്ടും. ആ സമയം എന്റെ ചുറ്റും

നടക്കുന്നത് ഞാൻ അറിയുകയില്ല. എന്റെ ശ്രദ്ധ മുഴുവൻ എന്റെ ഉള്ളിൽ വസിക്കുന്ന കർത്താവിൽ കേന്ദ്രീകരിക്കും. എന്നാൽ മറ്റുള്ള സാഹചര്യങ്ങളിൽ അത്രയും ഏകാഗ്രതയ്ക്കു ഞാൻ സ്വയം ഏൽപി ച്ചിരുന്നില്ല. പത്തു വയസ് കഴിഞ്ഞതിൽ പിന്നെയാണ് ഇത്രയ്ക്കും നന്നായി ഞാൻ ഉപകാരസ്മരണ കഴിച്ചിരുന്നത്. ഉപകാരസ്മരണയുടെ സമയത്തുള്ള പ്രാർത്ഥനകൾ (14 വയസ്സിൽ) ഇവയായിരുന്നു: "എന്നെ ഒരു പുണ്യവാനാക്കേണമെ... ഞാൻ ഒരു സന്ന്യാസിയും വൈദികനുമായി കാണുന്നതിനുള്ള ഭാഗ്യം അമ്മയ്ക്കു കൊടുക്കേ ണമെ... അമ്മ മരിക്കുന്നതിനുമുമ്പ് എന്നെ മരിപ്പിക്കേണമെ... ഞങ്ങളെ അഞ്ചുപേരേയും സന്ന്യാസികളാക്കേണമെ... എന്റെ സ്നേഹിതനേയും (എൻ.പി. ദേവസ്സി) കൂട്ടുകാരനേയും (ഇ.കെ. പോൾ) സന്ന്യാസത്തിലേക്കാകർഷിക്കേണമെ. (1935 തൊട്ട് റവ. ഫാ. എം.ഇ. വർഗ്ഗീസ് എസ്.ജെ.ക്കുവേണ്ടിയും പ്രാർത്ഥിച്ചിരുന്നു.) അപ്പൻ മരിക്കുമ്പോഴെക്കും ഞങ്ങളുടെ കടങ്ങൾ വീട്ടേണമെ" ഇതിലെ ആദ്യഭാഗമാണ് സ്ഥിരമായ ഭാഗം: അത് ആദ്യം മുതൽ ഇപ്പോൾവരെ നിലനിൽക്കുന്നതാണ്.

ആദ്യകുർബാന സ്വീകരിച്ചതിനോട് അടുത്ത കാലങ്ങളിൽ [പുറം 94] മേൽപറഞ്ഞ പ്രാർത്ഥനയുടെ അവസാനഭാഗം ഇല്ലായി രുന്നെങ്കിലും വേറൊരു ഭാഗം ഉണ്ടായിരുന്നു. അത് അന്നത്തെ എന്റെ ആശയഗതിയെ കാണിക്കുന്നതാണ്. "ഇന്ത്യയിലെ ആദ്യത്തെ പുണ്യ വാളനാകണം. എന്റെ മൃതശരീരം പാവറട്ടിയിൽ കൊണ്ടുവന്ന് അടക്ക പ്പെടണം; നാടുവിട്ട് അന്യനാടുകളിൽ പോയി കഴിയുമെങ്കിൽ മരണം വരെ ജോലി ചെയ്യണം. (അന്ന് പേർഷ്യയുടെയും അറേബിയായു ടെയും ഭാഗങ്ങളാണ് എന്റെ ഓർമ്മയിൽ വന്നിരുന്നത്. അറബിക്കടലിന പ്പുറം എന്നേയുള്ളു.) സ്വൽപം പ്രായമായപ്പോൾ ഈ ഭാഗം വിട്ടു കളഞ്ഞു. എങ്കിലും എന്റെ ബാല്യകാല നിഷ്കളങ്കതയിൽ എന്റെ ഈശോയോടു ഞാൻ ചോദിച്ച ആ സംഗതികൾ ഇന്നു ഞാൻ ആഗ്രഹിക്കുന്നവയല്ലെങ്കിലും ഇന്ന് അതെന്നെ ലജ്ജിപ്പിക്കുന്നു. ഈശോ നിറവേറ്റുമെന്ന് അമ്മയുടെ മരണംവരെ ഞാൻ ശരണ പ്പെട്ടിരുന്നു.

1937ൽ ആണ് ആദ്യമായി ചാവറ, നമ്മുടെ വലിയ പ്രിയോരച്ചനെ ക്കുറിച്ചും അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതി നുള്ള പ്രാർത്ഥനയെക്കുറിച്ചും ഞാൻ അറിഞ്ഞത്. അദ്ദേഹത്തിന്റെ

നാമകരണകാര്യം തൃപ്തികരമാംവിധം പുരോഗമിക്കുന്നു എന്നറിഞ്ഞപ്പോൾ എനിക്കു വലിയ സന്തോഷമുണ്ടായി. ഞാൻ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. എങ്കിലും [പുറം95] ഞാൻ ഇന്ത്യയിലെ ആദ്യവിശുദ്ധനാകുമെന്നുള്ള എന്റെ പ്രതീക്ഷ നിമിത്തം അദ്ദേഹത്തിന്റെ കാര്യം ഉടനെ പുരോഗമിക്കുകയില്ലെന്ന് എനിക്കു തോന്നിയിരുന്നു. തോന്നൽ ശക്തിപ്പെട്ട് 1938ൽ എനിക്ക് അദ്ദേഹത്തിന്റെ കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിൽ വലിയ ശരണമില്ലാതായി. അപ്പോൾ എന്നെത്തന്നെ ജയിപ്പാൻവേണ്ടി എന്റെ ചിന്താഗതിയെ അന്നത്തെ എന്റെ ആത്മപിതാവിനെ അറിയിച്ചു. എന്റെ അശുദ്ധപാപങ്ങളെ വെളിപ്പെടുത്തുന്നതിനേക്കാൾ വിഷമമായിരുന്നു ഈ സംഗതി വെളിപ്പെടുത്തുവാൻ. അങ്ങിനെ ആ ചിന്താഗതിയെ ജയിച്ച് അദ്ദേഹത്തിന്റെ കാര്യത്തിനുവേണ്ടി പൂർവ്വാധികം തീക്ഷ്ണതയോടുകൂടി പ്രാർത്ഥിക്കുവാൻ തുടങ്ങി. നാലഞ്ചു കൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കാര്യത്തിനു പ്രസിദ്ധി കുറഞ്ഞു. എല്ലാവരും, അത് ഉപേക്ഷിച്ചതുപോലെ തോന്നി. അപ്പോൾ എന്റെ പഴയവിചാരത്തിനു വീണ്ടും ശക്തി കൂടി. ഞാൻ അതുവരെയും വിശുദ്ധനാകുന്നതിനെക്കുറിച്ചു ദുഃഖിച്ചു. ദൈവ പരിപാലനയിലെ നിശ്ചയം ആരാഞ്ഞു. ഒരുപക്ഷെ ഞാൻ കാരണം ഇന്ത്യക്ക് ആ മഹാഭാഗ്യം തടയപ്പെട്ടിരിക്കാം... സ്വല്പം കഴിഞ്ഞപ്പോൾ 1945ൽ അൽഫോൻസ സഹോദരിയുടെ [പുറം 96] കാര്യം കേട്ടു. ചരിത്രം ഞാൻ വായിച്ചുകേട്ടു. എല്ലാവരും എല്ലായിടത്തും ഇന്ത്യക്ക് ഒരു വിശുദ്ധയെ ലഭിക്കുമെന്ന പ്രതീക്ഷയിൽ ഉണരുന്നതു ഞാൻ കണ്ടു. ഞാനും അതിയായി സന്തോഷിച്ചു. എങ്കിലും ഞാൻ വിചാരിച്ചു, "ഈ ബഹളമെല്ലാം കുറച്ചുകഴിയുമ്പോൾ തൽകാലത്തേക്കു നിൽക്കും. അവളെ വിശുദ്ധയെന്നു നാമകരണം ചെയ്യുന്നതിനായി ഞാൻ വിശുദ്ധനാകുന്നതുവരെ കർത്താവു കാത്തുനിന്നേക്കും." ഈ വ്യർത്ഥചിന്തകളിൽനിന്നാണ് ഞാൻ വേഗം മരിക്കുമെന്നുള്ള വിചാരം എന്നിൽ മുമ്പ് ഉണ്ടായിരുന്നത്. ഇന്ത്യക്ക് അവളുടെ ഒരു വിശുദ്ധൻ ഈ ആധുനികകാലത്ത് ഉണ്ടാകണം എന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഇന്ത്യയുടെ മാനസാന്തരം അതിനെ ആശ്രയിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. 1947ൽ കുർബാനപട്ടത്തിന്റെ തലേദിവസം രാത്രി കുർബാന നിയോഗങ്ങൾ എഴുതിയതിൽ മൂന്നാമതായി എഴുതിയത്,

“ഇന്ത്യക്കാരായ പുണ്യപ്പെട്ടവർ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെടുന്നതിനുവേണ്ടി” എന്നാണ്. ഇപ്പോൾ 1953ൽ അൽഫോൻസായുടെ കാര്യം വളരെ ശക്തിയായി പുരോഗമിക്കുന്നുണ്ട്. എങ്കിലും എന്റെ ആ [പുറം 97] പഴയ വിചാരം മുഴുവൻ മാറുന്നില്ല. ഞാൻ ചെല്ലാതെ അവരെല്ലാം ഇറങ്ങുമെന്നു തോന്നുന്നില്ല. ഇന്ത്യക്ക് ഒരു വിശുദ്ധനെ ലഭിക്കുന്നതിനുവേണ്ടി ഇത്രയും കൊല്ലങ്ങൾ ജീവിതമർപ്പിച്ചുകൊണ്ട് പരിശ്രമിച്ചിട്ടുള്ളവർ ഉണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. മാതൃഭൂമിയുടെ ഉന്നമനത്തിനായി പരിശ്രമിച്ചിട്ടുള്ളവരിൽ അഗ്രഗണ്യനാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. അത് എന്നെ സംബന്ധിച്ചേടത്തോളം ദൈവതിരുമനസ്സാണെന്നു ഞാൻ വിചാരിക്കുന്നു. മഹാത്മഗാന്ധിയെക്കുറിച്ചു കേൾക്കുന്നതിനുമുമ്പെ ഞാൻ മാതൃഭൂമിയുടെ നേരെയുള്ള സ്നേഹത്താൽ എരിഞ്ഞിരുന്നു. എനിക്കു 10 വയസ്സായപ്പോൾ മുതൽ ഗാന്ധിയുടെയും കോൺഗ്രസിന്റെയും സ്വാതന്ത്ര്യസമരം എന്നെ ആകർഷിച്ചു. അവരുടെ വിജയം എന്റെ വിജയമായി ഞാൻ കരുതി. എങ്കിലും ഇംഗ്ലിഷുകാരെ (അന്നു ഭരിച്ചിരുന്നവരെ) കുറ്റം പറയാൻ ഞാൻ തുനിഞ്ഞിരുന്നില്ല. അവർ ഇന്ത്യ ഉപേക്ഷിച്ച് ഇന്ത്യയെ സ്വതന്ത്രയാക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അവരുടെ ഭരണം ഞാനും ഇഷ്ടപ്പെട്ടിരുന്നു, അത് നല്ലതായിരുന്നതുകൊണ്ട്; അവർ ക്രിസ്ത്യാനികളായതുകൊണ്ട്. എന്നാൽ അവർ [പുറം 98] വിദേശികളായിരുന്നതുകൊണ്ട് അതു തുടരാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ചരിത്രം പഠിച്ചിരുന്നപ്പോൾ എന്റെ കണ്ണുകൾ നിറയുകയും രക്തം തിളക്കുകയും ചെയ്യുക പതിവായിരുന്നു. ഗാന്ധിയുടെ മരണവാർത്ത അറിഞ്ഞ ആഴ്ചയിൽ ഒരു നാലു പ്രാവശ്യം ഞാൻ അത് ഓർത്ത് കണ്ണുനീർ വീഴ്ത്തിയിട്ടുണ്ട്. അദ്ദേഹവും കൂട്ടുകാരും ലൗകികമായി മാതൃഭൂമിക്കുവേണ്ടി ചെയ്തതിൽ കൂടുതലായി ആത്മീകമായി ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവരെക്കാൾ കൂടുതലായി ദൈവത്തിൽ എന്റെ മാതൃഭൂമിയെ ഞാൻ സ്നേഹിക്കുന്നെന്ന് ലോകത്തെ കാണിച്ചല്ലാതെ എനിക്കു തൃപ്തി വരില്ല. വിശ്വാസത്തിന്റെ മഹത്വവും കഴിവുകളും ലോകം അറിയണം. ഏഴു വയസ്സു മുതൽ മരണംവരെ മാതൃഭൂമിക്കുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കാൻ, ജീവിതമർപ്പിക്കാൻ പ്രേരണ നൽകുന്നതിനു കത്തോലിക്കവിശ്വാസത്തിനു കഴിവുണ്ടെന്നു ലോകം മനസ്സിലാക്കട്ടെ. ദൈവം

ഇന്ത്യയിൽ തന്റെ മഹത്വം വെളിപ്പെടുത്തപ്പെടേണ്ടതിനായി, അതിന്ന് ഇടവരുത്തട്ടെ. എന്റെ ദൈവമേ, എന്റെ ദിവാസ്വപ്നങ്ങളുടെ പൂർത്തീ കരണത്തിനായിട്ടല്ല [പുറം 99] (അവ എന്റെ ബാല്യകാലത്തിലെ ബാലിശങ്ങളായ ആഗ്രഹങ്ങൾ മാത്രമായിരുന്നു) നിന്റെ മനസ്സു നിറവേറുന്നതിനായിട്ടു നിന്നിൽ ഞാൻ സർവ്വരാജ്യങ്ങളേയും ആശ്ലേഷിക്കുന്നു. എന്നാൽ എന്റെ അയൽക്കാരെ സ്നേഹിപ്പാൻ നീ എന്നോടാവശ്യപ്പെടുന്നു. എല്ലാവരേയും നിന്നിൽ സ്നേഹിക്കേണ്ട ഞാൻ എന്നോട് അടുത്തവരെ കൂടുതൽ സ്നേഹിക്കണമെന്ന് ഈ കൽപനയിൽനിന്നു ഞാൻ മനസ്സിലാക്കുന്നു. നിന്റെ പരിപാലന യിൽ ഒരു ഇന്ത്യക്കാരനായി ജനിച്ച ഞാൻ ഇന്ത്യയെ പ്രത്യേകവിധം സ്നേഹിക്കണമല്ലൊ. നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ. കർത്താവേ, നിന്റെ ഇഷ്ടം എന്നിൽ വേഗം പൂർത്തിയാക്കേണമെ. നിന്റെ ദാനങ്ങൾ എന്നിൽ വ്യർത്ഥമാകാതിരിക്കട്ടെ. നീ ആരംഭിച്ചതു പൂർത്തിയാക്കേ ണമെ. എന്തു ചെയ്യണമെന്നെനിക്കറിഞ്ഞുകൂട. നിന്റെ വരവിനെ പ്രതീക്ഷിച്ചുനിൽക്കുന്നു. സർവ്വശക്തനായ നിന്നിൽ ഞാൻ എന്റെ ശരണം വെച്ചിരിക്കുന്നു. ഇന്നുവരെ എന്നിൽ പ്രത്യാശയെ സംരക്ഷിച്ച എന്റെ കർത്താവേ, മരണംവരെ അത് എന്നിൽ നില നിർത്തേണമെ. നിന്നിലൂള്ള പ്രത്യാശയല്ലാതെ എന്നിൽ ഒന്നുമില്ല. അതിൽ എനിക്ക് എല്ലാം [പുറം 99] ഉണ്ട്. അതോടെ ഞാൻ മരിച്ചാൽ സമ്പന്നനായി. ഞാൻ നിത്യത്വത്തിൽ പ്രവേശിക്കും. അങ്ങ് മുഴുവൻ എന്റേതായിരിക്കുകയും ചെയ്യും. ഇന്ത്യയിലെ ലക്ഷോപലക്ഷങ്ങൾക്ക് അങ്ങയെ ഞാൻ കാണിച്ചുകൊടുക്കും. നിന്നിൽ ആശ്രയിക്കുന്നവർ ലജ്ജിക്കുകയില്ല എന്നത് വാസ്തവമെങ്കിൽ ഇത് ബാലിശ ചിന്തകളല്ല.

ഇന്ത്യയെ ഞാൻ സ്നേഹിച്ചതുകൊണ്ട് നിന്റെ നേരെയുള്ള സ്നേഹത്തിൽ ഞാൻ പുരോഗമിക്കുവാൻ തുടങ്ങിയതെങ്കിലും, ഇന്നിപ്പോൾ ഇന്ത്യയെ സ്നേഹിക്കുന്നത് നിന്നെ സ്നേഹിക്കുന്നതു കൊണ്ട് മാത്രമാണ്, നിന്നിൽ മാത്രമാണ്.

# 3 ദാരിദ്ര്യം

[പുറം 101] എന്റെ ആദ്യകുർബാന സ്വീകരണത്തെക്കുറിച്ചാണല്ലോ ഞാൻ പറഞ്ഞിരുന്നത്. ആ കാലത്തു തുടങ്ങി ഞാൻ ദാരിദ്ര്യത്തെ വളരെ സ്നേഹിച്ചിരുന്നു. ഞങ്ങളുടെ പറമ്പിൽ പാർക്കുന്നവരെക്കാൾ ഞങ്ങൾ ദരിദ്രരാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. കാരണം അവർക്കുള്ളത് അവരുടെതാണ്, എന്നാൽ ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കടക്കാരുടേതാണ് എന്നാണ്. ഈ യാഥാർത്ഥ്യം ഏറ്റു പറയുന്നതിനും അതിനനുസരിച്ചു ജീവിതം ക്രമീകരിക്കുന്നതിനും ഞാൻ ഒരുക്കമായിരുന്നു. മറ്റു കുടുംബാംഗങ്ങൾ അനുഭവിച്ചിരുന്ന ആനുകൂല്യങ്ങൾ എനിക്കും അനുഭവിക്കാമെന്നറിഞ്ഞിരുന്നെങ്കിലും മനഃപൂർവ്വം ഞാൻ അവ ഉപേക്ഷിച്ചിരുന്നു. ഭക്ഷണത്തിലും ഉടുപ്പിലും ഞാൻ എപ്പോഴും ആവശ്യത്തെയാണ് നോക്കിയിരുന്നത്. പള്ളിയിലെ തിരുനാൾ അവസരങ്ങളിൽ ഓരോ കുട്ടികൾക്കും നേർച്ചയിടുന്നതിനും ആവശ്യമുള്ളവയും ഇഷ്ടമുള്ളവയും വാങ്ങിക്കുന്നതിനും മറ്റും പണം കൊടുക്കാറുണ്ട്. എന്നാൽ എന്റെ സ്വന്തം സഹോദരനും സഹോദരികളും അമ്മായിമാരുടെ മക്കളും ചിലർ അമ്മയിൽനിന്നും ചിലർ അപ്പനിൽനിന്നും പണം വാങ്ങിയതായി ഞാൻ അറിഞ്ഞു. ഞാൻ ആരോടും ചോദിച്ചില്ല. ആരും എന്നെ [പുറം 102] ഓർത്തതുമില്ല. എല്ലാവരും അവരവർക്കിഷ്ടമുള്ള സാധനങ്ങളുമായി തിരിച്ചുവരുമ്പോൾ ഞാൻ അവരുടെയിടയിൽ ദരിദ്രനായി കാണപ്പെട്ടു. ആ വിഷമം ഞാൻ സന്തോഷത്തോടെ സഹിച്ചു. ഞാൻ എല്ലാം ഉപേക്ഷിച്ചു പോകേണ്ടവനാണെന്നുള്ള ചിന്ത സന്ന്യാസത്തെക്കുറിച്ച് എനിക്കു വിചാരം വന്നതുമുതൽ എന്നെ നയിച്ചിരുന്നു. എന്റെ കയ്യിൽ ഒന്നുമില്ലെന്നു മനസ്സിലാക്കിയ ചിലർ അവർ വാങ്ങിച്ച മിഠായിയും മറ്റും എനിക്കു തന്നു. പക്ഷെ അതിൽ രസമില്ലായിരുന്നു.

അതൊരു ധർമ്മം പോലെയെ തോന്നിയുള്ളു. ആ കാലം മുതൽ സന്ന്യാസത്തിൽ പ്രവേശിക്കുന്നതുവരെ എപ്പോഴും ഞാൻ അനുഭവിച്ചിരുന്നതിലും കഠിനമായ ദാരിദ്ര്യജീവിതം ആശ്ലേഷിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. ആകയാൽ ഞാൻ സന്ന്യാസത്തിൽ പ്രവേശിച്ചപ്പോൾ ആ കാര്യത്തിൽ എനിക്കു ഇച്ഛാഭംഗമാണുണ്ടായത്. ദാരിദ്ര്യത്തിന്റെ യഥാർത്ഥ അനുഭവങ്ങൾ ഞാൻ പ്രതീക്ഷിച്ചിരുന്നു. അയിരൂർ താമസിച്ചിരുന്നപ്പോൾ ദൈവകൃപയാൽ എന്റെ ആഗ്രഹം കുറച്ചു നിറവേറി. അവിടെയും ഞാൻ സഹിച്ചേടത്തോളം സഹിപ്പാൻ നിർബന്ധപ്പെട്ടിരുന്നില്ല. സന്ന്യാസജീവിതം [പുറം 103] ആരംഭിച്ചതിനു ശേഷം ദാരിദ്ര്യത്തിൽനിന്നുള്ള വിഷമങ്ങൾ നേരിടുമ്പോൾ ഞാൻ എന്നോടുതന്നെ പറയാറുണ്ടായിരുന്നു, "വീട്ടിൽവെച്ച് അനുഭവിക്കാനല്ലെ സന്ന്യാസത്തിൽ പ്രവേശിച്ചത് എന്ന്." അതോടെ സകല വിഷമങ്ങളും അടങ്ങും. ഈ ദാരിദ്ര്യസ്നേഹം എന്നെ എല്ലാത്തിലും ഉയർത്തിനിറുത്തി. ആരേയും സേവിക്കാതെ മനസ്സിന്റെ ശ്രേഷ്ഠത പാലിപ്പാൻ എന്നെ അതു സഹായിച്ചു. ആവശ്യങ്ങൾ ഇല്ലാത്തവൻ ദരിദ്രനെങ്കിലും സമ്പന്നരെക്കാൾ സമ്പന്നനാണ്. സമ്പന്നന്മാർക്ക് അവരുടെ സമ്പത്തിനു കഴിവുള്ളതിൽ കൂടുതൽ ആഗ്രഹങ്ങൾ ഉണ്ടായാൽ അവർ ദരിദ്രരായിത്തീരുന്നു. ഉള്ളവ കൊണ്ട് തൃപ്തിപ്പെടുന്നതിനും സാഹചര്യങ്ങളോടൊത്തു പോകുന്നതിനും എനിക്ക് എളുപ്പമായിരുന്നു. ഈ പറഞ്ഞത് ലൗകിക വസ്തുക്കളുടെ അനുഭവത്തിലും ശാരീരികസുഖത്തെ സംബന്ധിച്ചേടത്തോളവുമെ എന്നിൽ വാസ്തവമാകയുള്ളു. മറ്റുള്ളവരുടെ ആശയങ്ങളോടും ആദർശങ്ങളോടും ഒത്തുപോകുവാൻ എനിക്ക് അസാമാന്യമായ വിഷമമാണുള്ളത്. ഈ വാചകം എന്നെ മറ്റൊരു വിഷയത്തിലേക്കു ആനയിക്കുന്നു.

# 4 സത്യം

[പുറം 104] എനിക്ക് ഓർമ്മവെച്ചനാൾ മുതൽ ഇന്നുവരെ പറയത്തക്ക തോൽവി കൂടാതെ നിലനിന്നിട്ടുള്ള ഒരു ഗുണം സത്യത്തോടുള്ള സ്നേഹമാണ്. ഇത് എനിക്കു ജന്മസിദ്ധമായതു പോലെയാണ്. മറ്റു പല ഗുണങ്ങളും ഒരു പരാജയത്തിനുശേഷം തിരുത്തപ്പെട്ടിട്ട് ആരംഭിച്ചതുപോലെയാണ് ഞാൻ ഓർക്കുന്നത്. എന്നാൽ ഇത് അപ്രകാരമല്ല. ചെറുപ്പത്തിൽ ചില തീരെ നിസ്സാരമായ സംഗതികളിൽ കള്ളം പറഞ്ഞിട്ടുണ്ട്. അത് മറ്റുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം വല്ലതും വിവരിക്കുമ്പോളാണ് ഉണ്ടായിട്ടുള്ളത്. യഥാർത്ഥം എന്നോടാവശ്യപെട്ടിട്ട് ഒരിക്കലും ഞാൻ മനഃപൂർവ്വം കള്ളം പറഞ്ഞിട്ടില്ല. ഞാൻ ജന്മനാ വളരെ ഭീരുവാണ്. എന്നാൽ എന്റെ ഭീരുത്വത്തേയും ജയിക്കത്തക്ക സത്യസ്നേഹം ദൈവം എനിക്കു തന്നിരുന്നു. ചെറുപ്പം മുതൽ ഇവ രണ്ടും തമ്മിൽ വലിയ പോരാട്ടം എന്നിൽ നടന്നിട്ടുണ്ട്. ദൈവകൃപയാൽ ഞാൻ എപ്പോഴും വിജയിയായിട്ടുണ്ട്. ഞാൻ സൂചിപ്പിച്ച ചില്ലറ വ്യതിയാനങ്ങൾ ചെറുപ്പത്തിൽ ചിന്തയും പോരാട്ടവും കൂടാതെയുണ്ടായിട്ടുള്ളവയാണ്. എന്റെ ആദ്യകുർബാന സ്വീകരണത്തിന്റെ കാലം മുതൽ ഞാൻ ഈ കാര്യത്തിൽ വളരെ നിഷ്കർഷമായി ആത്മശോധന ചെയ്തിരുന്നു. ഈ വിഷയത്തിൽ എനിക്കു മനഃപൂർവ്വം [പുറം 105] തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതു ഞാൻ മറക്കുവാൻ അത്ര എളുപ്പമല്ല. എന്റെ ജീവിതകാലത്തെ മുഴുവൻ പരിശോധിച്ചുകൊണ്ടുള്ള ആത്മശോധനകൾ ഈ വിഷയത്തിൽ ചെറുപ്പം മുതൽ ഞാൻ പലപ്പോഴും നടത്തിയിട്ടുണ്ട്. കള്ളം പറയുന്നത് എത്ര നിസ്സാരമായ വിധത്തിലും സാഹചര്യത്തിലുമായിരുന്നാലും ഒരു ചെറിയ പാപമെങ്കിലുമായിരിക്കും എന്ന് അറിവു കിട്ടിയതുമുതൽ ഒരിക്കലും അതിനു ഞാൻ തുനിഞ്ഞി

ട്ടില്ലെന്നു മാത്രമല്ല, മറ്റുള്ളവരെയും അതിൽ പാപമുണ്ട് എന്ന് ഓർമ്മിപ്പിച്ച് പിൻമാറ്റുന്നതിനു ശ്രമിച്ചിരുന്നു. കൂട്ടുകാർ കള്ളം പറയുമ്പോൾ "അത് കുമ്പസാരത്തിൽ പറയേണ്ടിവരും. പാപമാണ്" എന്ന് പലപ്പോഴും ഞാൻ ഓർമ്മിപ്പിച്ചിരുന്നതായി ഓർക്കുന്നുണ്ട്. കുമ്പ സാരത്തിൽ പറയേണ്ട ഒരു പാപമാണെന്ന് ഓർമ്മ വന്നാൽ ആരും അതിനു തുനിയുകയില്ലെന്നാണ് അന്ന് ഞാൻ വിചാരിച്ചിരുന്നത്. എന്റെ അനുഭവത്തിൽ നിന്നാണ് മറ്റുള്ളവരും അപ്രകാരമായി രിക്കുമെന്നു ഞാൻ വിചാരിച്ചത്.

ഞാൻ കള്ളം പറഞ്ഞിരുന്നില്ലെന്നു മാത്രമല്ല സത്യത്തോട് അതി യായ സ്നേഹം എനിക്കുണ്ടായിരുന്നു. അത് എന്നിൽ ദൈവകൃപ യോടുള്ള സഹകരണം [പുറം 106] വഴിയായി വർദ്ധിച്ചുമിരുന്നു. ഈ മഹാദാനത്തെക്കുറിച്ച് ദൈവത്തിന് ഏറ്റവും കൂടുതലായി നന്ദി പറയുന്നു. എന്റെ സൗഭാഗ്യത്തിന്റെ അടിസ്ഥാനം എന്ന് ഇതിനെ ചിലപ്പോൾ ഞാൻ വിളിക്കാറുണ്ട്. എന്നാൽ സാക്ഷാൽ അടിസ്ഥാനം, ആരംഭം ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ കത്തോലിക്ക വിശ്വാസത്തോടുകൂടിയുള്ള സ്വരാജ്യസ്നേഹമാണ്. ഈ അടിസ്ഥാനത്തിൽ പണി തുടങ്ങിയിട്ടു കുറെ കഴിഞ്ഞപ്പോൾ എല്ലാം തകർന്നുപോയതായി എനിക്കനുഭവപ്പെട്ടു. നിരാശയുടെ വക്കിൽ ഞാൻ ചെന്നെത്തിയപ്പോൾ പുനരുദ്ധാരണത്തിന് എന്നെ സഹായിച്ചത്, സമൃദ്ധമായി സഹായിച്ചത്, ഈ സത്യസ്നേഹമാണ്. സകല പുണ്യങ്ങളുടെയും അടിസ്ഥാനം എളിമയാണെന്നു പറയാറു ണ്ടല്ലൊ. ഈ എളിമയ്ക്കും അടിസ്ഥാനം അല്ലെങ്കിൽ ഈ എളിമ തന്നെ സത്യസ്നേഹമാണ്.

എന്റെ തെറ്റുകളെ ഗോപനം ചെയ്ത്, സത്യത്തെ മറച്ച്, ലോകത്തെ വഞ്ചിച്ചു ജീവിക്കുന്നത് എനിക്ക് ദുസ്സഹമായിത്തോന്നി. വിവേകമെന്ന പുണ്യവുംകൂടി പാലിക്കണമെന്ന് ഓർമ്മ വന്നില്ലായി രുന്നെങ്കിൽ ഒരവസരത്തിൽ എന്റെ സകല രഹസ്യങ്ങളും ഞാൻ പ്രസിദ്ധം ചെയ്യുമായിരുന്നു [പുറം 107]. പുണ്യവാനാകുവാൻ പരി ശ്രമിച്ചു പരിശ്രമിച്ച് ഒടുവിൽ ഒരു ദിവസം എനിക്കുതന്നെ ഞാൻ ഒരു മഹാപാപിയായി പ്രത്യക്ഷപ്പെട്ടപ്പോൾ, ജന്മനാ ഭീരുവും ലജ്ജാ ശീലനുമായ എനിക്ക്, എന്റെ നിർഭാഗ്യസ്ഥിതി ഏറ്റുപറഞ്ഞ് പുണ്യ ജീവിതം പുനരാരംഭിക്കുന്നതിനു സഹായമായിത്തീർന്നത് എന്റെ സത്യസ്നേഹമാണ്. അതുവഴിയായി എന്റെ കർത്താവിന്റെ പക്കൽ

ഞാൻ കൃപ കണ്ടെത്തി. എന്റെ പശ്ചാത്താപം ഫലശൂന്യമായ നിരാശയായി പകരാതെ പൂർവ്വാധികം ശക്തിയുള്ള ഒരു നവജീവൻ ആരംഭിക്കുന്നതിനും തുടരുന്നതിനും അതുവഴിയായി എനിക്കു കഴിഞ്ഞു. ആദ്ധ്യാത്മികജീവിതം മുഴുവൻ ഒരു സത്യസ്നേഹ മാണെന്ന് എനിക്ക് അനുഭവപ്പെട്ടിട്ട് വളരെയധികം കൊല്ലങ്ങളായി. 1943ൽ പഠനഗൃഹത്തിൽ ഒരു പ്രസംഗം പറയുവാൻ നിർബന്ധിത നായപ്പോൾ 'Love of Truth' എന്ന വിഷയത്തെക്കുറിച്ചാണ് എഴുതി വായിച്ചത്. അതിൽ ഞാൻ എന്റെ ആശയം വെളിവാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എല്ലാം ഒന്നിൽ കേന്ദ്രീകരിക്കുകയാണ് എനിക്കിഷ്ടം. എന്റെ പുണ്യജീവിതം മുഴുവൻ 'Love of Truth' ആണ്. "ഞാൻ സത്യ" മാണെന്നു നമ്മുടെ കർത്താവു [പുറം 108] പറഞ്ഞിട്ടുണ്ടല്ലോ. യാഥാർത്ഥ്യത്തെ സ്നേഹിക്കുക. സത്യമായിട്ട് ഒന്നു മാത്രമെയുള്ളു. അത് ദൈവമാണ്.

സകല പാപവും അസത്യമാണ്. അറിവിന് വിപരീതമായി പ്രകടിപ്പി ക്കുന്നതാണല്ലൊ നുണ. മനഃസാക്ഷിക്ക് എതിരായി പ്രവർത്തിക്കു മ്പോഴാണല്ലൊ പാപമാകുന്നത്. ദൈവം സകലത്തിന്റെയും നാഥനാ ണെന്നും എല്ലാവരും തന്റെ ഇഷ്ടം നിറവേറ്റുവാൻ കടപ്പെട്ടിരിക്കുന്നു വെന്നും ഉള്ള സത്യത്തിന്റെ പ്രായോഗിക നിഷേധം എല്ലാ പാപ കർമ്മങ്ങളിലും അടങ്ങിയിരിക്കുന്നു. സത്യത്തെ സ്നേഹിക്കുന്നവൻ പാപത്തിൽ ജീവിക്കുന്നില്ല. അജ്ഞതയിൽനിന്നും അബദ്ധങ്ങളിൽ നിന്നും വിമോചിതനാകുവാൻ പരിശ്രമിക്കുന്നു. പുണ്യജീവിതം മുഴുവൻ ഒരു സത്യസ്നേഹപ്രകടനമാണ്.

എളിമയാണ് സകല പുണ്യങ്ങളുടേയും അടിസ്ഥാനമെന്നു ചിലപ്പോൾ നാം കേൾക്കാറുണ്ട്. മറ്റു ചിലപ്പോൾ, വിശ്വാസമാണ് എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമെന്നു പറയപ്പെടുന്നു. രണ്ടു പ്രസ്താവങ്ങളും ശരിയാണെന്ന് ആരും സമ്മതിക്കും [പുറം 109]. അപ്പോൾ എളിമയും വിശ്വാസവും ഒന്നുതന്നെയാണൊ? അതെ, രണ്ടും ഒരേ സത്യത്തിന്റെ ഏറ്റുപറച്ചിലാണ്; സൃഷ്ടികർമ്മത്തിന്റെ ഏറ്റുപറച്ചിലാണ്... ദൈവമാണ് സ്രഷ്ടാവ് എന്നു പറയുന്നത് വിശ്വാസം. ഞാൻ സൃഷ്ടിയാണെന്നു പറയുന്നത് എളിമ, ഞാൻ ഒരു പ്രബന്ധമെഴുതുകയോ പുസ്തകം രചിക്കുകയോ അല്ലാത്ത തിനാൽ കൂടുതൽ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. എന്റെ ആശയങ്ങളുടെ ഗതി അങ്ങയെ ഗ്രഹിപ്പിക്കുവാൻ മാത്രമെ

ഉദ്ദേശിക്കുന്നുള്ളൂ. ഈ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ഈ രൂപത്തിൽ ആദ്യമായിട്ട് ഇപ്പോൾ മാത്രമാണ് എന്റെ ബോധത്തിൽ വന്നത്.

ഇങ്ങിനെ ആഗ്രഹിക്കത്തക്കതെല്ലാം സത്യത്തോടുള്ള സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു. ദൈവവും ദൈവികമായ സകലവും അതിലുണ്ട്. എന്റെ ആശയം മുഴുവൻ തെളിവായി പ്രകാശിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. കുറെക്കൂടെ തെളിയിക്കുവാൻ കഴിയുമെന്നു തോന്നുന്നു. പക്ഷെ ഇപ്പോൾ തുനിയുന്നില്ല.

സത്യത്തെക്കുറിച്ചുള്ള എന്റെ ആശയങ്ങളും അതിനോടുള്ള എന്റെ സ്നേഹവും ക്രമേണ മാത്രം വളർന്നിട്ടുള്ളതാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ ഇതിന്റെ [പുറം 110] ഒരു ഭാഗമായ അല്ലെങ്കിൽ മറ്റൊരു രൂപമായ മനഃസാക്ഷിയോടുള്ള ആദരവ് ആദ്യം മുതലെയുണ്ടായിരുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ഞാൻ കണ്ണുമടച്ച് പിഞ്ചെന്നിരുന്നില്ല. എന്റെ മനഃസാക്ഷിയെ ന്യായങ്ങൾകൊണ്ട് തിരുത്താൻ ഞാൻ ഒരുക്കമായിരുന്നു. പക്ഷെ തിരുത്തപ്പെടുന്നതിനുമുമ്പ് അതിനെ അവഗണിച്ച് എന്തെങ്കിലും ചെയ്യുന്നതിന് അത്ര എളുപ്പം വഴിപെട്ടിരുന്നില്ല. ഈ കാരണത്താൽ എനിക്കു വളരെയധികം സഹിക്കേണ്ടതായിട്ടുണ്ട്. എനിക്കു മറ്റുള്ളവരിൽനിന്ന് സഹിക്കേണ്ടിവന്നിട്ടുള്ളവയിൽ മനഃസാക്ഷിയെപ്രതി സഹിച്ചിട്ടുള്ളവ മാത്രമെ എന്നെ സ്പർശിച്ചിട്ടുള്ളൂ. ഉദ്ദേശം 14–15 വയസ്സുള്ളപ്പോൾ ദൈവം എനിക്ക് ഒരു മദ്ധ്യസ്ഥനെ തന്നു. 1935ൽ ആണെന്നു തോന്നുന്നു, വി. തോമസ് മൂർ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെട്ടത്. എല്ലാ വേദസാക്ഷികളും അവരുടെ മനഃസാക്ഷിയുടെ പ്രേരണയ്ക്കു വിധേയരായിട്ടാണ് മരിച്ചിട്ടുള്ളതെങ്കിലും വി. തോമസ് മൂർ എന്റെ അറിവിൽപ്പെട്ട വേദസാക്ഷികളിൽവെച്ച് മനഃസാക്ഷിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഏറ്റവും [പുറം 111] കൂടുതലായി വാദിക്കുകയും അതിനുവേണ്ടി മാത്രം സുദീർഘമായ ജയിൽവാസവും മരണവും വരിക്കുന്നതിനു സന്നദ്ധമാണെന്നു കാണിക്കുകയും ചെയ്തു. താൻ ആദരിച്ചിരുന്ന സത്യങ്ങളുടെ യുക്തിയുക്തതയെക്കുറിച്ച് പ്രകീർത്തിക്കാതെ, അവയെ അനാദരിച്ചിരുന്നവരെ വിധിക്കാതെ സ്വന്ത മനഃസാക്ഷിക്കെതിരായി പ്രവർത്തിക്കുന്നതിനു നിർബന്ധിക്കരുതെന്നു മാത്രമേ അപേക്ഷിച്ചിരുന്നുള്ളൂ. തർക്കവിഷയമായിരുന്ന കാര്യത്തിൽ, തന്റെ

മനഃസാക്ഷിയെ ശരിപ്പെടുത്തുന്നതിനു പല കൊല്ലങ്ങൾതന്നെ ബുദ്ധിമുട്ടി പഠിച്ചതിനുശേഷമാണ് താൻ ഈ നില അവലംബിച്ചത്. അല്ലാതെ വെറും പിടിവാദമല്ലായിരുന്നു. സത്യം ഗ്രഹിക്കുന്നതിനുള്ള ആഗ്രഹവും സന്നദ്ധതയും അതിനെ ആദരിക്കുന്നതിനും അതനുസരിച്ചു പ്രവർത്തിക്കുന്നതിനു സ്വഭാവത്താലെ ഭീരുവെങ്കിലും, ദൈവത്തിലുള്ള പ്രത്യാശയാൽ അവലംബിച്ച ധീരതയും ദൈവത്തെക്കുറിച്ച് സഹിക്കുന്നതിനുള്ള അതിയായ ആഗ്രഹവും ഉണ്ടായിരുന്നെങ്കിലും ദൈവംതന്നെ അതിലേക്ക് ആനയിക്കുന്നതുവരെ ശാന്തനായി കാത്തുനിൽക്കുന്നതിനുള്ള എളിമയും വിവേകവും, ഇവയാണ് വി. തോമസ് മൂറിനെ എന്റെ സ്വന്തമായിക്കരുതുവാൻ ഞാൻ അദ്ദേഹത്തിൽ (പുറം 112] കണ്ട ഗുണഗണങ്ങൾ. ഈ വിശുദ്ധന്റെ ചരിത്രം ഞാൻ വീണ്ടും വീണ്ടും വായിച്ചിട്ടുണ്ട്. ഓരോ തവണയും അദ്ദേഹം എനിക്കു കൂടുതൽ കൂടുതൽ അനുകരണീയനായി തോന്നുന്നു. അദ്ദേഹത്തിന്റെ ജീവിതം, പ്രത്യേകിച്ച് അവസാനകാലം, എന്റെ ജീവിതത്തെ സാരമായി നിയന്ത്രിക്കുകയും നയിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില വാക്യങ്ങൾ എനിക്ക് ആദൃശ നിർദേശം ചെയ്തിട്ടുണ്ട്.

"Other men's conscience saved them, but mine should save me."

# 5 സുഹൃദ്ബന്ധങ്ങളുടെ വിമലീകരണം

[പുറം 115] എട്ടര വയസ്സായപ്പോൾ പുതുമനശ്ശേരിയിലെ എലിമെന്ററി സ്കൂളിലെ നാലാം ക്ലാസ് പാസായി. അവസാനത്തെ കൊല്ലം ഒരു ദിവസം ക്ലാസ്സിൽ റ്റീച്ചർ കുട്ടികളോടു ചോദിച്ചു, "ആരൊക്കെയാണ് 10-ാം ക്ലാസുവരെ പഠിക്കുന്നത്" എന്ന്. പല കുട്ടികളും എഴുന്നേറ്റു നിന്നു. എന്നേക്കാൾ ദരിദ്രരായ പലരും എഴുന്നേറ്റു നിന്നു. എനിക്കു വൈദികനാകണമെന്ന് അന്ന് ആഗ്രഹമുണ്ടായിരുന്നു. എനിക്കു വൈദികനാകണമെങ്കിൽ 10-ാം ക്ലാസ്സ് പാസാകണമെന്നും ഞാൻ കേട്ടിരുന്നു. എങ്കിലും ഞാൻ എഴുന്നേറ്റുനിന്നില്ല. എന്റെ മാതാപിതാക്കന്മാർക്ക് അതിനു കഴിയുകയില്ല എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ആ സ്കൂളിൽ പഠിച്ചിരുന്ന ഭൂരിപക്ഷം കുട്ടികളേക്കാൾ മെച്ചമായ നില ബാഹ്യമായി എനിക്കുണ്ടെന്ന് ഞാൻ കണ്ടിരുന്നതാണ്. ഒരുതരത്തിൽ അവരെക്കാൾ ഞാൻ ധനികനായിരുന്നു. ബാഹ്യമായവ കൊണ്ട് തൃപ്തിപ്പെടാതെ നിഗൂഢ യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങുന്ന ഒരു പ്രകൃതി എനിക്ക് അന്നു മുതലെ ഉണ്ടായിരുന്നു. അവ ഏറ്റുപറയുവാനും ഞാൻ ഒരുക്കമായിരുന്നു.

എന്നെ ഉടനെ ഹൈസ്കൂളിൽ ചേർക്കുന്നതിന് അപ്പനു ധൈര്യം തോന്നിയിരുന്നില്ല. ബ. സെറാഫിയോൻ [പുറം 116] അച്ചന്റെ നിർബന്ധമോ പ്രേരണയോ അതേക്കുറിച്ച് ചിന്തിക്കുന്നതിനിടയാക്കി. അതിനു പുറമെ പട്ടിപ്പറമ്പിലെ ഒരു നായർ യുവാവ് എന്നെ ഹൈസ്കൂളിൽതന്നെ ചേർക്കണമെന്ന് അപ്പനോടു നിർബന്ധമായി പറയുകയും അയാൾ വേണമെങ്കിൽ കുറെ നാളത്തേക്ക് എന്നെ അയാളുടെ വീട്ടിൽവെച്ച് ഇംഗ്ലീഷ് പഠിപ്പിക്കാമെന്ന് ഏൽക്കുകയും ചെയ്തു. ഒരു കൊല്ലം ഇംഗ്ലീഷ് പഠിച്ചിരുന്ന കുട്ടികളോടുകൂടിയാണ് ഹൈസ്കൂളിലെ നാലാം ക്ലാസിൽതന്നെ ചേർക്കപ്പെടുകയാണെങ്കിൽ

ഞാൻ പഠിക്കേണ്ടതായിട്ടുണ്ടായിരുന്നത്. അതുകൊണ്ട് പാസായ ക്ലാസിൽതന്നെ വീണ്ടും ചേർക്കപ്പെട്ടാൽപോലും എനിക്കു നന്നായി പഠിക്കുവാൻ സാധിക്കുകയില്ലെന്ന് അപ്പനുണ്ടായിരുന്ന ഭയം ആ നായർ യുവാവിന്റെ വാക്കുകൾ ഇല്ലാതാക്കി. അങ്ങിനെ ഞാൻ IV ക്ലാസിൽ ചേർക്കപ്പെട്ടു. ഒരു മാസത്തിൽ കുറയാതെയുള്ള കാലഘട്ടം സ്കൂളിൽ പോകുന്ന വഴിക്ക് അയാളുടെ വീട്ടിൽ കയറി കുറച്ചു നേരം ഇംഗ്ലീഷു പഠിക്കുമായിരുന്നു. അയാൾ സൗജന്യ മായിട്ടാണെന്നു തോന്നുന്നു, ആ സേവനമനുഷ്ടിച്ചത്. അയാൾ IV Form വരെ മാത്രമെ പഠിച്ചിട്ടുണ്ടായിരുന്നുള്ളു. [പുറം 117] അയാൾ അപ്പനിൽനിന്നു കിട്ടാനുണ്ടായിരുന്ന രൂപയ്ക്കുവേണ്ടി കൂടെക്കൂടെ വീട്ടിൽ വന്നിരുന്നയാളാണ്. അങ്ങിനെയാണ് ഞങ്ങൾ തമ്മിൽ സ്നേഹമായത്. അയാളെക്കുറിച്ച് ഇപ്പോൾ എനിക്ക് ഒരു വിവരവു മില്ല. കുറെ നാളത്തേയ്ക്ക് അയാൾ നാട്ടിൽ ഇല്ലായിരുന്നു. പേരും ഞാൻ ഇപ്പോൾ മറന്നു പോയി. കഴിഞ്ഞ പ്രാവശ്യം വീട്ടിൽ പോയ പ്പോൾ അയാളെ ഞാൻ ഓർത്തു. അയാളുടെ വീടും കുടുംബക്കാ രേയും ഞാൻ കണ്ടെങ്കിലും അവിടെയുണ്ടാകുകയില്ലെന്നു വിചാരിച്ച് ആരോടും ചോദിച്ചില്ല. പേരു മറന്നുപോയതുകൊണ്ട് എളുപ്പം ചോദിച്ചറിയാനും കഴിഞ്ഞില്ല.

സ്കൂളിൽ ചേർന്നിട്ട് ആദ്യത്തെ ആഴ്ചയിൽ മുന്നിൽനിന്നു മൂന്നാമത്തെ നിരയിൽ ഒരു നായർകുട്ടിയുടെ കൂടെയാണ് ഞാൻ ഇരുന്നിരുന്നത്. ഒരു ദിവസം ആ കുട്ടി ഒരു പെൻസിലിന്റെ കാര്യ ത്തിൽ എന്തോ സ്വൽപം വഞ്ചന ചെയ്യുവാൻ ശ്രമിക്കുകയിൽ ആ ദിവസത്തോടടുത്തുതന്നെ എന്റെ ഏറ്റം വലിയ സ്നേഹിതനാകു വാനിരുന്ന എൻ.പി. ദേവസ്സി എന്റെ സഹായത്തിനുവന്നു. അന്നുമുതൽ ദേവസി എന്റെ സ്നേഹിതനായി. ഞങ്ങളുടെ ക്ലാസ്ടീച്ചറായ കിളവനായിരുന്ന [പുറം 118] ജോൺ മാസ്റ്ററും ഞാൻ ഇരുന്നിരുന്ന സ്ഥലം അത്ര നല്ലതല്ല എന്നു മനസ്സിലാക്കി അവിടെനിന്നു മാറ്റി. ആ ദിവസങ്ങളിൽതന്നെ ദേവസിയുടെ കൂടെ ഇരുത്തി. സ്കൂളിൽ ഒരു ക്ലാസിൽ ഒഴിച്ച് മറ്റെല്ലാ ക്ലാസുകളിലും ഈരണ്ടു പേർമാത്രം ഇരിക്കാവുന്ന ബഞ്ചുകളാണ് ഉള്ളത്. പിന്നീട് ഏതാനും ദിവസങ്ങളൊഴിച്ചാൽ ആറു കൊല്ലത്തേക്ക് ഞങ്ങൾ രണ്ടുപേരും ഒരേ ബഞ്ചിൽ തന്നെയാണ് ഇരുന്നിരുന്നത്. I Formൽ പഠിക്കുമ്പോൾ മൂന്നു പേരുടെ ബഞ്ചായിരുന്നു. അന്ന്

കുറേകാലം ദേവസി എന്റെ പുറകിലായിരുന്നു. പുതിയ മുറിയിൽ ഇരിക്കാൻ തുടങ്ങിയ ദിവസങ്ങളിൽ ആ കൊല്ലം ദേവസി സുഖക്കേടായിക്കിടന്നിരുന്നതുകൊണ്ട് എന്റെ തൊട്ടടുത്ത സീറ്റ് മറ്റു കുട്ടികൾക്കു കൊടുക്കേണ്ടതായിവന്നു. അടുത്തടുത്ത് ഇരിക്കണമെന്ന കാര്യത്തിൽ ദേവസിക്കു പ്രത്യേകമൊരാഗ്രഹമുള്ളതായി ഒരിക്കലും കാണിച്ചിരുന്നില്ല. എനിക്കായിരുന്നു ആ കാര്യത്തിൽ നിർബന്ധം. സാഹചര്യത്താൽ നിർബന്ധിക്കപ്പെടുമ്പോൾ ഞാനും സസന്തോഷം ആ ആഗ്രഹം ഉപേക്ഷിച്ചിരുന്നു. മറ്റു കുട്ടികളുടെ ആഗ്രഹങ്ങൾക്കോ അവകാശങ്ങൾക്കോ ഞങ്ങളുടെ സഖിത്വം വിഘാതമായിരുന്നില്ല. അവർ അത് അംഗീകരിച്ചിരുന്നു. ഞങ്ങൾ രണ്ടുപേരും [പുറം 119] ഒരു ബഞ്ചിലാകുന്നതിനു പലപ്പോഴും മറ്റു കുട്ടികളുടെ സഹായം ആവശ്യമായിരുന്നു. ആണ്ടിൽ മൂന്നു നാലു പ്രാവശ്യം ക്ലാസുമുറികൾ പുതുതായി ക്രമീകരിക്കും. ക്രമീകരണത്തിനുശേഷം ഒന്നാം ദിവസം ഓരോരുത്തരും സ്വീകരിക്കുന്ന സീറ്റുകൾ അവർക്ക് അവകാശമുള്ളതായിരുന്നു. അങ്ങിനെയുള്ള ദിവസങ്ങളിൽ ഞാൻ അതികാലത്തു ചെന്ന് എനിക്കും ദേവസിക്കും വേണ്ട ബെഞ്ചും ഡെസ്ക്കും തിരഞ്ഞെടുക്കും. ഡെസ്ക്കിലെ രണ്ടു കള്ളിയിലും പുസ്തകങ്ങൾ ഇട്ടുകഴിഞ്ഞാൽ പിന്നെ ആരും അത് അവകാശപ്പെടുകയില്ല. സാധാരണ മുൻനിരയിൽതന്നെ ഞങ്ങൾക്കു സീറ്റു കിട്ടും. ഞാൻ ഇത്രയും ബുദ്ധിമുട്ടിയിരുന്നത് പ്രധാനമായി അശുദ്ധതയിൽനിന്ന് ഒഴിവാകാനാണ്. ഒരിക്കൽ പോലും ചീത്തവാക്കുകൾ പറയുകയില്ല എന്ന് എനിക്കു ഉറപ്പുപറയാവുന്നവരായി അധികം പേരെ ഞാൻ കണ്ടിരുന്നില്ല. രണ്ടാമതായി ഞങ്ങളുടെ സ്നേഹം നിലനിർത്തുന്നതിനും സ്നേഹം നിമിത്തവുമായിരുന്നു.

ദേവസി ആദ്യം എന്റെ സഹായത്തിനു വന്നതും ജോൺ മാസ്റ്റർ അവനെ എനിക്കു കൂട്ടായിത്തന്നതും ദേവസിയെ സ്നേഹിതനായി തിരഞ്ഞെടുപ്പാൻ എനിക്കു പ്രേരകമായി. എന്നാൽ വേറെ ഒരു കാരണം കൂടിയുണ്ട്. ഞങ്ങൾ തമ്മിൽ അതിനുമുമ്പ് സംസാരിച്ചിട്ടില്ലെങ്കിലും ഞാൻ അവനെ [പുറം 120] പലപ്പോഴും കണ്ടിട്ടുണ്ടായിരുന്നു. കൊവേന്തയുടെ പരിസരങ്ങളിൽവെച്ച് അവൻ എന്റെ ശ്രദ്ധയെ പലപ്പോഴും ആകർഷിച്ചിട്ടുണ്ട്. എന്നെപ്പോലെത്തന്നെ സൂക്ഷിച്ചു വളർത്തപ്പെടുന്ന ഒരുവനാണ് അവൻ എന്നു

ഞാൻ എന്റെ നിരീക്ഷണം വഴിയായി മനസിലാക്കിയിരുന്നു. കൊവേന്തയുടെ മണിമുറിയിൽവെച്ചും ഞാൻ അവനെ പഠിപ്പിച്ചിട്ടുണ്ട്. ഞാൻ എന്റെ വീട്ടിൽനിന്ന് പറഞ്ഞയക്കപ്പെട്ടിരുന്നതു പോലെയാണ് അവനും അവിടെ വന്നിരുന്നത്. എന്റെ വീടുപോലെയുള്ള ഒരു വീട് അവനും ഉണ്ടെന്ന് ഞാൻ അവിടെവെച്ചാണ് മനസ്സിലാക്കിയത്. പള്ളിയിലുള്ള അവന്റെ പെരുമാറ്റവും ഞാൻ സൂക്ഷിച്ചു മനസ്സിലാക്കിയിരുന്നു. അവൻ ഏതു നാട്ടുകാരനാണെന്നോ എവിടെയാണ് താമസിക്കുന്നതെന്നോ ഒന്നും ഞങ്ങൾ തമ്മിൽ സ്നേഹിതന്മാരാകുന്നതുവരെ എനിക്കറിവില്ലായിരുന്നു. സ്കൂളിൽ വെച്ചോ പള്ളിയിൽവെച്ചോ മാത്രമെ ഞങ്ങൾക്ക് ഒന്നിച്ചുകാണുന്നതിന് അവസരമുണ്ടായിരുന്നുള്ളു. അവിടെനിന്ന് ഞങ്ങൾ രണ്ടു വഴിക്കാണ് പിരിഞ്ഞിരുന്നത്. അവൻ തെക്കോട്ട്, ഞാൻ വടക്കോട്ട്. എനിക്ക് ഓർമ്മ വെച്ച നാൾമുതൽ അനേകം കൂട്ടുകാരുണ്ടായിരുന്നു. അവർ എന്നെ വളരെ സ്നേഹിച്ചിരുന്നെന്നും [പുറം 121] എനിക്കറിയാമായിരുന്നു. എന്നാൽ ദേവസിയെ മാത്രമെ ഞാൻ തിരഞ്ഞെടുത്തുള്ളു. ആ തിരഞ്ഞെടുപ്പ് തികച്ചും ദൈവപ്രേരിതമായിരുന്നു എന്ന് എനിക്ക് ഉറപ്പുണ്ട്. യാതൊരു ലൗകികമോ സ്വാഭാവികമോ ആയ കാരണങ്ങൾ ഇതിൽ പ്രധാന പ്രേരകമായില്ല. ഈ സ്നേഹത്തെ ശുദ്ധീകരിക്കുന്നതിന് എന്നും ഞാൻ പരിശ്രമിച്ചിരുന്നു. ഉത്തമസ്നേഹിതന്മാരുടെ ലക്ഷണങ്ങളും, മാതൃകകളും പഠിക്കുന്നതിന് അന്നുമുതൽ ശ്രമിച്ചിരുന്നു. ഒരു നാളും ആ സ്നേഹബന്ധത്തിനു വ്യതിയാനം വരുത്തുകയില്ലെന്ന് ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ഞാൻ പ്രതിജ്ഞ ചെയ്തിരുന്നു. ഒരു പക്ഷെ ദേവസി എന്നെ ഉപേക്ഷിച്ചുപോയാലും ഞാൻ എന്നും എന്റെ ദൈവത്തിൽ അവനെ സ്നേഹിച്ചുകൊണ്ടിരിക്കും എന്ന് അധികകാലം കഴിയുന്നതിനുമുമ്പ് വ്യക്തമായ രീതിയിൽ പ്രതിജ്ഞ ചെയ്തതായി ഞാൻ ഓർക്കുന്നുണ്ട്. അതിനുള്ള ന്യായം ദൈവം എനിക്കു തന്നവനെ ഞാൻ ഒരു കാരണത്താലും ഉപേക്ഷിച്ചു കൂടയെന്നുള്ളതായിരുന്നു. ഞങ്ങൾ സ്നേഹിതന്മാരായിട്ട് ഇതുവരെ എന്നെ സംബന്ധിച്ചേടത്തോളം ഒരു നിമിഷനേരത്തേക്കെങ്കിലും ആ സ്നേഹത്തിൽനിന്നു വ്യതിചലിച്ചിട്ടില്ല; കുറവുള്ളവനുമായിട്ടില്ല. ഞാൻ യോഗാർത്ഥിയായി കൊവേന്തയിൽ ചേരുന്നതുവരെ അവന്റെ ഭാഗത്തുനിന്ന് [പുറം 122] ഈ സ്നേഹ

ബന്ധത്തിനു സ്വൽപനേരത്തേക്കെങ്കിലും വിഘാതമുണ്ടായിട്ടില്ല. ഞങ്ങളുടെ പ്രായക്കാരായ പല കുട്ടികളും തമ്മിൽ സ്നേഹിതന്മാരായി കഴിയുന്നത് ആ കാലങ്ങളിൽ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഒരിക്കലെങ്കിലും തമ്മിൽ പിണങ്ങാത്തവരായ സ്നേഹിതന്മാരായി കുട്ടികളെ അന്ന് എനിക്കു കാണുവാൻ കഴിഞ്ഞിട്ടില്ല.

ദേവസി എന്റെ സ്നേഹം സ്വീകരിച്ചിരുന്നതായിട്ടേ സാധാരണ കാണപ്പെട്ടിരുന്നുള്ളു. ആരംഭിച്ചതും നിലനിർത്തികൊണ്ടുപോയിരുന്നതും പ്രധാനമായി ഞാനായിരുന്നെന്നാണ് എനിക്കു തോന്നുന്നത്. ബാഹ്യമായി സ്നേഹം പ്രകടിപ്പിക്കുന്നതിനു വശംകുറഞ്ഞവർ, അല്ലെങ്കിൽ താൽപര്യമില്ലാത്തവർ ആയിരുന്ന ഞങ്ങൾ രണ്ടുപേരും ഒരുമിച്ചായിരിക്കുക, ഒരുമിച്ച് കളിക്കുക ഇതാണ് ഞങ്ങളുടെ സാധാരണമായ സ്നേഹപ്രകടനം. ഞങ്ങളുടെ നർമ്മസല്ലാപങ്ങൾ മൗനമായിരുന്നു. സ്കൂളിൽ അതിനവസരമില്ലായിരുന്നു. എന്തെങ്കിലും ജോലിയോ കളികളോ ഉണ്ടാകും. ഞങ്ങൾ വളരെ ഉന്മേഷഭരിതരായിരുന്നു. അവസാന കാലങ്ങളിൽ ക്ലാസുകൾക്കിടയിലുള്ള 5 മിനിറ്റു വിശ്രമസമയത്തുപോലും മറ്റു പലരെയുംപോലെ ഞങ്ങളും പന്തു കളിക്കുമായിരുന്നു. അടങ്ങിയിരുന്നതായി ഞാൻ ഓർക്കുന്നില്ല. [പുറം 123] V Formൽ ആയപ്പോൾ ഞങ്ങൾ വ്യത്യാസപ്പെട്ട ഡിവിഷനുകളിലായി. അങ്ങിനെ ഞങ്ങളെ വേർതിരിക്കുമെന്ന് ബ. ലാസറച്ചൻ എന്നോടൊരിക്കൽ തമാശയായിട്ടു പറയുകയുണ്ടായി. ആ ദിവസങ്ങളിൽ ഞാൻ യോഗാർത്ഥി ഭവനത്തിൽ പ്രവേശിക്കുവാനിരിക്കുകയായിരുന്നു. എന്നാൽ എനിക്കുള്ള അനുവാദം വന്നെങ്കിലും അമ്മയുടെ നിർബന്ധപ്രകാരം സെപ്റ്റംബർ 22 ാം തീയതി വരെ ഞാൻ വീട്ടിൽ താമസിച്ചുതന്നെ പഠിച്ചു. ആ മൂന്നുനാലു മാസങ്ങൾ ഞങ്ങൾ വ്യത്യാസപ്പെട്ട ക്ലാസ് ഡിവിഷനുകളിലായിരുന്നതിനു പുറമെ, എനിക്കു യോഗാർത്ഥികളോട് എറ്റം അടുത്തിരിക്കേണ്ടതായും വന്നു. അവരോടുകൂടി ചേരാനിരുന്നിരുന്ന എന്നെ അവർ പ്രത്യേകം നിരീക്ഷണം ചെയ്യുമെന്ന വിചാരംകൊണ്ടും അവരുടെ മുമ്പിൽ എന്തെങ്കിലും ചെയ്യുന്നതിനു സ്വാഭാവികമായി എനിക്കുണ്ടായിരുന്ന ലജ്ജകൊണ്ടും ആ കാലം ഞാൻ വളരെ അടങ്ങി ഒതുങ്ങി എന്റെ സീറ്റിൽ ഇരിക്കുമായിരുന്നു. അതു കണ്ടിട്ട് യോഗാർത്ഥി ഭവനത്തിൽ എന്റെ സഹപാഠികളായിരുന്നവർ ഞാൻ അങ്ങിനെ അനങ്ങാതിരുന്നെന്നാണു വിചാരിച്ചത്.

അതിനുമുമ്പ് അവരോടുകൂടി [പുറം 124] ഒരു ഡിവിഷനിൽ ഞാൻ ആയിട്ടുമില്ലായിരുന്നു.) ഞങ്ങൾക്കു നർമ്മ സല്ലാപങ്ങൾക്ക് അവസരം കിട്ടുമായിരുന്നതു സാധാരണ പള്ളിമുറ്റത്തുവെച്ചാണ്. ഞങ്ങൾ സംസാരിക്കാൻ ഒന്നിച്ചുനിൽക്കും. എന്നാൽ ഞങ്ങൾക്കു സംസാരിക്കുവാൻ കഴിഞ്ഞിരുന്നില്ല. എനിക്കു വളരെയധികം പറയാനുണ്ടാകും. പക്ഷെ എന്തു ചെയ്യാം. ഞങ്ങൾ ദൂരത്തോട്ട് ഞങ്ങളുടെ ദൃഷ്ടികൾ പതിച്ച് അങ്ങുനിൽക്കും. ഇടയ്ക്കിടക്ക് ഞങ്ങൾ പുഞ്ചിരിയോടുകൂടി പരസ്പരം മുഖത്തോടു മുഖം നോക്കും. ഇതാണ് ഞങ്ങളുടെ വലിയ സ്നേഹപ്രകടനങ്ങൾ. ദേവാലയകർമ്മങ്ങൾക്കു സമയമാകുന്നതുവരെ അങ്ങിനെ കഴിച്ചുകൂട്ടും. മേൽവിവരിച്ചതരത്തിൽ മാത്രമെ എനിക്കു കഴിഞ്ഞിരുന്നുള്ളു. എന്നാൽ എന്റെ ഉള്ളിൽ വലുതായിട്ടുള്ള സ്നേഹമുണ്ടായിരുന്നു. അതു പുറമെ കാണിക്കുവാൻ എന്റെ സ്വഭാവം അനുവദിക്കുകയില്ലായിരുന്നതുകൊണ്ട് അത് എനിക്കു വലിയ സഹനമായിരുന്നു. എന്റെ കർത്താവിന്റെ മുമ്പാകെയാണ് ഞാൻ അതിന് ഒരുവിധം ശമനം വരുത്തിയിരുന്നത്. അവനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു ഞാൻ തൃപ്തിയടയും. ഞാൻ ഏറ്റവും കാര്യമായി മതിച്ചിരുന്ന സന്ന്യാസത്തിലേക്കും വിശുദ്ധജീവിതത്തിലേക്കും അവനേയും വിളിക്കണമെന്ന് എന്റെ കർത്താവിനോടു ഞാൻ പറയും. ഇതിൽ കൂടുതൽ എനിക്ക് എന്റെ [പുറം 125] സ്നേഹം കാണിക്കുവാൻ നിവർത്തിയില്ലായിരുന്നു.

ഞാൻ എന്റെ ഉള്ളിൽ ദേവസിയെയും ഞങ്ങളുടെ സ്നേഹബന്ധത്തേയും സ്നേഹിച്ചിരുന്നതുപോലെ ദേവസിയുടെ ഭാഗത്തുനിന്നില്ലായിരുന്നെന്നാണ് എനിക്ക് എന്നും തോന്നിയിരുന്നത്. അവൻ എന്നേക്കാൾ നല്ലവനായിരുന്നു എങ്കിലും ഞങ്ങളുടെ സ്നേഹത്തിന്റെ ഉദ്ദേശ്യം ഗ്രഹിച്ചിരുന്നില്ലെന്നാണ് എനിക്കു തോന്നുന്നത്. ഞാൻ എന്റെ കുടുംബപരിസരങ്ങളിൽ എന്റെ കുർബാന സ്വീകരണത്തിനുമുമ്പ് ‘തന്തപ്പിടി’ എന്നു ചിലപ്പോൾ വിളിക്കപ്പെട്ടിരുന്നു. അവൻ ഞങ്ങൾക്കു പത്തുപതിനൊന്നു വയസ്സുള്ളപ്പോൾ ഞങ്ങളുടെ വികാരിയായിരുന്ന പാനികുളം ബ. തോമാച്ചനാൽ ‘അപ്പാപ്പൻ’ എന്നു വിളിക്കപ്പെട്ടുമിരുന്നു. ഇങ്ങനെ ചെറുപ്പത്തിലെ ‘കിളവന്മാ’രായിരുന്ന ഞങ്ങളുടെ സ്നേഹബന്ധത്തിൽ ബാഹ്യപ്രകടനങ്ങൾക്കു സ്ഥാനമില്ലാതായതിൽ അല്ലെങ്കിൽ കുറവു വന്നതിൽ അതിശയിക്കാനില്ല. എന്നോടൊരുമിച്ചു സമയം ചെലവഴിപ്പാൻ

വിസമ്മതിച്ചിരുന്നില്ല എന്നുള്ളതാണ് ദേവസിയുടെ സ്നേഹത്തിന്റെ സാധാരണ ലക്ഷണം. എന്നെ ദുരുദ്ദേശ്യത്തോടുകൂടിയല്ലെങ്കിലും ഒരുവിധത്തിൽ അലട്ടിയിരുന്ന ചിലരിൽനിന്നു ദേവസി ബലപ്രയോഗം [പുറം 126] കൊണ്ടുതന്നെ എന്നെ ചിലപ്പോൾ രക്ഷിച്ചിട്ടുണ്ട്. ഞാൻ ശാന്തനും സ്നേഹമുള്ളവനുമായിട്ടാണ് ഹൈസ്കൂളിൽ പ്രത്യക്ഷ പ്പെട്ടിട്ടുള്ളത്. ധാരാളം സഹിക്കുന്നതിന് എനിക്കു കഴിയുമായിരുന്നു. എന്നാൽ ദേവസി സ്വൽപം കോപം ചിലപ്പോഴൊക്കെ പ്രത്യക്ഷപ്പെടു ത്തിയിരുന്നു. ഒരിക്കൽ അത് എന്റെ നേരെതന്നെ പ്രയോഗിച്ചിട്ടുണ്ട്. പക്ഷെ അത് ഏറ്റം വലിയ സ്നേഹലക്ഷണമായിട്ടാണ് ഞാൻ സ്വീ കരിച്ചത്. അത് അങ്ങിനെ ആയിരുന്നുതാനും. IV Formൽ പഠിക്കു മ്പോൾ എനിക്കു വലിയ ക്ഷീണം അനുഭവപ്പെട്ടിരുന്നു. എന്റെ ഓർമ്മശക്തി എനിക്കു നഷ്ടപ്പെട്ടതായിത്തോന്നി. അതിനുമുമ്പ് പഠിക്കുന്നതിന് അത്ര വിഷമം അനുഭവപ്പെട്ടിട്ടില്ല. പഠനം നടത്തി ക്കൊണ്ടുപോകുക എന്റെ ശരീരത്തിന്റെ അന്നത്തെ സ്ഥിതി കൊണ്ട് അസാദ്ധ്യമായിട്ട് എനിക്കു തോന്നിയിരുന്നു. ഞാൻ വളരെ സഹിച്ചുമിരുന്നു. പക്ഷെ സുഖക്കേടെന്തെന്നു വ്യക്തമാക്കുവാൻ കഴിയാത്തതിനാൽ ആരേയും അറിയിച്ചുമില്ല. ഞങ്ങളുടെ പരീക്ഷ അടുത്തിരുന്നു. എല്ലാവരും ക്ലാസിൽവെച്ച് റിവിഷൻ നടത്തി കൊണ്ടിരിക്കുകയായിരുന്നു. ആ കൊല്ലത്തെ പാഠപദ്ധതി പുതുതായി രുന്നതിനാൽ പല വിഷയങ്ങളിലും നോട്ടു മാത്രമായിരുന്നു ഏകാ വലംബം. ആ നോട്ടുകൾ എന്റെ കൈവശം [പുറം 127] പൂർണ്ണരൂപ ത്തിൽ ഇല്ലായിരുന്നു. ആകയാൽ മറ്റുള്ളവരുടെ പുസ്തകങ്ങൾ ഉപ യോഗിച്ചു പഠിക്കേണ്ടിയിരുന്ന എനിക്കു ക്ലാസിൽവെച്ചു മാത്രമേ അതിനു കഴിയുമായിരുന്നുള്ളു. എന്നാൽ ഞാൻ ക്ലാസിൽ അലസനാ യിരിക്കുന്നതുകണ്ട് ദേവസിക്കു സഹിക്കുവാൻ കഴിഞ്ഞില്ല. അവൻ രാത്രിയിൽ വളരെയധികം സമയം പഠിച്ചിരുന്നിട്ടും സ്കൂളിൽവെച്ച് ഉത്സാഹപൂർവ്വം പഠിച്ചിരുന്നപ്പോൾ, ക്ലാസിൽവെച്ചു മാത്രം പഠി ക്കാൻ കഴിഞ്ഞിരുന്ന ഞാൻ ആ സമയം നഷ്ടപ്പെടുത്തി, പരീക്ഷ യിൽ തോൽക്കുവാൻ ഒരുങ്ങിയിരിക്കുന്ന കാഴ്ച്ച സഹിക്കാൻ കഴി യാതെ കോപം നടിച്ചുകൊണ്ട് ഒന്നുരണ്ടു പ്രാവശ്യം പിച്ചിയിട്ടുണ്ട്. ഞങ്ങളുടെ സ്നേഹം അധികം വികാരപരമായി കാണപ്പെട്ടി ല്ലെങ്കിലും ബുദ്ധിപൂർവ്വമായിരുന്നു. പിന്നെ ഒരു സംഭവം കൂടി ഞാൻ ഓർക്കുന്നുണ്ട്.

ഞാൻ II Formൽ പഠിക്കുമ്പോൾ എന്റെ ചെറിയ പെങ്ങൾ (മേരി) അച്ഛന്റെ വീട്ടിൽനിന്നാണെന്നു തോന്നുന്നു Chickenpox മായി വീട്ടിൽ വന്നു. കുറെ ദിവസം കിടന്ന് സുഖമായിത്തുടങ്ങിയപ്പോൾ എഴുന്നേറ്റ് എന്റെ അടുത്തു വന്നിരിക്കുമായിരുന്നു. ആ സുഖക്കേട് ശ്വസിച്ചുവിടുന്ന വായുവിൽകൂടി പകരുമെന്ന് ഞാൻ പഠിച്ചിരുന്നു. സൂക്ഷം കൂടാതെയുള്ള പെങ്ങളുടെ പെരുമാറ്റം എനിക്ക് ഒട്ടും പിടിച്ചില്ല. പകരുന്ന സുഖക്കേടാണെന്ന [പുറം 128] വിചാരമെ പെങ്ങൾക്കില്ലാത്തതു പോലെയാണ് എന്നോടു തൊട്ടടുത്തിരുന്നു സംസാരിച്ചിരുന്നത്. പെങ്ങളുടെ വായിൽനിന്നു പുറപ്പെട്ടിരുന്ന വായുവിന്റെ ദുർഗ്ഗന്ധംപോലും എനിക്കനുഭവപ്പെട്ടിരുന്നതുകൊണ്ട് ആ രോഗം എന്നെയും ബാധിക്കുമെന്നു ഞാൻ ഭയപ്പെട്ടിരുന്നു. എങ്കിലും പെങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്താതിരിപ്പാൻ ഞാൻ ഒന്നും മിണ്ടിയില്ല. വരുന്നതു വരട്ടെ എന്നുറച്ച് അവിടെത്തന്നെ ഇരുന്നു. പെങ്ങൾ കുളിച്ചു കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം കാലത്ത് ഞാൻ വീട്ടിൽനിന്നു സ്കൂളിലേക്കു പുറപ്പെട്ട സമയം എന്റെ കയ്യിലും മറ്റുമായി നാലഞ്ചു പുളങ്ങൾ കണ്ടു. എനിക്കു സംശയം തോന്നി. പകുതി വഴി കഴിഞ്ഞപ്പോൾ എണ്ണം ഇരട്ടിയായി. സ്കൂളിൽ ചെന്നു കുറച്ചു കഴിഞ്ഞപ്പോൾ എണ്ണം പിന്നെയും ഇരട്ടിച്ചു. അപ്പോൾ മിക്കവാറും അകപ്പെട്ടെന്ന് എനിക്ക് തോന്നി. ദേവസിയും ഞാനും അന്ന് പതിവുപോലെ ഒരു ബഞ്ചിൽ തൊട്ടുതൊട്ട് ഇരിക്കുകയാണ്. ഞാൻ കാര്യം അവനെയറിയിച്ചു. സൂക്ഷിക്കുവാനും നിർബന്ധിച്ചു. പക്ഷെ അവൻ അപ്പോൾ എന്നെ ധൈര്യപ്പെടുത്തുവാൻ ഒന്നുകൂടെ അടുത്തിരിക്കുകയും അവന്റെ കൈ പതിവുവിട്ട് എന്റെ തോളിൽ വെക്കുകയും ചെയ്തു. ക്ലാസ്ടീച്ചർ അനുവദിച്ചിരുന്നെങ്കിൽ [പുറം 129] ഞാൻ വീട്ടിൽ പോകുമായിരുന്നു. ക്ലാസ് ടീച്ചർ മി. മാധവമേനോൻ ഞാൻ പറഞ്ഞതു വിശ്വസിച്ചില്ല. അദ്ദേഹം എന്നെ സ്നേഹിച്ചിരുന്നു. മറ്റു കുട്ടികളും എന്നെ വിശ്വസിക്കാതെ, സൂക്ഷം കൂടാതെ എന്റെ അടുത്തുവന്നു നിന്നിരുന്നു. ഡ്രിൽ ക്ലാസിൽ അന്നു പതിവുപോലെ ഞാൻ സംബന്ധിച്ചു. (ഡ്രിൽ ക്ലാസിൽ ആറു കൊല്ലത്തിനിടയിൽ ഒരു പ്രാവശ്യം മാത്രമാണ് ഒഴിവെടുത്തിരിക്കുന്നത് എന്നാണ് എന്റെ ഓർമ്മ. അതും ഒരു പുണ്യഭ്യാസമായിരുന്നു.) ഉച്ചയാകുംതോറും ശരീരത്തിലെ ചൂടും പുളങ്ങളുടെ എണ്ണവും വർദ്ധിച്ചിരുന്നു. ഉച്ചകഴിഞ്ഞു ഞാൻ വീണ്ടും

ക്ലാസ്ടീച്ചറുടെ അടുത്തു ചെന്ന് വിവരങ്ങൾ അറിയിച്ചു. അദ്ദേഹത്തിന് അപ്പോഴും അതു മസൂരിയാണെന്നു ബോദ്ധ്യമായില്ല. പക്ഷെ ഈ പ്രാവശ്യം എന്റെ ഇഷ്ടംപോലെ ചെയ്യാമെന്നു പറഞ്ഞു. അപ്പോൾ വെയിലാറിയിട്ടില്ലായിരുന്നെങ്കിലും മറ്റുള്ളവർക്ക് ഇനി ഉപദ്രവമുണ്ടാകരുതെന്നു കരുതി ഉടനെ വീട്ടിലേക്കു പുറപ്പെട്ടു. രണ്ടാഴ്ചയിലധികം കിടന്നതിനുശേഷം സുഖമായി വീണ്ടും സ്കൂളിൽ വന്നപ്പോൾ ദേവസി അതേ രോഗത്താൽ കിടപ്പാണെന്നറിഞ്ഞു. [പുറം 130] അവൻ സുഖമായി വന്നപ്പോൾ അവൻ ഞാൻ പറഞ്ഞിട്ടും സൂക്ഷിക്കാതിരുന്നതിനെക്കുറിച്ച് ഒട്ടും മനസ്തപിക്കുന്നതായി കണ്ടില്ല. സ്നേഹമുള്ളപ്പോൾ ഒരു വിഷമവുമില്ലല്ലൊ.

ഞങ്ങൾ തമ്മിൽ സ്വന്തനിലയിൽ യാതൊരു വസ്തുക്കളും കൈമാറ്റം ചെയ്തതായി ഓർക്കുന്നില്ല.

ആ കാലത്ത് ലോകത്തിൽ ഒരു മനുഷ്യനേയും ദേവസിയെപ്പോലെ ഞാൻ സ്നേഹിച്ചിരുന്നില്ലെന്ന് എനിക്കു തോന്നിയിരുന്നു. മറ്റുള്ള ബന്ധങ്ങളെല്ലാം സ്വാഭാവികങ്ങളാണ് പ്രധാനമായി. ഇതു പ്രധാനമായി ആത്മീകമാണ്. എന്നാൽ ഈ ദേവസിയുമായിട്ടുള്ള ബന്ധത്തിൽ എന്റെ കുടുംബത്തിലെ നിർദ്ദേശങ്ങൾക്കു വിപരീതമായി എന്തെങ്കിലും ചെയ്യുന്നതിനു ഞാൻ തുനിഞ്ഞിട്ടില്ല. ഈ ബന്ധത്തിൽ ദൈവതിരുമനസ്സ് സ്വൽപമെങ്കിലും ലംഘിക്കുന്നതിന് എനിക്കിടവന്നിട്ടില്ല. ദൈവത്തിന്റെ കൈ അതിൽ ഞാൻ കണ്ടിരുന്നു. ദൈവത്തെപ്രതി അവനിൽനിന്നു പിരിയുന്നതിന് എന്നും ഞാൻ ഒരുങ്ങിയിരുന്നു. എങ്കിലും എന്നും സന്ന്യാസത്തിലും ഒരുമിച്ചാകുവാൻ ഞാൻ ആഗ്രഹിച്ചിരുന്നു. ലോകത്തിൽ ഇന്നുവരെ ഒരേ ഒരു സ്നേഹിതനെ എനിക്കുള്ളു. ഇതു പലരും [പുറം 131] തെറ്റിദ്ധരിക്കും. അവനേക്കാൾ കൂടുതലായി, സന്ന്യാസത്തിലെ എന്റെ സഹോദരന്മാരെ ഞാൻ സ്നേഹിക്കുന്നുണ്ട്. പക്ഷെ, അവർ സഹോദരന്മാരാണ്, സ്നേഹിതന്മാരായിരിക്കണമെന്നില്ല. എല്ലാവരെയും നമുക്കു സ്നേഹിക്കാമെങ്കിലും എല്ലാവരും നമ്മുടെ സ്നേഹിതന്മാരാകുകയില്ല. സ്നേഹിതൻ തെരഞ്ഞെടുക്കപ്പെടുന്നവനാണ്. അനേകരിൽ ഒരുവനാണ്. അവൻ നാം അവനിൽ കാണുന്ന നന്മ നിമിത്തം സ്നേഹിതനായി തിരഞ്ഞെടുക്കപ്പെടുന്നു. അതു നമ്മുടെ സ്വന്തമനസ്സിന്റെ പരപ്രേരിതമല്ലാത്ത പ്രവർത്തനമാണ്. നാം സഹോദരങ്ങളെ സ്നേഹിക്കേണ്ടത് അപ്രകാരമല്ല. അവനിൽ ഒരു

നന്മയും നാം കാണുന്നില്ലെങ്കിലും നിയമത്തിനു വിധേയനായി സ്നേഹിക്കേണ്ടതാണ്. ആദ്യത്തേതിൽ സ്വഭാവികത്വം കൂടുതലു ള്ളതിനാൽ വലിയ സ്നേഹമായി നമുക്കു തോന്നും. തെളിവില്ലാത്ത എന്റെ ആശയങ്ങളെ തെളിവാക്കാൻ ശ്രമിച്ചെന്നെയുള്ളു. സമയ മില്ലാത്തതിനാൽ കൂടുതൽ ചിന്തിക്കുന്നുമില്ല, എഴുതുന്നുമില്ല.

6

# ദൈവവിളിയിലെ വെല്ലുവിളികളും അതിജീവനവും

[പുറം 134] ഞാൻ ഹൈസ്കൂളിൽ ചേരുന്ന കാലത്തെക്കുറിച്ചാണല്ലോ പറഞ്ഞിരുന്നത്. ആ കൊല്ലംതന്നെ എനിക്ക് 9 വയസ്സു തികയുന്നതിന്റെ തലേമാസത്തിൽ കൊവേന്തയിൽ 40 മണി ആരാധനയ്ക്കു വന്നിരുന്ന ഒരു പ്രായംചെന്ന അച്ചന്റെ പക്കൽ കുമ്പസാരിക്കുന്നതിനിടയായി. അദ്ദേഹത്തെ ഞാൻ അറിയുമായിരുന്നില്ല. അതിനു മുമ്പും പിമ്പും കണ്ടതായി ഞാൻ ഓർക്കുന്നില്ല. ബ. പത്രോസച്ചനാണെന്നാണ് ഞാൻ പിന്നീട് കേട്ടത്. അദ്ദേഹം "നിനക്കു കൊവേന്തയിൽ ചേരാൻ ആഗ്രഹമുണ്ടോ"എന്ന് ചോദിച്ചു. ഒന്നിലധികം കൊല്ലമായി ഞാൻ അത് നിശ്ചയിച്ചു വെച്ചിരുന്നതിനാൽ ഞാൻ ഉടനെത്തന്നെ 'ഉവ്വ്' എന്ന് അറിച്ചു. പക്ഷെ IV Class ൽ ആണെന്നു പറഞ്ഞപ്പോൾ എട്ടാം ക്ലാസ്സിലായാലെ ചേരാൻ പറ്റുകയുള്ളു എന്നു പറഞ്ഞു.

രാത്രിയാകാറായപ്പോഴേക്കും സംഗതി പുറത്തായി. അദ്ദേഹം അത് അപ്പനെ കണ്ടു പറഞ്ഞു. എന്റെ രഹസ്യം കുടുംബാംഗങ്ങളുടെയിടയിൽ സംസാരവിഷയമായി. അവർ എന്നോടു ചോദിച്ചു. അച്ചന്റെ ചോദ്യത്തിന് ഉത്തരമായി ഞാൻ അങ്ങനെ പറഞ്ഞതാണെന്നു സമ്മതിച്ചു. ആ രംഗം അങ്ങനെ [പുറം 135] അവസാനിച്ചു. പിൽക്കാലത്ത് കുടുംബാംഗങ്ങൾ എല്ലാവരും അതു മറന്നതുപോലെ കാണപ്പെട്ടു. എന്റെ ഉന്നം അതാണെന്ന് എല്ലാവരും ഏറെക്കുറെ ഊഹിച്ചിരുന്നതായി അവരുടെ സംസാരങ്ങളിൽനിന്ന് എന്നും എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. II Formൽ ക്ലാസ് ടീച്ചറായിരുന്ന മാധവമേനോൻ മാസ്റ്ററും എന്റെ പ്രകൃതിയിൽനിന്ന് അത് ഊഹിച്ച് ഒന്നിലധികം പ്രാവശ്യം സൂചിപ്പിച്ചതായി ഓർക്കുന്നു. ഒരിക്കൽ 'Recognize' എന്ന വാക്കിന്റെ അർത്ഥം ഞങ്ങളെ ഗ്രഹിപ്പി

ക്കുവാനായി അദ്ദേഹം, ഞാൻ കുറെ കൊല്ലങ്ങൾക്കുശേഷം ഒരു വൈദികനായി തിരിച്ചുവരുന്നെന്ന് വിചാരിക്കണമെന്നു പറഞ്ഞാണ് തുടങ്ങിയത്. ഇങ്ങിനെയൊക്കെ ആണെങ്കിലും എന്റെ ആഗ്രഹം രഹസ്യമായിരുന്നു. പലരും വീട്ടിലും പുറത്തുമുള്ളവരായി എന്നോടു ചോദിച്ചിരുന്നു. പക്ഷെ, IV Classൽ വെച്ച് നടന്ന മേൽവിവരിച്ച സംഭവം കഴിഞ്ഞതിൽപിന്നെ ഞാൻ ആർക്കും തെളിവായ ഉത്തരം കൊടുത്തിരുന്നില്ല. "കാലമായില്ലല്ലൊ ആലോചിക്കുകയാണ്" എന്നിങ്ങനെയുള്ള ഉത്തരങ്ങളാണ് കൊടുത്തിരുന്നത്. ആ രഹസ്യം പുറത്തുവിടുന്നതു നന്നല്ല എന്നു തോന്നിയിരുന്നു. ബ. വൈദിക രോടുപോലും [പുറം 136] പറയുന്നതിന് എനിക്കു മടിയായിരുന്നു. ആഗ്രഹസാദ്ധ്യം വരുത്തുവാൻ കഴിവുള്ളവരോട് അതിനുള്ള കാലമാകുമ്പോൾ ഉടൻ സാധിക്കുമെന്നു പ്രതീക്ഷയുണ്ടെങ്കിൽ പറ യുവാനേ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളു. അല്ലാതെയുള്ള സംസാരം ദൈവവിളിക്കു വിഘാതമായിട്ടെ വരികയുള്ളു എന്ന് ഞാൻ വിചാ രിച്ചിരുന്നു. പലരും ജിജ്ഞാസകൊണ്ടാണ് ചോദിക്കുന്നത്. അവരിൽനിന്ന് ഒരു നന്മയും പ്രതീക്ഷിക്കാനില്ല. പല വൈദികർ തന്നെയും ആ തരക്കാരാണെന്ന് അന്നേ തോന്നിയിട്ടുണ്ട്. കർത്താ വിന്റെ രഹസ്യം അതു നിറവേറുന്നതുവരെ ഉപകാരമില്ലാത്ത വിമർശന ങ്ങൾക്കും പരിഹാസത്തിനും വിധേയമാക്കുവാൻ പാടില്ല. എന്റെ ഇന്നത്തെ അഭിപ്രായവും അതുതന്നെയാണ്.

എന്റെ ഏറ്റം പ്രിയ സ്നേഹിതനായ ദേവസിയോടുപോലും ഈ സംഗതി 5 കൊല്ലം കഴിഞ്ഞാണു പറഞ്ഞത്. അതും മറ്റുള്ളവർ അറിയാനിടയായി എന്നു കണ്ടപ്പോൾ മാത്രമാണ്.

എന്റെ ദൈവവിളിയെക്കുറിച്ച് തുടർന്നു പറയണമെന്നു ഞാൻ വിചാരിക്കുന്നു. I Formൽ വെച്ച് [പുറം 137] കന്യാസ്ത്രിയായ മേരി റോസ് ഇളയമ്മക്ക് ഇംഗ്ലീഷിൽ ഇളയമ്മയെപ്പോലെ കർമ്മലീത്ത സഭയിൽ സന്ന്യാസജീവിതം കഴിപ്പാൻ എനിക്ക് ആഗ്രഹമുണ്ടെന്നു കാണിച്ച് ഒരെഴുത്തെഴുതി. പക്ഷെ അയച്ചില്ല. എന്റെ ദൈവവിളിയെ ക്കുറിച്ചുള്ള ചിന്ത എന്നെ ഒരിക്കലും വിട്ടുമാറിയിരുന്നില്ല. എന്റെ എല്ലാ പ്രവൃത്തികളേയും അതു നിയന്ത്രിച്ചിരുന്നു. ദിവസം ചെല്ലു ന്തോറും എന്റെ ആഗ്രഹം ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഒരു സന്ന്യാസി യാകുന്നതെന്തിനാണെന്നും ഒരു വൈദികനാകുന്നതെന്തിനാ ണെന്നും ആരെങ്കിലും ചോദിച്ചാൽ എങ്ങിനെയാണ് ഉത്തരം

പറയേണ്ടതെന്നും എന്റെ വലിയ പെങ്ങളിൽനിന്നു ഞാൻ ഗ്രഹിച്ചിരുന്നു. പുണ്യവാനാകുന്നതിനും മറ്റുള്ളവരുടെ ആത്മരക്ഷ സാധിക്കുന്നതിനും ആണെന്നുള്ളത് എനിക്കു വളരെ ആകർഷണീയമായിത്തോന്നി. എന്നാൽ ആ ജീവിതസ്ഥിതിക്കായി ഒരുങ്ങുന്നവനു വേണ്ട ഗുണലക്ഷണങ്ങളെക്കുറിച്ചും പെങ്ങൾതന്നെ പലപ്പോഴായി സംസാരിച്ചിട്ടുണ്ട്. ആ ഗുണങ്ങൾ എന്നിൽ ഞാൻ കണ്ടിരുന്നില്ല. ചില നല്ല ഗുണങ്ങൾ എന്നിൽ ഉണ്ടെന്ന് [പുറം 138] എനിക്കുതന്നെ എക്കാലവും ബോദ്ധ്യമുള്ളതാണ്. പക്ഷെ, ആകെക്കൂടെ നോക്കുമ്പോൾ എന്നിൽ വലിയ പോരായ്മകൾ ഉണ്ടെന്ന് എനിക്ക് മനസ്സിലായിരുന്നു. മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഒരു ദൃഢനിശ്ചയനായി ഞാൻ കാണപ്പെട്ടിരുന്നില്ലെന്നാണ് എനിക്കു തോന്നുന്നത്. പ്രാർത്ഥന നമസ്കാരങ്ങളിൽ വലിയ അലസത എന്നിൽ കാണപ്പെട്ടിരുന്നു. നല്ല ആഗ്രഹങ്ങൾ ഉണ്ടായിരുന്നെങ്കിലും അതിനനുസരിച്ചുള്ള പ്രവൃത്തിയില്ലായിരുന്നു. എന്റെ ജീവിതം എനിക്കുതന്നെ ഒട്ടും തൃപ്തികരമായിരുന്നില്ല. പ്രായം ചെല്ലുംന്തോറും ഞാൻ മോശമായി വരുന്നെന്ന് അമ്മയിൽനിന്നു കേട്ടിരുന്നതുകൊണ്ട് എന്റെ വിഷമം വർദ്ധിച്ചുമിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സന്ന്യാസിയാകണമെന്ന ദൃഢനിശ്ചയത്തിൽനിന്നു യാതൊരു കാരണവും എന്നെ മാറ്റുകയില്ലെന്നു ഞാൻ വിചാരിച്ചിരുന്നു. സന്ന്യാസസഭാപ്രവേശനത്തിൽ എനിക്കും എന്റെ സഹോദരി സഹോദരന്മാർക്കും വളരെ പ്രതിബന്ധങ്ങൾ ഉണ്ടെന്നറിഞ്ഞിരുന്ന ഞാൻ അവരെയെല്ലാം പറഞ്ഞുവിട്ടിട്ടേ പോകുന്നുള്ളു [പുറം 139] എന്ന് വിചാരിച്ചിരുന്നു. സാഹചര്യങ്ങളോട് എതിർക്കുന്നതിനുവേണ്ട മനക്കരുത്ത് അവർക്ക് എന്നേപ്പോലെയുണ്ടായിരുന്നെന്ന് എനിക്കു തോന്നിയിരുന്നില്ല. ഞാൻ എങ്ങിനെയായാലും എന്തു വിഷമം സഹിച്ചായാലും പ്രായപൂർത്തിയായാൽ സഭയിൽ ചേരും എന്നു നിശ്ചയിച്ചിരുന്നു. അതേസമയംതന്നെ എന്റെ സഭാപ്രവേശനത്തിന് ആദ്യം കിട്ടുന്ന അനുകൂല സാഹചര്യത്തെ ഉപയോഗിക്കുന്നതിനും ഒരുക്കമായിരുന്നു. വലിയ പെങ്ങൾ ഒരിക്കൽ മത്തായി ശ്ലീഹായുടെ ദൈവവിളി സ്വീകരണത്തെക്കുറിച്ചു സ്തുതിച്ചുപറയുന്നതു ഞാൻ കേട്ടു. എന്റെ മാമോദീസ പേര് മത്തായി എന്നായതുകൊണ്ട് ആ ശ്ലീഹായോട് എനിക്കു പ്രത്യേക ഭക്തിയുണ്ടായിരുന്നു. ചുങ്കസ്ഥലത്തിരുന്ന ശ്ലീഹാ കർത്താവു വിളിച്ചപ്പോൾ ഉടനെ ഇറങ്ങിപ്പോയതുപോലെ,

ഞാൻ ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് കൊവേന്ത പറമ്പിലോ മറ്റെവിടെവെച്ചെങ്കിലുമോ ബ. അച്ചന്മാർ, "നിന്നെ ഇപ്പോൾ തന്നെ സ്വീകരിക്കാം" എന്നു പറയുകയാണെങ്കിൽ [പുറം 140] ആ സമയംതന്നെ എല്ലാം ഉപേക്ഷിച്ച് അവരോടുകൂടി ചേരുന്നതിനു ഞാൻ ഒരുക്കമാണൊ എന്ന് എന്നോടുതന്നെ ഞാൻ പലപ്പോഴും ചോദിക്കുമായിരുന്നു. എല്ലായിപ്പോഴും എന്റെ ഹൃദയം ഒരുങ്ങിയിരുന്നതായി എനിക്കനുഭവപ്പെട്ടിരുന്നു. ഏഴു വയസ്സായിരുന്നപ്പോൾ മുതൽ തന്നെ കുടുംബസ്നേഹത്തിൽനിന്നും വസ്തുക്കളോടുള്ള സ്നേഹത്തിൽനിന്നും ലൗകികമായ എല്ലാത്തിൽനിന്നും എന്റെ ഹൃദയത്തെ ഞാൻ അകറ്റിയിരുന്നതുകൊണ്ട് എനിക്കു വളരെ എളുപ്പമായിരുന്നു. അപ്പന്റെ പക്കൽ പലരും പലതരത്തിലുള്ള കേസുകൾ തീർക്കുന്നതിനായി വരുമായിരുന്നു. അതു ശ്രദ്ധിച്ച് ശ്രദ്ധിച്ച് എനിക്കു വ്യവഹാരകാര്യങ്ങളോട് അതു കുറെയൊക്കെ മനസ്സിലായിരുന്നതുകൊണ്ട് വളരെ താൽപര്യം തുടങ്ങി. അപ്പോൾ എനിക്കെന്തുപകാരം ഇതുകൊണ്ടൊക്കെ എന്നു കരുതി പിന്നീട് മനഃപൂർവ്വം എന്റെ ശ്രദ്ധ ഞാൻ മാറ്റിത്തുടങ്ങി. മറ്റു കൂട്ടുകാരും വേലക്കാരും ദൈവവിളിയെക്കുറിച്ച് ഓർക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. എന്റെ നിശ്ചയം [പുറം 141] ശരിയായിട്ടറിയാൻ അവർക്കു കഴിഞ്ഞിരുന്നില്ലെങ്കിലും എന്റെ സന്ന്യാസസഭാ പ്രവേശനത്തെക്കുറിച്ച് ഊഹിച്ചുള്ള ഓരോ കാര്യങ്ങൾ അവർ പറയുമായിരുന്നു.

ഞാൻ II Formൽ ആയപ്പോഴാണ് ബ. അബ്ദിയാസച്ചൻ യോഗാർത്ഥി ഭവനത്തിൽ പ്രവേശിച്ചത്. ചേരുന്നതിന്ന് കുറച്ചു ദിവസംമുമ്പ് ബ. അത്തനാസിയൂസച്ചൻ അദ്ദേഹത്തെ കാണണമെന്ന് ആവശ്യപ്പെട്ടതുകൊണ്ട് ഞങ്ങൾ രണ്ടുപേരുംകൂടി കൊവേന്തയിൽ ചെന്നു. "എന്താ നിനക്കു കൊവേന്തയിൽ ചേരാൻ ആഗ്രഹമുണ്ടോ?" എന്നു ചോദിച്ചതിന് അബ്ദിയാസച്ചൻ പണത്തിന്റെ വിഷമമോ ജ്യേഷ്ഠൻ സമ്മതിക്കുമോ എന്നറിഞ്ഞുകൂടാ എന്നോ മറ്റോ പറയാൻ തുടങ്ങി. അപ്പോൾ അദ്ദേഹം പറഞ്ഞു, "ആ വക കാര്യങ്ങളൊന്നും നീ നോക്കേണ്ട. നിനക്കു മനസ്സുണ്ടോ എന്നു അറിഞ്ഞാൽ മതി". അത് എനിക്ക് വളരെ ഉപകാരമുള്ളതായി ത്തോന്നി. എന്റെ ദൈവവിളി പ്രായോഗികമാക്കുന്നതിലുള്ള നിരവധി വിഷമങ്ങൾ എന്റെ ബോധത്തിൽ [പുറം 142] വരുമ്പോഴൊക്കെയും ബ. അത്തനാസിയൂസച്ചന്റെ വാക്കനുസരിച്ച് അത് എന്റെ

കാര്യമല്ലെന്നും ഞാൻ എന്നെത്തന്നെ സമർപ്പിച്ചാൽ മതിയെന്നും കരുതി സമാധാനിച്ചിരുന്നു. സഭാപ്രവേശനത്തിലും നിലനിൽപ്പിലും എനിക്കു വിജയസൂചകമായി ഞാൻ അധികമൊന്നും കണ്ടില്ല. തോൽവി പേടിച്ചുനിന്നിരുന്നെങ്കിൽ ഞാൻ എന്നും അങ്ങിനെ നിൽക്കുമായിരുന്നു. വലിയ തുനിവ് എനിക്കാവശ്യമായിരുന്നു. ഞാൻ മുഴുവൻ കർത്താവിൽനിന്നു പ്രതീക്ഷിച്ചു. ഏതു തോൽവിയും അഭിമുഖീകരിക്കുന്നതിന് ഒരുങ്ങിയാണ് ഞാൻ വൈദിക സന്ന്യാസ ജീവിതത്തിനു തുനിഞ്ഞത്. കൃത്യനിഷ്ടയില്ലായ്മയും അലസതയുമാണ് എനിക്കു വലിയ വിഘാതമായി തോന്നിയത്. സന്ന്യാസ സഭാപ്രവേശനത്തോടെ ലോകത്തിൽ എനിക്കെത്ര ശ്രമിച്ചിട്ടും ജയിക്കാൻ കഴിയാത്ത ആ ദുർഗുണങ്ങൾ മാറികിട്ടും എന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. അതു മാറിക്കിട്ടിയാൽ അസാധാരണമായി പഠനത്തിലും ഭക്തിയിലും ഞാൻ ഉയരുമെന്നും ഞാൻ പ്രതീക്ഷിച്ചിരുന്നു. രണ്ടിനും അടിസ്ഥാനം [പുറം 143] എന്നിലുണ്ടായിരുന്നു. ബുദ്ധിശക്തിയും ചിന്താശീലവും പഠനത്തെ സംബന്ധിച്ചും പുണ്യവാനാകാനുള്ള അതിയായ ആഗ്രഹവും ഭക്തിയിലേക്കുള്ള ചാച്ചിലും പുണ്യജീവിതത്തെ സംബന്ധിച്ചും. വേറെ ഒരു പ്രതിബന്ധം അമിതമായ ലജ്ജാശീലമാണ്. മറ്റുള്ളവർ കേൾക്കെ പാട്ടുപാടുന്നതിനോ സഭയിൽ പ്രത്യക്ഷപ്പെടുന്നതിനോ എനിക്കു വലിയ എന്നല്ല, അസാമാന്യമായ വിഷമമായിരുന്നു. അതിനെ ജയിപ്പാൻ ഞാൻ ഒരു മാർഗ്ഗവും അന്ന് കണ്ടില്ല. ഇതായിരുന്നു സ്വാഭാവികമായി എന്നെ കൂടുതൽ ഭയപ്പെടുത്തിയത്. അതിൽ ജയം മുഴുവൻ കർത്താവിൽ നിന്നു പ്രതീക്ഷിച്ചു. തക്കസമയത്ത് എനിക്ക് വേണ്ടതെല്ലാം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുവാൻ മാത്രമെ എനിക്കു കഴിഞ്ഞുള്ളു. യോഗാർത്ഥി ഭവനത്തിൽ പ്രവേശിച്ചതിന്റെ തലേദിവസം വളരെ താമസിച്ചാണ് ഞാൻ പള്ളിയിൽനിന്നു പോന്നത്. അന്ന് അവസാനം വി. കുർബാന ഉൾക്കൊള്ളാൻ ആഗ്രഹിച്ചിരുന്നു. ഒരു കിളവനും രണ്ടുമൂന്നു സ്ത്രീകളും മാത്രം ശേഷിച്ചു. ബ. തിമോത്തിയൂസച്ചൻ വി. കുർബാന കൊടുക്കുവാൻ ഒരുങ്ങി. പക്ഷെ തിരി കത്തിക്കുന്നതിന്നും തട്ടം പിടിക്കുന്നതിന്നും പള്ളിയിൽ ആരുമില്ലായിരുന്നു. തുണ സഹോദരന്മാരും അപ്പോൾ അവിടെയി [പുറം 144] ല്ലായിരുന്നു. അദ്ദേഹം എന്നെ വിളിച്ചു. ഞാൻ ചെന്നു, പക്ഷെ ആ ജോലി ചെയ്യാൻ ഞാൻ സമ്മതിച്ചില്ല. യാതൊരു തരത്തിലും എനിക്ക് എന്നെത്തന്നെ ജയി

ക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കുറെ നിർബന്ധിച്ചു. പിറ്റെദിവസം തൊട്ട് അതു ഞാൻ ചെയ്യേണ്ടെ എന്ന് അദ്ദേഹം സൂചിപ്പിച്ചു. അനുസരിക്കാത്തവർക്കു കൊവേന്തയിൽ സ്ഥാനമില്ലെന്നും എനിക്കറിയാമായിരുന്നു. അച്ചൻ എന്നെക്കുറിച്ചു എന്തു വിചാരിച്ചാലും വേണ്ടതില്ല, അതു ചെയ്യാൻ അപ്പോൾ എനിക്കു സാദ്ധ്യമല്ലെന്നു ഞാൻ കാണിച്ചു. എന്റെ ബലഹീനതയുടെ ആധിക്യം കണ്ട് എനിക്ക് ഒട്ടുംതന്നെ നിരാശയുണ്ടായില്ല. പിറ്റേദിവസം തൊട്ടു ഞാൻ അനുസരണമുള്ളവനായി അതു ചെയ്യേണ്ടതാണെങ്കിൽ കർത്താവു എനിക്ക് അതിനുള്ള ശക്തി തരും എന്ന് ഞാൻ ദൃഢമായി വിശ്വസിച്ചു. വലിയ ഒരു തുനിവ് എനിക്കാവശ്യമായിരുന്നു ആ വിഷയത്തിൽ എന്റെ ഭയവും വിറയലുമൊക്കെ വളരെ കാലത്തേക്കു തുടർന്നെങ്കിലും അനുസരിക്കാനുള്ള കഴിവും എനിക്കു കർത്താവു തന്നിരുന്നു. യോഗാർത്ഥി ഭവനത്തിൽ ചേർന്നിട്ട് ഒരു കൊല്ലം കഴിഞ്ഞിട്ടും വലിയ അൾത്താരയിൽ [പുറം 145] തനിച്ചു കുർബാനക്കു കൂടുമ്പോൾ സാധാരണ ദിവസങ്ങളിൽപോലും വിറച്ചു വിറച്ച് വീഞ്ഞ് വെള്ള പാത്രങ്ങൾ അൾത്താരയിലേയ്ക്കു കൊണ്ടുവരുന്നതിനു വിഷമിച്ചിട്ടുണ്ട്. കാർമ്മികന്റെ കൈകഴുകാൻ ധൂമകുറ്റിയും കൊണ്ടുചെന്നിട്ടുണ്ട്. സാധാരണ എനിക്കുള്ള absent mindedness അല്ലായിരുന്നു അത്. പേടികൊണ്ടുണ്ടായ മറവിയാണ്. ഈ വിഷയങ്ങളും തള്ളപ്പെട്ടേക്കുമെന്നുള്ള ഭയവുമെല്ലാം ഉണ്ടായിട്ടും ഇതിനു തുനിഞ്ഞത് പുണ്യവാനാകണമെന്നുള്ള ഏക ഉദ്ദേശ്യം കൊണ്ടായിരുന്നു. അതുകൊണ്ടല്ലെങ്കിൽ ഭീരുവായ ഞാൻ ഈ പരീക്ഷണത്തിനു മുതിരുകയില്ലായിരുന്നു. എന്തിനും ഒരുങ്ങിയുള്ള ഒരു പുറപ്പാടായിരുന്നു എന്റേത്. ഈ ഒരുക്കമാണ് വൈദികനായിത്തീരുന്നതുവരെ ഉണ്ടായിക്കൊണ്ടിരുന്ന നിരവധി ക്ലേശങ്ങളെ തരണം ചെയ്യുവാൻ എന്നെ സഹായിച്ചതും.

നമ്മുടെ കർത്താവ് കെട്ടിടം പണിയാൻ തുടങ്ങുന്നവൻ ആദ്യമെത്തന്നെ അതിന്റെ പ്ലാനും കണക്കുകളുമെല്ലാം തയാറാക്കി തനിക്കതു സാധിക്കുമോ എന്നു നോക്കേണ്ടിയിരിക്കുന്നു എന്നു സുവിശേഷത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. എന്റെ ചെറുപ്പംമുതൽ, [പുറം 146] അതായത് അഞ്ചാറുവയസ്സുള്ളപ്പോൾ മുതൽതന്നെ ഞാൻ ഇപ്രകാരം ചെയ്തിരുന്നു. ഭാവിയെക്കുറിച്ചും ഉണ്ടായേക്കാവുന്ന വിഷമങ്ങളെക്കുറിച്ചും ഞാൻ ചിന്തിക്കുമായിരുന്നു. പുണ്യവാനാകണ

മെന്നുള്ള ആഗ്രഹം ശക്തിപ്പെടുന്നതുവരെ മേൽപറഞ്ഞ ചിന്തകൾ എന്നെ നിരാശനും ഭീരുവുമാക്കുകയായിരുന്നു പതിവ്. എന്നാൽ പിന്നീട് അതായത് ആദ്യകുർബാന സ്വീകരണത്തോട് അടുത്തകാലം മുതൽ ആ ചിന്താപ്രകൃതി എന്നെ കൂടുതൽ ധൈര്യപ്പെടുത്തിയിരുന്നു. മുൻകൂട്ടി ഒരുങ്ങുന്നതിന് എന്നെ അതു സഹായിച്ചിരുന്നു. ദൈവപരിപാലനയിലുള്ള വിശ്വാസവും ദൈവത്തിലുള്ള പ്രത്യാശയും വഴിയായി ഞാൻ ധൈര്യം പ്രാപിച്ചിരുന്നു. ദൈവം എനിക്കു വരാനുള്ള വിഷമഘട്ടങ്ങളെക്കുറിച്ചു സ്വൽപം സൂചന മുൻകൂട്ടി തരുമായിരുന്നു. എന്നെ ഒരുക്കിയതിനു ശേഷമാണ് കർത്താവ് എന്നെ പീഢകളിലേക്കു പ്രവേശിപ്പിച്ചിരുന്നത്. അതുകൊണ്ടാണ് മറ്റുള്ളവർക്ക് അതിശയം തോന്നത്തക്കവണ്ണം ശാന്തനായി ഞാൻ സഹിച്ചിരുന്നത്. സഭാപ്രവേശനത്തിനുമുമ്പു തന്നെ to prepare for the worse എന്നുള്ളത് എന്റെ നയമായിരുന്നു. അതുവഴിയായി ഞാൻ വളരെ സമാധാനം കണ്ടെത്തി. ഭാവിതിന്മകളെക്കുറിച്ച് രൂപീകരിക്കുമ്പോൾ [പുറം 147] വലിയ ഭയം എനിക്കു ചിലപ്പോൾ അനുഭവപ്പെടും. അപ്പോൾ കർത്താവിന്റെ പക്കലേക്കു തിരിഞ്ഞു പ്രാർത്ഥിക്കും. സമാധാനം അതിനാലെ കൈവരും. എന്നിൽനിന്ന് കർത്താവ് അതാവശ്യപ്പെടുന്നെങ്കിൽ എങ്ങിനെയെങ്കിലും അതിനുള്ള ശക്തി കർത്താവെനിക്കു തരുമെന്നുള്ള പ്രതീക്ഷയിൽ ഞാൻ സംതൃപ്തനാകും. സാധാരണയായി ആ വിഷമസാഹചര്യങ്ങളെ സന്തോഷത്തോടെ പാർത്തിരിക്കുന്നതിനുള്ള വരംതന്നെ കർത്താവെനിക്കു തരാറുണ്ട്. എന്നാൽ ആയുധപ്രയോഗംകൊണ്ടുള്ള മുറിവുകൾ ഏൽക്കാൻ വേണ്ട ധൈര്യം ഇന്നും എനിക്കു ലഭിച്ചിട്ടില്ല. ഏറ്റവും നിസ്സാരമായ തോതിൽപോലും അത് അഭിമുഖീകരിക്കാൻ ഞാൻ നിർബന്ധപ്പെട്ടിട്ടുമില്ല. ചെറുപ്പംമുതൽ വേദസാക്ഷിയാകുവാൻ ആവശ്യപ്പെട്ടാൽ ഞാൻ എന്തു ചെയ്യും എന്ന ചോദ്യം ഞാൻ എന്നോടുതന്നെ ചോദിക്കുമായിരുന്നു. ക്രൂരപീഡകൾ ഏറ്റുകൊണ്ടുള്ള മരണം എന്റെ ഭാവനയിൽ ഞാൻ കൂടെക്കൂടെ കൊണ്ടുവരുമായിരുന്നു. ആദ്യകാലത്തേക്കാൾ കൂടുതൽ ഞാൻ ഇപ്പോൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. സഭയിൽ ചേർന്ന കാലംമുതൽ അതിനായി ദൈവത്തെപ്രതി മരിക്കുന്നതിനായി എനിക്കു ശക്തി തരണമെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. [പുറം 148] എനിക്കു കൂടുതൽ വിഷമം തോന്നുന്ന ഒരു കാര്യം കണ്ടാൽ ആ ചിന്ത

ഉപേക്ഷിച്ച് അതിൽനിന്നു രക്ഷപ്പെടുകയല്ല എന്റെ നയം. പ്രിയ പിതാവേ, ഞാൻ വിഷയത്തിൽനിന്നു വളരെ വ്യതിചലിച്ചു എന്നെനിക്കറിയാം. അങ്ങ് അത് അനുവദിച്ചിട്ടുള്ളതാണല്ലോ. ഞാൻ തിരിച്ചു വരാം. പറഞ്ഞുതുടങ്ങിയത് അവസാനിപ്പിച്ചുകൊള്ളട്ടെ. ഭയം തോന്നുന്ന സംഗതിയെ എങ്ങിനെയെങ്കിലും എതിരിട്ട് ഭയം ഇല്ലാതാക്കുകയാണു വേണ്ടത്. ബുദ്ധിപരമായ ഭയവും ഐന്ദ്രികമാത്രമായ ഭയവുമുണ്ട്. ബുദ്ധിപരമായ ഭയം ജയിക്കണമെങ്കിൽ ഭയത്തിനുള്ള കാരണം ഇല്ലാതാക്കണം. പാപമല്ലാതെ മറ്റൊരു തിന്മ യഥാർത്ഥമായിട്ടില്ല എന്നുള്ള സത്യം നമ്മുടെ പ്രാർത്ഥനയാലും പരിശ്രമത്താലും ഉള്ളിൽ കയറ്റണം. പാപമാണ് ഭയത്തിനു കാരണമെങ്കിൽ അതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ നമുക്കറിയാം. പാപമില്ലാത്തിടത്ത് ബുദ്ധിപരമായ ഭയം ഉണ്ടാകുന്നെങ്കിൽ അതു ചിന്താകുഴപ്പം കൊണ്ടുള്ളതാണ്. സത്യം ഗ്രഹിച്ചാലെ അതു മാറുകയുള്ളു. നിത്യസത്യങ്ങളിന്മേലുള്ള ധ്യാനംകൊണ്ട് അത് ഇല്ലാതാക്കാം.

[പുറം 149] ഐന്ദ്രികപരമായ ഭയത്തിനു കാരണമില്ല. അതു തീരെ അവഗണിക്കപ്പെടേണ്ടതാണ്. അതു ജയിക്കേണ്ടത് ഭയോൽപാദകമായ വസ്തുവിനോടോ ചിന്തയോടോ കുറേശ്ശെ കുറേശ്ശെ ആവർത്തിച്ചാവർത്തിച്ച് നമ്മെ അടുപ്പിച്ചുകൊണ്ടാണ്. വണ്ടിക്കു കെട്ടേണ്ട കാളകളെ തഴക്കുന്നത് നാം കണ്ടിട്ടുണ്ടല്ലോ. ആദ്യം റോഡിൽ കയറുന്ന ചില കാളകൾ വല്ല കാറോ, ബസ്സോ വരുന്നതു കണ്ടാൽ വിരണ്ടോടും. ആ കാഴ്ചയോടു കുറെ പരിചയപ്പെട്ടു കഴിയുമ്പോൾ അതിന്റെ ഭയാനകത്വം കുറയുന്നു. ആകയാൽ ഏതുതരത്തിലുള്ള ഭയമായാലും വേണ്ടതില്ല, അതിനെ ജയിക്കേണ്ടത് കണ്ണടച്ചുകളഞ്ഞിട്ടോ അസത്യത്തിൽ ആശ്രയിച്ചുകൊണ്ടോ അല്ല. മറിച്ച്, നേരിട്ടുകൊണ്ടാണ്. ഭയപ്പെടേണ്ടതിനെ നശിപ്പിച്ചുകൊണ്ടോ ഭയപ്പെടേണ്ടാത്തതിനെ ഭയപ്പെടേണ്ടതായി കാണിക്കുന്ന ബുദ്ധിയെ തിരുത്തിക്കൊണ്ടോ അകാരണമായി നമ്മിൽ ഭയം ജനിപ്പിക്കുന്ന വസ്തുക്കളോട് അടുത്തുകൊണ്ടോ ആണ്.

മറ്റുള്ളവരെ ആശ്വസിപ്പിക്കുമ്പോഴും നാം വിവേകപൂർവ്വം ഈ തത്വങ്ങളെ ആശ്രയിക്കേണ്ടതാണ്. സുഖക്കേടു പിടിപെട്ട് [പുറം 150] മരണാസന്നനായി കിടക്കുന്നയാൾ മരണത്തെക്കുറിച്ചു ഭയപ്പെടുന്നതു കാണുമ്പോൾ “നീ മരിക്കുകയില്ല” എന്നു പറഞ്ഞ് ആശ്വസിപ്പിക്കുന്നവരുണ്ട്. ഇത്ര ഗൗരവമായ സംഗതിയിലല്ലെങ്കിലും ഭയപ്പെടുന്ന

സ്വന്തസഹോദരങ്ങളെ അസത്യങ്ങളായ അല്ലെങ്കിൽ ഉറപ്പില്ലാത്ത ന്യായങ്ങളാൽ താൽകാലികമായി ആശ്വസിപ്പിച്ചു വഞ്ചിക്കുന്ന സഹോദരങ്ങൾ സന്ന്യാസസഭകളിലുമുണ്ട്. അവർ വലിയ ആശ്വാസ പ്രദരായി കടന്നുപോകുകയും ചെയ്യുന്നു. വരാൻ പോകുന്ന തിന്മ വരികയില്ല എന്നു പ്രവചിച്ചുകൊണ്ട് ആ സാഹചര്യത്തിൽനിന്നു രക്ഷപ്പെടുന്നു. മുഖം നോക്കി ഭവിഷ്യത് ഫലങ്ങൾ പറയുന്ന നമ്മുടെ നാട്ടിലെ കണിയാന്മാരോട് ഇവരെ ഉപമിക്കാം. ഉദ്ദേശ്യം നല്ലതായിരിക്കാമെങ്കിലും ഉപദ്രവമാണ് വരുത്തിക്കൂട്ടുന്നത്.

സംഭവിച്ചേക്കാവുന്ന ഒരു സംഗതിയെ ഓർത്ത് യാതൊരു തരത്തിലും തക്ക ന്യായങ്ങളാൽ ആശ്വസിപ്പിക്കപ്പെടുവാൻ വഹിയാത്ത നിലയിൽ എത്തിയിരിക്കുന്ന ഒരാളെ അതു വെറും അനിശ്ചിതമായ ഒന്നാണല്ലൊ [പുറം 151] എന്ന് ഓർമ്മിച്ചുകൊണ്ടോ അതു മിക്കവാറും സംഭവിക്കയില്ലെന്നു തോന്നുന്നെങ്കിൽ അങ്ങിനെ ഉറപ്പുകൊടുത്തുകൊണ്ടോ ആശ്വസിപ്പിക്കുന്നത് വിവേകമാണ്. എന്നാൽ കഴിവുള്ളപ്പോഴെല്ലാംതന്നെ ഭയകാരണം മാറ്റുകയോ ഭയപെടുന്നതിനെ ശാന്തമായി എതിരിടുന്നതിന് വേണ്ടവിധം ഒരുക്കുകയോ ആണ് വേണ്ടതെന്നാണ് എനിക്കു തോന്നുന്നത്.

ഈ കാര്യത്തിൽ ചെറുപ്പം മുതൽ ഈ നയമാണ് ഞാൻ അവലംബിച്ചിരുന്നതെന്നു നേരത്തെ പറഞ്ഞിട്ടുണ്ടല്ലൊ. കൊവേന്തയിൽ ചേർന്നതിനുശേഷം ഊട്ടുമുറിയിൽ ആണ്ടിലൊരിക്കൽ ഇതുപോലെ ചെയ്തിരുന്ന ഒരു വിശുദ്ധന്റെ ചരിത്രം വായിക്കാറുണ്ട്. അദ്ദേഹത്തിന് ഈ അഭ്യാസത്തിന്റെ ഫലമായി പ്രതീക്ഷയിൽ കവിഞ്ഞ് ഒന്നും സംഭവിച്ചിട്ടില്ലെന്നു പറയുവാൻ കഴിഞ്ഞിരുന്നു. ഏതു പീഢകളും അദ്ദേഹത്തിനു വേണ്ടവിധം സഹിക്കുന്നതിനു കഴിഞ്ഞിരുന്നു. വിശുദ്ധന്റെ പേര് ഞാൻ ഓർക്കുന്നില്ല. എന്റെ പതിവ് തുടർന്നുകൊണ്ടുപോകുന്നതിന് ആ ചരിത്രം എന്നെ ധൈര്യപ്പെടുത്തി. 12 കൊല്ലം മുമ്പ് [പുറം 152] Life of More (by Stapleton) വായിച്ചു കേൾക്കാനിടയായി. അതിനും അഞ്ചാറു കൊല്ലം മുമ്പ് വി. തോമസ് മൂറിനെ പഠിക്കുവാനും അനുകരിക്കുവാനും തുടങ്ങിയിരുന്നെങ്കിലും ഒരു പൂർണ്ണമായ ചരിത്രം അന്നാണ് വായിച്ചുകേട്ടത്. അക്കാലം മുതലാണ് ആ വിശുദ്ധൻ ഈ കാര്യത്തിലും എനിക്ക് അനുകരണീയനാണ് എന്ന് സന്തോഷപൂർവ്വം മനസ്സിലാക്കിയത്.

നാം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ പലപ്പോഴും നമ്മെത്തന്നെയാണ് സ്നേഹിക്കുന്നത്. നമ്മിലുള്ള നന്മകൾ മറ്റുള്ളവരിൽ കാണുമ്പോളാണ് നാം അവരെ പ്രത്യേകമായി സ്നേഹിക്കുന്നത്. ആരിലെങ്കിലും നാം നമ്മുടെ ഛായയോ നാം ആയിത്തീരുവാൻ അഗ്രഹിക്കുന്നതിന്റെ (Ideal) ഛായയോ കാണുന്നെങ്കിൽ നമുക്ക് അയാളെ സ്നേഹിക്കാതിരിക്കുവാൻ കഴിയുകയില്ല. നാം നമ്മെ സ്നേഹിക്കുന്നുണ്ടെങ്കിൽ അയാളെയും സ്നേഹിക്കും. അയാൾ അത്രയ്ക്കു നമ്മുടെതാണ്. വി. തോമസ് മൂറിൽ എന്റെ ആദർശങ്ങളിൽ വലിയ പങ്കും സജീവമായി ഞാൻ കാണുന്നു. അദ്ദേഹം എന്റെ വിശുദ്ധനാണ്. ഓരോ കൊല്ലം [പുറം 153] ചെല്ലുംതോറും അദ്ദേഹത്തിന്റെ നേരെയുള്ള സ്നേഹം എന്നിൽ വർദ്ധിച്ചുവരുന്നു. ആറേഴുകൊല്ലമായി ഞാൻ കൂടെക്കൂടെ അദ്ദേഹത്തിന്റെ ചരിത്രഭാഗങ്ങൾ സൗകര്യം കിട്ടുമ്പോഴൊക്കെ വായിക്കാറുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ പലതും എനിക്കു വായിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം ജയിലിലായിരുന്നപ്പോൾ എഴുതിയവയെങ്കിലും വായിക്കുവാനായാൽ എനിക്കു ധൈര്യം തരാവുന്ന പലതും അവയിൽ കണ്ടേക്കും. പ്രിയ പിതാവേ, അങ്ങിനെ നിനക്ക് എന്തും എഴുതുവാൻ തന്ന സ്വാതന്ത്ര്യത്തിന്റെ പരിധി ലംഘിച്ചോ എന്നറിഞ്ഞുകൂടാ.

വി. തോമസ് മൂർ ചെറുപ്പം മുതൽ നമ്മുടെ കർത്താവിന്റെ ഉപദേശപ്രകാരം പ്ലാനിട്ട് കണക്കു കൂട്ടുന്നവനായിരുന്നു. യുവാവായിരുന്നപ്പോൾ സന്ന്യാസത്തിലേക്ക് ആകർഷണമുണ്ടായി. മറ്റു പലരെപ്പോലെ ഉടനെ തുനിഞ്ഞിറങ്ങിയില്ല. തന്നെക്കൊണ്ട് അതു സാധിക്കുമോ എന്ന് നല്ലവണ്ണം ആലോചിച്ചു. ദീർഘനാൾ ആലോചിച്ചു. കാർത്തൂസിയൻ കൊവേന്തയിൽ കുറച്ചുനാൾ പാർത്തു. പ്രാർത്ഥനയിലും തപസിലും കഴിച്ചുകൂട്ടി. ആത്മപിതാവിനോട് ആലോചിച്ചു. ധൈര്യമില്ലാഞ്ഞിട്ട് [പുറം 154] അല്ലെങ്കിൽ ദൈവവിളിയില്ലെന്നു മനസ്സിലായിട്ട് ആ ഉദ്യമത്തിൽനിന്നു പിൻവാങ്ങി. അന്നു കണക്കു കൂട്ടിയപ്പോൾ സ്വർഗ്ഗത്തിൽനിന്നുള്ള സഹായത്തെക്കുറിച്ച് വേണ്ട വിധം കരുതിയോ എന്നറിഞ്ഞുകൂടാ. എന്നാൽ തന്റെ അവസാനകാലത്ത് വേദസാക്ഷിത്വത്തിനായി ഒരുങ്ങിയപ്പോൾ അദ്ദേഹത്തിന്റെ കണക്കിൽ ആ ഭാഗത്തിനു പ്രധാന സ്ഥാനം നൽകി. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ പകർത്തട്ടെ.

“I counted, Margaret, full surely many a restless night, while my wife slept, and weaned I had slept too, what peril were possible for to fall to me, so far forth that I am sure there can come none above. And in devising, daughter, thereupon, I had a full heavy heart. But yet, I thank our Lord for all that, I never thought to change, though the very uttermost should help me that my fear ran upon.”

“Mistrust him Megi, will I not, though I feel me faint. Yea, and though I should feel my fear even at point to overthrow me too, [page 155) yet shall I remember how Saint Peter with a blast of a wind began to sink for his faint faith, and shall do as he did, call upon Christ and pray him to help. And then I trust he shall set his holy hand unto me, and in the stormy seas hold me up from drowning. Yea, and if he suffer me to play Saint Peter further, and to fall full to the ground, and swear and forswear too (which our Lord for his tender passion keep me from, and let me lose if it so fall, and never win thereby): Yet after shall I trust that his goodness will cast upon me his tender piteous eyes, as he did upon Saint Peter, and make me stand up again, and confess the truth of my conscience afresh, and abide the shame and the harm here of mine own fault…”

ബുദ്ധിമാനായ തോമസ് മൂർ കാര്യങ്ങൾ മുൻകൂട്ടിക്കണ്ടിരുന്നു. അപകടസൂചനകൾ കണ്ടുതുടങ്ങിയപ്പോൾ അദ്ദേഹം തന്നെത്തന്നെയും തന്റെ [പുറം 156] കുടുംബാംഗങ്ങളെയും സംഭവിച്ചേക്കാവുന്ന വിഷമങ്ങളെ യോഗ്യതയോടും ശാന്തതയോടും സഹിക്കുന്നതിന് ഒരുക്കുകയും തഴക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ മരുമകൻ പറയുന്നത് ഇപ്രകാരമാണ്.

“In the time somewhat before his trouble, he would talk with his wife and children of the joys of heaven and pains of hell, of the lives of holy Martyrs, of their grievous martyrdoms, of their marvellous patience, and of their passions and deaths that they suffered rather than they would offend God; and what a happy and blessed thing it was for the love of God to suffer loss of goods, imprisonment, loss of lands and life also… He showed unto them afore what trouble might often fall unto him; wherewith and the like virtuous talk he had so long before his trouble encouraged them, that when he after fell into the trouble indeed, his trouble to them was a great deal the less.”

[പുറം 157] അദ്ദേഹം ഇതുകൊണ്ടും തൃപ്തിപ്പെട്ടില്ല. കുടുംബാംഗങ്ങളെ പരീക്ഷിക്കുന്നതിനും തഴക്കുന്നതിനുമായി ഒരു തമാശ ഒപ്പിച്ചതായി പറയപ്പെടുന്നുണ്ട്. അദ്ദേഹം രണ്ടുമൂന്നു പേരെ ചട്ടംകെട്ടി. അവർ മൂറിന്റെ വീട്ടിലേക്കു രാജകിങ്കന്മാരെപ്പോലെ മൂറിനെ അറസ്റ്റു ചെയ്യാനായി വരണമെന്നായിരുന്നു അത്. ഞാൻ മുമ്പ് പറഞ്ഞിരുന്ന തത്വം അദ്ദേഹം പ്രയോഗത്തിൽ വരുത്തുകയായിരുന്നു. നമ്മുടെ അസാധാരണ ആശ്വാസങ്ങളിലെ പേടിപ്പിക്കലും ഈ ഉദ്ദേശത്തോടുകൂടി, അതായത് ഐന്ദ്രികഭയത്തെ ജയിക്കുക എന്നതിനോടുകൂടി ആയിരുന്നെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഞാൻ ഈ തവണ മൂറിനെക്കുറിച്ചു പറയാൻ തുടങ്ങിയത് മറ്റുള്ളവരെ ആശ്വസിപ്പിക്കേണ്ട വിധത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുള്ളത് ഉദ്ധരിക്കുവാനായിരുന്നു. പക്ഷെ അതിനോടു ബന്ധമുള്ള പലതും അതിനുമുമ്പേ പറഞ്ഞുപോയി. 12 കൊല്ലംമുമ്പ് ഊട്ടുമുറിയിൽവെച്ചു വായിച്ചു കേട്ടതാണ്. ആശയം മാത്രമെ ഏതാണ്ട് ഓർക്കുന്നുള്ളു. മരണാസന്നരായ ചിലർ അവരുടെ പാപകരമായ [പുറം 158] ജീവിതത്തെക്കുറിച്ചു ഭയപ്പെടുമ്പോൾ വേണ്ടവിധം മനസ്താപത്തിനും ദൈവത്തിലുള്ള പ്രത്യാശയ്ക്കും ഒരുക്കാതെ അവരുടെ ഭയം അനാവശ്യമെന്നും ഒന്നും സംഭവിക്കുകയില്ലെന്നും പറഞ്ഞ് ആശ്വസിപ്പിക്കുന്നതിനെ പരിഹസിച്ചു പറയുന്ന ഭാഗമായിരുന്നു അത്. അത് ഉദ്ധരിക്കാൻ ഇപ്പോൾ കഴിവില്ലെങ്കിലും അതിനോടു തൊട്ടടുത്ത ഭാഗം ഇപ്പോൾ എന്റെ കൈവശത്തിലുള്ള ചരിത്രത്തിൽ (by Stapleton - Thomas More) ഉള്ളത് ഉദ്ധരിക്കാം. ആത്മീകോപദേഷ്ടാക്കളെക്കുറിച്ച് അദ്ദേഹം പറയുകയാണ്.

“And in such wise deal they with him as the mother doth sometime with her child; which when the little boy will not rise in time for her, but lie still abed and slugg, and when he is up, weepeth because he hath lien so long, fearing to be beaten at school for his late coming thither, she telleth him then that it is but early days, and he shall come time enough, and biddeth him, ‘go good son, I warrant thee, I have sent to the [page 159] master myself, take thy bread and butter with thee, thou shalt not be beaten at all.’ And thus, so she may send him merry forth at the door that he weep not in her sight at home, she studieth not much upon the matter, though he be taken tardy and beaten when he cometh to school.” (Dialogue of Comfort in Tribulation - written while in prison)

വി. തോമസ് മൂർ സത്യത്തെ അത്രമാത്രം സ്നേഹിച്ചിരുന്നു. സത്യം വിട്ടുകൊണ്ട് കാര്യം നേടുന്നതിന് ഉദ്ദേശിച്ചിരുന്നില്ല. ഇവിടെയും അതുതന്നെയാണ് കാണുന്നത്. കഴിവില്ലാത്ത വാക്കുകളിലോ ചിന്തകളിലോ അദ്ദേഹം ആശ്വാസവും സമാധാനവും അന്വേഷിച്ചിരുന്നില്ല.

അദ്ദേഹം ധീരത കാണിച്ചിരുന്നെങ്കിലും സ്വഭാവത്താലെ ഭീരുവായിരുന്നെന്നാണ് അദ്ദേഹം തന്നെക്കുറിച്ചു തന്നെ പറയുന്നത്. പുണ്യവാന്മാരെ നമുക്കു വിശ്വസിക്കാം. അദ്ദേഹം തന്റെ പ്രിയ മകളായ മാർഗ്ഗരറ്റിനോടു പറയുകയാണ്.

"That your fear of your own frailty, Margaret, nothing misliketh me. God give [page 160] us twin grace to despair of ourselves and wholly to hang upon the strength of God… Surely, Megi, a fainter heart than thy frail father hath canst thou not have. And yet verily trust in the great mercy of God, that He shall of His goodness, so stay me with his holy hand that He shall not finally suffer me to fall wretchedly from His favour… And verily, my dear daughter, in this is my comfort, that albeit I am of nature so shrinking from pain that I am almost afraid of a fillip, yet in all the agonies that I have had, I thank the mighty mercy of God, I never in my mind intended to consent to do anything against my conscience." (from his prison).

പീഡകളേയും മരണത്തേയും അദ്ദേഹം വളരെ ഭയപ്പെട്ടിരുന്നതുകൊണ്ട് തന്റെ ജീവിതത്തിന്റെ ഏതു ഘട്ടത്തിലും അതിനെക്കുറിച്ച് ധ്യാനിച്ചിരുന്നത്. "It is now, when More is in the way of fortune, with his Under-Treasurership and his Knighthood, [പുറം 161] that he writes the grimmest of all his books: The Four Last Things" എന്നാണ് അദ്ദേഹത്തിന്റെ ഒരു ജീവചരിത്രത്തിൽ പറയുന്നത്. ഉദ്യോഗം രാജി വെച്ച് വീട്ടിൽ വന്ന അവസരത്തിൽ തന്റെ ശവക്കല്ലറ പണിയിപ്പിക്കുകയും ഒരു 'Epitaph' എഴുതിയുണ്ടാക്കുകയും ചെയ്തു. മരണത്തെ എന്നും ഓർത്ത് ഒരുങ്ങുന്നതിനാണ് ഇങ്ങനെ ചെയ്തത്.

പ്രിയ പിതാവേ, ഞാൻ ഈ ഭാഗം ഇത്ര ദീർഘമായി എഴുതുവാൻ സമ്മതിച്ചത് ഇതിനെതിരായി ഞാൻ പലപ്പോഴും കേട്ടിട്ടുള്ളതുകൊണ്ടാണ്. "ആകയാൽ നാളെത്തെ കാര്യംകൊണ്ട് നിങ്ങൾ വിചാരപ്പെടേണ്ടാ. ഈ നാളെത്തന്നെ അതിന്റെ കാര്യത്തെപ്പറ്റി വിചാരപ്പെട്ടുകൊള്ളും. അതതു ദിവസത്തിന് അതിന്റെ കഷ്ടത മതി" എന്നുള്ള നമ്മുടെ കർത്താവിന്റെ വാക്കുകളാണ് ഇതിനെതിരായി

കൊണ്ടുവരുന്നതും. അവിടെ നമ്മുടെ കർത്താവ് ഭാവിയെക്കുറിച്ചു ചിന്തിക്കേണ്ട എന്നല്ല (വിചാരിക്കേണ്ട എന്നല്ല) വിചാരപ്പെടേണ്ട അതായത് വിചാരിച്ചു പരിഭ്രമിക്കേണ്ട എന്നാണ് പറയുന്നത്. പിതാവായ ദൈവം നമ്മുടെ ശക്തിയിൽ കവിഞ്ഞു [പുറം 162] നമ്മെ പരീക്ഷിക്കുകയില്ല. ഇന്നു നമുക്കുള്ള കഴിവുകൾകൊണ്ട് നാളത്തെ വലുതായ പീഢകൾ സഹിപ്പാൻ നാം നിർബന്ധിക്കപ്പെടുകയില്ല. നാളത്തെ കഴിവുകൾകൊണ്ടാണ് നാളത്തെ പീഢകൾ നാം സഹിക്കേണ്ടത്. നാളെ നമുക്കു കൂടുതൽ പീഢകൾ യാത്രയാക്കുന്ന കർത്താവ് കൂടുതൽ ശക്തിയും നാളെ തരാതിരിക്കയില്ല. ഞാൻ ചെറുപ്പമായിരുന്നപ്പോൾ 1–ാം ക്ലാസിൽ പഠിക്കുമ്പോൾ (5 വയസ്) നാലാം ക്ലാസിലെ കുട്ടികളെ (പത്തുപതിനാലു വയസ്സുള്ളവരായിരിക്കാം) ഹെഡ്മാസ്റ്റർ ബെഞ്ചിന്റെ മുകളിൽ കയറ്റിനിറുത്തി വലിയ വടികൊണ്ട് വളരെയധികം അടിച്ചിരുന്നതു കണ്ടിട്ട് ഞാൻ വല്ലാതെ പരിഭ്രമിച്ചിട്ടുണ്ട്. എങ്ങിനെ ഞാൻ ആ ക്ലാസിലേക്കു ചെല്ലുമ്പോൾ കഴിഞ്ഞുകൂടും എന്നു വിചാരിച്ചിട്ടുണ്ട്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ആശ്വാസപ്രദമായ ഒരു ചിന്ത എന്നിലുണ്ടായി. “അപ്പോഴേക്കും ഞാൻ കുറെകൂടെ വലുതാകും. വലിയ ആളുകൾക്ക് അത്ര അധികം പേടിയില്ലല്ലൊ. അന്ന് എങ്ങിനെയെങ്കിലും കഴിഞ്ഞുകൂടും.” (വാസ്തവത്തിൽ നാലാം ക്ലാസിൽ ഞങ്ങൾ വന്നപ്പോഴെക്കും ആ റ്റീച്ചർ പോയി പകരം വന്നവരും പോയിട്ട് ഒരു മിസ്ട്രസ് ആണ് പഠിപ്പിച്ചത്. ഞങ്ങളിൽ ആർക്കും അധികം [പുറം 163] തല്ലുകൊള്ളേണ്ടിവന്നില്ല. പിറ്റെകൊല്ലം ഹൈസ്കൂളിൽ IV Classൽ പഠിക്കുമ്പോൾ എന്നെ ഇഗ്ലീഷ് പഠിപ്പിച്ചിരുന്നത് കുട്ടികളെ തല്ലുന്നതിൽ വളരെ പ്രസിദ്ധനായ ആളായിരുന്നു. ഞാൻ പഠിച്ച ആ കൊല്ലവും മറ്റുകുട്ടികളെ വളരെ കഠിനമായി അടിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഞാൻ ഇംഗ്ലീഷ് പഠിക്കുവാൻ തുടങ്ങുകമാത്രം ചെയ്തിരുന്നതുകൊണ്ട് അവരെക്കാൾ മെച്ചമൊന്നുമല്ലായിരുന്നെങ്കിലും എന്തുകൊണ്ടെന്നറിഞ്ഞുകൂടാ അദ്ദേഹത്തിന്റെ രീതിയിൽ എന്നെ ഒരിക്കലും അടിച്ചിട്ടില്ല. എന്റെ കയ്യിൽ ഒന്നോ രണ്ടോ പ്രാവശ്യം അടിച്ചിട്ടുണ്ട്. ആ കൊല്ലം എന്നോടു വലിയ തൃപ്തിയൊന്നും കാണിച്ചിട്ടില്ല. എനിക്കു വലിയ ഭയമായിരുന്നു. ആ കൊല്ലത്തിനു ശേഷം വളരെ താൽപര്യമായി പലപ്പോഴും സംസാരിച്ചിട്ടുണ്ട്. ഞാൻ അവസരം കിട്ടിയപ്പോഴൊക്കെ നന്ദി പ്രദർശിപ്പിച്ചിട്ടുമുണ്ട്.)

നാളെ ദൈവം നമുക്കു വേണ്ട ശക്തി തരുമെങ്കിൽ നാളത്തെ പീഡകളെക്കുറിച്ച് ഇന്നു ചിന്തിച്ചിട്ട് എന്തുപകാരമെന്നു ചോദിച്ചേക്കാം. വേലക്കാരുടെ Living wage നെക്കുറിച്ചു പറയുമ്പോൾ ഒരു വലിയ കുടുംബത്തിന്റെ തലവൻ [പുറം 164] ഒരു ദിവസം ജോലി ചെയ്യുമ്പോൾ അന്ന് അയാളുടെ കുടുംബത്തിൽ ഉണ്ടായേക്കാവുന്ന സകല ആവശ്യങ്ങളും നടത്തുന്നതിനു പര്യാപ്തമായ കൂലി ആയിരിക്കണമെന്ന് ആരും വാദിക്കയില്ലല്ലോ. വിവാഹം കഴിക്കാത്ത കാലത്ത് കിട്ടുന്ന കൂലിയിൽനിന്നു തനിക്കു കുടുംബമുണ്ടാകുമ്പോൾ ഉപകരിപ്പിക്കേണ്ടതിനായി കുറച്ചു കുറച്ചു മിച്ചം വെക്കേണ്ടതാണ്. അങ്ങിനെയുള്ള കരുതൽ ധനങ്ങളും (മറ്റു കുടുംബാംഗങ്ങളുടെ സമ്പാദ്യവും) കൂടി കണക്കാക്കിയിട്ട് അവന്റെ കുടുംബച്ചെലവിന് ഏതാണ്ട് മതിയാകുന്ന തുക കൊടുക്കണമെന്നാണ് പറയുന്നത്. അതുപോലെ നാളത്തെ പീഡകൾ സഹിക്കാൻ മതിയായ ശക്തി ദൈവം തരും എന്നു പറയുമ്പോൾ നാം ഒന്നും കരുതേണ്ട എന്നുവരുന്നില്ല. നാളെവരെ നമ്മുടെ പരിശ്രമം വഴിയായി ദൈവസഹായത്താൽ നാം പ്രാപിക്കുന്ന (പ്രാപിക്കേണ്ട) ശക്തിയിൽ കവിഞ്ഞ് എന്തെങ്കിലും പീഡ ദൈവം അയയ്ക്കുകയാണെങ്കിൽ ആ കൂടുതൽ ആവശ്യമുള്ളതു തരുവാനെ ദൈവം കടപ്പെടുന്നുള്ളു. ദൈവം നമുക്കു തന്നിട്ടുള്ള കഴിവുകളെ സ്വാഭാവികങ്ങളും അതിസ്വാഭാവികങ്ങളുമായ [പുറം 165] ശക്തികളെ സ്വാഭാവികങ്ങളും അതിസ്വഭാവികങ്ങളുമായ മാർഗ്ഗങ്ങൾ പ്രയോഗിച്ച് വർദ്ധിപ്പിച്ച് പരിപൂർണ്ണമാക്കിക്കൊണ്ടിരിക്കുവാൻ നമുക്ക് ഒരു കടമയുണ്ട്. ദൈവം അതു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു. താലന്തുകളുടെ ഉപമ, കായ്ക്കാത്ത അത്തിവൃക്ഷം എന്നിവ ഈ സത്യം തെളിയിക്കുന്നു. തക്കസമയത്തു തന്നെ തന്നെ ഒരുക്കാത്തവൻ തന്റെ കുറ്റം ഏറ്റുപറഞ്ഞു മനസ്തപിച്ച് ദൈവാനുഗ്രഹം അപേക്ഷിക്കുന്നെങ്കിൽ കരുണയുള്ള കർത്താവ് ആർക്കും എന്നും ആവശ്യമുള്ള ശക്തി നൽകും. ഇങ്ങനെയൊരു കടമയില്ലെന്നു കരുതി കാത്തിരിക്കുന്നവനും ആവശ്യമുള്ളതു കിട്ടുന്നത് അവൻ ശരിയായി പ്രവർത്തിച്ചതുകൊണ്ടല്ല, അവന്റെ പരമാർത്ഥതയെ ദൈവം തൃക്കൺപാർത്തതുകൊണ്ടാണ്.

നമ്മുടെ കർത്താവ്

24-12-1954

മുകളിലത്തെ വരിയിൽ 'നമ്മുടെ കർത്താവ്' എന്നു എഴുതിയത് കഴിഞ്ഞ കൊല്ലം 1953 സെപ്റ്റംബർ മാസത്തിലാണ്. ഒരു കൊല്ലം കഴിഞ്ഞതുകൊണ്ട് [പുറം 166] എന്താണ് അന്ന് എഴുതാൻ ആരംഭിച്ചതെന്ന് ഇപ്പോൾ ഓർക്കുന്നില്ല. ഇപ്പോൾ സമയം 2 A.M. ആണ്. ഇതുവരേയും കിട്ടുന്നില്ല. മേശമേൽ ചാരി കുറെ നേരത്തെ ഉറങ്ങിയതെയുള്ളു. എന്റെ എഴുത്തുകളിൽ വല്ലതുമെങ്കിലും ഈ രാത്രിയിൽ ഇവിടെ പകർത്തിയിടണമെന്ന് അങ്ങുന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ ഈ പുസ്തകത്തിൽ കഴിഞ്ഞ പേജിൽ പെട്ടെന്നു നിറുത്തിക്കളഞ്ഞ വിഷയത്തോടു യോജിച്ച ഒരു ഭാഗം (26-8-43 ലെ എഴുത്തിലെ ഒരുഭാഗം) ഇവിടെ ഉദ്ധരിക്കാം:

"ഇനി എന്നു കാണും" എന്നു വിചാരിച്ചു വിഷമിക്കേണ്ട. ദൈവം തിരുമനസ്സാകുന്നെങ്കിൽ, ആർക്കറിയാം അടുത്തുതന്നെ കാണുവാൻ ഇടയാകുകയില്ലെന്ന്. എന്നാൽ ഇനി ഒരുനാളും കാണുവാൻ ഇടയാകുകയില്ലെങ്കിൽ അതു സഹിപ്പാനും പ്രാപ്തമാകത്തക്കവണ്ണം ഇപ്പോൾതന്നെ ശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മനസ്സിനു വിരോധമായി സംഭവിക്കുവാൻ പാടുള്ള സംഗതികളെ അവ സംഭവിക്കുന്നതിനു മുമ്പുതന്നെ മനസ്സിൽ വരുത്തി, ആ സന്ദർഭങ്ങളിൽ എങ്ങിനെ നാം മിക്കവാറും പെരുമാറുമെന്നും [പുറം 167] എങ്ങിനെ നാം പെരുമാറുമെന്നും മറ്റും ചിന്തിക്കുന്നതു നല്ലതാണ്. അങ്ങിനെ നമുക്കു നമ്മുടെ മനസ്സിനെ ഒരുക്കുവാൻ സാധിക്കും. ആ വക സന്ദർഭങ്ങളിൽ നമുക്കാവശ്യമായിരിക്കുന്ന ദൈവസഹായം ലഭിക്കുന്നതിന് ഇപ്പോൾതന്നെ പ്രാർത്ഥിച്ചു തുടങ്ങാം. വരുവാൻ പാടുള്ള കഷ്ടപ്പാടുകളെ ഓർത്ത് ഇപ്പോൾതന്നെ ദുഃഖിച്ചും ഭയപ്പെട്ടും ജീവിക്കണമെന്നല്ല പറയുന്നത്. വരുവാൻ പാടുള്ളവ എല്ലായ്പോഴും വരണമെന്നില്ലല്ലൊ. അങ്ങിനെയെങ്കിൽ വാസ്തവത്തിൽ സംഭവിക്കുകയില്ലാത്ത സംഗതികളെ ഓർത്ത് ഇപ്പോൾതന്നെ എന്തിനു ദുഃഖിക്കുന്നു. ചുരുക്കി പറഞ്ഞാൽ, എന്തു സഹിപ്പാനും ഒരുങ്ങിയിരിക്കണമെന്നു ഞാൻ പറയുന്നുള്ളു. നമുക്കുവേണ്ട ശക്തി ദൈവത്തിൽനിന്നു പ്രാപിക്കാം. നമുക്കു തീരെ അസാദ്ധ്യമായ സംഗതികളെ ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുകയില്ല."

# അനുബന്ധം

## 1. MY CASTLE IN THE AIR

(5-6 December 1955)

For a speedy conversion of India there is a need to found a religious congregation of Brothers adapted to the conditions of India. They will go before the priest to missions and quit it only when it is well established under the care of a priest. They should have as their patron St. John the Baptist who was not a priest; he was austere, simple, humble, preparing the way for the One that would come after him.

The candidates for brotherhood should learn one common language and another language of the place where one is destined to work. (Priests have to study four or five languages and so very few master the language of the place where they are to minister.)

They should dress like the laymen of the place: rough material, simple, with the colour preferably Orange (Saffron).

Vegetarian meal is preferred. Fasting needs to be observed only those prescribed by the Church for those active in the field. During novitiate and during periods of retreats that last more than a month fasting can be observed. Other fasts may be prudently determined.

One can be admitted even if he be a widower or an aged one if still fit to work. They should be willing to do any kind of work to which they may be called by obedience or by circumstances.

Teaching catechism, winning the converts, speaking in public, preparing the faithful to receive the sacraments, helping the parish priest, teaching in schools, serving in the hospitals, conducting dispensaries, orphanages for boys, industrial schools, printing and publishing at low price the Holy Bible and other Catholic literature, etc., can be considered as possible apostolates.

**Missionary Families**

Get families that lead good Christian life to settle down in mission areas.

**School Boys' Vacation Missionary Activities**

An organized group of Catholic Students well trained for the purpose (preferably those who dream of priesthood) may be taken to the nearest mission stations during vacations that they may lodge there, say for one week, teaching catechism and preparing children for confession and first Holy Communion, Confirmation, etc.

# 2. ഡൺസ്റ്റണച്ചന്റെ ജീവിതനാൾവഴികൾ

| | | |
|---|---|---|
| 27-11-1920 | - | ജനനം, പാവറട്ടി ഒലക്കേങ്കിൽ കുടുംബം |
| 06-12-1920 | - | മാമ്മോദീസ |
| 01-07-1925 | - | പ്രാഥമികവിദ്യാഭ്യാസം, സെന്റ് മേരീസ് എലമെന്ററി സ്കൂൾ, പുതുമനശ്ശേരി, പാവറട്ടി |
| 06-07-1928 | - | ആദ്യകുർബാനസ്വീകരണം |
| 24-06-1929 | - | സെന്റ് ജോസഫ്സ് ഹൈസ്കൂൾ, പാവറട്ടി |
| 22-09-1935 | - | യോഗാർത്ഥിഭവന പ്രവേശനം, സെന്റ് ബെർക്കുമൻസ് അസ്പേരന്റ്സ് ഹൗസ്, പാവറട്ടി |
| 25-07-1937 | - | ലത്തീൻ, സുറിയാനി ഭാഷാപഠനം, ലിറ്റിൽ ഫ്ളവർ അസ്പേരന്റ്സ് ഹൗസ് (സെന്റ് ആന്റണീസ് മൊണാസ്റ്ററി) ആലുവ |
| 20-07-1938 | - | നവസന്ന്യാസ പ്രവേശനം, ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റ് സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 23-11-1938 | - | സഭാവസ്ത്ര സ്വീകരണം |
| 24-11-1939 | - | ആദ്യവ്രതം |
| 04-01-1941 | - | പ്രസംഗകല പരിശീലനം, ലത്തീൻ, സുറിയാനി ഭാഷപഠനം, സെന്റ് ജോസഫ്സ് മൊണാസ്ട്രി, കൂനമ്മാവ് |
| 05-01-1942 | - | തത്വശാസ്ത്ര പഠനം, സെന്റ് ജോൺ ഓഫ് ദ ക്രോസ് മൊണാസ്റ്ററി, മുത്തോലി |
| 24-11-1942 | - | നിത്യവ്രതം |
| 19-06-1943 | - | ആസ്ഥപ്പാട്, 1, 2 പട്ടങ്ങൾ |
| 06-01-1944 | - | ദൈവശാസ്ത്രപഠനം, സേക്രട്ട് ഹാർട്ട് സ്കൊളാസ്റ്റിക്കേറ്റ്, ചെത്തിപ്പുഴ |
| 03-06-1944 | - | 3, 4 പട്ടങ്ങൾ |
| 26-05-1945 | - | അഞ്ചാം പട്ടം |
| 15-06-1946 | - | ആറാം പട്ടം |
| 31-05-1947 | - | വൈദികപട്ടം |

| | | |
|---|---|---|
| 02-06-1947 | - | നവപൂജാർപ്പണം |
| 07-06-1947 | - | ദൈവശാസ്ത്രപഠനം തുടരുന്നു, സേക്രട്ട് ഹാർട്ട് സ്കൊളാസ്റ്റിക്കേറ്റ്, ചെത്തിപ്പുഴ |
| 20-12-1947 | - | അംഗം, സെന്റ് ജെയിംസ് മൊണാസ്റ്ററി, കരിക്കാട്ടൂർ |
| 29-08-1948 | - | അംഗം, സേക്രട്ട് ഹാർട്ട് മൊണാസ്റ്ററി, ചെത്തിപ്പുഴ |
| 17-10-1949 | - | ചെത്തിപ്പുഴ ആശ്രമത്തിന്റെ കീഴിൽ അയിരൂരി ലുള്ള മിഷൻ ഹൗസായ ലൂർദെസ് കാർമ്മൽ ആശ്രമത്തിൽ സ്ഥിരതാമസമാക്കുന്നു. |
| 03-1950 | - | അംഗം, ലൂർദെസ് കാർമ്മൽ ആശ്രമം, അയിരൂർ |
| 31-08-1950 | - | ലൂർദെസ് കാർമ്മൽ ആശ്രമത്തിന്റെ ഭാഗമായ ഇടവകയുടെ ചുമതല ഏറ്റെടുക്കുന്നു. |
| 19-05-1953 | - | പ്രൊക്യുരേറ്റർ, സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 27-05-1956 | - | റെക്റ്റർ, സെന്റ് പയസ് ടെൻത്ത് അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി |
| 20-02-1966 | - | റെക്റ്റർ, സെന്റ് ബെർക്കുമാൻസ് അസ്പേരന്റ്സ് ഹൗസ്, ഏൽത്തുരുത്ത് |
| 06-06-1967 | - | റെക്റ്റർ, സെന്റ് പയസ് ടെൻത്ത് അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി |
| 04-06-1969 | - | പ്രിയോർ, ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി, വരന്തരപ്പിള്ളി |
| 11-02-1972 | - | പ്രീഫെക്റ്റ്, ദേവമാത പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ |
| 11-05-1973 | - | സുപ്പീരിയർ, സെന്റ്. ജോസഫ് ഹോം, അട്ടപ്പാടി |
| 06-07-74 } 02-10-74 | - | താവളം, ത്രിത്വമല എന്നിയിടങ്ങളിൽ ഹോളി ട്രിനിറ്റി ഇടവകകളുടെ വികാരി. |
| 25-06-1977 | - | റെക്റ്റർ, ജ്യോതി നിവാസ്, റാഞ്ചി |
| 07-05-1978 | - | പ്രിയോർ, ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി, വരന്തരപ്പിള്ളി |
| 22-06-1978 | - | സി.എം.ഐ. കോയമ്പത്തൂർ ഉപപ്രവിശ്യയിൽ അംഗമായി ചേരുവാൻ സമ്മതം അറിയിച്ചു. |
| 13-06-1979 | - | പ്രീഫെക്റ്റ്, സെന്റ് ആന്റണീസ് ആശ്രമം, ശരവണംപട്ടി |
| 20-09-1979 | - | അംഗം, ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റ്, അമ്പഴക്കാട് |

| | | |
|---|---|---|
| 05-08-1982 | - | റെക്റ്റർ, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 24-05-1984 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 16-11-1986 | - | റെക്റ്റർ, സെന്റ് തോമസ് ആശ്രമം, കൊഴിഞ്ഞാമ്പാറ |
| 04-07-1987 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 07-01-1988 | - | റെക്റ്റർ, സി.എംഐ. ഭവൻ, പാലക്കാട്. |
| 03-05-1989 | - | അംഗം, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, സായ്ബാബ കോളനി |
| 03-10-1989 | - | ലളിത ജീവിതം, ചെന്നിമലൈ. (കോയമ്പത്തൂർ ലിറ്റിൽ ഫ്ളവർ മിഷൻ സെന്ററിലെ അംഗം) |
| 18-11-1989 | - | അംഗം, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, സായ്ബാബ കോളനി |
| 14-06-1990 | - | ലളിത ജീവിതം, കുളക്കാട്ടുകുരിശി (കോയമ്പത്തൂർ ലിറ്റിൽ ഫ്ളവർ മിഷൻ സെന്ററിലെ അംഗം) |
| 01-05-1991 | - | സേക്രട്ട് ഹാർട്ട് ആശ്രമം, പെരിന്തൽമണ്ണ |
| 14-05-1991 | - | ആനിമേറ്റർ, സി.എം.ഐ. ബ്രദേഴ്സ് യൂണിറ്റ്, സെന്റ് ഏലിയാസ് അരണ്യാശ്രമം, നിരവിൽപ്പുഴ |
| 28-06-1992 | - | ആനിമേറ്റർ, സി.എം.ഐ. ബ്രദേഴ്സ് യൂണിറ്റ്, സെന്റ് പോൾസ് ഹൗസ്, കടലുണ്ടി |
| 20-05-1993 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 04-05-1994 | - | റെക്റ്റർ, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, കൗണ്ടംപാളയം |
| 25-05-1996 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 30-06-1997 | - | അംഗം, സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 08-07-1999 | - | അംഗം, ഭാരതമാത ആശ്രമം, പാലക്കാട് |
| 29-03-2001 | - | അംഗം, സെന്റ് തോമസ് ആശ്രമം, കൊഴിഞ്ഞാമ്പാറ |
| 14-11-2003 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 26-06-2006 | - | ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, കൗണ്ടംപാളയം |
| 20-10-2006 | - | മരണം |